# മുളകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്

# വികസനരേഖ



## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

86-6

2 3

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

# വികസനരേഖ -1996

മുളകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്

# MAP OF KERALA



# MAP OF TRICHUR DISTRICT




● മുളകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത്

# പഠന പര്യടന പാത


WARD I
WARD II
WARD III
WARD IV
WARD-V
WARD-VI
WARD-VII
WARD-VIII
WARD-IX
N
W
E
S






ബഹു: മന്ത്രി ശ്രീ. കെ.രാധാകൃഷ്ണൻ
വികസന സെമിനാർ( 30-11-1996ന്)
ഉൽഘാടന വേളയിൽ

# മുളകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്
## ഭരണ സമിതി


വി.ഡി. സ്റ്റാൻലി
( പഞ്ചായത്ത് പ്രസിഡൻറ് )


എ.ആർ. ചന്ദ്രൻ
( പഞ്ചായത്ത് വൈസ് പ്രസിഡൻറ് )


വി.പി. സുകുമാരൻ
( പഞ്ചായത്ത് സെക്രട്ടറി )


കെ.വി. മഞ്ജുള
( സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ )

## മുൻ പ്രസിഡൻറുമാർ



**കെ.ഐ. ജോസഫ്**
മുൻ പ്രസിഡണ്ട്



**പി.ഐ. തങ്കപ്പൻ**
മുൻ പ്രസിഡണ്ട്



**എ.എം. കുര്യക്കോസ്**
മുൻ പ്രസിഡണ്ട്



**രാമൻ മാസ്റ്റർ**
മുൻ പ്രസിഡണ്ട്

**മുളകുന്നത്തു കാവ് ഗ്രാമ പഞ്ചായത്ത്**
**ഭരണസമിതി അംഗങ്ങൾ**

| | | |
|---|---|---|
| പ്രസിഡൻറ് | : | ശ്രീ. വി.ഡി. സ്റ്റാൻലി |
| വൈസ് പ്രസിഡൻറ് | : | ശ്രീ. എ. ആർ. ചന്ദ്രൻ |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | : | ശ്രീമതി. കെ.വി. മഞ്ജുള |

**മെമ്പർമാർ**

ശ്രീമതി : ഇന്ദിര ടീച്ചർ

ശ്രീമതി : കൊച്ചു ത്രേസ്യ ടീച്ചർ

ശ്രീമതി : ലക്ഷ്മി നാരായണൻ

ശ്രീ. പി.എം. ജോസ്

ശ്രീ. പി.ആർ. ആനന്ദൻ

ശ്രീ. പി.സി. തങ്കപ്പൻ

# 1 ആമുഖം

ജനകീയ ജനാധിപത്യമാണ് യഥാർത്ഥത്തിൽ ഇന്ത്യൻ റിപ്പബ്ലിക്കിൻെറ കാതലായ ഭാഗമെന്ന് ഭരണഘടനയുടെ ആമുഖം വ്യക്തമാക്കുന്നു.

We, The people, ...ഭാരതത്തിലെ ജനങ്ങളായ നമ്മൾ എന്ന പ്രയോഗത്തിൻെറ ശക്തി പ്രത്യേകം ശ്രദ്ധേയമാണ്. ഇന്ത്യയിൽ പാർലിമെൻററി ജനാധിപത്യം സ്ഥാപിതമായിട്ട് അരനൂറ്റാണ്ടു പൂർത്തിയാകുകയാണ്.പക്ഷെ, ഇന്ത്യയിലെ ജനാധിപത്യവത്കരണ പ്രക്രിയ തുടങ്ങിയേടത്തുതന്നെ നിൽക്കുന്നു എന്ന പോരായ്മ കൂടുതൽ കൂടുതൽ പ്രകടമായികൊണ്ടിരിക്കുകയാണ്. തീരുമാനങ്ങൾ എടുക്കുന്നതിൽ ജനങ്ങൾക്ക് യാതൊരു പങ്കും നൽകാത്ത അമിത കേന്ദ്രീകരണത്തിൻെറ രീതിയാണ് ഭരണത്തിൻെറ വിവിധ തുറകളിൽ ഇന്നും നിലനിൽക്കുന്നത്. ഈ രീതിയുടെ പല ദൂഷ്യവശങ്ങളിൽ ഒന്ന് രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നുള്ള ജനങ്ങളുടെ, വിശേഷിച്ചും, ദരിദ്രപക്ഷത്തിൻെറ അന്യവത്ക്കരണമാണ്. പ്രാദേശിക വ്യത്യാസങ്ങളും ജനേച്ഛയും കണക്കിലെടുക്കാതെ തീരുമാനങ്ങൾ കൈ കൊള്ളുന്ന രീതി പല വികസനതുറകളെയും ആസൂത്രണപ്രക്രിയയെ തന്നെയും ഒരു വലിയ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പുകളിൽ വോട്ടുരേഖപ്പെടുത്തുന്നതിൽ ഒതുങ്ങി നില്ക്കുന്ന നാമമാത്ര ജനാധിപത്യത്തെ അർത്ഥപൂർണ്ണമാക്കണമെങ്കിൽ അധികാരവും ഒപ്പം ആസൂത്രണപ്രക്രിയയും വികേന്ദ്രീകരിക്കപ്പെടണം എന്ന ആവശ്യം ഉയർന്നു വരുന്നതിൻെറ പശ്ചാത്തലം ഇതാണ്.

എട്ട് പഞ്ചവൽസര പദ്ധതികൾ പിന്നിട്ടെങ്കിലും ആസൂത്രണ പ്രവർത്തനങ്ങൾ നടത്താനുള്ള ശേഷി സംസ്ഥാനതലത്തിൽ പോലും വേണ്ടത്ര സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നു കാണാം. ആസൂത്രണ വികേന്ദ്രീകരണത്തിൻെറ ഒരു അടിസ്ഥാന മുൻ ഉപാധി വികേന്ദ്രീകൃതമായ അധികാരഘടനയാണ്. വിവിധ പഞ്ചായത്ത് തലങ്ങളിൽ ജനകീയ അധികാരത്തിൻെറ ഉറച്ച വേദികൾ ഇല്ലാതെ പോയതാണ് ആസൂത്രണ വികേന്ദ്രീകരണത്തിനായി ഇതുവരെ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടതിന് ഒരു പ്രധാന കാരണം. എന്നാൽ 73ഉം 74ഉം ഭരണഘടന ഭേദഗതികൾ മേൽപറഞ്ഞ പോരായ്മ പരിഹരിക്കുന്നതിനും അതുവഴി ആസൂത്രണ വികേന്ദ്രീകരണത്തിനും അനുകൂലസാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്. പുതിയ ഭരണഘടനാ വ്യവസ്ഥകൾ വന്നതുകൊണ്ട് ആസൂത്രണ വികേന്ദ്രീകരണം താനേ നടന്നുകൊള്ളും എന്ന വിശ്വാസം ശരിയല്ല. കേരളത്തിൻെറ ഒമ്പതാം പദ്ധതിക്കായി വകയിരുത്തുന്ന തുകയുടെ 35-45% ത്രിതല പഞ്ചായത്തുകൾക്കായി നീക്കി വെച്ചിരിക്കുകയാണ്. ആസൂത്രണ വികേന്ദ്രീകരണം സാധ്യമാക്കണമെങ്കിൽ അധികാരവും സമ്പത്തും മാത്രം ലഭ്യമായാൽ പോരാ, ഗ്രാമീണരുടെ അനുഭവജ്ഞാനവും സാങ്കേതിക വൈദഗ്ദ്ധ്യവും ഒന്നിച്ചു കൊണ്ടുപോകേണ്ടതുണ്ട്. ഇതു മനസ്സിലാക്കിയാണ് സംസ്ഥാന ഗവർമെൻറും ആസൂത്രണ ബോർഡും ചേർന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തത്. കേരളത്തിൻെറ സമകാലീന പ്രതിസന്ധി ഉൽപാദനത്തെയും ഉൽപന്നങ്ങളുടെ ഗുണനിലവാരത്തേയും മാത്രമല്ല നമ്മുടെ വികസന സങ്കൽപ്പങ്ങളെയും കാഴ്ചപ്പാടുകളെയും അപകടപ്പെടുത്തുന്ന തരത്തിൽ വളർന്നിരിക്കുന്നു. ഇവിടെയാണ് ജനകീയാസൂത്രണത്തിൻെറ പ്രസക്തിയേറുന്നത്. ആസൂത്രണ ചരിത്രത്തിൽ പുതിയ ഒരു അദ്ധ്യായം എഴുതിചേർത്തുകൊണ്ട് വമ്പിച്ച സാമൂഹ്യ മുന്നേറ്റത്തിന് കളമൊരുങ്ങിയിരിക്കുകയാണ്. ജനങ്ങൾ തങ്ങൾക്ക്വേണ്ട

16 തേതെന്ന് തിരിച്ചറിഞ്ഞ് ആവശ്യപ്പെടാനും പരിഹാരമാർഗ്ഗങ്ങൾ കൂട്ടായ ചർച്ച ചെയ്തു കണ്ടെത്താനും അങ്ങിനെ പുതിയൊരു വികസന സംസ്കാരത്തിന് രൂപം നൽകാനുമുള്ള പരിശ്രമമാണിത്.

ജനകീയാസൂത്രണത്തിൻെറ ഒന്നാം ഘട്ടത്തിൻെറ ഭാഗമായുള്ള വിശേഷാൽ ഗ്രാമസഭകൾ ഒക്ടോബർ 2ന് അവസാനിച്ചു. വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിൻെറ മുന്നൊരുക്കമായി കോർ ഗ്രൂപ്പിൻെറ നേതൃത്വത്തിൽ ഗ്രാമസഭാ റിപ്പോർട്ടുകൾ ക്രോഡീകരിച്ചു. പഞ്ചായത്ത് പ്രസിഡണ്ടിൻെറ നേതൃത്വത്തിൽ വൈസ് പ്രസിഡണ്ടും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനും കൃഷി ഓഫീസറും അദ്ധ്യാപകരും പൊതുപ്രവർത്തകരും ദ്രുത വിവരശേഖരണപ്രക്രിയയിലെ പഠന പര്യടനം നടത്തി ഭൂപ്രകൃതി, വിഭവങ്ങൾ എന്നിവ തൊട്ടറിഞ്ഞു. പഞ്ചായത്തിൻെറ ഉയർന്ന പ്രദേശമായ പാട്ടച്ചിറ ഭാഗത്തുനിന്നും തുടങ്ങി കോഴിക്കുന്നിൽ അവസാനിച്ചു. ഈ പഠനപര്യടനത്തിൽ ഭൂമിയുടെ കിടപ്പ് മുഖ്യവിളകൾ, പരിസ്ഥിതി പ്രശ്നങ്ങൾ, മണ്ണിൻെറ ഫലപുഷ്ടി, മൺതരങ്ങൾ, ജലലഭ്യത, നിലവിലുള്ള ഭൂവിനിയോഗം എന്നീ വിവരങ്ങൾ യഥാസമയം കുറിച്ചെടുത്തു. പിന്നീട് പഠനപര്യടന പാത തയ്യാറാക്കി.

വിവിധ വകുപ്പുകളുടെ നടപ്പുപദ്ധതികൾ വിലയിരുത്തുന്നതിന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നു. പ്രാദേശിക പരിശീലകരുടെ സഹായത്തോടെ തയ്യാറാക്കിയ വിവരശേഖരണപട്ടികയിൽ വാർഡുകളിലെ പ്രഥമവിവര റിപ്പോർട്ടുകൾ ശേഖരിച്ചു. അതോടൊപ്പം തന്നെ ഇതരവകുപ്പുകളിലെ ദ്വിതീയ വിവരവും ശേഖരിച്ചു. പ്രാദേശിക ചരിത്ര പഠനത്തിനായി കാരണവന്മാരുമായി ചർച്ച നടത്തി. സുവനീറുകൾ, ചരിത്ര രേഖകൾ തുടങ്ങിയവ പരിശോധിച്ചു. നിരന്തരമായ ചർച്ചകളിലൂടെയും ആശയവിനിമയത്തിലൂടെയും 12 ഗ്രൂപ്പുകൾ തിരിച്ചുള്ള റിപ്പോർട്ടുകൾ എഴുതി തയ്യാറാക്കി. അങ്ങിനെ ജനകീയാസൂത്രണപരിപാടിയുടെ രണ്ടാംഘട്ടത്തിൻെറ കേന്ദ്രബിന്ദുവായ പഞ്ചായത്ത് വികസന സെമിനാറിന് നമ്മൾ തയ്യാറെടുത്തിരിക്കുകയാണ്.

ആശയപരവും രാഷ്ട്രീയവുമായ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കവെ തന്നെ കേരളത്തിൻെറ സർവ്വോന്മുഖമായ വളർച്ചയ്ക്കായി ഒത്തൊരുമിക്കേണ്ടതിൻെറ ആവശ്യകത ഉൾക്കൊണ്ട് ആസൂത്രണവും വികസനവും അടിസ്ഥാനമാക്കിയുള്ള കൂട്ടായ്മയിൽ അംഗങ്ങളായിക്കൊണ്ട് മുളംകുന്നത്തുകാവ് പഞ്ചായത്തിലെ നമ്മൾ തയ്യാറാക്കിയ ഈ വികസനറിപ്പോർട്ട് വിശദമായ ചർച്ചക്കും വിലയിരുത്തലിനുമായി സമർപ്പിച്ചുകൊള്ളുന്നു.

*

# പഞ്ചായത്ത് പൊതുവിവരണം

( 1996 ആസ്പദമാക്കി)

| | | | | |
|---|---|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മുളകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് | | |
| പഞ്ചായത്ത് ഹെഡ് ക്വാർട്ടേഴ്സ് | : | വെളപ്പായ റോഡ് ജംഗ്ഷൻ | | |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | കിള്ളന്നൂർ | | |
| ബ്ലോക്ക് പഞ്ചായത്ത് | : | പുഴയ്ക്കൽ | | |
| താലൂക്ക് | : | തൃശൂർ | | |
| ജില്ല | : | തൃശൂർ | | |
| നിയമസഭ മണ്ഡലം | : | തൃശൂർ | | |
| ലോകസഭ മണ്ഡലം | : | തൃശൂർ | | |
| വിസ്തീർണ്ണം | : | 21.22 ചതുരശ്ര കി.മീ. | | |
| അതിരുകൾ | : | കിഴക്ക് | : | തെക്കുംകര, മാടക്കത്തറ പഞ്ചായത്തുകൾ |
| | | പടിഞ്ഞാറ് | : | അവണൂർ പഞ്ചായത്ത് |
| | | തെക്ക് | : | കോലഴി, വിൽവട്ടം, മാടക്കത്തറ പഞ്ചായത്തുകൾ |
| | | വടക്ക് | : | മുണ്ടത്തിക്കോട്, തെക്കുംകര പഞ്ചായത്തുകൾ. |
| ജനസംഖ്യ | : | 15,637 | | |
| | | സ്ത്രീകൾ | : | 7692 |
| | | പുരുഷന്മാർ | : | 7,945 |
| ജനസാന്ദ്രത | : | 737 | | |
| സാക്ഷരതാ നിരക്ക് | : | 94.5% | | |
| വാർഡുകളുടെ എ!ണ്ണം | : | ഒമ്പത് | | |
| | | സ്ത്രീ സംവരണം | : | 3 |
| | | പട്ടികജാതി സംവരണം | : | 1 |
| | | ജനറൽ | : | 5 |
| പ്രസിഡണ്ടിന്റെ പേര് | : | വി.ഡി. സ്റ്റാൻലി | | |
| വൈസ് പ്രസിഡണ്ടിന്റെ പേര് | : | എ.ആർ. ചന്ദ്രൻ | | |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | : | ശ്രീമതി. കെ.വി. മഞ്ജുള | | |

18

# പഞ്ചായത്ത് ചരിത്രം



1969 ലാണ് അവണൂർ പഞ്ചായത്തിൽ നിന്നും ഏതാനും ഭൂവിഭാഗം പ്രവർത്തന സൗകര്യത്തിനു വേണ്ടി കിള്ളന്നൂർ പഞ്ചായത്ത് ആയി രൂപീകരിക്കപ്പെട്ടത്. മുളകുന്നത്തുകാവിൽ മണാളത്ത് നാരായണൻെറ വാടക കെട്ടിടത്തിലാണ് പഞ്ചായത്താപ്പീസ് പ്രവർത്തനം ആരംഭിച്ചത്. അതിന് മുമ്പ് 1953 വരെ കോലഴി പഞ്ചായത്തായിട്ടാണ് കിള്ളന്നൂരും അവണൂരും കിടന്നിരുന്നത്. അവണൂർ പഞ്ചായത്തിലെ പ്രഥമ പ്രസിഡണ്ട് ശ്രീ. നാരായണൻ ഭട്ടതിരിപ്പാടും, ഒരു വർഷത്തിന് ശേഷം ഇന്ന് ഒന്നാം വാർഡ് കോഴിക്കുന്നിൽ സ്ഥിരതാമസക്കാരനായ ശ്രീ. വി.കെ. രാമൻ മാസ്റ്റർ പ്രസിഡണ്ടായി 1963 വരെ തുടർന്നു. 5ാം വാർഡിലെ തിരൂരിൽ താമസിക്കുന്ന ചാക്കു ചെമ്മണ്ണൂർ 6-ാം വാർഡിനെ പ്രതിനിധീകരിച്ചിരുന്നു. ഹരിജൻ റിസർവ്വേഷനിൽ 1-ാം വാർഡിലെ കോഞ്ചേരി റോഡിൽ താമസിച്ചിരുന്ന ശ്രീ. പി.എസ്. രാമൻ വൈദ്യർ പ്രതിനിധി ആയിരുന്നു.

1970ൽ വെളപ്പായ റോഡ് ജംഗ്ഷനിൽ സ്വന്തമായി കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടു. കിള്ളന്നൂർ പഞ്ചായത്തിൻെറ പ്രഥമ പ്രസിഡണ്ട് ശ്രീ. എ.എം. കുരിയക്കോസ് ആണ്. വനിതാ അംഗം ചിന്നമ്മ 2 വർഷത്തിനകം രാജി വെക്കുകയും, ത്രേസ്യാമ്മ കുരിയനെ നോമിനേറ്റ് ചെയ്യുകയും ഉണ്ടായി. വിഭജന ഘട്ടത്തിൽ 10000 രൂപയോളം വീട്ടുനികുതിയും 25000 രൂപയോളം തൊഴിൽ നികുതിയും ആയിരുന്നു മുഖ്യവരുമാനം . ഒരു ക്ലർക്ക് , ഒരു ബിൽ കളക്ടർ അവണൂർ - കിള്ളന്നൂർ പഞ്ചായത്തുകൾക്ക് വേണ്ടി ഒരു പൊതുവായ എക്സിക്യൂട്ടീവ് ഓഫീസർ എന്നിവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1979 വരെ പ്രഥമ കമ്മിറ്റി തുടർന്നു. 1979ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. കെ.ഐ. ജോസഫ് പ്രസിഡണ്ടായി കൊണ്ട് ഗംഗാധരൻ, പി.ഐ.തങ്കപ്പൻ, എ.കെ. രാമചന്ദ്രൻ, ടി.എം. ഐപ്പുരു, എ.ഡി.ജോസഫ് മാസ്റ്റർ, സിസിലി ടീച്ചർ, എ.എം.കുരിയാക്കോസ് തുടങ്ങിയ 8 അംഗ ഭരണ സമിതി നിലവിൽ വന്നു. ഈ ഭരണസമിതി ' 84 സെപ്തം: 30 വരെ തുടരുകയും, ഇക്കാലയളവിനുള്ളിൽ 6 മാസക്കാലം പി.ഐ.തങ്കപ്പൻ പ്രസിഡണ്ട് പദം അലങ്കരിക്കുകയും ചെയ്തിട്ടുണ്ട്.

1987ൽ നടന്ന തെരഞ്ഞെടുപ്പിൽ കെ.ഐ. ജോസഫ് പ്രസിഡൻറായിട്ടുള്ള മൂന്നാമത് ഭരണ സമിതി ചുമതലയേറ്റു. വി.ഡി. സ്റ്റാൻലി (വൈ. പ്രസിഡണ്ട്) ടി.എ.രാധ, കെ.വി. നീലാംബരൻ, എ.ഇന്ദിര, എൻ.എൽ. മാത്തിരി, കെ.എൽ. ഡേവിസ്, എ.എം. കുരിയാക്കോസ് എന്നിവയായിരുന്നു കമ്മറ്റി അംഗങ്ങൾ. ഈ ഭരണ സമിതി കാലത്താണ് 6,7,8 വാർഡുകളിൽ നിന്നും ഒരു ഭൂവിഭാഗം മാറ്റി 9ാം വാർഡ് രൂപീകരിച്ചത്.



ആദ്യ പഞ്ചായത്ത് ഉൽഘാടനം പ്രഥമ പ്രസിഡണ്ട്
നിർവ്വഹിക്കുന്നു.

229

# 3 ചരിത്ര പശ്ചാത്തലം

മുളകുന്നത്തുകാവ് ഗ്രാമ പഞ്ചായത്തിന് ചരിത്ര രേഖകളിൽ കാര്യമായ സ്ഥാനം കാണുന്നി ല്ലെങ്കിലും നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഒരു ഗ്രാമ്യ സംസ്കൃതി നിലനിന്നിരുന്നു. ക്ഷേത്രാചാരങ്ങളും, ക്ഷേത്ര സംസ്കാരങ്ങളോടു ചേർന്നുള്ള ഒരു സാമൂഹ്യ വ്യവസ്ഥയാണ് ഉണ്ടായിരുന്നത്. ഈ വ്യവസ്ഥിതിയിൽ സമൂഹത്തിലെ എല്ലാ വിഭാഗ ങ്ങൾക്കും പ്രാതിനിധ്യമുണ്ടായിരുന്നു. നൂറ്റാണ്ടുക ളുടെ പഴമ പേറുന്ന തിരൂർ ശ്രീ വടകുറുമ്പകാവ് അമ്പലവും അതിനോടനുബന്ധിച്ച് നില നിന്നി രുന്ന മുളകുന്നത്തുകാവ്, തിരൂർ ഒരു ദേശവും കോലഴി, പോട്ടോർ, മറ്റൊരു ദേശവും ചേർന്നതാ യിരുന്നു ഈ സംസ്കാരം.

കൊച്ചി രാജവംശത്തിന്റെ അധീനതയിലാ യിരുന്നു മുളകുന്നത്തുകാവ് ദേശം. മലയാള മാണ്ട് 933ൽ കോഴിക്കോട് സാമൂതിരി രാജാവ് കൊച്ചിയെ ആക്രമിച്ച് കീഴടക്കിയതിനുശേഷം സാമൂതിരി യുടെ ആധിപത്യം 5 വർഷക്കാലം ഇവിടെ നിലനി ന്നിരുന്നതായി ചരിത്ര രേഖകളിൽ കാണുന്നു. ശ്രീ. വടകുറമ്പക്ഷേത്രത്തിനു നേരെ മൈസൂർ സുൽത്താൻ ഹൈദരാലിയുടെ പടനായകൻ സർദാൽഖാന്റെ നേതൃത്വത്തിൽ എ.ഡി. 1776ൽ ആക്രമണം നടന്നതായി വടക്കുനാഥൻ ക്ഷേത്രഗ്ര ന്ഥവരിയിൽ കാണുന്നു. ഈ ആക്രമണത്തെ യാണ് ചിലർ ടിപ്പുവിന്റെ പടയോട്ടമായി ചിത്രീകരി ക്കുന്നത്.

ദേശത്തെ ഭൂമി ഒട്ടുമുക്കാലും ദേവസ്വം വക യായിരുന്നു. ജന്മി – നാടുവാഴി വ്യവസ്ഥ നിലനി ന്നിരുന്ന പണ്ടത്തെ ഭരണ സമ്പ്രദായ പ്രകാരം ക്രമ സമാധാനപാലനത്തിനും നാടുവാഴികൾക്കാണ് അധികാരം ഉണ്ടായിരുന്നത്. മേൽ വീട്ടിൽ നമ്പിടി മാർ ആയിരുന്നു അന്നത്തെ നാടുവാഴികൾ. തർക്ക ങ്ങളും മറ്റും പറഞ്ഞുതീർക്കുന്ന നീതിന്യായ സഭ കൾ ക്ഷേത്ര ആൽത്തറയിൽ നാടുവാഴിയുടെ നേതൃത്വത്തിൽ ചേർന്നിരുന്നതായും പഴമക്കാർ പറയുന്നു. ഇക്കാലത്ത് ആയോധന കലകൾക്ക് പ്രോൽസാഹനവും, പരിരക്ഷയും കിട്ടിയിരുന്ന തായി തിരൂർ ക്ഷേത്ര മൈതാനിയിൽ നടന്നിരുന്നു എന്ന് പറയപ്പെടുന്ന ദേശം തിരിഞ്ഞുള്ള പടക്കളി (ആയുധം അണിഞ്ഞുള്ള പോരാട്ടം) വ്യക്തമാ ക്കുന്നു.

നാടുവാഴിയുടെ സമക്ഷം നടന്നുവന്നിരുന്ന ഈ സായുധ വിനോദത്തിൽ മികച്ച പോരാളികളെ സൈന്യത്തിലേയ്ക്ക് എടുത്തിരുന്നതായും, പരി ക്കേൽക്കുന്നവർക്കും, മരണപ്പെടുന്നവരുടെ ആശ്രി തർക്കും നാടുവാഴി ധനസഹായം നല്കിയിരുന്ന തായും കാണുന്നു. ബ്രിട്ടീഷ് ആധിപത്യത്തോടെ നിരോധിക്കപ്പെട്ട ഈ വിനോദത്തിന്റെ സ്മരണ യ്ക്കായി ഓണത്തല്ല് എന്ന വിനോദം പിന്നീട് വളരെ വാശിയോടുകൂടി തന്നെ പിൻതുടർന്നുപോ ന്നതായി കാണുന്നു. (റഫറൻസ് : ശ്രീ. വടകുറുമ്പ കാവ് ക്ഷേത്ര ചരിത്ര ലേഖനം, ഭരണിവേല സോവനീർ, മുളകുന്നത്തുകാവ് 1995 തിരൂർ ക്ഷേത്രരേഖകൾ, ആർക്കിയോളജിക്കൽ മ്യൂസിയം, തൃശ്ശൂർ).

പഞ്ചായത്തിന്റെ സിംഹഭാഗവും (7, 8, 9 വാർഡുകൾ) ജനവാസമില്ലാത്ത വനമേഖലയായി രുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകം വരെ പൂവ്വൻമലയിൽ (പൂമല) കാട്ടാനകളെ പിടിച്ചിരുന്ന തായും നമ്പ്രത്ത് (നടപറമ്പ്) വയൽ ഉഴുമ്പോൾ മര ത്തിൽ തീർത്ത പഴയ വിഗ്രഹങ്ങളും, നന്നങ്ങാടി കളും (മുതുമക്കത്താഴികൾ) കിട്ടിയിട്ടുള്ളതായും അറിയുന്നു. പൂമലയിൽ ഒരു പ്രാചീന ക്ഷേത്ര ത്തിന്റെ കൽത്തറ അടക്കമുള്ള അവശിഷ്ടങ്ങൾ കാണാനിടയായിട്ടുണ്ടെന്ന് ശ്രീ നീലങ്കാവിൽ കൊച്ചാപ്പു (കല്ല്യേപടി) ഓർമ്മിക്കുന്നു. ചരിത്ര കൗതുകത്തിന്റെ അക്കാലത്തുള്ള അപര്യാപ്തയാ കണം ഇത്തരം ചരിത്രാവശിഷ്ടങ്ങൾ സംരക്ഷിച്ച് നിലനിർത്താതിരുന്നത്.

ദേശവ്യാപകമായ സാമൂഹ്യനവോത്ഥാന ത്തിന്റെ സ്പന്ദനം മുളകുന്നത്തുകാവ് ഏറ്റുവാങ്ങി ദേശീയ അവബോധവും, സ്വാതന്ത്ര്യാദിവാഞ്ചയും തീഷ്ണത മുറ്റിയ സാമ്രാജ്യവിരുദ്ധ പ്രക്ഷോഭ ങ്ങൾ നാടൊട്ടുക്ക് അലയടിച്ചപ്പോൾ മുളകുന്നത്തു കാവും ഈ ധാരയിൽ ചേർന്ന് സഞ്ചരിച്ചു. പ്രശ്സത സ്വാതന്ത്ര സമര സേനാനി പരേതയായ ശ്രീമതി കമലാനസീശന്റെ (കുമാരി കമല) നേതൃ ത്വത്തിൽ ഖാദി പ്രചരണം, ഹിന്ദി ഭാഷാ പ്രചര ണം തുടങ്ങിയ പ്രജാമണ്ഡലത്തിന്റെ പ്രവർത്തന ങ്ങൾ നടത്തിയിരുന്നു. തട്ടാൻ രാവുണ്ണി, എ.ആർ. പിഷാരടി, എ.എൻ. അയ്യപ്പൻ എഴുത്തച്ഛൻ, കണ്ണ ഞ്ചേരി നാരായണൻ എന്നിവരെ ഇത്തരുണത്തിൽ എടുത്ത് പറയേണ്ടതാണ്.

വിദ്യകൊണ്ട് പ്രബുദ്ധരാകുക എന്ന ശ്രീനാ

രായണ ഗുരുവിന്റെ സന്ദേശം ഉൽപ്പതിഷ്ണുവായ കുഴിപറമ്പിൽ ശങ്കരൻ (കോഴിക്കുന്ന്) ഏറ്റുവാങ്ങി. വെളപ്പായയിൽ ശ്രീധർമ്മസംഘം എന്ന പേരിൽ ഒരു പ്രൈമറി സ്ക്കൂൾ 1927ൽ സ്ഥാപിക്കുകയും, സമുദായികോദ്ധാരണത്തിനായി ഈഴവ സമാജം സ്ഥാപിക്കപ്പെടുകയും ചെയ്തു. സ്വന്തം വീട്ടിലെ സ്ത്രീകളെകൊണ്ട് മാറു മറപ്പിച്ച് അയിത്തം തുടങ്ങിയ സാമൂഹ്യദുരാചാരങ്ങൾക്കെതിരെ പോരാടി. ഇക്കാലത്താണ് പാവങ്ങളുടെ പടത്തലവനായ എ.കെ.ജി.യുടെ നേതൃത്വത്തിലുള്ള വൈക്കം സത്യാഗ്രഹജാഥ മുളകുന്നത്തുകാവിൽ എത്തിയത്. ഈ ജാഥയ്ക്ക് മുളകുന്നത്തുകാവിൽ സ്വീകരണം നൽകപ്പെട്ടിട്ടുണ്ട്.

**സ്ഥലനാമ ചരിത്രം**

കിള്ളന്നൂർ വില്ലേജിൽപ്പെട്ട മുഴുവൻ ഭൂവിഭാഗങ്ങളും ചേർന്നതാണ് മുളകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത്. 1995 വരെ കിള്ളന്നൂർ എന്ന പേരിലാണ് പഞ്ചായത്ത് അറിയപ്പെട്ടിരുന്നത്. കിള്ളന്നൂർ എന്ന സ്ഥലനാമം എങ്ങിനെ വന്നു എന്നതിനെ സംബന്ധിച്ച് ചരിത്രരേഖകളൊന്നുമില്ല. പണ്ട് കോഴിക്കുന്ന്, ഗ്രാമല എന്നീ ദേശങ്ങളിലെ ഭൂരിഭാഗം സ്ഥലവും മനക്കുളം, രാജവംശം വകയായിരുന്നു. മനക്കുളം ഇല്ലത്തിന് തലപ്പിള്ളി താലൂക്കിലും വളരെയേറെ ഭൂമിയുണ്ടായിരുന്നു. ഇവരുടെ വക അത്താണി ഭാഗത്തെവിടെയോ ഒരു കോട്ടയോ, ധാന്യസംഭരണശാലയോ ഉണ്ടായിരുന്നതായും കോട്ട എന്നർത്ഥം വരുന്ന 'കില്ല'; നിൽക്കുന്ന ഊര് അതായത് കില്ലന്നൂര് എന്ന് വിളിക്കപ്പെടുകയും (കില്ലന്നൂര് പിന്നീട് കിള്ളന്നൂർ ആയി മാറിയതാകാം) ചെയ്തതാകാം എന്ന് വിശ്വസിക്കുന്നവരുണ്ട്. (സൂചന : കൊച്ചിയിലെ സ്ഥലനാമങ്ങൾ, ഗ്രന്ഥകർത്താ, കോമാട്ടിൽ അച്ചുതമേനോൻ)

മുളകുന്നത്തുകാവ് എന്ന സ്ഥലനാമത്തിന് പിന്നിലും കൗതുകകരമായ ഒരു കഥയുണ്ട്. ഇപ്പോൾ മുളകുന്നത്തുകാവ് അമ്പലം സ്ഥിതി ചെയ്യുന്ന സ്ഥലം പണ്ട് മുളംകാട് നിറഞ്ഞ കുന്നിൻ പ്രദേശമായിരുന്നു. മുളംകാടിനോടു ചേർന്ന് ക്ഷേത്രം (കാവ്) വന്നപ്പോഴാണ് മുളകുന്നത്തുകാവ് എന്ന സ്ഥലനാമം ഉണ്ടായത് എന്നാണ് ഏറെക്കുറെ യുക്തിസഹമായി കരുതാവുന്ന വസ്തുത.

മുളംകാട്ടിൽ മുള വെട്ടികൊണ്ടിരുന്ന ഒരാൾ കല്ലിൽ കത്തി തേച്ച് മൂർച്ച കൂട്ടുമ്പോൾ രക്തം പൊടിഞ്ഞുവെന്നും ഇത് കണ്ട് ഭയാക്രാന്തനായി ഓടി 8 കി.മീ. ദൂരെ കട്ടച്ചിറയിൽ വീണ് മരിച്ചുവെന്നാണ് ക്ഷേത്രവുമായി ബന്ധപ്പെട്ട ഐതിഹ്യം.

# 5 ① കൃഷിയും, ജലസേചനവും

**ആമുഖം**

കാർഷികമേഖലയിൽ ഏറെ പ്രത്യേകതകൾ ഉള്ള ഒരു പഞ്ചായത്താണ് മുളംകുന്നത്തുകാവ്. കേരളത്തിലെ 13 കാർഷിക മേഖലകളായി തരംതിരിച്ചിട്ടുള്ളതിൽ, മദ്ധ്യഇടനാട് എന്ന ഗ്രൂപ്പിലാണ് മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് നിലകൊള്ളുന്നത്. മണ്ണിന്റെ ഘടനയനുസരിച്ച് വെട്ടുകല്ലും മണൽ കലർന്ന മണ്ണും (Sandy loam) ഇടകലർന്ന പ്രദേശമായി വിശേഷിപ്പിയ്ക്കാം. ശരാശരി 5 മുതൽ 6.2 വരെയാണ് മണ്ണിന്റെ അമ്ലത്വം (ph) (സോയിൽ സാമ്പിൾ രജിസ്റ്റർ അവലംബം) കുറഞ്ഞ ജൈവാംശം, ജലസംഭരണശേഷി എന്നിവ ഈ മേഖലയുടെ മറ്റു പ്രത്യേകതകളാണ്.

ഭൂപ്രകൃതിയിൽ ഇത്രയധികം നിമ്നോന്നതസ്വഭാവം പുലർത്തുന്ന പഞ്ചായത്ത് പുഴയ്ക്കൽ ബ്ലോക്കിൽ തന്നെ ഇല്ലെന്നു പറയാം. അതുകൊണ്ടു തന്നെ സങ്കീർണ്ണങ്ങളായ ഏറെ പ്രശ്നങ്ങൽ കാർഷികമേഖലയ്ക്കു ഇവിടെ അഭിമുഖീകരിയ്ക്കേണ്ടിവരുന്നു.

പാടശേഖരങ്ങൾ ഒഴിച്ചാൽ, പഞ്ചായത്തിലെ ഭൂരിഭാഗം കാർഷികമേഖലയും 7,8,9 എന്നീ വാർഡുകളിലായിട്ടാണ് വിന്യസിച്ചിരിയ്ക്കുന്നത്. കൃഷി മുഖ്യ തൊഴിലായി സ്വീകരിച്ച ചെറുകിട നാമമാത്ര മലയോരകർഷകരാണ് ഇവിടങ്ങളിൽ ഭൂരിഭാഗവും.

പഞ്ചായത്തുതലത്തിലുള്ള കാർഷിക പ്രശ്നങ്ങളെ വിശകലനം ചെയ്യുമ്പോൾ പൊതുവായ പലതും ചൂണ്ടിക്കാണിക്കാം. ഉദാഹരണമായി ജലസേചനം, കൂലി–സേവന വ്യവസ്ഥകൾ, ഉല്പാദനോപാധികൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള പ്രശ്നങ്ങൾ. പക്ഷെ, ഭൂപ്രകൃതിയനുസരിച്ച് പഞ്ചായത്തിനെ വിവിധ മേഖലകളായി തരംതിരിയ്ക്കുമ്പോൾ ഓരോ മേഖലയ്ക്കും തനതായ പ്രശ്നങ്ങൾ ഉണ്ടെന്നു മനസ്സിലാക്കാം.

അത്തരത്തിൽ പ്രശ്നങ്ങളുടെ ഒരു വിശകലനവും, വിഭവങ്ങളുടെ ലഭ്യതയെ അടിസ്ഥാനമാക്കി ഭാവി വികസന സാധ്യതകളെക്കുറിച്ചുള്ള പരാമർശവുമാണ് ഇനിയുള്ള അദ്ധ്യായങ്ങളിൽ.

**കാലാവസ്ഥ കലണ്ടർ**

| | | |
|---|---|---|
| മഴക്കാലം | ജൂൺ മുതൽ ആഗസ്റ്റ് വരെ<br>സെപ്തംബർ മുതൽ ഒക്ടോബർ വരെ<br>ഫെബ്രുവരി, മാർച്ച് ഏപ്രിൽ, മെയ് | ഇടവപ്പാതി (കൂടുതൽ കിട്ടുന്നു)<br>തുലാവർഷം<br>ഇടമഴ |
| തണുപ്പുകാലം | ഡിസംബർ മുതൽ ജനുവരി വരെ | |
| വേനൽക്കാലം | ഫെബ്രുവരി മുതൽ മേയ്വരെ | |

**കാർഷിക ചരിത്രം**

മുളംകുന്നത്തുകാവ് പരിപൂർണ്ണമായും ഒരു കാർഷികഗ്രാമമാണ്. പകുതിയിൽ അധികം കുന്നിൻ പ്രദേശങ്ങളും കുറച്ചുമാത്രം താഴ്വരയും ഗ്രാമത്തിന്റെ സവിശേഷതയാണ്. പൂവൻമല (പൂമല) നമ്പ്രം, മൂക്കുന്നി ( ചോറ്റുപാറ പ്രദേശം) മലവായി, പാളായി, ചീരക്കാട്, പുളായ്ക്കൽ, വെങ്ങിണിപ്പറമ്പ് എന്നീ കുന്നിൻ പ്രദേശങ്ങൾ (7,8,9 വാർഡുകൾ) ജനവാസയോഗ്യമല്ലാത്ത വനപ്രദേശമായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ വരെ ആന, പന്നി, പുലി തുടങ്ങിയ വന്യമൃഗങ്ങളുടെ സാന്നിദ്ധ്യമുണ്ടായിരുന്നു.

മുളംകുന്നത്തുകാവ്, ഗ്രാമല, കോഴിക്കുന്ന് എന്നീ പ്രദേശങ്ങൾ നെൽകൃഷി കേന്ദ്രങ്ങളായിരുന്നു. ഇവിടങ്ങളിൽ ജലം സുലഭമായിരുന്നു. കൃഷി ഭൂമി കൂടുതലും മുളംകുന്നത്തുകാവ് ദേവസ്വം വക ആയിരുന്നു. മനക്കുള ഇല്ലം, പാലിയം ഇല്ലം എന്നീ കുടുംബങ്ങളുടെ കൈവശമുണ്ടായിരുന്ന ഭൂമിയാണ് ദേവസ്വത്തിന്റെ അധീനതയിലായത്. അതിനുമുമ്പ്, മനക്കോട്ട അച്ചനും ഇവിടെ ഭൂമി ഉണ്ടായിരുന്നു. കോഞ്ചേരി, പാറേക്കാട്ട് നമ്പിടിമാർ തുടങ്ങിയ ജന്മികുടുംബങ്ങളുമുണ്ടായിരുന്നു. പാട്ടകുടിയാൻ വ്യവസ്ഥയാണ് ഉണ്ടായിരുന്നത്. പ്രധാന കൃഷി നെല്ലായിരുന്നു. ആവർത്തന വിളകളായി മുതിര, ചാമ, എള്ള്, വാഴ, കൂർക്ക്, പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയും കൃഷി ചെയ്തിരുന്നു. തരിശുഭൂമിയിൽ കശുമാവ് കൃഷി ചെയ്തിരുന്നു. നെൽകൃഷിയ്ക്ക് അന്ന് ഉപ

യോഗിച്ചിരുന്ന. വിത്തിനങ്ങൾ വെളുത്തരികഴും, വെള്ളാര്യൻ, ചിറ്റേനി, വെളുത്ത ചിറ്റേനി, കറുത്ത ചിറ്റേനി, ചുവന്ന ചിറ്റേനി, നവര, കൊടിയൻ, ചെമ്പാവ്, ഓരു പാണ്ഡ്യൻ, തവളക്കണ്ണൻ, പൊന്നാര്യൻ, നായരുവിത്ത് തുടങ്ങിയവയാണ്. മുളംകുന്നത്തുകാവ് ദേവസ്വത്തിനുമാത്രം 336 പറ കൃഷിനിലത്തിൽ നിന്ന് 28000 പറ നെല്ല് സമീപകാലം വരെ പാട്ടം കിട്ടിയിരുന്നു.

തെങ്ങ് അന്ന് ഒരു തോട്ടവിളയായി കൃഷി ചെയ്തിരുന്നില്ല. കവുങ്ങ് കൃഷി വ്യാപകമായത് 19–ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെയാണ്. ജൈവവള പ്രയോഗത്തിലൂന്നിയ പരമ്പരാഗത കൃഷിരീതിയാണ് ഉണ്ടായിരുന്നത്. വർഷപാതം, സ്വാഭാവിക നീരുറവകൾ, കെട്ടി സംരക്ഷിക്കപ്പെടുന്ന കുളങ്ങൾ എന്നിവയായിരുന്നു ജലസ്രോതസ്സുകൾ. കൈക്കൊട്ട, തുലാൻ തേക്ക്, പാത്തി, പനമ്പട്ട തേക്ക്, കാളത്തേക്ക് എന്നീ രീതികൾ ജലസേചനത്തിനുവേണ്ടി പിൻതുടർന്നിരുന്നു. അതിവർഷം, വന്യമൃഗശല്യം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള നാശങ്ങൾ കൃഷിയ്ക്കു നേരിടേണ്ടി വന്നിട്ടുണ്ട്. പഞ്ഞമാസങ്ങളിൽ ആളുകൾ, തകര, ചേമ്പിൻ താളുകൾ, മുളയരി, കാട്ടുചേമ്പടക്കമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ഭക്ഷിച്ചിരുന്നു. എങ്കിലും കാർഷിക മേഖല സമ്പന്നമായിരുന്നു. കന്നുകാലി സംരക്ഷണം നല്ല രീതിയിൽ നടന്നിരുന്നു. ജന്മി കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്നതിനാൽ കാർഷിക സമ്പത്തിന് കേന്ദ്രീകൃത സ്വഭാവമാണുണ്ടായിരുന്നത്.

1950കളോടെ മദ്ധ്യ തിരുവിതാംകൂറിൽ നിന്നും സാഹസികരും അധ്വാനശീലരുമായ കർഷകർ മലയോരവാർഡുകളെ കേന്ദ്രീകരിച്ച് കുടിയേറുകയും വനപ്രദേശങ്ങൾ വെട്ടി വ്യാപകമായി കപ്പ തുടങ്ങിയ കൃഷികൾ ചെയ്തു തുടങ്ങി. വാണിജ്യാടിസ്ഥാനത്തിലുള്ള കപ്പ കൃഷി ഇങ്ങനെ രൂപപ്പെട്ടു. കൂടാതെ പഞ്ഞമാസങ്ങളിലേയ്ക്ക് ഭക്ഷണത്തിനായി കപ്പ സംസ്കരിച്ചുവെയ്ക്കുന്ന രീതിയും ഇവർ പരിചയപ്പെടുത്തി. കൃഷിയുമായി ബന്ധപ്പെട്ട തൊഴിൽ സാധ്യതകളും വർദ്ധിച്ചു.

1957–ലെ ശ്രീ. E.M.S. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ പ്രാബല്യത്തിൽ കൊണ്ടുവന്ന ഭൂപരിഷ്കരണനിയമം ജന്മി–കുടിയാൻ ബന്ധങ്ങളിൽ സമൂലം മാറ്റം വരുത്തി. മുളംകുന്നത്തുകാവ് ഗ്രാമത്തിൽ ഇതിന്റെ ഫലമായി ഒട്ടനവധി കുടിയാൻമാർക്ക് കൈവശഭൂമി ലഭിയ്ക്കുകയും ചെയ്തു. തന്മൂലം കാർഷികരംഗത്തും, സാമൂഹ്യസാമ്പത്തികരംഗത്തും വിപ്ലവകരമായ മാറ്റങ്ങളുണ്ടായി. മലയോരവാർഡുകളിൽ കുരുമുളകുകൃഷി വൻതോതിൽ നാണ്യവിളയായി കൃഷി തുടങ്ങി. കാർഷിക മേഖലയിൽ ഇതോടെ കുതിച്ചുചാട്ടമുണ്ടായി. 1990കളുടെ പകുതിയോടെ ദ്രുതവാട്ടം എന്ന രോഗം കുരുമുളകുകൃഷിയെ വൻതോതിൽ നശിപ്പിച്ചു. എങ്കിലും സ്ഥിരോത്സാഹികളായ കർഷകർ വിപുലമായ തോതിൽ റബ്ബർ, തെങ്ങ് എന്നിവ കൃഷി ചെയ്തുതുടങ്ങി.

പഞ്ചായത്തിലെ നെൽകൃഷിയ്ക്കുവേണ്ടി 1968ൽ പൂമലയിൽ ഒരു ഡാം നിർമ്മിച്ചു.

**കാർഷികമേഖലയുടെ ഇന്നത്തെ അവസ്ഥ**

**1. ഭൂപ്രകൃതിയും ഭൂവിനിയോഗവും**

പഞ്ചായത്തിന്റെ ഉയർന്ന പ്രതലത്തിൽപ്പെടുന്ന വനഭൂമി, മൊത്തം വിസ്തീർണ്ണത്തിന്റെ ഏകദേശം അഞ്ചിലൊന്നുവരും (541 ഹെക്ടർ). തുടർന്ന് മൂന്ന് മലനിരകളും കുത്തനെയുള്ള ചരിവുകളും പീഠഭൂമിയും താഴ്‌വരകളുമായി വ്യാപിച്ചു കിടക്കുന്നു. കൂടാതെ പ്രകൃതിയുടെ വരദാനമായി പൂമല ജലസംഭരണി നിലകൊള്ളുന്നു.

മലനിരകളിലും ചരിവുകളിലും ധാരാളം കരിങ്കൽപാറ കാണാം. പാറക്കൂട്ടങ്ങൾക്കിടയിൽ ഭൂമിയുടെ ചരിവ് അനുസരിച്ച് വിവിധ ഇനം മണ്ണ് ഉള്ളതായി നമുക്ക് ശ്രദ്ധിച്ചാൽ കാണാം. ഉദാഹരണമായി ഉയർന്ന പ്രദേശങ്ങളിൽ കറുത്ത മണ്ണാണെങ്കിൽ മലഞ്ചരിവുകൾ എത്തുമ്പോൾ ചെമ്മൺ ആണ് കൂടുതലായി കാണുന്നത്. മണ്ണിന്റെ ഘടനയിലും ഈ വ്യത്യാസം കാണാം. കരിങ്കല്ലിന്റേയും പാറക്കഷണങ്ങളുടേയും അംശം, ചരൽമണ്ണിനും മണലിനും വഴിതെളിയ്ക്കുന്നു.

റബ്ബർ ഒരു പ്രധാന വിളയായി ഉയർന്നുവരുന്നതു കാണപ്പെടുന്നു. എങ്കിലും വിള വൈവിധ്യം ഇപ്പോഴും പൂർണ്ണമായും നഷ്ടപ്പെട്ടിട്ടില്ല എന്ന് ചുവടെ ചേർത്തിരിയ്ക്കുന്ന പഠനപര്യടന പാത പരിശോധിച്ചാൽ മനസ്സിലാകും.

ഭൂഗർഭ ജലവിതാനത്തിലുള്ള ഏറ്റക്കുറച്ചിൽ അനുസരിച്ച് ജലക്ഷാമമുള്ള ഭാഗങ്ങളേയും അല്ലാത്തവയേയും വേർതിരിച്ചറിയാം.

## പഠന പര്യടന പാത



| സ്ഥലനാമങ്ങൾ | കുറ്റി... പൊട്ടച്ചിറ | കൊങ്ങൻപാറ | കൊങ്ങൻപാറ നിരപ്പ് | വെഞ്ഞിണി പറമ്പ് | വാളൻ കുന്ന് | മല...ായ് | പൂമല വ... | പൂമല | ...ക്കോട് | ഇ...ത്തക്കോട് | ...ദയനഗർ | കെൽട്രോൺ കോളനി | കെൽട്രോൺ ജംഗ്ഷൻ | ചിറക്കുന്ന് മാരാർ ലക്ഷംവീട് കോഴിക്കുന്ന് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | കുത്തനെ കുന്നിലേയ്ക്കുള്ള കയറ്റം | ചെറിയ ചരിവ് | ഉയർന്ന പീഠഭൂമി | ഉയർന്ന പീഠഭൂമി | കുത്തനെ ചരിവ് | താഴ്വാരം | കുത്തനെ കയറ്റം | നിരപ്പായ പീഠഭൂമി | ചെറിയ ചരിവ് | നേരിയ കയറ്റം | നേരിയ കയറ്റം | നിരപ്പാർന്ന സ്ഥലം | കുത്തനെ ചരിവ് | സമതലം |
| മൺതരം | പാറയും മണലും ഇടകലർന്ന മണ്ണ് | കരിങ്കല്ലും മണ്ണും ഇടകലർന്നത് | പാറയും മണലും ഇടകലർന്ന മണ്ണ് | മുകൾ ഭാഗത്ത് കറുത്ത പശിമ രാശിയുള്ള മണ്ണ്. അടിഭാഗത്ത് ചരലും മണ്ണും | പാറയും കറുത്ത മണ്ണും ഇടകലർന്ന മണ്ണ് | കരിങ്കല്ലും വെട്ടുകല്ലും കറുത്ത മണ്ണും ഇടകലർന്നത് | പാറയും ചെമ്മണ്ണും ഇടകലർന്നത് | മണലു കലർന്ന പശിമയുള്ള മണ്ണ് | മണലു കലർന്ന ചെമ്മണ്ണ് | ചെമ്മണ്ണ് | മണലു കലർന്ന ചെമ്മണ്ണ് | മണലു കലർന്ന ചെമ്മണ്ണ് | മണലു കലർന്ന ചെമ്മണ്ണ് | മണലു കലർന്ന ചെമ്മണ്ണും വെട്ടുകല്ലും ഇടകലർന്നത് |
| സസ്യാവരണം ജലനിരപ്പ് (Depth of water Table) | തെങ്ങും റബ്ബറും മണ്ണൊലിപ്പ് ഉണ്ട് 10 മീ. | റബ്ബർ കവുങ്ങ് ചേന 11മീ. | കശുമാവ് റബ്ബർ കുരുമുളക് 11മീ. | തെങ്ങ് റബ്ബർ കുരുമുളക് 11മീ. | കശുമാവ് തെങ്ങ് റബ്ബർ മരച്ചീനി മഞ്ഞൾ | തെങ്ങ് വാഴ റബ്ബർ കുരുമുളക് പ്ലാവ് കവുങ്ങ് 6 മീ. | തെങ്ങ് വാഴ കവുങ്ങ് റബ്ബർ പ്ലാവല 5മീ. | തെങ്ങ് വാഴ റബ്ബർ കുരുമുളക് ഫലവൃക്ഷങ്ങൾ 6മീ. | തെങ്ങ് കവുങ്ങ് വാഴ പ്ലാവ് ഫലവൃക്ഷങ്ങൾ 5.5 മീ. | തെങ്ങ് കശുമാവ് മാവ് വാഴ 10 മീ. | തെങ്ങ് ഫലവൃക്ഷങ്ങൾ 9 മീ. | തെങ്ങ് ഫലവൃക്ഷങ്ങൾ 7 മീ. | തെങ്ങ് വാഴ 7.5 മീ. | തെങ്ങ് വാഴ കവുങ്ങ് കുരുമുളക് 7.5 മീ. |
| പരിസ്ഥിതി പ്രശ്നങ്ങൾ കാലാവസ്ഥ | | | | കരിങ്കൽ ക്വാറി<br>കടൽക്കാറ്റ് ലഭിക്കുന്നു | | | | | | | | | | |

## ഭൂവിനിയോഗ വിവരങ്ങൾ ചിത്രം – 1






I. നിലം 180ha

II. പുരയിടം 66 ha

III. പുറമ്പോക്ക് 1101 ha (III a – വനം III b – മറ്റിനം)

IV. കൃഷിയോഗ്യ തരിശ് 105ha

V. കൃഷിയോഗ്യമല്ലാത്ത തരിശ് 285 ha

മൊത്തം 2337ha

## വിളവിസ്തീർണ്ണവും ഉല്പാദനവും

### പട്ടിക 1

| വിള | വിസ്തീർണ്ണം (ഹെ) | ഉല്പാദനം (ടൺ) | ഉല്പാദന ക്ഷമത | ഉല്പാദന ക്ഷമത സ്റ്റേറ്റ് (93–94) ശരാശരി | മുഖ്യ ഇനം |
|---|---|---|---|---|---|
| നെല്ല് (ഒന്നാം വിള) | 172 | 404.2 | 2350 kg/ha | 2193 | റെഡ് ടോവൻ |
| നെല്ല് (രണ്ടാം വിള) | 180 | 432 | 2400 kg/ha | " | ചിറ്റേനി |
| പയർ | 23 | 575 | 25 t/ha | | കുരുത്തോല കനകമണി |
| പച്ചക്കറികൾ | 36 | 720 | 20 t/ha | | നാടൻ |
| തെങ്ങ് | 595 | 107100 | 45 nuts/pa/m | 33 nuts/ | വെസ്റ്റ് കോസ്റ്റ് ടാൾ |
| വാഴ | 145 | 2610 | 18 t/ha | 7.9 t/ha | പൂവൻ പാളയംകോട് |
| മരിച്ചീനി | 10 | 160 | 16 " | 19.8 t/ha | എം.–4 10ന് എട്ട് |
| കുരുമുളക് | 40 | 10 | 250 kg/ha | 270 kg/ha | കരിമുണ്ട അറക്കുളം കാണിയ ക്കാടൻ |
| പ്ലാവ് | 14 | 560 | 40 t/ha | | |
| കശുമാവ് | 50 | 35 | 0.7 t/ha | 0.82 t/ha | നാടൻ |
| മാവ് | 12 | 43.2 | 3.6 t/ha | | മൂവാണ്ടൻ |
| റബ്ബർ | 150 | 70 | 640 kg/ha | 934 kg/ha | ആർ ആർ 11 105 |
| കൂർക്ക | 8 | | | | |
| കവുങ്ങ് | 110 | 124.8 | 1248 kg/ha | 1320 kg/ha | നാടൻ മംഗള |

വിസ്തീർണ്ണാടിസ്ഥാനത്തിൽ ഒന്നാമനായ തെങ്ങ് എല്ലാ വാർഡുകളിലുമായി വ്യാപിച്ചുകിടക്കുന്നു. അവയിൽ 35% കായ്ക്കാൻ തുടങ്ങാത്തവയാണ്. (അനുബന്ധം 3-7 അവലംബം) രണ്ടാം സ്ഥാനം നെല്ലിനാണ്. എങ്കിലും തൊട്ടുപിന്നാലെ റബ്ബറും വാഴയും നില്ക്കുന്നു. നാലാംസ്ഥാനത്തു നില്ക്കുന്ന കവുങ്ങ് വ്യാപകമായി കൃഷി തുടങ്ങിയത് സമീപകാലത്താണ്. അതിനുപിന്നിൽ കശുമാവും ശേഷം കുരുമുളകും സ്ഥാനം വഹിയ്ക്കുന്നു.

ചെമ്പൻ, ചെല്ലി, ബഡ്റോട്ട്, ലീഫ്റോട്ട് എന്നിവയാണ് തെങ്ങിനെ ബാധിയ്ക്കുന്ന പ്രധാന കീടങ്ങൾ. കുറഞ്ഞ ജലസേചനസൗകര്യം മൂലം പല ഭാഗങ്ങളിലും ഉല്പാദനക്ഷമത താഴുന്നു. ദ്രുതവാട്ടം എന്ന രോഗംമൂലം കുരുമുളകിന്റെ വിസ്തൃതിയിലും തദ്വാര ഉല്പാദനക്ഷമതയിലും ഗണ്യമായ കുറവു വന്നിട്ടുണ്ട്. മരങ്ങളുടെ പ്രായാധിക്യവും ശോച്യമായ പരിപാലനവും കശുമാവിന്റെ കുറഞ്ഞ ഉല്പാദനക്ഷമതയ്ക്കു കാരണങ്ങളായി ചൂണ്ടിക്കാണിക്കാം. തണ്ടുതുരപ്പൻ പുഴുവിന്റെ ആക്രമണവും കശുമാവിനെ ബാധിച്ചതായി കാണുന്നു.

മേൽ സൂചിപ്പിച്ച കശുമാവ്, കുരുമുളക്, റബ്ബർ എന്നീ വിളകൾ 7,8,9 എന്നീ വാർഡുകളിലാണ് ഭൂരിഭാഗവും നിലനിൽക്കുന്നത്. പട്ടികയിലെ മറ്റു വിളകളാകട്ടെ ഇടവിളയായാണ് കൃഷി ചെയ്യുന്നത്. മലവായ്, പൂമല, അത്തിക്കോട് എന്നിവടങ്ങളിലാണ് പച്ചക്കറി കൃഷി കേന്ദ്രീകരിച്ചിട്ടുള്ള തെങ്കിലും വീട്ടുവളപ്പിലുള്ള പച്ചക്കറി ഉല്പാദനം ഇതരഭാഗങ്ങളിലും കാണാം. വിസ്തൃതിയുടെ അടിസ്ഥാനത്തിൽ പച്ചക്കറിയ്ക്ക് ആറാം സ്ഥാനമാണെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ മുൻതൂക്കം നൽകേണ്ട ഒരു വിളയാണ് ഇത്. ഉല്പാദനക്ഷമത കൂടുതലാണ് എന്നതുതന്നെ ഇതിനു പ്രധാന കാരണം.

വാഴയുടെ ഉയർന്ന ഉല്പാദനക്ഷമത നമ്മുടെ പ്രദേശത്തെ ഏറ്റവും അനുയോജ്യവിളയായി അതിനെ ഉയർത്തുന്നു. എങ്കിലും സമീപകാലങ്ങളിൽ തടുതുരപ്പൻ പുഴുവിന്റെ ആക്രമണം വർദ്ധിച്ചു വരുന്നതായി കാണാം.

ചെറിയ ഇരിപ്പൂനിലങ്ങളടങ്ങിയതാണ് പഞ്ചായത്തിലെ നെൽകൃഷി. ഇതരഭാഗങ്ങളിൽ ഒറ്റപ്പെട്ടുകിടക്കുന്ന ഈ പാടശേഖരങ്ങൾ ഓരോന്നിനും വ്യത്യസ്തങ്ങളായ സാങ്കേതിക പ്രശ്നങ്ങൾ അഭിമുഖീകരിയ്ക്കേണ്ടിവരുന്നു. ജലസേചന സൗകര്യത്തിന്റെ അപാകതകൾ പൊതുവായ ഒരു പ്രശ്നമാണ്. കൂടാതെ, വർദ്ധിച്ച കൂലി നിരക്ക്, കുറഞ്ഞ തൊഴിൽ കാര്യക്ഷമത, തൊഴിലാളികളുടെ ദൗർലഭ്യം, കീടരോഗബാധ, ഉല്പോദനോപാധികളുടെ തൽസമയ ദൗർലഭ്യം, കീടനാശിനികളുടെ അശാസ്ത്രീയമായ ഉപയോഗം എന്നിവയാണ് കുറഞ്ഞ ഉല്പാദനത്തിനുള്ള പൊതുവായ മറ്റു കാരണങ്ങൾ.

ഉല്പാദനശേഷി കുറഞ്ഞ വിത്തുകളുടെ ഉപയോഗവും നെൽപാടങ്ങൾ കര കൃഷിയ്ക്കും വഴിമാറുന്നതും ഉൽപാദനക്ഷമതക്കുറവിന് കാരണമാകുന്നു.

**കൃഷിഭവൻ**

1987ൽ തുടങ്ങിയ കൃഷിഭവനിൽ കഴിഞ്ഞ കുറേകാലങ്ങളായി വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതിനാൽ ഓഫീസ് പ്രവർത്തനം മന്ദീഭവിച്ചതായി കാണുന്നു. കൃഷിഭവനിലേയ്ക്ക് പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും മറ്റൊരു പോരായ്മയാണ്.

**നടപ്പു പദ്ധതികളുടെ അവലോകനം**

***1. സമഗ്രനാളികേര വികസന പദ്ധതി.***

കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ സംയോജിതസഹായത്തോടെ 94- 95 സാമ്പത്തിക വർഷത്തിൽ തുടങ്ങിയ ഈ പദ്ധതി തുടർച്ചയായ മൂന്നാം കൊല്ലവും നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 33 കിണറുകൾക്കും 16 പമ്പ് സെറ്റുകൾക്കും ധനസഹായം നൽകിയിട്ടുണ്ട്. ബാങ്കുകളിൽ നിന്നുമുള്ള വായ്പാസൗകര്യം പലഘട്ടങ്ങളിലും പ്രസ്തുത പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ഒരു സാമൂഹ്യജലസേചന യൂണിറ്റും പൂർത്തിയായി വരുന്നു. തെങ്ങുകയറ്റ യന്ത്രം, റോക്കർസ്പ്രേയർ എന്നിവയ്ക്കും പരിമിതമായ അളവിൽ ധനസഹായം നൽകുന്നുണ്ട്.

***2. ബയോഗ്യാസ് ഡവലപ്പ്മെന്റ് സ്കീം.***

കൃഷിഭവൻ തുടങ്ങിയകാലം മുതൽ ആകെ 4 ബയോഗ്യാസ് പ്ലാന്റാണ് മേൽപദ്ധതിയുടെ ധനസഹായത്തോടുകൂടി നിർമ്മിച്ചിട്ടുള്ളത്. 2000 രൂപ മുതൽ 2400 രൂപവരെ ധനസഹായവും വായ്പാസൗകര്യവും ഉള്ള പ്രസ്തുത പദ്ധതി ഈ വർഷവും നടപ്പാക്കുന്നുണ്ട്.

***3. കാർഷികയന്ത്രവൽക്കരണപദ്ധതി***

സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടുകൂടി കഴിഞ്ഞ കുറേ വർഷങ്ങളായി നടത്തുന്ന ഈ പദ്ധതിയുടെ പ്രയോജനം നമ്മുടെ പഞ്ചായത്തിൽ ഇനിയും ഉപയോഗിച്ചിട്ടില്ല. സജീവമായി പ്രവർത്തിയ്ക്കുന്ന പാടശേഖരങ്ങൾക്ക് 50% സബ്സിഡി നിരക്കിൽ ട്രാക്ടർ, ടില്ലർ, മെതിയന്ത്രം മുതലായവ നല്കിവരുന്നു.

***4. സുഗന്ധ വിളകളുടെ തീവ്രവികസന പരിപാടി***

94–95 മുതൽ നടപ്പിലാക്കി വരുന്ന മേൽപദ്ധതിപ്രകാരം കുരുമുളക്, ഇഞ്ചി, മഞ്ഞൾ, മറ്റു സുഗന്ധ വൃക്ഷവിളകൾ എന്നിവയുടെ പരിപാലനത്തിന് ധനസഹായം നൽകുന്നുണ്ട്. ഇപ്രകാരം 20 ഹെക്ടർ സ്ഥലത്ത് പുതിയതായി മേൽവിളകൾ വികസിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

**ഡ്രിപ്പ് ഇറിഗേഷൻ സ്കീം.**

കേന്ദ്രഗവൺമെന്റിന്റെ പൂർണ്ണധനസഹായത്തോടുകൂടി നടത്തി വരുന്ന ഈ പദ്ധതി പ്രകാരം ഏകദേശം 25 ഹെക്ടർ തെങ്ങിൻതോപ്പുകളിൽ ജലസേചനസൗകര്യം വർദ്ധിപ്പിയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞവർഷം മുതൽ ഗ്രീൻ ഹൗസ് നിർമ്മാണത്തിനും 50% നിരക്കിൽ സബ്സിഡി നൽകുന്നുണ്ട്.

കശുമാവ്, കവുങ്ങ് എന്നീ വിളകൾക്കുള്ള പ്രതിരോധ മരുന്നു തെളി പദ്ധതി

ഇതുപ്രകാരം കശുമാവിനെ ബാധിയ്ക്കുന്ന തേയില കൊതുകിന് എതിരെയും കവുങ്ങിനുള്ള മഹാളിരോഗത്തിനും പ്രതിരോധ സ്പ്രേയിംഗ് നടത്തുവാനായി സബ്സിഡി നിരക്കിൽ കീടനാശിനി/കുമിൾനാശിനി വിതരണം നടത്തുന്നുണ്ട്. പ്രതിവർഷം 10 മുതൽ 20ha വരെ സ്ഥലത്തുള്ള വിളകൾക്ക് ഇപ്രകാരമുള്ള പ്രയോജനം ലഭിയ്ക്കുന്നു.

**നെൽകൃഷിയ്ക്കുള്ള ഉൽപാദനബോണസ്സ്**

സംസ്ഥാന ഗവൺമെന്റിന്റെ മേൽപദ്ധതി പ്രകാരം ഓരോ പൂവിനും ഏക്കറിന് 100 രൂപ പ്രകാരം ഉല്പാദനബോണസ്സായി നല്കുന്നുണ്ട്. കഴിഞ്ഞ 2–3 വർഷങ്ങളായി, പാടശേഖര സമിതികളുടെ മാന്ദ്യഭവിച്ചുള്ള പ്രവർത്തനം കാരണം ഈ പദ്ധതി പ്രയോജനരഹിതമായി.

**മണ്ണ് സാമ്പിൾ ശേഖരണം**

കൃഷിഭവൻ നിലവിൽ വന്ന കാലങ്ങളിൽ മേൽപദ്ധതി പ്രയോജനപ്പെടുത്തി പാടശേഖരാടിസ്ഥാനത്തിൽ വളപ്രയോഗം നടത്തിയിരുന്നു. പക്ഷെ കഴിഞ്ഞ 2–3 വർഷങ്ങളായി വ്യാപകമായ സാമ്പിൾ ശേഖരണം നടക്കുന്നില്ല.

**യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി**

93–94 വർഷം സംസ്ഥാന ഗവൺമെന്റ് തുടങ്ങിയ ഈ പദ്ധതിപ്രകാരം നൂറോളം യുവജനങ്ങൽ അംഗങ്ങളായി തിരഞ്ഞെടുക്കപ്പെട്ടു. കുറ്റിമുല്ല കൃഷി, തേനീച്ച വളർത്തൽ എന്നിവയ്ക്കുള്ള ധനസഹായം രണ്ട് അംഗങ്ങൾക്ക് വിതരണം നടത്തി. കന്നുകാലി വളർത്തൽ, തൊഴുത്ത് കാലിത്തീറ്റ എന്നീ ഘടകങ്ങളാണ് 6 അംഗങ്ങൾക്ക് ഈ വർഷം ഡയറി ഡവലപ്പ്മെന്റെ വഴി സബ്സിഡി നല്കുവാൻ ഉദ്ദേശിയ്ക്കുന്നു.

**ഊർജ്ജിത ജൈവവള വികസന പദ്ധതി**

എല്ലാ വർഷവും മേൽപദ്ധതിപ്രകാരം കമ്പോസ്റ്റ് നിർമ്മാണം, പച്ചില വളവിത്ത് എന്നിവയ്ക്ക് ധനസഹായം നൽകുന്നുണ്ട്. ജൈവവളത്തിന്റെ ദൗർലഭ്യം തരണം ചെയ്യാൻ മേൽപറഞ്ഞ ഘടകങ്ങൾ പൂർണ്ണമായും ഇനിയും പ്രയോജനപ്പെടുത്തേണ്ടിയിരിയ്ക്കുന്നു.

**പട്ടികജാതിക്കാർക്കുള്ള പ്രത്യേക ഘടകപദ്ധതി**

മേൽപദ്ധതി പ്രകാരം കാർഷികോപകരണങ്ങൾ, കിണർ മുതലായവ സൗജന്യ നിരക്കിൽ പട്ടികജാതിക്കാർക്ക് വിതരണം ചെയ്യുന്നു. പക്ഷെ ഗുണഭോക്താക്കൾ അവ വേണ്ടവണ്ണം പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്.

***കർഷക സംരംഭങ്ങൾ***

പഞ്ചായത്തിൽ മൊത്തം 9 പാടശേഖരസമിതികളും ഒരു കേര സമിതിയും 15ഓളം സാമൂഹ്യജലസേചന സമിതികളും നിലവിലുണ്ട്. പാടശേഖരങ്ങൾ എല്ലാം തന്നെ താരതമ്യേന ചെറുതായതുകൊണ്ടും ഒറ്റപ്പെട്ടു നില്ക്കുന്നതുകൊണ്ടും കൂട്ടായ്മയുടെ ഒരു അഭാവം ശ്രദ്ധിയ്ക്കാവുന്നതാണ്. സമിതികളുടെ പ്രാരംഭദശയിൽ സജീവമായ പ്രവർത്തനം ഉണ്ടായിരുന്നു. പക്ഷെ കാലക്രമേണ, അവയുടെ പ്രവർത്തനം മന്ദീഭവിച്ചിരിയ്ക്കുകയാണ്. അംഗങ്ങളുടെ സഹകരണക്കുറവ്, വിജ്ഞാനവ്യാപനരംഗത്തുള്ള പോരായ്മ തുടങ്ങിയവയാണ് അതിനു പ്രധാന കാരണങ്ങളായി ചൂണ്ടി കാണിയ്ക്കുന്നത്.

ഇവയ്ക്കുപുറമേ കർഷകരടങ്ങുന്ന ഒരു കാഡ (cada) കമ്മിറ്റിയും പഞ്ചായത്തിലുണ്ട്.

**പ്രധാനവിള ക്രമങ്ങൾ**

| | | |
|---|---|---|
| നെല്ല് | നെല്ല് | |
| കൂർക്ക | നെല്ല് | |
| വാഴ | മരച്ചീനി | വാഴ |
| നെല്ല് | നെല്ല് | പയർ |

**കൂലി സേവന വ്യവസ്ഥകൾ**

***വിവിധ ഗ്രൂപ്പിൽപ്പെട്ട കർഷകരുടെ എണ്ണം***

| | |
|---|---|
| നാമമാത്ര കർഷകർ – | 2238 (93%) |
| ചെറുകിട കർഷകർ – | 106 (4.4%) |
| ഇടത്തരക്കാർ – | 57 (2.5%) |
| വൻകിട കർഷകർ – | 4 (1%) |

130ൽപ്പരം പട്ടയം ലഭിയ്ക്കാത്ത കർഷകർ ഇപ്പോഴും ഈ പഞ്ചായത്തിലുണ്ട്.

**കൂലി – സേവന വ്യവസ്ഥകൾ പട്ടിക 2**

| ഇനം | ആൺ | പെൺ | ലഭ്യത |
|---|---|---|---|
| ഉഴവ് | 200 | — | പരിമിതം |
| കിളയ്ക്കൽ | 125 | – | കുറവ് |
| നടീൽ | – | 60 | കുറവ് |
| കളപറി | – | 50 | കുറവ് |
| കൊയ്ത്ത് | – | 55 അല്ലെങ്കിൽ 9 കിലോ നെല്ല് | തീരെകുറവ് |
| മെതി | 125 | 55 | തീരെ കുറവ് |
| തേങ്ങയിടൽതെങ്ങ് ഒന്നിന് 5 രൂപ | | – | പരിമിതം |
| ടാപ്പിംങ്ങ് 25പൈസ മരം ഒന്നിന് | | – | കുറവ് |

പഞ്ചായത്തിൽ നിലനില്ക്കുന്ന കൂലി സേവന വ്യവസ്ഥകൾ മേൽപട്ടിക പരിശോധിച്ചാൽ മനസ്സിലാക്കാം. ഇതിനു പുറമേ, തൊഴിൽ കാര്യക്ഷമതയുടെ കാര്യത്തിലും നാം പിന്നിലാണ്.

തൊഴിൽ വൈദഗ്ധ്യത്തിന്റെ മേഖലയിലും പല പ്രശ്നങ്ങൾ ഉണ്ട്. ഉദാഹരണമായി റബ്ബർ ടാപ്പിങ്ങിൽ ഏർപ്പെട്ടിരിയ്ക്കുന്ന തൊഴിലാളികൾ റബ്ബർ ബോർഡ് അനുശാസിയ്ക്കുന്ന ശാസ്ത്രീയമായ നിബന്ധകൾ പൂർണ്ണമായും പാലിയ്ക്കാറില്ല. (ടാപ്പിങ്ങ് ചരിവ്, ഇടവേള, ആഴം എന്നീ കാര്യങ്ങളിൽ) അക്കാരണം കൊണ്ട് മരത്തിന്റെ ടാപ്പിങ്ങ് ആയുസ്സ് കുറഞ്ഞു വരുന്നു.

സസ്യ സംരക്ഷണ പ്രവർത്തനത്തിലും ഇതുപോലുള്ള ഉദാഹരണം ചൂണ്ടിക്കാണിയ്ക്കാം. സ്പ്രേലായനി നിർമ്മിയ്ക്കുമ്പോൾ ആനുപാതികമായി ചേർക്കേണ്ട വെള്ളത്തിന്റെ അളവ് സ്പ്രേ ചെയ്യുന്ന രീതി ഇവയിലൊക്കെയും അശാസ്ത്രീയമായ രീതി പിന്തുടരുന്നതുകൊണ്ട് ഇത്തരത്തിലുള്ള സസ്യസംരക്ഷണ പ്രവർത്തനങ്ങൾ പൂർണ്ണമായും ഫലവത്താകാറില്ല.

**കാർഷിക വിപണനസൗകര്യങ്ങൾ**

പഞ്ചായത്തിന് സ്വന്തമായി ഒരു വിപണന കേന്ദ്രം ഇല്ല. സമീപ പ്രദേശത്തുള്ള തിരൂർ അങ്ങാടിയും അത്താണി സെന്ററുമാണ് ചില്ലറക്കച്ചവടത്തിന് ആധാരം. മൊത്തക്കച്ചവടത്തിന് തൃശൂരിലേയ്ക്കാണ് പോകുന്നത്. ചില്ലറ വില്പന കേന്ദ്രങ്ങളിലേയ്ക്ക് എത്തുവാൻ തന്നെ 3 മുതൽ 15 കിലോമീറ്റർ വരെ ദൂരം തരണം ചെയ്യേണ്ടിവരുന്നു. ഉദാഹരണമായി പൊട്ടച്ചിറ, ശങ്കരൻചിറ, വെങ്ങിണിപ്പറമ്പ്, ആശാരിക്കാട്, നരിഎള്ള്, തളിയംപാറ എന്നിവിടങ്ങളിൽ നിന്നും 1.5 മുതൽ 5kmവരെ തലച്ചുമടായി മാത്രം സഞ്ചരിച്ചാലാണ് മേൽപറഞ്ഞ കേന്ദ്രങ്ങളിലേയ്ക്ക് ഉല്പന്നങ്ങൾ എത്തിയ്ക്കുവാൻ സാധിയ്ക്കുന്നത്.

സംഭരണായുസ്സ് കുറഞ്ഞ വാഴക്കുലയ്ക്കും, പച്ചക്കറിയ്ക്കും, മൊത്തക്കച്ചവടകേന്ദ്രത്തെ ആശ്രയിക്കേണ്ടി വരുമ്പോൾ ഇടനിലക്കാരനുള്ള ചിലവ്, കടത്തുകൂലി കയറ്റു–ഇറക്കുകൂലി എന്നിവ അധികപ്പടി നഷ്ടമാവുന്നു.

ചില്ലറ വില്പനയിൽ മാത്രം തേങ്ങാക്കച്ചവടം ഒതുങ്ങി നില്ക്കുന്നു. സ്വകാര്യാടിസ്ഥാനത്തിലുള്ള 3 കൊപ്ര പ്രോസസ്സിംഗ് സെന്ററുകളിലേയ്ക്കാണ് കൂടുതൽ തേങ്ങയും വിറ്റഴിയുന്നത്. കിലോവിന് 1.5 രൂപ പ്രകാരം തേങ്ങയെ അപേക്ഷിച്ചു കൊപ്രയ്ക്ക് അധികമായി ലഭിയ്ക്കുന്നു.

വെളിച്ചെണ്ണയായി നൽകിയാൽ ഇതിലുമുപരി ലാഭം കിട്ടുന്നുണ്ടെങ്കിലും അധികം കർഷകരും അത്തരം ഒരു സംരംഭത്തിനു മുതിരുന്നില്ല.

കേച്ചേരി, കുന്നംകുളം എന്നീ പ്രധാന അടയ്ക്ക മാർക്കറ്റുകളെയാണ് കവുങ്ങുകൃഷിക്കാർ ആശ്രയിയ്ക്കുന്നത്.

റബ്ബർ സംഭരണം തിരൂർ, അത്താണി, പൂളായ്ക്കൽ എന്നിവടങ്ങളിലാണ് നടത്തുന്നത്. RSS 4 ഗ്രേഡിന്റെ അന്നന്നത്തെ മാർക്കറ്റ് നിലവാരം അടിസ്ഥാനമാക്കിയുള്ള വില കർഷകനു ലഭിയ്ക്കുന്നു എങ്കിലും ഗ്രേഡിങ്ങ് സമ്പ്രദായം നിലവിലില്ല.

കയ്പ, നേന്ത്രൻ എന്നിവയുടെ ഓഫ് –സീസൺ വിളകൾക്ക് മെച്ചവില (പ്രിമിയം വില) ലഭിയ്ക്കുന്നുണ്ട്. മേയ് അവസാനം അഥവാ ജൂൺ ആദ്യകാലങ്ങളിൽ കയ്പയ്ക്ക് കിലോവിന് 5 രൂപ വരെ അധികപ്പടി കിട്ടും.

നാടൻ പച്ചക്കറി ഇനങ്ങൾക്കും മാർക്കറ്റ് നിലവാരത്തിൽ നിന്നും കൂടുതൽ വില ലഭിയ്ക്കുന്നു.

**വായ്പാസൗകര്യങ്ങൾ**

തിരൂർ സർവ്വീസ് സഹകരണബാങ്കിന്റെ ശാഖയായ മുളംകുന്നത്തുകാവ് സൊസൈറ്റിയാണ് സഹകരണാടിസ്ഥനത്തിലുള്ള പഞ്ചായത്തിലെ ഏക ബാങ്കിങ്ങ് സ്ഥാപനം. ഇവിടെ ഹ്യസ്വകാല കാർഷിക വായ്പ ഇനത്തിൽ മൊത്തം 2,06080 രൂപ 96 സെപ്തംബറിൽ നിലനില്ക്കുന്നു. അതിൽ 42,755 രൂപയാണ് കാലാവധി കഴിഞ്ഞ് കിട്ടാനായി രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിലെ 7, 8, 9 എന്നീ വാർഡുകൾക്ക് തൃശൂരിൽ നിലവിലുള്ള വിജയബാങ്കും 1 മുതൽ 6 വാർഡുകൾക്ക് പഞ്ചായത്തിലെ കാനറാ ബാങ്കുമാണ് സർവ്വീസ് ഏരിയ അടിസ്ഥാനത്തിൽ വിഭജിച്ചിരിക്കുന്നത്. പക്ഷെ, കാർഷിക വായ്പയുടെ ലഭ്യതയെക്കുറിച്ചും, തിരിച്ച് അടയ്ക്കുന്നതിനെ സംബന്ധിച്ചും നിരവധി പരാതികളും, പോരായ്മകളും കർഷകരുടേയും, ബാങ്കുകാരുടെയും ഭാഗത്തും നിലനില്ക്കുന്നു.

**വള ഉപഭോഗം**

സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിയ്ക്കുന്ന ഒരു ഡിപ്പോ മാത്രമാണ് പഞ്ചായത്തിലെ ഏക വളം, കീടനാശിനി വിപണനകേന്ദ്രം. പ്രസ്തുത ഡിപ്പോയിൽ പരിമിതമായ അളവിൽ മാത്രമേ വളം വിതരണം നടക്കുന്നുള്ളൂ. പഞ്ചായത്തിലെ കാർഷിക കേന്ദ്രങ്ങളായ 7, 8, 9 എന്നീ വാർഡുകളിലെ കർഷകർ, തൊട്ടടുത്ത പഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന സഹകരണസംഘങ്ങളെയാണ് മിക്കതും ആശ്രയിയ്ക്കുന്നത്. മുളംകുന്നത്തുകാവ് വളം ഡിപ്പോ വഴി കഴിഞ്ഞ 3 വർഷമായി വിതരണം ചെയ്ത വളത്തിന്റെ അളവ് താഴെക്കൊടുത്തിരിയ്ക്കുന്ന ചിത്രം പരിശോധിച്ചാൽ മനസ്സിലാകും.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ വളപ്രയോഗരീതി പൂർണ്ണമായും ഇനിയും അവലംബിയ്ക്കേണ്ടതുണ്ട്.

**ജൈവവളത്തിന്റെ ലഭ്യത**

പ്രതിദിനം കാലി ഒന്നിന് ശരാശരി 10 കിലോ ചാണകം എന്ന നിരക്കിൽ പഞ്ചായത്തിൽ മൊത്തമുള്ള കന്നുകാലികളിൽ നിന്നും (അനുബന്ധം 4 (1) ശ്രദ്ധിയ്ക്കുക) പ്രതിവർഷം 2800 ടൺ ചാണകം കൃഷിയ്ക്കു ലഭ്യമാണ്. ഉപയോഗശൂന്യമായി എത്രയോ ചാണകം നഷ്ടപ്പെടുകയും ചെയ്യുന്നുണ്ട്. പച്ചില വളത്തിന്റെ ദൗർലഭ്യം പൊതുവായി നേരിടുന്ന ഒരു പ്രശ്നമാണ്.

വള ഉപഭോഗം ചിത്രം 3




**വളം ഉപയോഗം**

**തിരൂർ സർവ്വീസ് സഹകരണസംഘം**
**മുളംകുന്നത്തുകാവ് ബ്രാഞ്ച്**

**ജലസേചനം**

1968ൽ പൂമലയിൽ ഒരു ഡാം നിർമ്മിച്ചു. 88.31ha ആയക്കെട്ടും 702300m3 സംഭരണശേഷിയുമാണ് പ്രസ്തുത റിസർവ്വോയറിന്റെ നിർമ്മാണ ഘട്ടത്തിൽ പ്രതീക്ഷിച്ചിരുന്നത്. 5100 മീറ്റർ നീളമുള്ള മെയിൻകനാലും 1300 മീറ്റർ നീളമുള്ള ബ്രാഞ്ച് കനാലും ഇതിന്റെ ഭാഗമായുണ്ട്. പൂമല മുതൽ മലവായ് അത്തിക്കോട് എന്നീ ഭാഗങ്ങൾ വഴി 3–ാം വാർഡിലെ ഉദയനഗർവരെ വിന്യസിച്ചു കിടക്കുന്നതാണ് മെയിൻകനാൽ. (മാപ്പ് 1) പ്രാരംഭ ഘട്ടത്തിൽ 4 മുതൽ 5 മാസം വരെ ഈ കനാൽ വെള്ളം കൃഷിയ്ക്ക് ഉപയോഗിച്ചിരുന്നു. പക്ഷെ ഇപ്പോൾ 2 മുതൽ 21/2 മാസം വരെ മാത്രമേ കനാൽ വെള്ളം ലഭ്യമാകാറുള്ളൂ. ഇതിനുള്ള കാരണങ്ങൾ പലതാണ്. പൂമല ഡാമിന്റെ ചോർച്ച, റിസർവ്വോയറിൽ മണ്ണടിഞ്ഞ് സംഭരണശേഷി കുറഞ്ഞത്, റിസർവ്വോയറിലുള്ള മീൻ വളർത്തൽ എന്നിവ അതിൽ മുഖ്യമായവയാണ്. സംഭരണശേഷി കുറഞ്ഞതുമൂലം ഡാം സൈറ്റിൽ വെള്ളം ഓവർ ഫ്ളോചെയ്ത് നഷ്ടപ്പെട്ടുകൊണ്ടിരിയ്ക്കുന്നു.

പീച്ചി പദ്ധതിയുടെ വലതുകര കനാലിന്റെ 17 – ാം മൈൽ മുതൽ 19 – ാം മൈൽ വരെ പഞ്ചായത്തിന്റെ ഇതര വാർഡുകളിൽക്കൂടി താഴെ പറയുന്ന രീതിയിൽ കടന്നു പോകുന്നു. 7 – ാം വാർഡിൽപ്പെട്ട പൂളായ്ക്കൽ മുതൽ, 9 – ാം വാർഡിൽപ്പെട്ട ചീരക്കാട്, മുണ്ടപ്പിള്ളി, 4 – ാം വാർഡിൽപ്പെട്ട നമ്പ്രം, 3 – ാം വാർഡിൽപ്പെട്ട കെൽട്രോൺ എന്നീ ഭാഗങ്ങൾ കഴിഞ്ഞ്, കനാൽ അത്താണി വഴി മുണ്ടത്തിക്കോട് പഞ്ചായത്തു വഴി കടന്നുപോകുകയാണ്. ഇതിന്റെ ഒരു ബ്രാഞ്ച് 2, 1 എന്നീ വാർഡുകളിലേയ്ക്ക് പോകുന്നുണ്ട്. കോഴിക്കുന്ന്, ചിറക്കുന്ന്, കോക്കുളങ്ങര, കാരാർകോട് എന്നീ പാടശേഖരങ്ങൾ അടങ്ങുന്ന മൊത്തം 66.2 ha നെൽകൃഷി ഈ കനാൽ വെള്ളത്തിനെ ആശ്രയിച്ചാണ് മുണ്ടകൻ കൃഷി നടത്തുന്നത്. മുണ്ടകന്റെ അവസാനഘട്ടത്തിൽ കനാൽ വെള്ളത്തിന്റെ അപര്യാപ്തതമൂലം പലഭാഗത്തും കൃഷി ഉണങ്ങിപ്പോയ ചരിത്രം കഴിഞ്ഞ 2 വർഷങ്ങളായി തുടരുന്നു. കനാൽ വെള്ളത്തിന്റെ വാലറ്റ ഉപഭോക്താവ് എന്നതുതന്നെയാണ് ഇതിനുള്ള പ്രധാന കാരണം. കൂടാതെ, കനാലിന്റെ ശോചനീയമായ അവസ്ഥ കാരണം, പീച്ചിയിൽ നിന്നും മുണ്ടകൻ കൃഷിയ്ക്കു വിടുന്ന മൊത്തം വെള്ളത്തിന്റെ (20mm) ചെറിയ ഒരു അംശം മാത്രമേ പഞ്ചായത്തിന്റെ കമാന്റ് ഏരിയയ്ക്കു ഉപകരിയ്ക്കുന്നുള്ളൂ. 60mm., ഡെസ്സ്റ്റോറേജ് ഉള്ള പീച്ചി സംഭരണിയുടെ ബാക്കി 40 mm വെള്ളവും കോൾ നിലങ്ങളിലേയ്ക്കാണ് വിടുന്നത് എന്നതും ശ്രദ്ധേയമാണ്.

**മൈനർ ഇറിഗേഷൻ**

കുളം, കിണർ, സാമൂഹ്യജലസേചന പദ്ധതി എന്നിവയുടെ കാര്യം ഇനി പരിശോധിയ്ക്കാം.

**പട്ടിക**

| വാർഡ് | പൊതു കിണർ | സ്വകാര്യ കിണർ വറ്റാത്തവ വറ്റുന്നവ | | കുഴൽ കിണർ പൊതു സ്വകാര്യം | | കുളം പൊതു സ്വകാര്യം | |
|---|---|---|---|---|---|---|---|
| 1 | 4 | 145 | 209 | | 50 | 6 | 1 |
| 2 | 7 | | | 1 | | 3 | - |
| 3 | 1 | 107 | 194 | 2 | 27 | 3 | - |
| 4 | 4 | | | | | 3 | 2 |
| 5 | 3 | | | | | 2 | - |
| 6 | 4 | 22 | 105 | 3 | | - | - |
| 7 | 9 | | | 1 | | 2 | - |
| 8 | 20 | | | | | 1 | - |
| 9 | - | 55 | 75 | 6 | | - | - |

മേൽ പട്ടിക പ്രകാരം ഏറ്റവും കൂടുതൽ പൊതുകുളങ്ങൾ ഒന്നാം വാർഡിലാണ്. 6ഉം 9ഉം വാർഡുകൾ ഒഴിച്ചാൽ ശരാശരി 2 കുളങ്ങൾ വീതം മറ്റു വാർഡുകളിൽ ഉണ്ട്. സ്വകാര്യ കിണറുകൾ കൂടുതലും വേനൽക്കാലത്ത് വറ്റുന്നവയാണ് എന്നതാണ് മറ്റൊരു കാര്യം. സാമൂഹ്യജലസേചന പദ്ധതി പ്രകാരം ഉള്ള കുഴൽകിണറുകൾ അധികവും 9–ാം വാർഡിലാണ്. ഏറ്റവും കൂടുതൽ പൊതുകിണറുകൾ 8–ാം വാർഡിലും.

കുളങ്ങൾ ഭൂരിഭാഗവും വറ്റാത്തവയാണ്. എന്നാൽ റിപ്പയർ വർക്ക് നടത്തിയാൽ മാത്രമേ അവ പൂർണ്ണമായും ഉപയുക്തമാക്കുവാൻ സാധിയ്ക്കുകയുള്ളൂ.

ഭൂമിശാസ്ത്രപരമായി ചരിവുകൾ കൂടുതലുള്ള 7, 8, 9 എന്നീ വാർഡുകളിൽ ജലസ്രോതസ്സുകളുടെ അപര്യാപ്തത മൂലം ജലക്ഷാമം കൂടുതലാണ്.

KSEBയുടെ കണക്കു പ്രകാരം മൊത്തം 578 പമ്പ് സെറ്റുകൾ പഞ്ചായത്തിൽ വൈദ്യുതീകരിച്ചിട്ടുണ്ട്. 1992 മുതൽ 96 വരെയായി 119 വ്യക്തികൾക്ക് കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ഇനിയും നല്കുവാനുണ്ട്.

50ഓളം ഓയിൽ ഇഞ്ചിനും സ്വകാര്യാടിസ്ഥാനത്തിൽ ഉപയോഗിയ്ക്കുന്നു.

**നഴ്സറികൾ**

ഗവൺമെന്റ് അംഗീകാരമുള്ള ഒരു സമ്മിശ്ര നഴ്സറിയും സ്വകാര്യാടിസ്ഥാനത്തിൽ ചുരുക്കം റബ്ബർ നഴ്സറികളും പഞ്ചായത്തിലുണ്ട്. തെങ്ങിൻതൈ, കുരുമുളക് വള്ളി, കവുങ്ങിൻതൈ എന്നിവയാണ് സമ്മിശ്ര നഴ്സറിയിൽ പ്രധാനമായും ഉല്പാദിപ്പിയ്ക്കുന്നത്.

**ഗ്രാമസഭാ നിർദ്ദേശങ്ങൾ**

1. പൂതംകുളം, പാണ്ടൻകുളം, കണ്ടംകുളം എന്നിവ താഴ്ത്തി ബണ്ട് കെട്ടി ജലസംഭരണ ശേഷി ഉയർത്തിയാൽ കോഴിക്കുന്നു പടിഞ്ഞാറ്റുമുറി പാടശേഖരത്തിൽ ഒരു പൂവൽ കൃഷി കൂടി ചെയ്യാം.
2. മണ്ണാൻതോട് നന്നാക്കി തടയണ നിർമ്മിച്ചാൽ കോക്കുളങ്ങര പാടശേഖരത്തിലെ ജലക്ഷാമം പരിഹരിയ്ക്കാം.
3. പുത്തൻതോടിന്റെ കിഴക്കേ ബണ്ടിൽ കൂടി ട്രാക്ടർ ഇറക്കുവാൻ റോഡ് നിർമ്മിയ്ക്കുക.
4. കാർഷിക യന്ത്രങ്ങൾക്ക് ലോൺ സൗകര്യം ഏർപ്പെടുത്തുക
5. കർഷക സമിതികൾക്ക് ഓഫീസ് കെട്ടിടത്തിനു ധനസഹായം അനുവദിയ്ക്കുക.
6. കൊടുവാംകുളം താഴ്ത്ത് ബണ്ട് കെട്ടി വെള്ളം സംഭരിയ്ക്കുക.
7. കൃഷി ഭവനിൽ കൂടുതൽ സ്റ്റാഫിനെ നിയമിച്ച് വിജ്ഞാനവ്യാപനം ഫലവത്താക്കുക.
8. ആത്തംകുളം താഴ്ത്തി ബണ്ട് കെട്ടി ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തുക.
9. ആനപ്പാഞ്ചിറ കുളം താഴ്ത്തി നിലവിലുള്ള മോട്ടർ സംവിധാനം ഉപയോഗിയ്ക്കുക.
10. കല്ല്യേക്കുളം താഴ്ത്തി പടിഞ്ഞാറുഭാഗം കെട്ടി ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തുക.
11. അരിങ്ങഴികുളം ബണ്ട് ഉയർത്തി വെള്ളം സംഭരിയ്ക്കുക
12. അത്തിക്കോട് കുളം താഴ്ത്തുക
13. തളിയമ്പാറകുളം നന്നാക്കി ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം ഏർപ്പെടുത്തുക
14. പച്ചക്കറി കൃഷിയ്ക്ക് കീടരോഗബാധയ്ക്കെതിരെ ഇൻഷ്വർ സംവിധാനം ഏർപ്പെടുത്തുക
15. പഞ്ചായത്തു തലത്തിൽ വിപണന,സംഭരണ സംവിധാനം സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക
16. ചരിവു ഭൂമികളിൽ തട്ടുകൾ നിർമ്മിച്ച് സ്വാഭാവിക നീരൊഴുക്ക് ഉപയോഗപ്രദമാക്കുക
17. മലവായ്തോട്ടിൽ കൂടി ഒഴുകുന്ന സ്വാഭിവക നീരുറവ (30 മീറ്റർ നീളം) പൂമല കനാലിലേയ്ക്ക് തിരിച്ചു വിടുന്നതിനുള്ള സംവിധാനം ചെയ്യുക. അങ്ങനെ ഡാമിന്റെ സംഭരണ ദൈർഘ്യം ഒരു മാസത്തേക്കുകൂടി വർദ്ധിപ്പിക്കാം.
18. പൂമല ഡാമിലെ ചോർച്ച നിർത്തുക
19. ചെറുകിട കർഷകർക്ക് പെൻഷൻ ഏർപ്പെടുത്തുക
20. മാട്ടുകുളം താഴ്ത്തി വൃത്തിയാക്കുക
21. ജൈവവള കൃഷി പ്രോത്സാഹിപ്പിയ്ക്കുക
22. കർഷക സമിതികളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

***സാധ്യതകൾ***

***ആമുഖം***

നിമ്നോന്നതമായ ഭൂപ്രകൃതിയുള്ള പഞ്ചായത്ത് ആയതിനാൽ നീർമറി അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ചരിവുപ്രദേശങ്ങൾ അടങ്ങുന്ന 7, 8, 9 എന്നീ വാർഡുകളെ കേന്ദ്രീകരിച്ച് വാട്ടർ ഷെഡ് മാപ്പിംങ്ങ് ശാസ്ത്രീയമായ രീതിയിൽ നടത്തണം. ഇപ്രകാരം കൃഷിയിടങ്ങളെ ചെറിയ നീർത്തടങ്ങളായി വിഭജിച്ചശേഷം ഓരോ നീർത്തടത്തിനും അനയോജ്യമായ വിള സംവിധാനം, ജല സംരക്ഷണം, മണ്ണു സംരക്ഷണം എന്നിവയ്ക്ക് ഊന്നൽ നല്കികൊണ്ട് വികസിപ്പിച്ച് എടുക്കാം. ഫെർട്ടിലൈസർ മാപ്പും പ്രാദേശികാടിസ്ഥാനത്തിൽ തയ്യാറാക്കണം.

1. **തട്ടുതിരിയ്ക്കൽ**

ഉയർന്ന കുന്നിൻ പ്രദേശങ്ങളെ തട്ടുകളായി തിരിച്ച് ഭൂമിയുടെ ചരിവിന് എതിരെ ചാലുകൾ കീറി അവയിൽ മണ്ണൊലിപ്പ് തടയുന്ന വിളകൾ കൃഷി ചെയ്യാം. കൃഷിയോഗ്യ തരിശ് ഇപ്രകാരം പ്രയോജനപ്പെടുത്താം.

2. **വിള മാനേജ്മെന്റ്**

ഓരോ നീർത്തടത്തിനും അനുയോജ്യമായ വിളകൾ ഭൂപ്രകൃതിയ്ക്ക് അനുസരിച്ച് ക്രമീകരിയ്ക്കാം. ഏറ്റവും ഉയർന്ന നിരയിൽ ഫലവൃക്ഷങ്ങളും ബണ്ടോരങ്ങളിൽ പൈനാപ്പിൾ, കോങ്കോ സിഗ്നൽപ്പുല്ല്, കച്ചോലം എന്നിവയും നട്ടിപിടിപ്പിയ്ക്കാം. കൃഷിയോഗ്യ തരിശ് ഇപ്രകാരം പ്രയോജനപ്പെടുത്തുമ്പോൾ കൃഷിയിടങ്ങളിൽ വിളസാന്ദ്രത എങ്ങിനെ വർദ്ധിപ്പിക്കാം എന്ന് പരിശോധിച്ച് ഓരോ മേഖലയ്ക്കും ഉത്തമമായ ക്രോപ്പിങ്ങ് ഇന്റ്റൻസിറ്റി ഇൻഡക്സ് തയ്യാറാക്കി പരീക്ഷണാടിസ്ഥാനത്തിൽ കൃഷി ചെയ്ത്, കൂടുതൽ ലാഭകരമാകുന്ന വിള സംയോജനം കണ്ടെത്തണം. നെൽവയലുകളിലെ ആവർത്തന വിളകൾ ഇതിനുവേണ്ടി വ്യാപിപ്പിയ്ക്കാം. ഉദാഹരണമായി മുണ്ടകൻ കൃഷി വിളവെടുപ്പ് കഴിഞ്ഞ ഉടൻ പയർ, എള്ള് എന്നിവ കൃഷി ചെയ്യാവുന്നതാണ്. പറമ്പിലെ ഇടവിളകൾ തിരഞ്ഞെടുക്കുമ്പോൾ, പ്രദേശികാവശ്യങ്ങൾക്ക് മുൻതൂക്കം നല്കണം. ഉദാഹരണമായി മരിച്ചിനി കൃഷി എടുക്കാം. എലിശല്യം കൂടുതലായത്കൊണ്ട് കർഷകർ ഇതു വീട്ടാവശ്യത്തിനുമാത്രമേ കൃഷി ചെയ്യുന്നുള്ളു. എന്നാൽ കട്ട് കൂടുതലുള്ള ഇനങ്ങളായ പത്തിന് എട്ട്, നെടുമങ്ങാട് എന്നിവ തിരഞ്ഞെടുത്താൽ എലിശല്യം ഒഴിവാക്കാം. ഈ ഇനങ്ങൾ ചിപ്സ് ഉണ്ടാക്കുവാൻ വേണ്ടി നല്കുന്നതുവഴി, പ്രസ്തുത കൃഷി ആദായകരമാക്കുകയും ചെയ്യാം.

വിള ഇനങ്ങൾ തിരഞ്ഞെടുക്കുന്നതുപോലെ പ്രധാനമായ മറ്റൊരു കാര്യമാണ് അവ ഏതു സീസണിലാണ് നടേണ്ടത് എന്നതും. ഓഫ് സീസണിൽ കൂടുതൽ മാർക്കറ്റു ലഭിയ്ക്കത്തക്ക രീതിയിൽ പച്ചക്കറി കൃഷി വിളവെടുപ്പു നടത്താം. ഓഫ് സീസൺ ഉല്പാദനത്തിനു പ്രതികൂലമായി നില്ക്കുന്ന കാരണങ്ങൾ കണ്ടെത്തുകയും പരിഹരിയ്ക്കുകയും ചെയ്യുന്നതുവഴി ഇക്കാര്യം സാധ്യമാകും.

**a) ജൈവവള വികസനവും സാമൂഹ്യവനവൽകരണവും**

വേലിയരികിൽ ശീമക്കൊന്ന, കനാൽ തീരങ്ങളിലും ബണ്ടുകളിലും ഡെയിഞ്ച, പറമ്പുകളിൽ ഇടവിളയായി തെങ്ങിൻ തടങ്ങളിലും മറ്റും ഡെയിഞ്ച, കിലുക്കി എന്നീ പച്ചിലവളച്ചെടികൾ കൃഷി ചെയ്താൽ ജൈവവള ദൗർലഭ്യം നേരിടുകയില്ല. ഊർജ്ജിത ജൈവവള വികസന പദ്ധതി ഇതിനുവേണ്ടി പ്രയോജനപ്പെടുത്താം. കാലി വളം മറ്റും ജൈവ പാഴ്‌വസ്തുക്കൾ എന്നിവ ഓരോ കൃഷിയിടങ്ങളിലും കമ്പോസ്റ്റ് നിർമ്മാണത്തിനു ഉപയോഗിച്ചാൽ ഈ മേഖലയിൽ നമുക്ക് സ്വയം പര്യാപ്തത കൈവരിയ്ക്കാം. ഇതിനും പുറമേ, സുബബൂൾ പോലുള്ള മരങ്ങൽ തരിശ് ഇടങ്ങളിൽ വച്ചുപിടിപ്പിച്ചാൽ പച്ചിലവളം, കാലിത്തീറ്റ, ഇന്ധനം എന്നീ മൂന്ന് ഇനങ്ങളുടെ ആവശ്യവും നിറവേറ്റാം.

ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ പദ്ധതി പ്രയോജനപ്പെടുത്തി, ഇന്ധനക്ഷാമം പരിഹരിയ്ക്കുകയും ഫലവൃക്ഷങ്ങളുടെ ഇന്ധനാവശ്യത്തിനുള്ള നശീകരണം കുറയ്ക്കുകയും ചെയ്യാം. മാത്രമല്ല ബയോഗ്യാസ് നിർമ്മാണത്തിലെ ബൈപ്രോഡക്ടായ സ്ലറിയിൽ വളക്കൂറ് അധികവുമാണ്.

**b) ഔഷധസസ്യകൃഷി**

തോട്ടങ്ങളിൽ ഇടവിളയായി ഔഷധസസ്യങ്ങൾ തിരഞ്ഞെടുക്കുമ്പോൾ അവയുടെ മാർക്കറ്റും കൂടി കണക്കിലെടുക്കണം. നീലഅമരി, കറ്റാർവാഴ, ചിറ്റരത്ത, കച്ചോലം ആദിയായ സസ്യങ്ങൾ കൃഷി ചെയ്യാം.

**c) പൂകൃഷി**

ജനസേചനസൗകര്യം, വെളിച്ചം എന്നിവ ലഭ്യമായ സ്ഥലങ്ങളിൽ കുറ്റിമുല്ല കൃഷി വ്യാപിപ്പിയ്ക്കാം. അതുപോലെ ഓർക്കിഡ്, ആന്തൂറിയം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിനുമുമ്പ് മാർക്കറ്റ് അവലോകനം നടത്തണം. ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിയ്ക്കുക കർഷക സംഘങ്ങൾ പ്രദേശികമായി രൂപികരിച്ച് അതുവഴി മേൽ ഉൽപന്നങ്ങൾ സംഭരിച്ച് വില്പന നടത്തുക എന്നീ മാർഗ്ഗങ്ങൾ അവലംബിയ്ക്കാം.

36

**3. യന്ത്രവൽക്കരണം**

ട്രാക്ടർ, ടില്ലർ, മെതിയന്ത്രം തുടങ്ങിയ കാർഷികോപകരണങ്ങൽ നിലവിലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്തി ലഭ്യമാക്കാം. ട്രാക്ടർ/ടില്ലർ ഇറങ്ങാൻ റോഡ് സൗകര്യം മെച്ചപ്പെടുത്തിയാൽ മാത്രമേ യന്ത്രവൽക്കരണം ഫലവത്താകുകയുള്ളൂ. ഉദാഹരണമായി, മണ്ണാൻതോട് തൊട്ട് കോഴിക്കുന്ന് വരെ, ആനപ്പൻ ചിറ കുളത്തിലേയ്ക്കുള്ള വഴി, ഇരട്ടക്കുളം മുതൽ കോഴിക്കുന്നു റോഡ് വരെ എന്നീ പ്രദേശങ്ങളിൽ ഫാം റോഡ് നിർമ്മിയ്ക്കാം.

**4. നിയന്ത്രിതമാർക്കറ്റുകൾ**

കർഷകന് തങ്ങളുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭിയ്ക്കുന്നതിന് പഞ്ചായത്തിൽ നിയന്ത്രിത മാർക്കറ്റുകൾ സ്ഥാപിയ്ക്കണം. ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഉറപ്പുവരുത്തുവാൻ ഗ്രേഡിങ്ങ് സമ്പ്രദായം കൊണ്ടുവരണം. പഴം, പച്ചക്കറി ഉല്പന്നങ്ങൾക്ക് KHDP (കേരള ഹോർട്ടികൾച്ചറൽ ഡവലപ്പ്മെന്റ് പ്രോഗ്രാം) പദ്ധതി പ്രകാരം തുടങ്ങുവാൻ പോകുന്ന സംഭരണകേന്ദ്രങ്ങളെ പ്രയോജനപ്പെടുത്താം.

**5. സമ്മിശ്രകൃഷി (Mixed farming)**

കൃഷിയോടനുബന്ധിച്ച മറ്റു സംരംഭങ്ങൾ ഉദാഹരണമായി തേനീച്ച വളർത്തൽ, പട്ടുനൂർപുഴു വളർത്തൽ, കോഴി വളർത്തൽ, ആടു വളർത്തൽ, മീൻ വളർത്തൽ മുതലായവയും കൂടി യൂണിറ്റ് അടിസ്ഥാനത്തിൽ ഏറ്റെടുത്തു നടത്തിയാൽ മാത്രമേ കാർഷിക പുരോഗതി കൈവരിയ്ക്കുവാൻ സാധിയ്ക്കുകയുള്ളൂ.

**6. ജലസ്രോതസ്സുകളുടെ സംരക്ഷണം**

കനാലുകൾ റിപ്പയർ ചെയ്ത് സംരക്ഷിയ്ക്കുകയും കുളങ്ങൾ താഴ്ത്തി ലിഫ്റ്റ് ഇറിഗേഷൻ സംവിധാനം അനുയോജ്യമായ പ്രദേശങ്ങളിൽ നടപ്പിലാക്കുകയും ചെയ്യാം. വെള്ളക്കെട്ട് അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ ഡ്രെയിനേജ് ചാലുകൾ നിർമ്മിക്കണം. ഉദാഹരണമായി കോഴിക്കുന്നു പടിഞ്ഞാറ്റു മുറി പാടശേഖരത്തിൽപ്പെട്ട ചില സ്ഥലങ്ങളിൽ.

പൂമല ഡാമിൽ അടിഞ്ഞു കൂടിയ മണ്ണ് നീക്കം ചെയ്ത് ആഴം വർദ്ധിപ്പിയ്ക്കുന്നതുവഴി അതിന്റെ സംഭരണശേഷി വർദ്ധിപ്പിയ്ക്കാം.

**ഭക്ഷ്യസംസ്കരണം**

പ്ലാവ്, മാവ്, നേന്ത്രൻ, കൈതച്ചക്ക എന്നീ വിളകൾ സംസ്കരണ ആവശ്യത്തിന് അടിസ്ഥാനമാക്കി കൂടുതൽ ഉല്പാദിയ്ക്കാം. പ്രാദേശിക മാർക്കറ്റ് അവലോകനത്തിൽ നിന്നും പ്രസ്തുത ഇനങ്ങൾക്ക് ധാരാളം സാധ്യത ഉള്ളതായി കാണുന്നു.



സാക്ഷരതാപ്രഖ്യാപനം 1-ാം വാർഡ്
മാത്യു കുന്നുങ്ങൽ IAS കില ഡയറക്ടർ നടത്തുന്നു



നവംബർ 1ന്റെ പുനരർപ്പണ ദിനം
മുളകുന്നത്തുകാവ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്
ശ്രീ.വി.ഡി.സ്റ്റാൻലി ഉൽഘാടനം ചെയ്യുന്നു.



പര്യടന സർവ്വെ

# 5 ② മൃഗപരിപാലനം മത്സ്യബന്ധനം



## 1. മൃഗപരിപാലനം.

ആമുഖം:

മുളങ്കുന്നത്തുക്കാവ് ഗ്രാമത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശുവും ആടും എരുമയും ആണ്. വളർത്തു പക്ഷി കോഴിയും. മുൻകാലങ്ങളിൽ ഈ പഞ്ചായത്തിൽ സമൃദ്ധമായ കാലിസമ്പത്തുണ്ടായിരുന്നു. കുന്നിൻ പുറങ്ങളും വിശാലമായ പ്രാന്തപ്രദേശങ്ങളുംമേച്ചിൽ സ്ഥലങ്ങളായി ഉണ്ടായിരുന്നു. ആടുമാടുകളെ മേയ്ക്കാനായി ഇവിടേയ്ക്ക്വിവിധ ഭാഗങ്ങളിൽ നിന്ന് കൂട്ടംകൂട്ടമായി കൊണ്ടു പോകുമായിരുന്നു. കാലി മേയ്ക്കുന്നവർ ഉച്ചഭക്ഷണത്തിന് കരുതിയിരുന്ന ചോറ് ഈ പാറക്കൂട്ടങ്ങളിൽ കയറിയിരുന്ന് ഉണ്ണുക പതിവായിരുന്നു. ഈ ഗ്രാമത്തിലെ ചോറ്റുപാറ എന്ന പ്രദേശത്തിന് ആപേര് സിദ്ധിച്ചത് ഇതിനാലാണെന്നാണ് പഴമക്കാർ പറയുന്നത്.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ തിരുവിതാംക്കൂറിൽ നിന്ന് ഇവിടേക്ക് ചേക്കേറിയവർ ഇവിടുത്ത മേടുകളിൽ വിവിധയിനം കൃഷികൾ ആരംഭിച്ചതോടെ കാലികളുടെ മേച്ചിൽസ്ഥലം തീരെ കുറഞ്ഞു. ക്രമേണ കാലിസമ്പത്തും കുറഞ്ഞു വന്നു. കൃഷിയന്ത്രങ്ങളുടെ വരവോടെ ഉഴവു മൃഗങ്ങളും ഇല്ലാതായി ആവശ്യമായ തോതിൽ ചുരുങ്ങിയ ചെലവിൽ കാലിതീറ്റ സാധനങ്ങൾ കിട്ടാതായതോടെ പാലുല്പാദനവും ഗണ്യമായി കുറഞ്ഞു. കന്നുകാലികളിൽ കണ്ടുവരുന്ന പരാദരോഗങ്ങളും ദഹന സംബന്ധമായ രോഗങ്ങളും അകിടുവീക്കം തുടങ്ങിയ പാലുല്പാദനത്തെ നേരിട്ട് ബാധിക്കുന അസുഖങ്ങളും പകർച്ചവ്യാധികളും ശരിയായ ചികിത്സാ സൗകര്യത്തിന്റെ അഭാവവും ഉല്പാദനം കുറയ്ക്കുന്നതിൽ വലിയ പങ്കു വഹിച്ചിട്ടുണ്ട്. കാലി വളർത്തൽ ലാഭകരമല്ലാത്തതിനാൽ കർഷകർ ഈ മേഖലയിൽ നിന്നും ക്രമേണ പിന്തിരിയുകയായിരുന്നു. സങ്കരവർഗ്ഗ കന്നുകാലികൾ ഇവിടെ കുറവായിരുന്നു. ഇവിടത്തെ കാലികളുടെ ശരാശരി പാലുല്പാദനം പ്രതിദിനം 5 ലിറ്ററായിരുന്നു. കാലികളുടെ കുറഞ്ഞ ഉല്പാദനക്ഷമതയുംകൂടിയ തീറ്റ ചെലവും കർഷകരുടെ മുഖ്യപ്രശ്നങ്ങളായിരുന്നു

മുട്ടയുടേയും മാംസത്തിന്റേയും ഉല്പാദനരംഗത്തും കാര്യമായ പുരോഗതി ഉണ്ടായിരുന്നില്ല. ഇന്നും ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്ന മുട്ടയും മാംസവും ഭൂരിഭാഗവും പുറമെ നിന്നും കൊണ്ടു വരുന്നതാണ്. മുമ്പ് ആടുവളർത്തൽ ധാരാളമായി ഉണ്ടായിരുന്നത് ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ട്. മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞു പോയതും തീറ്റയുടെ വിലവർദ്ധനയുമാണ് കർഷകർ പ്രധാനമായും ചൂണ്ടി കാണിച്ചത്. മുയൽ, കാട, ടർക്കി, താറാവ് എന്നിവയുടെ വളർത്തലും ഇവിടെ നടക്കുന്നില്ല. താറാവ് വളർത്തലിന്പറ്റിയ ഭൂപ്രകൃതിയല്ല നമ്മുടേതെന്നാണ് പൊതുവെയുള്ള അഭിപ്രായം.

നല്ല അളവിൽ തന്നെ മാംസവില്പന നടക്കുന്ന പഞ്ചായത്താണ് നമ്മുടേത്. ഇറച്ചിയുൽപാദനവും വിൽപനയും ശുചിത്വമുള്ള രീതിയിലല്ല നടക്കുന്നത്. വഴി വക്കിലാണ് കൂടുതലും ഇറച്ചി വില്പനകടകൾ സ്ഥിതിചെയ്യുന്നത്. വില്ക്കപ്പെടുന്ന മാംസത്തിന്റെ ഗുണനിലവാരം കുറയ്ക്കുന്നതിന് ഇതും കാരണമാകുന്നു. നല്ല മാംസത്തിന്റെ ലഭ്യത ഉപഭോക്താവിന്റേയും ആവശ്യമാണ്. ഗ്രാമത്തിലുള്ള കന്നുകാലി സമ്പത്തിന്റെ ബഹു ഭൂരിപക്ഷവും ചെറുകിട നാമമാത്ര കർഷകരുടെ കയ്യിലായതിനാൽഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ്‌വ്യവസ്ഥ ശക്തമാക്കും എന്നുറപ്പാണ്.

## പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല:

വളരെക്കാലമായി നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉണ്ടായിരുന്നില്ല. തിരൂർ മൃഗാസ്പത്രിയുടെ കീഴിൽ പൂമലയിൽ പ്രവർത്തിച്ചിരുന്ന ഒരു വെറ്ററിനറി സബ്സെൻറർ മാത്രമാണുണ്ടായിരുന്നത്. 1995 ഏപ്രിൽ മാസത്തിൽ കിള്ളന്നൂർ വെറ്ററിനറി ഡിസ്പെൻസറി രൂപീകൃതമായി. അതിനുശേഷം പൂമല സബ് സെൻറർ ഡിസ്പെൻസറിയായി ഉയർത്തിയതിനാൽ കിള്ളന്നൂർ മൃഗാശുപത്രി ആക്കോടിലെയിനിലേക്കു മാറ്റി സ്ഥാപിച്ചു. പൂമലയിലെ മൃഗാശുപത്രി പൂമലയിൽതന്നെ തുടരുന്നു. ഈ പഞ്ചായത്തിൻെറ വിസ്തൃതിയും പ്രത്യേക ഭൂപ്രകൃതിയും അപേക്ഷിച്ച് നോക്കുമ്പോഠ ഈ രണ്ട് മൃഗാശുപത്രികളുടേയും പ്രവർത്തനം അപര്യാപ്തമാണ്. ഭൂരിഭാഗം പ്രദേശത്തെ കർഷകർക്കും മൃഗചികിത്സാ സൗകര്യംഇപ്പോഴും ലഭ്യമല്ല. കന്നുകാലി സമ്പത്തിൻെറ വർദ്ധനവിന് അടിസ്ഥാനമായിട്ടുള്ള സങ്കരവർഗ്ഗത്തിൻെറ ഉല്പാദനത്തിനാവശ്യമായ കൃത്രിമ ബീജസങ്കലനസൗകര്യം ഇപ്പോഴും പൂമലയിൽ മാത്രമാണുള്ളത്. കൂടുതൽ കർഷകർക്കും ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകഠ ചില്ലറയല്ല. ഇണചേർക്കലിന് വിത്തുകാളകളേയും ലഭ്യമല്ലാത്തതിനാൽ ഈ അസൗകര്യത്തിൻെറഗൗരവം ഊഹിക്കാവുന്നതേയുള്ളൂ. കിള്ളന്നൂർ മൃഗാശുപത്രിയിൽ കൃത്രിമ ബീജസങ്കലനത്തിനുള്ള സൗകര്യങ്ങഠ എത്രയും വേഗം ഏർപ്പെടുത്തേണ്ടത് ഒന്നുമുതൽആറ് വരെ വാർഡുകളിലുള്ള കർഷകർക്ക് വളരെ അത്യാവശ്യമാണ്.

പഞ്ചായത്തിലെ രണ്ട് മൃഗാശുപത്രികളിലും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ചികിത്സാസൗകര്യം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടികഠ കൈക്കൊള്ളേണ്ടതുണ്ട്. ഓരോ ആശുപത്രിയിലും ഡോക്ടർ, ലൈവ്സേറ്റോക്ക് ഇൻസ്പെക്ടർ, അറ്റൻറൻറ്, സ്വീപ്പർ എന്നിങ്ങനെ നാലു വീതം ഉദ്യോഗസ്ഥന്മാരാണുള്ളത്. ജീവനക്കാർക്കു വേണ്ട പ്രാഥമിക സൗകര്യങ്ങളും ഏർപ്പെടുത്തണം.

കഴിഞ്ഞ പഞ്ചവത്സര പദ്ധതികാലത്ത് നടപ്പിലാക്കിയ പദ്ധതികഠ:

1. മുട്ടക്കോഴി വിതരണം - 94 -95 വർഷത്തിൽ പൂമല സബ്സെൻറർ മുഖേന 300 കോഴികളെ വിതരണം ചെയ്യുകയുണ്ടായി. ഇവയിൽ അധികവും ഉൽപ്പാദന പ്രായമാകുമ്പോഴേക്ക് നഷ്ടപ്പെട്ടതായി കർഷകർ അറിയിച്ചു.

പട്ടിക -1

### കാലിസമ്പത്ത് സർവ്വെ - പ്രാഥമികം

<u>പഞ്ചായത്തിലെ കന്നുകാലി സമ്പത്ത്.</u>

| ഇനം | വാർഡുകഠ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| പശു | 19 | 59 | 171 | 68 | 24 | 37 | 68 | 81 | 182 |
| എരുമ | 15 | 1 | 7 | 6 | - | - | 1 | - | - |
| പോത്ത് | 2 | - | 4 | 1 | - | 2 | - | - | - |
| കാള | - | - | 15 | - | 2 | 8 | - | - | 6 |
| ആട് | 77 | 100 | 145 | 34 | 35 | 136 | 111 | 76 | 44 |
| പന്നി | - | - | - | - | - | 22 | 3 | - | 525 |
| കോഴി | 521 | 510 | 564 | 209 | 129 | 384 | 440 | 487 | 596 |
| താറാവ് | - | 4 | - | - | 1 | - | 4 | 2 | - |

അവലംബം- പ്രാഥമിക സർവ്വെ.

2. വന്ധ്യതാനിവാരണ ക്യാമ്പും ഗോരക്ഷാ ക്യാമ്പും:-

എല്ലാ വർഷവും ഓരോന്നു വീതം നടപ്പിലാക്കുന്നുണ്ട്. വന്ധ്യതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അധികമൊന്നും കാണാറില്ല. കറവപശുക്കളുടെ പരിപാലനം കന്നുകുട്ടികൾക്കുള്ള വിരമരുന്ന് വിതരണവും മറ്റുമാണ് ഗോരക്ഷാ ക്യാമ്പിലൂടെ ഉദ്ദേശിക്കുന്നത്. രണ്ടു ക്യാമ്പിലും ജനപങ്കാളിത്തം താരതമ്യേന കുറവാണെന്ന് ചികിത്സാ രേഖകൾ വ്യക്തമാക്കുന്നു.

3. പേവിഷ നിർമ്മാർജ്ജനം :-

പഞ്ചായത്തിലെ വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവെയ്പ്പ് നൽകാനാണ് പരിപാടിയിട്ടിരുന്നത്. വളരെക്കുറച്ചു നായ്ക്കളെ മാത്രമെ കുത്തിവെയ്പ്പിന് വിധേയമാക്കാൻ സാധിച്ചുള്ളൂ. കഴിഞ്ഞ വർഷമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. അമ്പതു നായ്ക്കൾക്കാണ് കുത്തിവെയ്പ്പു നൽകിയത്. സൗജന്യ നിരക്കിലായിരുന്നു കുത്തിവെയ്പ്പ് നടത്തിയത്. പേവിഷനിർമ്മാർജ്ജനത്തിന് തെരുവു നായ്ക്കളെ നശിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇതിന് വേണ്ട നടപടികൾ പഞ്ചായത്ത് തലത്തിൽ നടത്തുന്നതാണ് ഫലപ്രദം.

## പാലുല്പാദനരംഗം :

## പ്രശ്നങ്ങൾ.

മേച്ചിൽ സ്ഥലങ്ങളുടെ കുറവും തീറ്റപ്പുൽ കൃഷിയുടെ അഭാവവും തീറ്റ സാധനങ്ങളുടെ ഗണ്യമായ വില വർദ്ധനവും പാലിന് മതിയായ വില കിട്ടാത്തതുമാണ് ഈ മേഖലയിലെപ്രധാന പ്രശ്നങ്ങൾ.

ഈ പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന പാൽ സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പൂമലയിൽ മാത്രമാണ് പാൽസൊസൈറ്റി ഉള്ളത്. ഇതുമൂലം പല സ്ഥലങ്ങളിലും പാൽ വിപണനം ബുദ്ധിമുട്ടിലാണ്. ഈ സാഹചര്യത്തിൽ 2-ാം വാർഡ് ഗ്രാമ സഭാ നിർദ്ദേശമായ പാൽസൊസൈറ്റി രൂപീകരണം ശ്രദ്ധേയമാണ്.

അതിവിസ്തൃതിയിലുള്ള ഈ പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതി അനുസരിച്ച് ഇപ്പോഴുള്ള മൃഗാശുപത്രികളുടെ സേവനം അപര്യാപ്തമാണ്. പൂമലയിൽ മാത്രമാണ്ക്രിത്രിമബീജസങ്കലന സൗകര്യമുള്ളത്. നല്ലയിനം സങ്കരവർഗ്ഗകന്നുകുട്ടികളെ കിട്ടാനില്ലാത്തതും പ്രധാനമാണ്. കാലി വളർത്തലിൽ തല്പരരായ കർഷകർ ഉണ്ടെങ്കിലും സാമ്പത്തിക പരിമിതികൾ മൂലം അവർ ഈ രംഗത്തേക്ക് കടന്നുവരാൻ മടിക്കുന്നു. ഇപ്പോഴുള്ള കാലിസമ്പത്തിന്റെ ഉൽപ്പാദനക്ഷമത കൂട്ടേണ്ടിയിരിക്കുന്നു. കൃത്രിമബീജസങ്കലനം വഴി നല്ലയിനം സങ്കരവർഗ്ഗ കന്നുകുട്ടികളെ ലഭ്യമാക്കിയാലാണ് ഇത് സാധിക്കുക.

അശാസ്ത്രീയമായ കറവ പശു പരിപാലനവും ഈ രംഗത്തെ പ്രശ്നമാണ്. പശുക്കളുടെ കറവക്കാലം പ്രസവിച്ചശേഷം 8 മാസമാണ്. എന്നാൽ കർഷകരുടെ അറിവില്ലായ്മമൂലംഇത് രണ്ട് കൊല്ലംവരെയോ അടുത്ത പ്രസവം വരെയോ നീണ്ടുപോകാറുണ്ടെന്ന് നാട്ടറിവുകളിൽ നിന്നും വ്യക്തമാകുന്നു. രണ്ട് പ്രസവങ്ങൾ തമ്മിലുള്ള ഇടവേള ഒരു വർഷത്തിലും അധികമാണ്. തീറ്റസാധനങ്ങളുടെ ഗണ്യമായ വില വർദ്ധനവ് കാരണം കറവപശുക്കൾക്ക് ശരിയായ അളവിൽ തീറ്റ മിശ്രിതം നൽകാറില്ല. ശാസ്ത്രീയ നിർദേശമനുസരിച്ച് രണ്ടു ലിറ്ററിലും കൂടുതൽ ഉല്പാദിപ്പിക്കപ്പെടുന്ന ഓരോ ലിറ്റർപാലിനും 1/2 കിലോഗ്രാം തീറ്റമിശ്രിതം അധികം നൽകേണ്ടതുണ്ട്. ഒരു കിലോഗ്രാം തീറ്റക്ക്8 മുതൽ 9 രൂപ വരെ മാർക്കററിൽ വിലയുണ്ട്. ഒരു ലിറ്റർ പാലിന്റെ വില 11 രൂപയാണ്.തീറ്റ കൂടുതൽ കൊടുക്കുന്നതു കൊണ്ടു മാത്രം പാലുല്പാദനം കൂടുന്നില്ല. അതിനാൽ അധികമാരും തീറ്റക്രമത്തിൽ

പട്ടിക -2

### പാൽ ഉൽപ്പാദനം പ്രാഥമിക സർവ്വെ

വാർഡുകൾ (പാൽ അളവ് ലിറ്ററിൽ)

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| 34290 | 21750 | 19079 | 26936 | 4000 | 9640 | 2525 | 26,400 | 39,140 |

*അവലംബം - പ്രാഥമിക സർവ്വെ*

ശ്രദ്ധിക്കുന്നില്ല. ശരിയായ തീറ്റക്രമം ഇല്ലാത്തതിനാലും അശാസ്ത്രീയമായ കറവും മൂലം കാലികളുടെ ആരോഗ്യവും തകരാറിലാകുന്നു. കന്നുകുട്ടി പരിപാലനത്തിലും പ്രശ്നങ്ങളുണ്ട്. മൂരിക്കുട്ടികളെ ചെറുപ്രായത്തിൽ തന്നെ വില്ക്കുന്നു. പശുകുട്ടികൾക്ക് നാമമാത്ര പരിചരണം നൽകുന്നതിനാൽ വളർച്ച മുരടിച്ചു പോകുന്ന അവസ്ഥയുണ്ട്. ശരിയായ ഉല്പാദനം കിട്ടാത്തതിന് ഇതും കാരണമാകുന്നു. കാലികളെ ബാധിക്കുന്ന രോഗങ്ങളും ഉല്പാദനത്തോത് കുറയ്ക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ കണ്ടുവരുന്ന പ്രധാന കാലി രോഗങ്ങളെ കുറിച്ചുള്ള വിവരണങ്ങൾ താഴെ ചേർക്കുന്നു. (അവലംബം: മൃഗാശുപത്രി രേഖകൾ)

എന്നീ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്ത് ചെലവിൽ ഏർപ്പെടുത്തുക. ഇപ്രകാരം കാലിവളർത്തൽ കേന്ദ്രീകൃതമാക്കിയാൽ ഉല്പാദനത്തിനാവശ്യമായ കാലിത്തീറ്റക്കൊണ്ടുവരുന്നതിനും സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനും സൗകര്യം കൂടുകയും ചെലവ് കുറയുകയും ചെയ്യുന്നു.

ഈ സങ്കേതങ്ങളിൽ ഉല്പാദിപ്പിക്കുന്ന പാൽ ബന്ധപ്പെട്ട പാൽസൊസൈറ്റിക്കാർ ഉല്പാദനസ്ഥലത്ത് വന്ന് ശേഖരിച്ചു കൊണ്ടുപോകുന്നത് കർഷകർക്ക് സൗകര്യമായിരിക്കും. കർഷകരേയും ഈ രംഗത്ത് താൽപര്യമുള്ള മറ്റു പ്രമുഖ വ്യക്തികളേയും ഉൾപ്പെടുത്തി ലൈവ് സ്റ്റോക്ക് ഇംപ്രൂവ്മെൻറ് അസോസിയേഷൻ രൂപീകരിക്കാവുന്നതാണ്.

### പട്ടിക 2 കന്നുകാലികളുടെ രോഗവിവരണങ്ങൾ

| രോഗങ്ങൾ | പശു | എരുമ | ആട് |
|---|---|---|---|
| ദഹനസംബന്ധമായവ | 235 | 90 | 210 |
| പ്രത്യുല്പാദന സംബന്ധം | 184 | 39 | 37 |
| ശ്വാസകോശസംബന്ധമായവ | 40 | 12 | 26 |
| വന്ധ്യത | 170 | 30 | |
| ഉപാപചയസംബന്ധമായവ | 8 | 3 | 1 |
| അകിടുവീക്കം | 80 | 10 | 30 |
| ത്വക്ക് രോഗങ്ങൾ | 40 | 26 | 18 |
| മുടന്തൻപനി | 120 | 40 | |
| ധാതുലവണങ്ങളുടെ അഭാവം | 30 | 19 | 22 |
| പകർച്ചവ്യാധികൾ | - | - | - |
| പരാദരോഗങ്ങൾ | 438 | 162 | 60 |

## സാദ്ധ്യതകൾ:

ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനാണ് പ്രധാനമായും ശ്രദ്ധിക്കേണ്ടതാണ്. മിച്ചഭൂമി കോളനികൾ, അങ്ങാടികൾ, ഹരിജൻ കോളനികൾ എന്നീ ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ തെരഞ്ഞെടുത്തത് ഈ സങ്കേതങ്ങളെ കേന്ദ്രീകരിച്ച് സഹകരണാടിസ്ഥാനത്തിൽ കാലി വളർത്തൽ ആരംഭിക്കുക. ഓരോ സങ്കേതത്തിനും പൊതുവെ ആവശ്യമായ തൊഴുത്ത് , വൈദ്യുതി, വെള്ളം

കർഷകർക്ക് നല്ലയിനം പശുക്കളെ വാങ്ങാൻ സബ്സിഡിയോടുകൂടിയ ലോൺ അനുവദിക്കുക. സഹകരണസംഘങ്ങളുടെ സേവനവും IRDP പോലെയുള്ള പദ്ധതികളും ഇതിനുവേണ്ടി ഉപയോഗിക്കാം. മേൽപ്പറഞ്ഞ പാലുല്പാദനസങ്കേതങ്ങളിൽഒന്നോ രണ്ടോ ആഴ്ച കൂടുമ്പോൾ മൃഗചികിത്സാസൗകര്യം ലഭ്യമാക്കണം. തീറ്റപ്പുൽകൃഷിക്ക് വ്യാപകമായ പ്രചാരണം നൽകിയാൽ തീറ്റപ്പുല്ലുല്പാദനം കൂട്ടുകയും പാലുല്പാദന ചെലവ് കുറയുകയും

ചെയ്യും.

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ തന്നെ ജനിക്കുന്ന സങ്കരവർഗ്ഗ പശുക്കുട്ടികളെയും എരുമക്കുട്ടികളെയും തെരഞ്ഞെടുത്ത് പകുതി വിലയ്ക്ക്തീറ്റി വിതരണം ചെയ്യണം. ഇപ്രകാരം കാലികളുടെ ജനിതക ഗുണം വർദ്ധിപ്പിക്കാം. ഇതുമൂലം പശു കുട്ടികൾക്ക് നല്ല പരിചരണം ലഭിക്കുകയും വളർച്ചാനിരക്ക് കൂടുകയും ആദ്യപ്രസവം 30 മാസത്തിനുള്ളിൽ തന്നെ സാധ്യമാക്കുകയും ചെയ്യുന്നു. ഇതുമൂലം പാലുല്പാദനത്തിൻെറ തോത് വർദ്ധിക്കുന്നു. ഇപ്രകാരം കാലിവളർത്തൽ വ്യാപിപ്പിച്ചാൽ വീട്ടമ്മമാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകും. കർഷകരുടെ ജോലിഭാരം കുറയുകയും ചെയ്യും.

മുകളിൽ സൂചിപ്പിച്ച കാലി വളർത്തൽ സങ്കേതങ്ങളോടനുബന്ധിച്ച് ബയോഗ്യാസ് പ്ലാൻറുകൾ തുടങ്ങിയാൽ ഇവിടത്തെ ഇന്ധന ചെലവ് ഗണ്യമായി കുറയ്ക്കാവുന്നതാണ്.കൃഷി ഭവൻ മുഖേന നൽകി വരുന്ന സഹായം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇന്ധനവാതക നിർമ്മാണത്തിനുശേഷം ബാക്കി വരുന്ന ചാണകം ജൈവവളമായിട്ടും ഉപയോഗപ്പെടുത്താവുന്നതാണ്.

## മാംസ ഉല്പാദനരംഗം:-

## പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ പല സ്ഥലങ്ങളിലും മാംസവില്പന നടക്കുന്നത് വഴിവക്കിലുള്ള കടകളിൽ കൂടിയാണ്. സാമാന്യം നല്ല അളവിൽ തന്നെ ഇവിടെ മാംസം വില്ക്കപ്പെടുന്നുണ്ട്. ഇവിടെ വില്പനക്കെത്തുന്ന മാംസം ഭൂരിഭാഗവും പഞ്ചായത്തിനുപുറമെ നിന്നാണ് കൊണ്ടു വരുന്നത്. വഴിവക്കുകളിലെ ഇറച്ചി വില്പന കേന്ദ്രങ്ങളുടെ വിവരവും ഇറച്ചിവില്പനയുടെ തോതും താഴെ ചേർക്കുന്നു. ഓരോ കേന്ദ്രത്തിലും ആഴ്ചയിൽ ഓരോന്നു വീതം മൃഗങ്ങളെ മാംസം ഉല്പാദനത്തിന് ഉപയോഗിക്കുന്നതായി നാട്ടറിവുണ്ട്.

നമ്മുടെ പഞ്ചായത്തിൽ നവീനമായ അറവുശാലയില്ല. അതിനാൽ പുറമെ നിന്നും കശാ

പട്ടിക 4

### ലോക്കൽ ഇറച്ചി വില്പന കേന്ദ്രങ്ങളും വില്പനയുടെ തോതും.

| സ്ഥിതി ചെയ്യുന്ന സ്ഥലം | വാർഡ് | പോത്ത് | കാള | ആട് | പന്നി |
|---|---|---|---|---|---|
| 1. കോഞ്ചേരി സെൻറർ | 15 | ✓ | ✓ | | ✓ |
| 2. കെൽട്രോൺ ജംഗ്ഷൻ | 3 | ✓ | ✓ | | |
| 3. പൂമല സെൻറർ | 8 | ✓ | ✓ | | |
| 4. പറമ്പായ | 8 | ✓ | ✓ | | |
| 5. ചോറ്റുപാറ | 9 | ✓ | | | |
| 6. കൊങ്ങൻപാറ | 7 | ✓ | | | |
| 7. കിഴക്കെ അങ്ങാടി | 6 | ✓ | | | |
| 8. അഞ്ചിട്ടി | 8 | ✓ | | | |
| 9. വെളപ്പായ റോഡ് | 2 | | | ✓ | |
| 10. അരിങ്ങഴി | 5 | ✓ | | | |
| 11. മലവായ | 9 | ✓ | | | |

അവലംബം - പ്രാഥമിക സർവ്വെ

പ്പുചെയ്ത മൃഗങ്ങളുടെ ഇറച്ചിയാണ്. ഇവിടെ വില്ക്കപ്പെടുന്നത്. അറവു മൃഗങ്ങളെ കശാപ്പി നുമുമ്പോ ശേഷമോ മാംസപരിശോധന നടത്താറില്ല. തന്മൂലം രോഗബാധിതമായ മൃഗങ്ങളുടെ മാംസം കഴിക്കാൻ നാം നിർബന്ധിതരാകാറുണ്ട്. മാംസവില്പന നടത്തുന്ന കടകളാകട്ടെ വൃത്തി ഹീനങ്ങളുമാണ്. ഇതുമൂലം മാംസാഹാരത്തിൽ കൂടി പലവിധ അസുഖങ്ങളും പകർച്ചവ്യാധികളും മനുഷ്യർക്ക് പിടിപ്പെടാൻ സാധ്യത കൂടുതലാണ്. പൊതുജനാരോഗ്യം മുൻനിർത്തി ഈ മേഖലയിൽ കർശനമായ നിയന്ത്രണങ്ങൾ പാലിക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിൽ പ്രതിമാസം വിൽക്കപ്പെടുന്ന മാംസത്തിൻെറഅളവ് താഴേ കൊടുക്കുന്നു.

ആട്ടിറച്ചി - (ആടുകളുടെ എണ്ണം) 8 X 15 കിലോഗ്രാം= 120 കിലോഗ്രാം

മാട്ടിറച്ചി - (പശു, എരുമ, പോത്ത്) 11 X 100 കിലോഗ്രാം= 1100 കിലോഗ്രാം

ആകെ മാംസത്തിൻെറ അളവ് -
1220 കിലോഗ്രാം.

ഇത്രയും മാംസത്തിൻെറ മൂല്യം ഇപ്രകാരം കണക്കാക്കാം:

[മാംസത്തിൻെറ അളവ് X കിലോഗ്രാമിൻെറ വില] 120 X 100= 12000 രൂപ

1000 X 41= 41000 രൂപ

ആകെ മൂല്യം = 53000 രൂപ.

ഇത്രയും മാംസത്തിനാവശ്യമായ മൃഗങ്ങളെ പുറമെ നിന്നും കൊണ്ടുവരുന്നതിനാൽ മാംസത്തിൻെറ മൂല്യത്തിനനുസരണമായ സാമ്പത്തിക നഷ്ടം നമുക്കുണ്ടാകുന്നുണ്ട്. ഇത്രയധികം രൂപയ്ക്കുള്ള വില്പന നടക്കുന്നതിനാൽ ഈ രംഗത്ത് വികസനത്തിന് വൻ സാധ്യതകളാണുള്ളത്.

## 1. ആടുവളർത്തൽ :

വ്യാവസായികാടിസ്ഥാനത്തിലുള്ള ആടുവളർത്തൽ ഈ പ്രദേശത്തില്ല. കൂടുതൽ കർഷകരും രണ്ടോ മൂന്നോ ആടുകളെ വീതമാണ് വളർത്തുന്നത്. കെട്ടിനിർത്തിയും ഇടയ്ക്ക് അഴിച്ചുവിട്ടും തീറ്റുന്ന രീതിയാണ് നിലവിലുള്ളത്. ആടുകളുടെ പ്രധാന തീറ്റ പ്ലാവിൻെറ ഇലയാണ്. ഇതിൻെറ ലഭ്യത ആവശ്യത്തിന് തികയുന്നില്ല. മുരിക്ക് , ശീമക്കൊന്ന എന്നിവയുടെ ഇലയും തീറ്റയായി നൽകാറുണ്ടെങ്കിലും ഇവയുടെ ലഭ്യതയും പരിമിതമാണ്. തീറ്റമിശ്രിതം മാത്രം നൽകി ആടിനെ വളർത്തുന്നത് ലാഭകരമല്ലാത്തതിനാലാണ് ഈ മേഖലയിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള സംരംഭങ്ങൾ ഇല്ലാത്തതിന് കാരണം. കൂടാതെ കർഷകരുടെ സാമ്പത്തിക പരിമിതികളുംഇതിന് വിഘാതമാകുന്നുണ്ട്. ഈ രംഗത്തെ വികസനത്തിന് ചെറുകിട രീതിയിലുള്ള ആടുവളർത്തലിനെങ്കിലും കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ആട്ടിറച്ചിക്ക് കിലോഗ്രാമിന് 100 രൂപയിലധികം വില കിട്ടുന്നുണ്ടെങ്കിലും ഈ പ്രദേശത്ത് ദുർലഭമായേ ആട്ടിറച്ചി കിട്ടുന്നുള്ളൂ എന്നതാണ് വസ്തുത.

## 2. പന്നി വളർത്തൽ :

ഈ പഞ്ചായത്തിൽ പന്നി വളർത്തലിൽ ഏർപ്പെട്ടിട്ടുള്ളവർ വളരെ കുറവാണ്. ആകെയുള്ള5 പേരിൽ നാലാംക്കും അഞ്ചു വീതം പന്നികളാണുള്ളത്. 9-ാം വാർഡിൽ 500 പന്നികളെ വളർത്തുന്ന ഒരു വലിയ ഫാം ഉണ്ട്. കൂടാതെ 5, 6, 7, 8 എന്നീ വാർഡുകളിൽ രണ്ട് മൂന്ന് പന്നികളെ വീതം വളർത്തുന്ന കർഷകരുമുണ്ട്. പൂമല കേന്ദ്രീകരിച്ചാണ് ഇവിടുത്തെ പന്നി വളർത്തൽ ഏറെയും നടക്കുന്നത്. പന്നി വളർത്തുന്നവരുടെ പ്രധാന പ്രശ്നം തീറ്റയുടെ ലഭ്യതയാണ്. ഹോട്ടൽവേസ്റ്റ് അധികം കിട്ടാനില്ലാത്ത ഒരു പ്രദേശമാണ് നമ്മുടേത്. തൃശൂർ നിന്നുമാണ് ഹോട്ടൽവേസ്റ്റ് കൊണ്ടുവരുന്നത്. നല്ല വിപണന സാദ്ധ്യതയുണ്ടെങ്കിലും സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം കർഷകർ ഈ രംഗത്തേക്ക് വരാൻ മടിക്കുകയാണ്. നല്ലയിനം പന്നിക്കുഞ്ഞുങ്ങളെ ആവശ്യമായ തോതിൽ ലഭ്യമല്ലാത്തതും ഒരു പ്രധാന പ്രശ്നമാണ്. പന്നിവളർത്തലിൽ താല്പര്യമുള്ള കർഷകർക്ക് മതിയായ സാമ്പത്തിക സഹായം നൽകേണ്ടത് ഈ മേഖലയുടെ വികസനത്തിന് അത്യാവശ്യമാണ്.

## 3. പോത്തിൻകുട്ടി/ കാളകുട്ടി പരിപാലനം :

നമ്മുടെ പഞ്ചായത്തിൽ ജനിക്കുന്നവയിൽ ഭൂരിഭാഗം പോത്തിൻ കുട്ടികളും കാളക്കുട്ടികളും മോശമായ പരിചരണത്താൽ നഷ്ടപ്പെടുകയോ വളർച്ച മുരടിക്കുന്നതോ ആയാണ് കണ്ടുവരുന്നത്. ഇത് മാംസോല്പാദന രംഗത്തും സാമ്പത്തിക രംഗത്തും നഷ്ടമുണ്ടാക്കുന്നു. ഇവിടെ ജനിക്കുന്ന സങ്കരവർഗ്ഗ കാളക്കുട്ടികളെയും

പോത്തിൻകുട്ടികളേയും ശരിയായ രീതിയിൽ പരിചരിച്ച് വളർത്തിയെടുത്താൽ മാംസോല്പാദനത്തിനു വേണ്ടി പോത്തുകളേയും കാളകളേയും നമ്മുടെ പഞ്ചായത്തിലേക്ക് കൊണ്ടു വരേണ്ട ആവശ്യം ഉണ്ടാകില്ല. എന്നാൽ നാമമാത്ര പരിചരണത്താൽ ഇവയുടെ വളർച്ചാനിരക്കും ഉല്പാദനക്ഷമതയും കുറഞ്ഞുന്നതായാണ് കാണുന്നത്. കന്നുകുട്ടി പരിപാലനത്തെക്കുറിച്ച് ശരിയായ വിജ്ഞാന വ്യാപനം നടത്തേണ്ടതിൻെറ പ്രസക്തി ഇത്തരുണത്തിൽ ശ്രദ്ധേയമാണ്.

## 4. മുയൽ, കാട, ടർക്കി, താറാവ് വളർത്തൽ :

നമ്മുടെ പ്രത്യേക ഭൂപ്രകൃതി കാരണമാകാം മേൽ വിവരിച്ചവയിൽ പലതിനെയും ഇവിടെ വളർത്തുന്നില്ല. ഒന്നു രണ്ടു സ്ഥലങ്ങളിൽ ടർക്കികളെ വളർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ ഇവിടെ ഒരു സ്ഥലത്തും ഇവയെ വളർത്തുന്നില്ല. മുയൽ വളർത്തുന്നതിന് പല കർഷകർക്കും താൽപ്പര്യമുണ്ട്. ഇപ്പോൾ വ്യാപകമല്ലെങ്കിലും സമീപഭാവിയിൽ തന്നെ നമ്മുടെ മാംസാഹാരത്തിൻെറ മുഖ്യപങ്ക് മുയലിറച്ചിയാകുമെന്നതിന് എല്ലാ സാധ്യതകളുമുണ്ട്. മുയലിറച്ചി സ്വാദിഷ്ടവും, പോഷകപ്രദവുമാണെങ്കിലും സാധാരണ കർഷകർ മുയലിറച്ചി അധികം ഉപയോഗിക്കാറില്ല. ഉൽപ്പാദനക്ഷമത കൂടുതലുള്ള മുയലുകളെ വളരെക്കുറഞ്ഞ കാലംകൊണ്ടു തന്നെ മാംസത്തിൻെറ ആവശ്യത്തിന് സജ്ജമാക്കാവുന്നതാണ്. നല്ലയിനം മുയൽ കുഞ്ഞുങ്ങളെ ലഭ്യമല്ലാത്തതാണ് ഈ രംഗത്തെ പ്രധാന പ്രശ്നം. കൂടാതെ വിപണം വർദ്ധിപ്പിക്കുന്നതിന് വേണ്ടി കർഷകർക്കിടയിൽ മുയലിറച്ചിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കേണ്ടതുണ്ട്.

ചെലവു കുറഞ്ഞ രീതിയിൽ തന്നെ ചെയ്യാവുന്ന ഒന്നാണ് കാട വളർത്തൽ. വളരെ സ്വാദിഷ്ടവും പോഷകസമ്പന്നവുമാണ് കാടയിറച്ചി. കാടകുഞ്ഞുങ്ങളുടെ ലഭ്യതയും അപര്യാപ്തമാണ്. നമ്മുടെ പഞ്ചായത്ത് താറാവു വളർത്തലിന് പറ്റിയതല്ലെന്നാണ് കർഷകരുടെ അഭിപ്രായം . ആവശ്യത്തിന് വെള്ളം കിട്ടാത്തതാണ് പ്രധാനകാരണമായി പറയുന്നത്. താറാവിറച്ചിക്ക് വിപണന സാദ്ധ്യതയും കുറവാണ്.

## സാധ്യതകൾ :-

## ആടു വളർത്തൽ

ഈ പഞ്ചായത്തിൽ പ്രതിമാസം 400 കിലോഗ്രാം ആട്ടിറച്ചി വിൽക്കപ്പെടുന്നുണ്ട്. വ്യവസായികാടിസ്ഥാനത്തിൽ ഇവിടെ ആടുവളർത്തൽ ഇല്ല. ഇത്രയും മാംസം പുറമെനിന്നും കൊണ്ടു വരുന്നതിനാൽ നമുക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാകുന്നുണ്ട്. ആടുവളർത്തൽ വൻതോതിൽ പ്രോത്സാഹിപ്പിച്ചാൽ ഇത്രയും മാംസം ഇവിടെ നിന്നുതന്നെ ഉല്പാദിപ്പിക്കാവുന്നതാണ്. ഇതിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ ഉപയോഗപ്പെടുത്താം. രണ്ടു വീതം പെണ്ണാടിൻ കുട്ടികളേയും ഇത്തരം അഞ്ചു യൂണിറ്റ്ഓരോ ആണാട്ടിൻകുട്ടിയേയുമാണ് നൽകി വരുന്നത്. ഇതിൽ 30% പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ളതാണ്. ഇതു കൂടാതെ പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 4 പെൺ ആട്ടിൻകുട്ടികളും ഒരു ആണാട്ടിൻകുട്ടിയും ഉൾപ്പെട്ട യൂണിറ്റ് സബ്സിഡിയോടുകൂടി നൽകുന്നുണ്ട്.

ഇതിനെല്ലാം പുറമെ വൻതോതിൽ ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ആടുഫാം തുടങ്ങാവുന്നതാണ്. ആട്ടിറച്ചിക്ക് വിപണനസാധ്യതയും വിലയും കൂടുതലുള്ളതിനാൽ ഈ മേഖലയിലേക്ക് കൂടുതൽ കർഷകരെ ആകർഷിക്കേണ്ടിയിരിക്കുന്നു. ചെറിയ തോതിലുള്ള ആടുവളർത്തൽ യൂണിറ്റുകൾ വ്യാപിപ്പിക്കേണ്ടതിലേക്കാവശ്യമായ സാമ്പത്തിക സഹായം പഞ്ചായത്തു തലത്തിൽ നൽകേണ്ടതാണ്.

## പന്നി വളർത്തൽ

ഈ മേഖലയുടെ വികസനത്തിനാവശ്യമായ പ്രചാരണം നൽകണം. നല്ല വിപണന സാധ്യതയുള്ളതിനാൽ കൂടുതൽ കർഷകർ ഈ രംഗത്തേക്ക് വരാൻ സാധ്യതയുണ്ട്. ഏകദേശം 8 മാസത്തോളം പ്രായമാകുമ്പോൾ ഒരു പന്നിയെ വിൽപ്പനക്ക് തയ്യാറാക്കാം. സാധാരണ 50 മുതൽ 70 കിലോഗ്രാം വരെ തൂക്കം കിട്ടാറുണ്ട്. ഒരു കിലോഗ്രം പന്നിയിറച്ചിക്ക് 60 രൂപ വിലകിട്ടും. തീറ്റച്ചെലവാണെങ്കിൽ അത്രയധികമല്ലതാനും. ഹോട്ടൽവേസ്റ്റ് കിട്ടാനുണ്ടെങ്കിൽ നല്ല ലാഭകരമായി തന്നെ പന്നി വളർത്തൽ നടത്താവുന്ന

താണ്. നല്ലയിനം പന്നികുഞ്ഞുങ്ങളെ ആവശ്യക്കാർക്ക് എത്തിച്ചു കൊടുക്കണം. സാമ്പത്തിക ബുദ്ധിമുട്ടു മൂലം മാറിനില്ക്കുന്നവർക്ക് വേണ്ട സഹായം നൽകിയാൽഅത്തരം കർഷകരെ ഈ രംഗത്തേക്ക് കൊണ്ടു വരാൻ കഴിയും. ഇതിനു വേണ്ടി സഹകരണാടിസ്ഥാനത്തിൽ പന്നിഫാം തുടങ്ങാവുന്നതാണ്. ജനസാന്ദ്രത കുറവായ 7, 8, 9, വാർഡുകളിൽ പന്നിഫാം തുടങ്ങുന്നതിന് അനുയോജ്യമാണെന്നാണ് നാട്ടറിവ്. പഞ്ചായത്ത് ചെലവിൽ, പന്നിക്കൂട് നിർമ്മിക്കുന്നതിനും പന്നിക്കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കണം. 10 പേർ വീതമുള്ള കർഷക ഗ്രൂപ്പുകൾ രൂപീകരിച്ച് ഓരോ കർഷകനും 5 പന്നികളെ വീതം 50 പന്നികളുള്ള ഫാമുകൾ സഹകരണാടിസ്ഥാനത്തിൽ നിർമ്മിച്ചാൽ വീട്ടമ്മമാർക്കും ഈ സംരംഭത്തിൽ പങ്കാളികളാവുന്നതാണ്.

## പോത്തിൻകുട്ടി/ കാളക്കുട്ടി പരിചരണം :

ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന എല്ലാ നല്ലയിനം കന്നുകുട്ടികളേയും പ്രത്യേകം പരിചരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക. ഇവയ്ക്ക് സബ്സിഡി നിരക്കിൽ തീറ്റയും മിനറൽ മിശ്രിതവും വിരമരുന്നും വിതരണം ചെയ്യണം. ആവശ്യംവേണ്ടുന്ന രോഗപരിശോധനയും ചികിത്സയും നടത്തണം. ശരിയായ രീതിയിൽ വളർച്ചാനിരക്ക് ഉണ്ടോ എന്നറിയാൻ ഇടയ്ക്കിടയ്ക്ക് തൂക്കം രേഖപ്പെടുത്തണം. ഇവ വലുതാകുമ്പോൾ ഈ പ്രദേശത്തു തന്നെ ഇറച്ചിക്കു വേണ്ടി ഉപയോഗിക്കാം. ഇതുമൂലംഈ രംഗത്ത് നിലവിലുള്ള സാമ്പത്തിക നഷ്ടം ചുരുക്കുന്നതിന് സാധിക്കും. ഗുണനിലവാരമുള്ളതും വിശ്വസനീയവുമായ മാംസം വിൽപനക്ക് ലഭിക്കും.

## മുയൽ, കാട, ടർക്കി, താറാവ് വളർത്തൽ

വൻതോതിലുള്ള മുയൽ വളർത്തലിനാവശ്യമായ പ്രചാരണം നൽകുക. മുയലിറച്ചിയോട് ആഭിമുഖ്യം കൂട്ടുന്നതിനാവശ്യമായ വിജ്ഞാനവ്യാപനം നടത്തുക. നല്ലയിനം മുയൽ കുഞ്ഞുങ്ങളെ കുറഞ്ഞ വിലക്ക് ലഭ്യമാക്കുക. മുയൽ മാംസത്തിന് മതിയായ വിപണി കണ്ടെത്തുക. വ്യാവസായിക പ്രധാനമായ തുകൽ ഉൽപ്പാദിപ്പിക്കുന്നതിന് കാടവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കാടകുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുക. കാടയിറച്ചിക്ക്വിപണി കണ്ടെത്തുക. ടർക്കി വളർത്തലിനാവശ്യമായ പ്രചാരണവും ടർക്കി മാംസത്തിന് വിപണിയും കണ്ടെത്തുക. താറാവു വളർത്തലിനുള്ള സാധ്യതകൾ കണ്ടെത്തുക.

## കാലിത്തീറ്റ ഉൽപ്പാദനരംഗം :

### പ്രശ്നങ്ങൾ :

ഈ പഞ്ചായത്തിൽ തീറ്റപ്പുൽ കൃഷിയില്ല. കൂടിയ വിലക്കു വാങ്ങുന്ന മിശ്രിത തീറ്റ വൈക്കോലുമാണ് പ്രധാനമായും തീറ്റയായി കൊടുക്കുന്നത്. ഇവിടുത്തെ മൃഗങ്ങൾക്കാവശ്യമായ തീറ്റമിശ്രിതം തൃശൂരിൽ നിന്നും തിരൂരിൽ നിന്നുമാണ് കൊണ്ടുവരുന്നത്. തീറ്റമിശ്രിതം നിർമ്മിക്കുന്നതിനാവശ്യമായ തവിടും കപ്പയും ഇവിടെ മതിയായ തോതിൽ ലഭ്യമല്ല. അതിനാൽ തീറ്റ മിശ്രിതം ഇവിടെ സാധ്യമല്ല. അതുകൊണ്ട് അധികവില നൽകി തീററ മിശ്രിതം വാങ്ങേണ്ടി വരുന്നു. പച്ചപ്പുല്ലിൻെറ ലഭ്യതയും വളരെ കുറവാണ്. ചെലവു കുറഞ്ഞ രീതിയിൽകൂടുതൽ കർഷകർക്ക് ഉപകാര പ്രദമായ രീതിയിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള സംവിധാനമില്ല. കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമല്ല.

### സാധ്യതകൾ :

കേന്ദ്രീകൃതമായ കാലിവളർത്തലാണ് നടത്തുന്നതെങ്കിൽ ആവശ്യമായ തീറ്റ വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനും സൗകര്യവും ലാഭവുമുണ്ടാകും. കൂടുതൽ തീറ്റ ഒന്നിച്ച്വാങ്ങിയും കൂടുതൽ കർഷകർക്ക് ഉപയോഗിക്കാവുന്ന രീതിയിൽ ഒരു സ്ഥലത്ത് സൂക്ഷിക്കുകയും ചെയ്താൽ കടത്തു കൂലിയും സംഭരണച്ചെലവും കുറയുന്നതാണ്. സഹകരണാടിസ്ഥാനത്തിൽ തന്നെ കാലിത്തീറ്റ വാങ്ങാനും സംഭരിക്കാനും വിതരണംചെയ്യാനും സംവിധാനമുണ്ടാക്കേണ്ടതാണ്.

തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചാൽ തീറ്റച്ചെലവ് കുറഞ്ഞു കിട്ടുന്നതാണ്. ഗുണനിലവാരമുള്ള കാലിത്തീറ്റ കമ്പനിയിൽ നിന്ന് നേരിട്ട് വാങ്ങുകയാണെങ്കിൽ വില കുറച്ചു നൽകിയാൽ മതിയാകും. ഇതിനുവേണ്ടി വൻകിട കാലിത്തീറ്റ

നിർമ്മാതാക്കളെ സമീപിക്കാവുന്നതാണ്.

## ഇറച്ചിക്കോഴി വളർത്തൽ :

### പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൽ വലിയ രീതിയിൽ നടത്തപ്പെടുന്ന കോഴി വളർത്തൽ കേന്ദ്രങ്ങൾ ഇല്ല. കൂടുതൽ കർഷകരും നാലോ അഞ്ചോ കോഴികളെ വീതമാണ് വളർത്തുന്നത്. അധികവും മുട്ടയുല്പാദനത്തിനാണ് ഉപയോഗിക്കുന്നത്. കുറഞ്ഞ തോതിലേ ഇവയെ ഇറച്ചിക്കായി ഉപയോഗിക്കുന്നുള്ളു. ചുരുക്കം ചില സ്ഥലങ്ങളിൽ മാത്രം ചെറിയ തോതിലുള്ള ഇറച്ചിക്കോഴി വില്പന കേന്ദ്രങ്ങളുണ്ട്. അവയുടെ വിവരണങ്ങൾ താഴെ ചേർക്കുന്നു.

ബാധിക്കുന്നുണ്ട്. ഇവിടെ വളർത്തപ്പെടുന്നവയിലധികവും നാടൻ കോഴികളായതിനാൽ ഉല്പാദനക്ഷമതയും കുറവാണ്. ധാരാളമായി കോഴിയിറച്ചി വിൽക്കപ്പെടുന്നതിനാൽഈ പഞ്ചായത്തിൽ വൻതോതിലുള്ള ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### സാധ്യതകൾ

വൻതോതിൽ ഇറച്ചിയുൽപ്പാദനത്തിന് ഈ പ്രദേശത്ത് തന്നെ കോഴി വളർത്തൽ വ്യാപകമാക്കുന്നതിന് വേണ്ട പ്രചാരണങ്ങൾ നടത്തണം. വ്യാവസായികാടിസ്ഥാനത്തിൽകോഴി വളർത്തുന്നതിന് കർഷകർക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകണം.കുറഞ്ഞ ചെലവിൽ കോഴിത്തീറ്റ ലഭ്യമാക്കണം. നല്ലയിനം ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കണം. സഹകരണാടിസ്ഥാനത്തിൽ ബ്രോയിലർ ഫാമുകൾ തുടങ്ങുന്നത് തീറ്റചെലവ് കുറയ്ക്കുന്നതിനും ചികിത്സാ സൗകര്യത്തിനും വിപണനത്തിനും സഹായകമാണ്.

പട്ടിക -5

**കോഴി വില്പന കേന്ദ്രങ്ങൾ**

| കച്ചവടം നടത്തുന്ന സ്ഥലം | വാർഡ് | കടയുടെ പേര് |
|---|---|---|
| 1. കിഴക്കെ അങ്ങാടി | 5 | ചിക്കൻഹൗസ് |
| 2. കോഞ്ചേരി | 1 | ഷാജൻ ചിക്കൻ ഹൗസ് |
| 3. തിരൂർ പള്ളിനട | 5 | ഷാ ചിക്കൻ ഹൗസ് |
| 4. കിഴക്കെ അങ്ങാടി | 6 | - |

ആകെ 2000 കിലോഗ്രാം ഇറച്ചി വിൽക്കപ്പെടുന്നതായി കച്ചവടക്കാർ അറിയിച്ചു.

*അവലംബം - പ്രാഥമിക സർവ്വെ.*

ഇറച്ചിക്കോഴിക്ക് നല്ല വിപണന സാധ്യതയുള്ള ഈ പഞ്ചായത്തിൽ ഇന്ന് വിറ്റഴിക്കപ്പെടുന്നഏതാണ്ട് മുഴുവൻ കോഴികളേയും തമിഴ്നാട്ടിൽ നിന്നുമാണ് കൊണ്ടു വരുന്നത്. ഇവിടുത്തെ സീസൺ അനുസരിച്ച് ഇറച്ചിവില കിലോഗ്രാമിന് 24 രൂപ മുതൽ 48 രൂപ വരെയാകാറുണ്ട്. ഉൽപ്പാദനച്ചെലവ് കൂടുതലായതിനാൽ കോഴിവളർത്തൽ പലപ്പോഴും ലാഭകരമല്ല. നല്ലയിനം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതയും കുറവാണ്. ഈ മേഖലയുടെ വികസനത്തിന് കുറഞ്ഞച്ചെലവിൽ തീറ്റ ലഭ്യമാക്കേണ്ടതുണ്ട്. ഗണ്യമായതോതിൽ കോഴികൾ ചത്തൊടുങ്ങുന്നതും ഈ മേഖലയിലെ കർഷകരെ വല്ലാതെ

## മുട്ടയുൽപ്പാദനരംഗം :

### പ്രശ്നങ്ങൾ:

കർഷകർ വളർത്തുന്നവയിലധികവും നാടൻ കോഴികളായതിനാൽ നമ്മുടെ ആവശ്യത്തിനുവേണ്ട മുഴുവൻ മുട്ടയും ഇവിടെ ഉല്പാ

ദിപ്പിക്കാൻ കഴിയുന്നില്ല. ഹോട്ടലുകളിൽ നിന്നുംമറ്റും ലഭിച്ച വിവരങ്ങളനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ പ്രതിമാസം 40,000 മുട്ട ഉപയോഗിക്കുന്നുണ്ട്. സന്ധ്യ കഴിഞ്ഞാൽ വഴി വക്കുകളിൽ പ്രത്യക്ഷപ്പെടുന്ന തട്ടുകടകളിൽ ഗണ്യമായ മുട്ടവില്പന നടക്കുന്നുണ്ട്.

ഇവിടെ വിറ്റഴിക്കപ്പെടുന്ന മുട്ടയിലധികവും തമിഴ്നാട്ടിൽ നിന്നുമാണ് കൊണ്ടു വരുന്നത്. വ്യാപകമായ മുട്ടയുല്പ്പാദനം ഇവിടെയില്ലാത്തതിനാലും ഉല്പാദനശേഷി കൂടിയവയും സങ്കരവർഗത്തിൽപ്പെട്ടവയുമായ കോഴികളുടെ അഭാവവുമാണ് നമ്മുടെ കുറഞ്ഞ മുട്ടയുല്പ്പാദനത്തിന് കാരണം. ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മുട്ടയുടെ അളവ് താഴേ പറയും പ്രകാരം കണക്കാക്കാം.

ആകെ പിടക്കോഴികൾ 3840 - മുട്ടയുല്പാദനം 3840 110= 422400 മുട്ട

ഒരു കോഴിമുട്ടയുടെ മാർക്കറ്റ് വില 2 രൂപയാണ്. ഇത്രയും കൂടുതൽ മുട്ട പുറമെ നിന്നുംകൊണ്ടു വരുന്നതിനാൽ വലിയ സാമ്പത്തിക നഷ്ടം കർഷകർക്കുണ്ടാകുന്നുണ്ട്. കൂടാതെ ഉപഭോക്താക്കളും കൂടിയ വില നൽകേണ്ടി വരുന്നു. അതിനാൽ മുട്ടയുടെ ആഭ്യന്തര ഉല്പാദനം കൂട്ടേണ്ടത് വളരെ അത്യാവശ്യമാണ്.

## സാധ്യതകൾ :

ഉല്പാദനശേഷി കൂടിയ സങ്കരവർഗ്ഗ കോഴികളുടെ അഭാവമാണ് മുഖ്യമായും മുട്ടയുല്പാദനത്തിന് തടസ്സമായി നിൽക്കുന്നത്. അത് കൊണ്ട് കുറഞ്ഞ ചെലവിൽ നല്ലയിനം മുട്ടക്കോഴി കുഞ്ഞുങ്ങളെ ലഭ്യമാക്കണം. കേരള സർക്കാർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമഗ്ര മുട്ടയുൽപ്പാദനപദ്ധതി പ്രകാരം വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങളെ ഇതിനായി ഉപയോഗിക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് 45 രൂപയ്ക്ക് 3 കോഴി കുഞ്ഞുങ്ങളെ വീതമാണ് നൽകി വരുന്നത്. ബ്ലോക്കടിസ്ഥാനത്തിൽ നടപ്പിലാക്കാവുന്ന പദ്ധതിയാണിത്. കർഷകർക്കാവശ്യമായ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ എഗ്ഗർ നഴ്സറി സ്ഥാപിക്കാവുന്നതാണ്. ഇതിൻെറ നടത്തിപ്പിലേക്കായി കുറഞ്ഞചെലവിൽ കോഴികുഞ്ഞുങ്ങളെ സർക്കാർ നൽകി വരുന്നുണ്ട്. ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെയാണ് നൽകുന്നത്. 2 മാസം പ്രായമാകുമ്പോൾ ഇവയെ വിതരണത്തിന് തയ്യാറാക്കാം. കർഷകർക്ക് നല്ല ലാഭമുണ്ടാക്കാവുന്ന ഒരു വ്യവസായമാണ് എഗ്ഗർ നഴ്സറി യൂണിറ്റ്. സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുകയാണെങ്കിൽ കോഴിത്തീറ്റ കുറഞ്ഞചെലവിൽ വാങ്ങുന്നതിനും സംഭരിക്കുന്നതിനും സാധിക്കും.

# തുകൽ സംസ്ക്കരണം / അറവുശാല ഉപോൽപ്പന്ന സംസ്ക്കരണം.

## പ്രശ്നങ്ങൾ:

വ്യാവസായികമായി വൻതോതിൽ ഉപയോഗിക്കപ്പെടുന്ന ഒന്നാണ് തുകൽ. കന്നുകാലികളുടേയും ആടുകളുടേയും മുയലിൻേറയും തൊലി സംസ്ക്കരിച്ചെടുത്താണ് തുകലുണ്ടാക്കുന്നത്. വലിയ മൃഗങ്ങളുടെ തോലിന് 600 രൂപയും ആടിൻെറ തോലിന് 120രൂപയും വില കിട്ടുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ നവീനമായ അറവുശാലയില്ലാത്തതുംഈ പ്രദേശത്ത് കശാപ്പു നടക്കാത്തതും തോലിൻെറ ലഭ്യത ഇല്ലാതാക്കുന്നു. അറവു മൃഗങ്ങളെ ഇവിടെതന്നെ വളർത്തുകയും അവയെ ഇവിടെ തന്നെ കശാപ്പു നടത്തുകയും ചെയ്താൽ നല്ല വിലയ്ക്കുള്ള തോൽ നമുക്ക് ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കാം. അതുവഴി സാമ്പത്തിക ലാഭവും ഉണ്ടാകും. അറവുശാലയിലെ ഉപോൽപ്പന്നങ്ങളായ എല്ല്, രക്തം, കൊഴുപ്പ്, മുതലായവയും ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

അറവുശാലയിൽ നിന്നും ലഭിക്കുന്ന എല്ലുകൾ വളം നിർമ്മാണത്തിലേക്കായി ഉപയോഗിക്കാവുന്നതാണ്.

## സാധ്യതകൾ :

പഞ്ചായത്തടിസ്ഥാനത്തിൽ നവീനമായ അറവുശാല സ്ഥാപിക്കുകയാണെങ്കിൽ കശാപ്പ് കേന്ദ്രീകൃതമാക്കാനും തുകലുണ്ടാക്കാനാവശ്യമായ തോൽ സംഭരിക്കുന്നതിനും സാധിക്കുന്നു. അതുവഴി സാമ്പത്തിക ലാഭമുണ്ടാക്കാം. അറവുശാലയിലെ ഉപോൽപ്പന്നങ്ങളുടെ ശേഖരണം വഴി പരിസര മലിനീകരണവും തടയാവുന്നതാണ്. കുറച്ചുപേർക്ക് തൊഴിലവസരമുണ്ടാക്കാൻ ഈ മേഖല സഹായിക്കും.

## ജൈവവളം :

### പ്രശ്നങ്ങൾ:

കന്നുകാലികളുടെ ചാണകവും ആടിൻേറയും പന്നിയുടേയും കാഷ്ഠവുമാണ് ജൈവവളമായി ഉപയോഗിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ പ്രതിദിനം ലഭിക്കുന്ന ജൈവവളത്തിൻെറ തോത് ഇപ്രകാരമാണ്. പശു, പോത്ത്. എരുമ, കാള പന്നി, ആട്, എന്നിവയുടെ ആകെ എണ്ണം -289 എണ്ണമാണ്

ഇത്രയും കാലികളുടെ കാഷ്ഠം കൃഷിക്ക് വേണ്ടി ഉപയോഗിക്കാവുന്നതാണ്.

### സാധ്യതകൾ :

കൃഷിക്കാവശ്യമായ രാസവളങ്ങളുടെ വർദ്ധിച്ച വില കണക്കിലെടുത്താൽ ജൈവവളം കർഷകർക്ക് വളരെ ഗുണകരമാണ്. ഉല്പന്നങ്ങളെ ദോഷകരമായി ബാധിക്കാത്തതിനാൽ ജൈവവളത്തിൻെറ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

## ഊർജ്ജം ബയോഗ്യാസ്.

### പ്രശ്നങ്ങൾ :-

കന്നുകാലികളുടെ ചാണകത്തിൽ നിന്നും പന്നിക്കാഷ്ഠത്തിൽ നിന്നുമാണ് ബയോഗ്യാസ് ഉല്പാദിപ്പിക്കുന്നത്. പാചകവാതകമായിട്ടാണ് ഇതുപയോഗിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ 10 ബയോഗ്യാസ് പ്ലാൻറുണ്ട്. ഒരു പ്ലാൻറ് പ്രവർത്തിപ്പിക്കുന്നതിന് പ്രതിദിനം30 കിലോഗ്രാം ചാണകം വേണം. ഈ പഞ്ചായത്തിൽ പ്രതിദിനം ...... കിലോഗ്രാം ചാണകം ഉല്പാദിപ്പിക്കുന്നുണ്ട്. ഇതിൽ, വളരെക്കുറച്ച് മാത്രമേ ബയോഗ്യാസ് നിർമ്മാണത്തിന് ഉപയോഗിക്കുന്നുള്ളൂ. ഇതിൻെറ പ്രധാന കാരണം ഈ പ്രദേശങ്ങളിൽ സുലഭമായി വിറക് കിട്ടാനുണ്ടെന്നുള്ളതാണ്. ഇവിടത്തുകാർ ഇന്ധനാവശ്യത്തിന് വിറകാണ് കൂടുതലും ഉപയോഗിക്കുന്നത്. രണ്ടു പശുവെങ്കിലുമുണ്ടെങ്കിൽ ഒരു ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കാവുന്നതാണ്. ഇതിനുവേണ്ട സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ കൃഷിഭവനുകൾ മുഖേന നൽകി വരുന്നുണ്ട്. എല്ലാ വീട്ടിലുംവൈദ്യുതി ലഭിച്ചിട്ടില്ലാത്തതിനാലും വർദ്ധിച്ചു വരുന്ന പവർക്കട്ടും പാചകവാതക വിലവർദ്ധനയും ഇന്ധനക്ഷാമവും കണക്കിലെടുത്ത് ബയോഗ്യാസ് നിർമ്മാണം ഉർജ്ജിതപ്പെടുത്തേണ്ടതാണ്. കൂടുതൽ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കേണ്ടതാണ്.

### സാധ്യതകൾ:

സഹകരണാടിസ്ഥാനത്തിൽ കന്നുകാലികളെ വളർത്തുമ്പോൾ ബയോഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നത് കൂടുതൽ എളുപ്പവും ലാഭകരവുമായിരിക്കും. ഇതിനുവേണ്ട സഹായ സഹകരണങ്ങൾ കൃഷി ഭവൻ മുഖേന നൽകിവരുന്നുണ്ട്. ബയോഗ്യാസ് പ്ലാൻറിനാവശ്യമായ ചാണകം ധാരാളമായി ലഭിക്കുന്ന പ്രദേശമായതിനാൽ കൂടുതൽ സ്ഥലങ്ങളിൽ ഇത്തരം പ്ലാൻറുകൾ സ്ഥാപിക്കണം. ബയോഗ്യാസ് നിർമ്മാണത്തിന് പന്നിക്കാഷ്ഠം ഉപയോഗിച്ചാൽ മൂന്നിരട്ടിയോളം ഇന്ധനവർദ്ധനവ് ഉണ്ടാകുമെന്നാണ് വിദഗ്ദ്ധാഭിപ്രായം . പാചകത്തിന് മാത്രമല്ല, വെളിച്ചത്തിനു വേണ്ടിയും ബയോഗ്യാസ് ഉപയോഗിക്കാവുന്നതാണ്. ഇതിൻെറ ഉപയോഗം കൂട്ടുന്നത് മറ്റ് ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുന്നതിന് സഹായിക്കും. മറ്റുള്ളവയേക്കാൾ ലാഭകരവുമാണ് ബയോഗ്യാസ്. അതിനാൽ ബയോഗ്യാസിൻെറ ഉല്പാദനം കൂട്ടേണ്ടത് വളരെ അത്യാവശ്യമാണ്.

## മൃഗശക്തി :

ഈ പഞ്ചായത്തിൽ വണ്ടി വലിയ്ക്കുന്നതിനുപയോഗിക്കുന്ന മൃഗങ്ങൾ കുറവാണ്. അവ 31 എണ്ണമാണെന്ന് പ്രാഥമിക വിവരശേഖരണത്തിൽ നിന്നും മനസ്സിലാക്കുന്നു. ഉഴവു മൃഗങ്ങളുടെ എണ്ണം 12 ഇത്രയും മൃഗശക്തിയുടെ മൂല്യം താഴെ കൊടുക്കുന്നു.

(വണ്ടിവലിക്കുന്ന മൃഗങ്ങളുടെ എണ്ണം) 31 (ദിവസങ്ങൾ) 20 (രൂപ) 200= 124000

(ഉഴവു മൃഗങ്ങളുടെ എണ്ണം) 12 (ദിവസങ്ങൾ) 20 (രൂപ) 200 = 48000

ആകെ 172000 രൂപ.

നമ്മുടെ പഞ്ചായത്തിൻെറ സവിശേഷമായ ഭൂപ്രകൃതി കാരണം പല കൃഷിയിടങ്ങളിലും കൃഷിയന്ത്രങ്ങൾ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. ഈയവസരത്തിലാണ് ഉഴ

വുമൃഗങ്ങളുടെ ആവശ്യകതയെക്കുറിച്ച് ആലോചിക്കേണ്ടത്. ഇവയെ കൃഷിയാവശ്യത്തിനു പുറമെ വണ്ടിവലിക്കുന്നതിനും ഉപയോഗപ്പെടുത്താവുന്നതാണ്.വളരെ ചുരുങ്ങിയ ചെലവിൽ ചരക്കു സാധനങ്ങരം കടത്തുന്നതിനും മോട്ടോർ വാഹനങ്ങളിൽ നിന്നുമുണ്ടാവുന്ന അന്തരീക്ഷ മലിനീകരണം കുറയ്ക്കാനും മൃഗങ്ങളെ ഉപയോഗിച്ചുള്ള വാഹനങ്ങരം സഹായിക്കുന്നു. അതിനാൽ ഉഴവുമൃഗപരിപാലനം പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

## കർഷക പരിശീലനം

നമ്മുടെ സംസ്ഥാനത്തെ കർഷകരെ പരിശീലിപ്പിക്കുന്നതിന് താമസസൗകര്യമുരംപ്പടെയുള്ളമൂന്നു സ്ഥലങ്ങളാണുണ്ടായിരുന്നത്. കുടപ്പനകുന്നിലും ആലുവയിലും മുണ്ടയാട്ടുംഇപ്പോരം തൃശ്ശൂരിലും അത്തരം ഒരു LMTC (ലൈവ് സ്റ്റോക്ക് മാനേജ്മെൻറ് ട്രെയിനിംഗ് സെൻറർ) തുടങ്ങിയിട്ടുണ്ട്. ഓരോ പഞ്ചായത്തിലെയും തെരഞ്ഞെടുക്കപ്പെടുന്ന രണ്ടു കർഷകരെ വീതമാണ് പരിശീലനത്തിന് അയയ്ക്കാറ്. പുതിയതായി തുടങ്ങിയ കേന്ദ്രം കൂടിയാകുമ്പോരം കൂടുതൽ കർഷകർക്ക് ഇതിൻെറ പ്രയോജനം ലഭിക്കും. മതിയായ പ്രചാരണം നൽകി കൂടുതൽ കർഷകരെ പരിശീലനത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്. യാത്രാ ചെലവും മറ്റു സാമ്പത്തിക സഹായങ്ങളും ഇതിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. എല്ലാ പ്രാവശ്യവും വളരെകുറച്ച് കർഷകരെ മാത്രമേ പരിശീലനത്തിന് ലഭിക്കുന്നുള്ളൂ. കൂടുതൽ കർഷകർക്ക് പരിശീലനം നൽകുന്നത് ഈ രംഗത്തെ വികസനത്തിന് സഹായകമാണ്.

## പേവിഷബാധാ നിർമ്മാർജ്ജനം

### പ്രശ്നങ്ങരം :

വളർത്തുമൃഗങ്ങളിലും നായ്ക്കളിലും കണ്ടുവരുന്ന പേവിഷബാധ സംസ്ഥാനാടിസ്ഥാനത്തിൽ തന്നെ ഒരു വലിയ പ്രശ്നമാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കരം ധാരാളം കാണപ്പെടുന്ന ഒരു പ്രദേശമാണ് നമ്മുടേത്. ഇവ വളർത്തുമൃഗങ്ങരംക്കും മറ്റു നായ്ക്കരംക്കും മനുഷ്യർക്കും വലിയ ഭീഷണിയാണ്. കടിയേല്ക്കുന്ന മൃഗങ്ങളെ യഥാസമയം ചികിത്സിക്കാത്തതിനാലും പ്രതിരോധത്തിനും ചികിത്സക്കുമുള്ള മരുന്ന് യഥേഷ്ടം ലഭിക്കാത്തതും മൂലമാണ് കൂടുതൽ മരണങ്ങളും സംഭവിക്കുന്നത്. പ്രതിരോധത്തിനും ചികിത്സക്കും ചെലവുകൂടുതലായതിനാൽ പലരുംഇത് ശ്രദ്ധിക്കാറില്ല. ഇതിന് മിനക്കെടാറുമില്ല. ചികിത്സക്കും മറ്റുമായി വളരെ ദൂരം മൃഗങ്ങളെ കൊണ്ടു പോകേണ്ട അവസ്ഥയും കർഷകരെ ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നുണ്ട്. നായ കടിച്ചാൽ കുത്തിവെക്കേണ്ട മരുന്ന് കുറെ കാലമായി കിട്ടാറുമില്ല. പല കർഷകരും വളർത്തുമൃഗങ്ങളെ പാടത്തും പറമ്പിലുമൊക്കെ കെട്ടിയിട്ടും അഴിച്ചുവിട്ടുമാണ് തീറ്റാറുള്ളത്. അതുകൊണ്ട് ഏതെങ്കിലും മൃഗത്തിനെ നായകടിച്ചിട്ടുണ്ടോ എന്നറിയാനുള്ള സാധ്യതയും കുറവാണ്. തെരുവുനായ്ക്കളെ നശിപ്പിക്കേണ്ടതും വളർത്തുനായ്ക്കരംക്ക് പ്രതിരോധകുത്തിവെപ്പ് നടത്തേണ്ടതും വളരെ അത്യാവശ്യമാണ്.

### സാധ്യതകരം

ഈ പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കളെയും നിർബ്ബന്ധമായും പ്രതിരോധകുത്തിവെപ്പിന് വിധെയമാക്കണം. തെരുവുനായ്ക്കളെ നശിപ്പിക്കാനുള്ള നടപടികരം പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തണം. പ്രതിരോധകുത്തിവെപ്പിന് കുറഞ്ഞ ചെലവിൽ മരുന്ന് ലഭ്യമാക്കണം. പ്രതിരോധകുത്തിവെപ്പ് നടത്തിയ നായ്ക്കരംക്ക് ലൈസൻസ് ഏർപ്പെടുത്തണം. ഇവയെ അലഞ്ഞു നടക്കാൻ സമ്മതിക്കരുത്. നമ്മുടെ സംസ്ഥാനത്തെ എല്ലാ വളർത്തുനായ്ക്കളെയും കുത്തിവെപ്പു നടത്തി സംസ്ഥാനത്തെ "പേവിഷബാധാ വിമുക്തമേഖല" യാക്കുന്നതിൻെറ ഭാഗമായി നടത്തുന്ന പദ്ധതിയിൽനമുക്കും പങ്കാളികളാകാം. ഇതിനാവശ്യമായ ബോധവൽക്കരണം സെമിനാറുകരം നടത്തിയും ലഘുലേഖകരം വിതരണം ചെയ്തും ചർച്ചാക്ലാസുകരം സംഘടിപ്പിച്ചും പരമാവധി കർഷകരെ പങ്കെടുപ്പിച്ചും നടത്തേണ്ടതാണ്. സൗജന്യ നിരക്കിൽ കുത്തിവെപ്പ് നടത്താൻ സർക്കാർ ആനുകൂല്യങ്ങരം നൽകി വരുന്നുണ്ട്. അവ പരമാവധി ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ട എല്ലാ കർഷകരെയും നിർബ്ബന്ധിക്കണം.

## വന്ധ്യതാ നിവാരണം

### പ്രശ്നങ്ങരം

കിടാരികളിലും പശുക്കളിലും എരുമകളിലും

കണ്ടു വരുന്ന വന്ധ്യത ഉൽപ്പാദനരംഗത്തെ മൊത്തത്തിൽ ബാധിക്കുന്ന ഒരു പ്രശ്നമാണ്. കിടാരികളിലെ വന്ധ്യത ആദ്യഗർഭധാരണത്തിന് കാലതാമസമുണ്ടാക്കുന്നു. പലവിധ കാരണങ്ങ ളാൽകൊണ്ട് വന്ധ്യതയുണ്ടാകുന്നുണ്ട്. ശരിയായ ശരീരവളർച്ചയുള്ള സങ്കരവർഗ്ഗകിടാരി ഒന്നരവ യസ്സിലും നാടൻ കിടാരി രണ്ടര വയസ്സിലും മദി ലക്ഷണങ്ങൾ കാണിക്കേണ്ടതാണ്. ഇല്ലെങ്കിൽ ആവശ്യമായ ചികിത്സാസൗകര്യങ്ങൾ ലഭ്യമാ ക്കണം. ആദ്യപ്രസവം നീണ്ടുപോയാൽ ഉൽപ്പാദ നത്തിൻെറ അളവിൽ ഗണ്യമായ കുറവുവരും. പശുക്കളിൽ കണ്ടുവരുന്ന വന്ധ്യത അടുത്ത പ്രസവത്തിന് കാലതാമസമുണ്ടാക്കും. സാധാര ണയായി പശുക്കളുടെ കറവ വറ്റിയ കാലം (DRY PERIOD 2 മാസത്തിൽ കൂടരുത്. ഉല്പാദനക്ഷ മത കുറയ്ക്കാൻ ഇത് കാരണമാകും. എന്നാൽ വന്ധ്യത മൂലം പശുക്കളുടെ കറവറ്റിയ കാലത്തി ൻെറ പരിധികൂടുകയും ഉൽപ്പാദകർക്ക് നഷ്ടമു ണ്ടാവുകയും ചെയ്യും. പോഷകാഹാരകുറവുമൂ ലമാണ് കിടാരികളിൽ കൂടുതലും വന്ധ്യത കാണു ന്നത്. ശാസ്ത്രീയ പരിചരണവും ബോധവൽക്ക രണവും വ്യാപകമായി നടത്തേണ്ടത് ഈ രംഗത്തെ വികസനത്തിന് അത്യാവശ്യമാണ്.

## സാധ്യതകൾ

നല്ലയിനം സങ്കരവർഗ്ഗകിടാരികൾക്ക് സൗജന്യനിരക്കിൽ തീറ്റയും മിനറൽ മിശ്രിതവും ലഭ്യമാക്കണം. സർക്കാർ പദ്ധതിയനുസരിച്ച് ഓരോ പഞ്ചായത്തിലും ഈരണ്ട് വന്ധ്യതാ നിവാ രണക്യാമ്പുകൾ നടത്തി വരുന്നുണ്ട്. ഇതിനാവ ശ്യമായ സാമ്പത്തിക സഹായവും ലഭ്യമാണ്. കൂടുതൽ കന്നുകാലികളുള്ള പ്രദേശങ്ങൾ കേന്ദ്രീ കരിച്ച് കൂടുതൽ വന്ധ്യതാനിവാരണ ക്യാമ്പു കൾ സംഘടിപ്പിക്കണം. ഇതിന് ആവശ്യമായ സാമ്പത്തിക സഹായങ്ങൾ പഞ്ചായത്തു മുഖേന ലഭ്യമാക്കണം.

## അറവുശാല മാംസപരിശോധന

### പ്രശ്നങ്ങൾ

ഈ പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങ ളിലുള്ള ഇറച്ചികടകളിലൂടെ വളരെയധികംമാംസം വിൽക്കപ്പെടുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഒരു നവീന അറവുശാലയില്ലാത്തതിനാൽ ഇവിടെ വിൽക്കപ്പെടുന്ന മാംസത്തിൻെറ അധികഭാഗവും പുറമെ നിന്നും കശാപ്പു ചെയ്തുകൊണ്ടുവരു ന്നതാണ്. കർശനമായ മാംസപരിശോധന നട പ്പിലാക്കാത്തതിനാൽ ഉപയോഗിക്കപ്പെടുന്ന മാംസത്തിൻെറ ഗുണ നിലവാരം വിശ്വസനീയമ ല്ല. തമിഴ്നാട്ടിൽ നിന്നും മറ്റും ആട്ടിത്തെളിച്ചു കൊണ്ടു വരുന്ന കന്നുകാലികളെയാണ് നമ്മുടെ സംസ്ഥാനത്ത് പല സ്ഥലത്തും കശാപ്പിന് ഉപ യോഗിക്കുന്നത്. ഇവയിൽ പലതും രോഗബാധി തവും വിവിധകാരണങ്ങളാൽആരോഗ്യം ക്ഷയി ച്ചവയുമാണ്. മാംസപരിശോധന കൂടാതെ ഇവ യുടെ മാംസം ഉപയോഗിക്കുന്നതുകൊണ്ട് പല വിധ അസുഖങ്ങളും മനുഷ്യർക്ക് പിടിപെടാൻ സാധ്യത കൂടുതലാണ്. കൂടാതെ കന്നുകാലിക ൾക്കിടയിലെ പല പകർച്ചവ്യാധികൾക്കും ഇത് കാരണമാകുന്നുണ്ട്. കശാപ്പു നടത്തുന്ന സ്ഥല ങ്ങളും വൃത്തിഹീനങ്ങളാണ്. മിക്കവയുടെയും പരിസരം ദുർഗ്ഗന്ധപൂരിതവുമാണ്. അറവുശാല സ്ഥാപിച്ച് മൃഗങ്ങളെകശാപ്പു നടത്തുകയാണെ ങ്കിൽ നല്ല മാംസം ലഭിക്കുന്നതിനും പരിസരമലി നീകരണം കുറയ്ക്കുന്നതിനും കാരണമാകും. ഇതിനായി നവീനമായ അറവുശാല പഞ്ചായ ത്തടിസ്ഥാനത്തിൽ നിർമ്മിക്കുകയും വെറ്ററിനറി ഡോക്ടർമാർ നടത്തുന്ന മാംസപരിശോധന നിർബ്ബന്ധമാക്കുകയും ചെയ്യണം. ഇതുവഴി പൊതുജനാരോഗ്യരംഗത്തെഒരു വൻഭീഷണി നമുക്ക് ഒഴിവാക്കാൻ കഴിയും.

### സാധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു അറവുശാല സ്ഥാപിക്കണം. കശാപ്പ് കേന്ദ്രീകൃതമാക്കണം. കർശനമായ മാംസപരിശോധനയിലൂടെ ഗുണനി ലവാരമുള്ളതും വൃത്തിയുള്ളതുമായ മാംസം വിത രണത്തിനും സംഭരണത്തിനും ലഭിക്കുന്നു. ഇറ ച്ചിക്കാവശ്യമായ മൃഗങ്ങളെ ഈ പ്രദേശത്തു തന്നെ വളർത്തുന്നതിനാവശ്യമായ സഹായ ങ്ങൾ നൽകിയാൽ പുറമെ നിന്നും വൻതോ തിൽ മൃഗങ്ങളെ ഇവിടേക്ക് കൊണ്ടുവരണമെ ന്നില്ല. ഇതുമൂലം സാമ്പത്തിക ലാഭവും ഉണ്ടാ കും. വൃത്തിഹീനമായ മാംസം ഉപയോഗിക്കുന്ന തുമൂലമുണ്ടാകുന്ന അസുഖങ്ങളും കുറയ്ക്കാൻ സാധിക്കുന്നു.

## കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

പക്ഷിമൃഗാദികളെ ഇൻഷ്വർ ചെയ്ത് സംരക്ഷിക്കാമെന്ന് ഇന്നും പലർക്കും അറിയില്ല. സമഗ്രമായ ഇൻഷ്വറൻസ് സംവിധാനത്തിൻെറ കുറവും ഉയർന്ന പ്രീമിയത്തോതുമാണ്.ഈ രംഗത്തെ പ്രധാനപ്രശ്നങ്ങൾ. നമ്മുടെ പഞ്ചായത്തിലെ അധികം മൃഗങ്ങളും ഇൻഷ്വർ ചെയ്യപ്പെടാത്തവയാണ്. ഇവയുടെ ആകസ്മിക മരണം മൂലമുണ്ടാകുന്ന സാമ്പത്തികനഷ്ടം മുഴുവൻ കർഷകന് താങ്ങേണ്ടി വരുന്നു. ഇടത്തരം ചെറുകിട കർഷകരാണ് ഇവിടെ അധികവും. അതിനാൽ ഇത്തരം സാമ്പത്തിക നഷ്ടം അവരെ വല്ലാതെ ബാധിക്കും. ഈരംഗത്ത് വ്യാപകമായ പ്രചാരണം നൽകിയാൽ ഇത് ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. മൃഗങ്ങളെ ഇൻഷ്വർ ചെയ്യാൻ പ്രത്യേക സംവിധാനങ്ങളും ഏജൻസികളും നമുക്കുണ്ട്. അവയുടെ പ്രയോജനം പരമാവധി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് നടപ്പാക്കിയാൽ പ്രീമിയത്തോത് വളരെ കുറഞ്ഞു കിട്ടും. കൂടുതൽ കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിലൂടെ നമ്മുടെ വിലപ്പെട്ട സമ്പത്തിനെ തന്നെയാണ് നമ്മൾ സംരക്ഷിക്കുന്നത്. അതിനാൽ ഈ രംഗത്ത് മതിയായ ബോധവൽക്കരണം വ്യാപകമായി നടത്താൻ പഞ്ചായത്ത് തലത്തിൽ ഏർപ്പാടുണ്ടാക്കണം.

## കർഷകർക്ക് അംഗീകാരം /അവാർഡ്

മൃഗസംരക്ഷണമേഖലയിലെ കർഷകർക്ക് അർഹിക്കുന്ന അംഗീകാരം കിട്ടുന്നില്ല. മൃഗസംരക്ഷണ മേഖല എന്നു വച്ചാൽ പാലുല്പാദനം മാത്രമാണെന്ന അബദ്ധ ധാരണ പരക്കെയുണ്ട്. എന്നാൽ ഇതുമാത്രമല്ലാതെ പല രംഗങ്ങളിലും ഈ മേഖലയുടെ ധർമ്മങ്ങൾ നിരവധിയാണ്. കന്നുകാലികളുടെ ആരോഗ്യസംരക്ഷണം, മൃഗസമ്പത്ത് വർദ്ധിപ്പിക്കൽ, പോഷകാഹാരങ്ങളായ മുട്ട, മാംസം എന്നിവ ഉല്പാദിപ്പിക്കൽ, വ്യാവസായികാവശ്യത്തിനുള്ള തുകൽ, എല്ല്, കൊഴുപ്പ് എന്നിവ ഉല്പാദിപ്പിക്കൽ, വ്യാവസായികാവശ്യത്തിനുള്ള തുകൽ, എല്ല്, കൊഴുപ്പ് എന്നിവയുടെ സംസ്കരണം, ഔഷധവ്യവസായത്തിനാവശ്യമായ ഹോർമോൺ, വാക്സിൻ തുടങ്ങിയവയുടെ ഉല്പാദനം, ജൈവവളം, ബയോഗ്യാസ് നിർമ്മാണം, പേവിഷബാധാനിയന്ത്രണം, മാംസപരിശോധനയിലൂടെ ഗുണനിലവാരമുള്ള മാംസം ലഭ്യമാക്കൽ, കർഷകർക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ, വരുമാന വർദ്ധനവ്, സ്ത്രീകൾക്കും കൂടുതൽ തൊഴിൽ സാധ്യതകൾ എന്നിവ ചിലതു മാത്രം. കന്നുകാലി സമ്പത്തിൻെറ ബഹുഭൂരിപക്ഷവും ചെറുകിട നാമ മാത്രകർഷകരുടെ കൈയിലായതിനാൽ ഈ മേഖലയുടെ വികസനംഗ്രാമീണ സമ്പദ്‌വ്യവസ്ഥ ശക്തമാക്കും. അതുകൊണ്ട് ഈ മേഖലയുടെ വികസനത്തിന് ഇതുമായി ബന്ധപ്പെട്ട കർഷകരെ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. കന്നുകാലി പ്രദർശനം, കന്നുകുട്ടി പ്രദർശനം, കറവമൽസരം, ശ്വാനപ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കുന്നതും തീറ്റയും മറ്റും സൗജന്യമായി നൽകുന്നതും കർഷകർക്ക് പ്രോത്സാഹനം നൽകുന്നവയാണ്. കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ഇടയ്ക്കിടക്ക് ഇവരുടെ യോഗം കൂടുന്നത് കർഷകർക്ക് കൂടുതൽ സഹായകരമാകും. ഇവർക്കുവേണ്ടി വിദഗ്ധരുടെ പ്രഭാഷണങ്ങളും ചർച്ചാ ക്ലാസുകളും സെമിനാറുകളുംമറ്റും സംഘടിപ്പിക്കാവുന്നതാണ്. കൂടാതെ പഞ്ചായത്തടിസ്ഥാനത്തിലും ജില്ലാ, സംസ്ഥാനാടിസ്ഥാനത്തിലും വിവിധ മേഖലകളിൽ പ്രത്യേകം പ്രത്യേകം അവാർഡുകളും പുരസ്കാരങ്ങളും ഏർപ്പെടുത്തുന്നതും ഈ രംഗത്തെ വികസനത്തിനും പ്രോത്സാഹനത്തിനും കാരണമാകും.

## മറ്റ് വിവരങ്ങൾ

നമ്മുടെ പഞ്ചായത്തിൻെറ മലയോര വാർഡുകളിലെ പല സ്ഥലങ്ങളിലും മയിൽ, എരണ്ട, കാട്ടുകോഴി തുടങ്ങിയ പക്ഷികളെ കണ്ടു വരുന്നതായി നാട്ടറിവുകളിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പീച്ചി, വാഴാനി തുടങ്ങിയ സംരക്ഷിത വനങ്ങളുടെ അനുബന്ധമായി കാണുന്ന കാടുപ്രദേശങ്ങൾ ഈ പഞ്ചായത്തിൻെറ കിഴക്കൻ മേഖലകളിൽ ഉള്ളതുകൊണ്ടാകാം ഇവിടെ ഈ പ്രദേശങ്ങളിൽ കണ്ടു വരുന്നത്. പൊതുവെ അപൂർവ്വമായ ഇത്തരം പക്ഷികളെ വംശനാശത്തിൽ നിന്നും കൂടി രക്ഷിക്കാൻ അവയുടെസുരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

ഈ പഞ്ചായത്തുൾപ്പെട്ട ഭൂപ്രദേശം പശ്ചി

മഘട്ടത്തിൻെറ പ്രാന്ത പ്രദേശമായിട്ടാണ് കണക്കാക്കുന്നത്. അപൂർവ്വമായ വന്യജീവി വർഗ്ഗങ്ങളും ഔഷധസസ്യങ്ങളും ധാരാളമുള്ള പശ്ചിമഘട്ടത്തോട് ബന്ധപ്പെട്ടു കിടക്കുന്നതിനാൽ ഇവിടെ കണ്ടുവരുന്ന അപൂർവ്വ പക്ഷികളെയും ഔഷധസസ്യങ്ങളേയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. നമ്മുടെ തനതായ വൈദ്യശാസ്ത്രവിഭാഗമായ ആയുർവേദത്തിന് വ്യാപകമായ പ്രസക്തിയുള്ളതിനാൽ ഈ പ്രദേശത്ത് ഒരു ഔഷധസസ്യത്തോട്ടം നിർമ്മിച്ച് സംരക്ഷിക്കാവുന്നതാണ്.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

പ്രശ്നങ്ങൾ

സാമ്പത്തിക പരിമിതികൾ മൂലം കറവുമാടുകളെ വാങ്ങാനും വളർത്താനും കഴിയുന്നില്ല.

സാധ്യതകൾ

ആവശ്യമായ ധനസഹായം നൽകുക.

പ്രയോജനം

ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കാം.

പ്രശ്നങ്ങൾ

അത്തേക്കാട് ആടുമാടുകളെ വളർത്താൻ അനുയോജ്യമായ പ്രകൃതിയുണ്ട്. രോഗചികിത്സക്ക് ആശുപത്രി സൗകര്യത്തിന് 5 കിമീ സ്റ്റേറ്റ് ഹൈവേയിൽ സഞ്ചരിക്കണം.

സാധ്യതകൾ

മൃഗാശുപത്രി ആരംഭിക്കണം.

പ്രയോജനം

രോഗചികിത്സയും പ്രതിരോധവും നടത്താം. പാലുല്പാദനം കൂട്ടാം.

## മത്സ്യമേഖല

വളർത്തുമത്സ്യങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നത് പൂമല ഡാമിൽ മാത്രമാണ്. 15 പേരുടെ ഒരു ഗ്രൂപ്പ് സഹകരണാടിസ്ഥാനത്തിൽ മൈനർ ഇറിഗേഷൻെറ കൈവശമുള്ള ഡാം പരസ്യലേലത്തിൽ പിടിച്ചാണ് കൃഷി ഇറക്കിയിരിക്കുന്നത്. 1985 ഓടുകൂടിയാണ് ഡാമിൽ മത്സ്യം വളർത്താൻ തുടങ്ങിയത്. കട്ല, മൃഗാല, രോഹു, സൈപ്രിനസ്, സിൽവർ കാർപ് തുടങ്ങിയ ശുദ്ധജല (കാർപ്പ് മത്സ്യങ്ങൾ ) മത്സ്യങ്ങളാണ് കൃഷി ചെയ്തുവരുന്നത്. ഒരു ലക്ഷം കുഞ്ഞുങ്ങളേയാണ് ആണ്ടിൽ ഇറക്കുന്നത്, 2 ടൺ മത്സ്യം പിടിച്ചെടുക്കുന്നു. 1 കിലോ മുതൽ 5 കിലോ വരെ മീനുകൾക്ക് തൂക്കം ഉണ്ടാകാറുണ്ട്. പിണ്ണാക്ക്, തവിട് എന്നിവയാണ് പ്രധാനമായും തീറ്റയിട്ട് കൊടുക്കുന്നത്. കുളങ്ങൾ ധാരാളമുണ്ടെങ്കിലും മത്സ്യകൃഷി നടത്തുന്നില്ല.

ഏതാണ്ട് ഒരു വർഷത്തിൽ ഈ പഞ്ചായത്തിലെ മത്സ്യ ഉപഭോഗം 3,65,000 കിലോഗ്രാം വരുമെന്ന് മത്സ്യവിപണന തൊഴിലാളികളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ വ്യക്തമാക്കുന്നു. മത്സ്യാവശ്യം തൃശ്ശൂർ മാർക്കറ്റിനെയാണ് ആശ്രയിക്കുന്നത്. നാടൻ മത്സ്യങ്ങൾ , ബ്രാൽ, മുണ്ടത്തിപ്പരൽ, കടു, ചിടയൻ, മുയ്യു, ആരൽ, കോലാൻ, മലിഞ്ഞിൽ, പൊരുക്ക്, പിലോപ്പി എന്നിവയാണ്. 1991 ൽ സംസ്ഥാന വ്യാപകമായി ഉണ്ടായ മത്സ്യരോഗം ഇവിടെയും വ്യാപിച്ചിട്ടുണ്ടായിരുന്നു.

## പ്രശ്നങ്ങൾ

കുളങ്ങൾ ധാരാളമുണ്ടെങ്കിലും ബണ്ട് കെട്ടി സംരക്ഷിക്കപ്പെട്ടതല്ല. മത്സ്യകുഞ്ഞുങ്ങളെ കിട്ടാൻ പ്രയാസകരമാണ്. നാടൻ മത്സ്യങ്ങൾ ഉള്ള കുളങ്ങളിൽ കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ ഇവ വെട്ടി തിന്നുന്നു. മത്സ്യകൃഷിയെകുറിച്ച് ശാസ്ത്രീയമായ അവബോധം ഗ്രാമീണർക്കില്ല. നാടൻ മത്സ്യങ്ങളെ വലവീശിപ്പിടിക്കുന്ന ഒട്ടേറെ തൊഴിലാളികളുണ്ട്. വിപണനത്തിനായി സ്വന്തമായി ഒരു മാർക്കറ്റില്ല. തൃശ്ശൂർ മാർക്കറ്റിനെ ആശ്രയിക്കേണ്ടി വരുന്നു.

## സാധ്യതകൾ

1. മത്സ്യതൊഴിലാളികൾക്ക് ശാസ്ത്രീയമായ വിദ്യാഭ്യാസം കൊടുക്കണം.

2. നല്ലയിനം മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി വിതരണം നടത്തണം.

3. കുളങ്ങൾ ബണ്ട് കെട്ടി സംരക്ഷിക്കണം.

4. പഞ്ചായത്തിൽ ഒരു മത്സ്യമാർക്കറ്റ് പണിയണം.

5. മത്സ്യകൃഷി ഇറക്കുന്ന കുളങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ട് സന്ദർശിച്ച് ശാസ്ത്രീയ നിർദ്ദേശം കൊടുക്കുക.

6. കുളങ്ങളിലെ നാടൻ മത്സ്യങ്ങളെ നീക്കം ചെയ്യണം.

7. മത്സ്യകൃഷിവിള മത്സരം സംഘടിപ്പിക്കുക,ഇൻഷ്വറൻസ് ആവിഷ്കരിക്കുകയും വേണം.

8. 6 കിമീ നീളം വരുന്ന പീച്ചി കനാൽ മുണ്ടകൻ കൃഷിക്ക് (സെപ്തംബർ ആദ്യവാരം മുതൽ ഡിസംബർ അവസാനം വരെ) മാത്രം വരെ ജലസേചനം നടത്തുന്നുള്ളൂ. ബാക്കി സമയം ജൂൺ മുതൽ 5 മാസംവരെ കനാലിൽ വെള്ളം നീരുറവ വഴി ഉണ്ടാകാറുണ്ട്. ജൈവസസ്യാഹാരം പ്രധാനമായ സിൽവർ കാർപ് മത്സ്യങ്ങളെ ഇറക്കിയാൽ കനാൽ ബണ്ടുകളിൽ വളർന്നു പൊങ്ങുന്ന പുല്ല് തീറ്റയായി ഉപയോഗിക്കാവുന്നതാണ്. മത്സ്യകുഞ്ഞുങ്ങൾ പുറത്തുപോകാത്ത രീതിയിൽ ഇടക്കിടക്ക് ബണ്ടുകളിലും സ്പൗട്ടുകളിലും പ്ലാസ്റ്റിക് നെറ്റുകൾ സ്ഥാപിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ഇരട്ടകുളം, പാണ്ടംകുളം എന്നിവ മത്സ്യകൃഷിക്ക് അനുയോജ്യമല്ല.

2. കൊടുവേലികുളം, ഇരട്ടകുളം മത്സ്യകൃഷിക്ക് അനുയോജ്യമല്ല.

3. ആഞ്ഞംകുളം, ആനപ്പാഞ്ചിറകുളം, അരകുഴി കുളം എന്നിവ മത്സ്യകൃഷിക്ക് സൗകര്യപ്രദമല്ല.

4. കണ്ണംകുളം, തൊറകുളം, പാലയ്ക്കകുളം മത്സ്യകൃഷിക്ക് അനുയോജ്യമല്ല.

5. പൂമലഡാം, അത്തിക്കോട്കുളം, അരങ്ങുഴികുളം, തളിയമ്പാറകുളം

## സാധ്യതകൾ

1. കുളം ബണ്ട് കെട്ടി സംരക്ഷിക്കുക. മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.

2. കുളം ബണ്ട് കെട്ടി സംരക്ഷിക്കുക. മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.

3. കുളം ബണ്ട് കെട്ടി സംരക്ഷിക്കുക. മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.

4. കുളം ബണ്ട് കെട്ടി സംരക്ഷിക്കുക. മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.

5. കുളം ബണ്ട് കെട്ടി സംരക്ഷിക്കുക. മത്സ്യകുഞ്ഞുങ്ങളേ സൗജന്യമായി വിതരണം ചെയ്യുക .

## പ്രയോജനം

1. വർഷത്തിൽ 400 കി.ഗ്രാം നാടൻ മത്സ്യങ്ങൾ ഉല്പാദിപ്പിക്കാം.

2. വർഷത്തിൽ 600 കി.ഗ്രാം നാടൻ മത്സ്യങ്ങൾ ഉല്പാദിപ്പിക്കാം.

3. വർഷത്തിൽ 1000 കി.ഗ്രാം നാടൻ മത്സ്യങ്ങൾ ഉല്പാദിപ്പിക്കാം.

4. മത്സ്യ കൃഷി വർഷത്തിൽ 1000 കി.ഗ്രാം നാടൻ മത്സ്യങ്ങൾ ഉല്പാദിപ്പിക്കാം.

5. വർഷത്തിൽ 1000 കി.ഗ്രാം നാടൻ മത്സ്യങ്ങൾ ഉല്പാദിപ്പിക്കാം.



# 5 ⑤ വിദ്യാഭ്യാസം

നവോത്ഥാനകാലഘട്ടത്തിലാണ് കേരളത്തിൽ വിദ്യാലയങ്ങൾ അധികവും സ്ഥാപിച്ചത്. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും ഒരേ കാലഘട്ടത്തിലാണ് വിദ്യാഭ്യാസസ്ഥാപനങ്ങൾ രൂപം കൊള്ളുന്നത്. വിദ്യാലയങ്ങൾ സ്ഥാപിക്കുന്നകാര്യത്തിൽ മുന്നിട്ടുനിന്നത് കൃസ്ത്യൻ മിഷനറിമാരാണ്.

ബ്രാഹ്മണർ തുടങ്ങിയ സവർണ്ണരുടെ കുട്ടികളെ വീടുകളിൽ ഇരുത്തി ആചാര്യൻമാരായ നമ്പൂതിരിമാരെക്കൊണ്ട് വിദ്യാഭ്യാസം നടത്തിയിരുന്ന കാലഘട്ടമായിരുന്നു അന്ന്. സംസ്കൃതം ദേവഭാഷയായി പ്രചരിപ്പിക്കുകയും, ആ ഭാഷ സവർണ്ണർക്കുമാത്രമേ അഭ്യസിക്കുവാൻ പാടുള്ളൂ എന്ന് ശഠിക്കുകയും ചെയ്തിരുന്നു. അക്കാലത്ത് അവർണ്ണർക്കും ബഹുഭൂരിപക്ഷം വരുന്ന അധഃസ്ഥിതരായ ദരിദ്രനാരായണൻമാർക്കും വിദ്യാഭ്യാസം ഒരു വിദൂര സ്വപ്നമായിരുന്നു. കൂടാതെ സ്ത്രീവിദ്യാഭ്യാസം നിഷേധിച്ചിരുന്നു. ഇക്കാലഘട്ടത്തിലാണ് കേരളത്തിൽ ക്രിസ്ത്യൻ മിഷണറിമാർ വിദ്യാലയങ്ങൾ സ്ഥാപിക്കുവാൻ തുടങ്ങിയത്. ഇത്തരം വിദ്യാലയങ്ങൾ സ്ഥാപിച്ചതിലുടെ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന അധഃസ്ഥിതർക്കും സ്ത്രീകൾക്കും വിദ്യാഭ്യാസം ലഭിക്കാൻ തുടങ്ങി. സ്ത്രീ വിദ്യാഭ്യാസത്തിനുള്ള വിദ്യാലയങ്ങളും കോളേജുകളും സ്ഥാപിക്കപ്പെട്ടു. അധഃസ്ഥിതരായ, മണ്ണിൽപണിയെടുക്കുന്ന തൊഴിലാളികൾക്കും സവർണ്ണവിഭാഗത്തിൻെറ ഇടപെടലും, സമ്മർദ്ദവുംമൂലം വീണ്ടും വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. ഗവർമ്മേണ്ടു തന്നെ ഇടപ്പെട്ട് സർക്കാർചിലവിൽ ഇവർക്ക് വിദ്യാഭ്യാസം ലഭിക്കാൻ നിയമനിർമ്മാണം കൊണ്ടുവന്നു. മറ്റുസമുദായങ്ങളിൽപെട്ട ജനങ്ങളോടൊപ്പം വിദ്യ അഭ്യസിച്ച്സാമൂഹ്യമായി വളരുന്നതിന് ഇതു മൂലം സാധിച്ചു. ശ്രീനാരായണ ഗുരു, കുമാരനാശാൻ തുടങ്ങിയ സാമൂഹ്യപരിഷ്ക്കർത്താക്കളുടെ പ്രോത്സാഹനം മൂലം എസ്.എൻ.ഡി.പി.യുടെ കീഴിലും വിദ്യാലയങ്ങൾ നിലവിൽ വന്നതോടെ പിന്നോക്കക്കാരുടെയും, പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെയും വിദ്യാഭ്യാസം സുഗമമായിവന്നു. അങ്ങനെ വിദ്യാഭ്യാസത്തിൽ ഗണ്യമായ മാറ്റങ്ങൾ കൈവന്നു.

കിള്ളന്നൂർ പഞ്ചായത്ത്, കോലഴി പഞ്ചായത്തിൽ ഉൾപ്പെട്ടുകിടക്കുന്ന കാലത്താണ് തിരൂർ സെൻറ് തോമസ് സ്ക്കൂൾ സ്ഥാപിച്ചത്. അന്ന് സെൻറ് തോമസ് പള്ളിപ്പറമ്പിൽ ധാരാളം പൂമരങ്ങൾ ഉണ്ടായിരുന്നു. ആ പൂമരങ്ങളുടെ തണലിൽ ശ്രീ തോമസ് വൈദ്യൻഎന്ന ആശാൻ ഒരു കുടിപള്ളിക്കൂടം സ്ഥാപിച്ച് കുട്ടികൾക്ക് വിദ്യാഭ്യാസം കൊടുത്തുവന്നു. 1915 -ൽ റവഫാദർ മാത്യുപാലയൂർആണ് അത് ഒരു ലോവർപ്രൈമറി വിദ്യാലയമായി പരിവർത്തനപ്പെടുത്തിയത്. 1931 -ൽ ആ സ്ക്കൂൾ ലോവർസെക്കൻററി വിദ്യാലയമായി ഉയർന്നു. പഞ്ചായത്ത് വിഭജനം നടന്നപ്പോൾ ഹൈസ്ക്കൂൾ കോലഴിപഞ്ചായത്തിലും ലോവർപ്രൈമറി വിഭാഗം കിള്ളന്നൂർ പഞ്ചായത്തിലുമായി മാറി.

മുളംകുന്നത്തുകാവിലുള്ള ഏതാനും ഉൽപ്പതിഷ്ണുക്കളായ ആളുകൾചേർന്ന് കലാസമിതി എന്ന ഒരു സംഘടന രൂപീകരിച്ചു.അതിൽ സംഗീതം, കഥകളി, ഓട്ടംതുള്ളൽ, ഹിന്ദി വയോജനവിദ്യാഭ്യാസം മുതലായവ അഭ്യസിപ്പിക്കുവാൻ ക്ലാസുകൾ നടത്തിയിരുന്നു. ഈ സംഘടനയ്ക്ക് ഔപചാരികവിദ്യാഭ്യാസത്തിന് ഒരു വിദ്യാലയം സ്ഥാപിക്കണമെന്ന് ആഗ്രഹമുണ്ടായി. അതിനായി 50 സെൻറ് ഭൂമി അവർ വിലക്കുവാങ്ങി. ലോവർപ്രൈമറി വിദ്യാലയം സ്ഥാപിക്കാൻ അപേക്ഷനൽകി. സ്കൂൾ അനുവദിച്ചുവന്നപ്പോൾ കെട്ടിടമില്ലാതെ വിഷമത്തിലായി. ഉടനെ കണ്ണൻദേവൻ ചായയുടെ ഹോൾസെയിൽ ഏജൻറായ എളംകുന്നപ്പുഴ ക്കാരനായ ശ്രീ.കെ.പി.ഗോവിന്ദമേനോനെ

സമീപിച്ച് ആവശ്യം അറിയിച്ച് അപേക്ഷിച്ചു. അദ്ദേഹം തന്റെ പ്രിയപത്നി മുളംകുന്നത്തുകാവിൽ അമ്പലപ്പറമ്പിൽ പാറുക്കുട്ടിയമ്മയുടെ സ്മരണയ്ക്കായി അഞ്ചുമുറികളുള്ള ഒരു കെട്ടിടം നിർമ്മിച്ചുകൊടുത്തു. 1953 -ൽ ആ കെട്ടിടത്തിൽ ഒന്നും രണ്ടും ക്ലാസുകൾ ആരംഭിച്ചു. പിന്നീടത് അഞ്ചാംക്ലാസുൾപ്പെടുന്ന കലാസമിതി ലൊവർപ്രൈമറി സ്ക്കൂളായി ഉയർന്നു.

കൊങ്ങൻപാറ, പറമ്പായ, ചോറ്റുപാറ, വട്ടായി, വെങ്ങിണിപറമ്പ് മുതലായ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികൾ വന്ന് പഠിക്കുന്നു. ഇവിടെ അധികവും പൂമല ലിറ്റിൽ ഫ്ലവർകോൺവെൻറ് സ്ക്കൂളിൽ നിന്ന് പാസ്സാകുന്ന അപ്പർപ്രൈമറി കുട്ടികളാണ് പഠിക്കുന്നത്. അതിനാൽ പൂമല ഹൈസ്ക്കൂളിന്റെ ഒരു ഫീഡിങ്ങ് സ്ക്കൂളായി ലിറ്റിൽ ഫ്ലവർ കോൺവെൻറ് സ്ക്കൂൾ നിലനി

പട്ടിക 1

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| നമ്പർ സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | പട്ടികജാതി/വർഗ്ഗം | ശതമാനം |
|---|---|---|---|
| 1 കലാസമിതി എൽ.പി. സ്കൂൾ മുളകുന്നത്തുകാവ് | 264 | 32 | 11.36 |
| 2 സെൻറ് തോമസ് എൽ.പി. സ്കൂൾ തിരൂർ | 672 | 70 | 10.42 |
| 3. എൽ.എഫ്. യു. പി. എസ് പൂമല | 662 | 127 | 19.18 |
| 4. പൂമല ഹൈസ്കൂൾ, പൂമല | 295 | 32 | 10.85 |

ഈ ഗ്രാമപഞ്ചായത്തിൽപ്പെട്ട പൂളായ്ക്കൽ, കൊങ്ങൻപാറ, വെങ്ങിണിപറമ്പ്, മലവായ്, പൂമല, പറമ്പായ തുടങ്ങിയ പ്രദേശങ്ങളിലുള്ള കുട്ടികളെ വീടുകളിൽ ഇരുത്തി പഠിപ്പിച്ച് തിരൂർ, താണിക്കുടം മുതലായ വിദ്യാലയങ്ങളിൽ തുടർവിദ്യാഭ്യാസം നൽകിയിരുന്നു. ഒരുദിവസം മാതൃഭൂമി ദിനപ്പത്രത്തിൽ 'സ്ക്കൂളിന് അപേക്ഷിക്കാം' എന്ന് ഒരു സർക്കാർ വാർത്തവന്നു. മീനച്ചിൽ താലൂക്കിൽ നിന്ന് കുടിയേറിപ്പാർത്ത ശ്രീ.പതിയിൽ തോമസ്ചേട്ടന്റെ നേതൃത്വത്തിൽ 1956 -ൽ ഒരു ലോവർപ്രൈമറി സ്ക്കൂളിന് അപേക്ഷനൽകി. ആദ്യം ആ അപേക്ഷ നിരസിക്കപ്പെട്ടുവെങ്കിലും, പിന്നീടത് സർക്കാർ അനുവദിച്ചു. പറമ്പായ് എന്നസ്ഥലത്ത് 1956-57 കാലഘട്ടത്തിൽ സ്ക്കൂൾതുടങ്ങി. പിന്നീട് ആ വിദ്യാലയം ലിറ്റിൽഫ്ലവർകോൺവെൻറ് യു.പി.സ്ക്കൂളായി ഉയർത്തി. ആ പ്രദേശങ്ങളിലെ കുട്ടികൾ ഇപ്പോൾ ഈ വിദ്യാലയത്തിൽ അപ്പർപ്രൈമറി വിദ്യാഭ്യാസം നടത്തുന്നു.

ഏറ്റവും ഒടുവിലായി സ്ഥാപിച്ചത് പൂമലയിലെ പൂമലഹൈസ്ക്കൂളാണ്. ഹൈസ്ക്കൂൾ ക്ലാസ്സ് മാത്രമുള്ള ഈ സ്ക്കൂളിൽ പൂളായ്ക്കൽ,

ൽക്കുന്നു.

യാതൊരു തത്വദീക്ഷയുമില്ലാതെ അനുവദിച്ച അൺ എയ്ഡഡ് ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങളുടെ വേലിയേറ്റത്തിൽ നിലവിലുള്ള വിദ്യാലയങ്ങളുടെ നടത്തിപ്പിൽ വളരെ ശോചനീയമായ അവസ്ഥ സംജാതമായി. പണം ചില വാക്കിയും ഫീസ് നൽകിയും നൽകുന്ന വിദ്യാഭ്യാസം കൂടുതൽ ഗുണകരമാണ് എന്ന തെറ്റായ ധാരണ രക്ഷകർത്താക്കളിലുണ്ടായി. അദ്ധ്യാപകനിയമനത്തിനും കുട്ടികളുടെ അഡ്മിഷനും പണം അനിവാര്യമായപ്പോൾ വിദ്യാഭ്യാസത്തിന്റെ ശരിയായ ലക്ഷ്യങ്ങൾക്ക് മൂല്യച്യുതി സംഭവിച്ചു. ശിശുവിദ്യാഭ്യാസത്തിനുപോലും കാര്യമായ കോട്ടം സംഭവിച്ചു.

## പ്രീപ്രൈമറി വിദ്യാഭ്യാസം

മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ മൊത്തം എട്ട് നേഴ്സറി വിദ്യാലയങ്ങൾ നിലവിലുണ്ട്. 9 വാർഡുകളുള്ള ഈ പഞ്ചായത്തിൽ 2,3,7 വാർഡുകളിൽ നേഴ്സറിവിദ്യാലയങ്ങളില്ല.

പ്രവർത്തിക്കുന്ന നേഴ്സറി വിദ്യാലയങ്ങളിൽ വേണ്ടത്ര ഉപകരണങ്ങളുടെയും കളിക്കോപ്പുകളുടെയും കുറവുണ്ട്. അത് പരിഹരിക്കാനുള്ള നടപടികൾ പഞ്ചായത്തിൻെറ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്. മാതൃഭാഷയിലായിരിക്കണം പ്രിപ്രൈമറി വിദ്യാഭ്യാസം നൽകേണ്ടത് എന്ന് നിഷ്ക്കർഷിക്കണം. പിഞ്ചുകുട്ടികളുടെ മനസ്സിന് ഭാരം അനുഭവപ്പെടാതെ കളികളും പാട്ടും പഠിപ്പിക്കാനും ശ്രദ്ധിക്കണം. പ്രിപ്രൈമറി വിദ്യാഭ്യാസത്തിൻെറ അവസാനഘട്ടത്തിൽ വാചികമായി കണക്കും ഭാഷയും പഠിപ്പിക്കാം. ഇതെല്ലാം ശരിയായരീതിയിൽ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ പഞ്ചായത്തിൽ നിന്നും ശ്രദ്ധിക്കേണ്ടതുണ്ട്.

## സാധ്യതകൾ

1. വെങ്ങിണിപറമ്പ്, മലവായി പ്രദേശങ്ങളിൽ പുതുതായി ഒരു എൽ.പി.സ്ക്കൂൾ സർക്കാർമേഖലയിൽ സ്ഥാപിക്കണം.

2. വാർഡുകൾതോറും പ്രീ പ്രൈമറി വിദ്യാലയങ്ങൾ സ്ഥാപിക്കണം.

3. പഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ അദ്ധ്യാപകർക്കും പുനർപരിശീലനം നൽകണം.

4. പഞ്ചായത്ത്തല സ്കൂൾ കോംപ്ലക്സ് രൂപീകരിക്കണം.

5. പഞ്ചായത്ത്തല വിദ്യാഭ്യാസ വികസന സമിതി, മാതൃസംഘം എന്നിവ രൂപീകരിക്കണം.

6. സ്കൂളുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ പൊതുജനപങ്കാളിത്തത്തോടെ പരിപാടികൾ ആവിഷ്കരിക്കുക.

7. അയൽപക്ക സ്കൂൾ സമ്പ്രദായം എന്ന സങ്കല്പം പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

8. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നെങ്കിലും (തൊഴിലധിഷ്ഠിത കോഴ്സുകൾ) പഞ്ചായത്തിൽ സ്ഥാപിക്കുക.

പട്ടിക 2

### അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സ്ഥിതിവിവര കണക്ക്

| നമ്പർ | സ്കൂളിൻെറ പേര് | അദ്ധ്യാപകർ | വിദ്യാർത്ഥികൾ | പി.ടി.എ |
|---|---|---|---|---|
| 1 | കലാ സമിതി എൽ.പി. സ്കൂൾ മുളകുന്നത്തുകാവ് | 7 | 264 | ഉണ്ട് |
| 2 | സെൻറ് തോമസ് എൽ.പി. സ്കൂൾ, തിരൂർ | 17 | 672 | ,, |
| 3. | എൽ. എഫ്. യു. പി. എസ് പൂമല | 17 | 662 | ,, |
| 4 | പൂമല ഹൈസ്കൂൾ പൂമല | 14 | 295 | ,, |

## ഔപചാരികവിദ്യാഭ്യാസം

പഞ്ചായത്തിൽ 4 വിദ്യാലയങ്ങൾ ഉള്ളതിൽ ഒന്നുമാത്രമേ ഹൈസ്ക്കൂൾ ഉള്ളൂ. എങ്കിലും കുട്ടികളുടെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് കോട്ടം തട്ടാത്തവിധം സമീപപ്രദേശങ്ങളായ തിരൂരിലെ സെൻറ്തോമസ് ഹൈസ്ക്കൂളും അവണൂരിലെ ശാന്ത ഹയർസെക്കൻററി സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നല്ലൊരു ശതമാനം വിദ്യാർത്ഥികൾ തൃശ്ശൂർടൗണിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലും മറ്റുവിദ്യാലയങ്ങളിലും ചേർന്നുപഠിക്കുന്നു.

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. അത്തേക്കാട് ഹരിജൻ കോളനിയിൽ ചെറിയ കുട്ടികൾക്ക് പഠന സൗകര്യമില്ല.

അത്തേക്കാട് കോളനിയിൽ ഒരു അംഗൻവാടി സ്ഥാപിക്കുക. മുപ്പതോളം വരുന്ന ചെറിയ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

2. എല്ലാ വാർഡുകളിലുമായി 500-ൽ അധികം നിരക്ഷരർ ഉണ്ട്.

സാക്ഷരതാക്ലാസ്സുകൾ പുനഃസ്ഥാപിക്കുക. നിരക്ഷരത തീരെ നിർമ്മാർജനം ചെയ്യാൻ കഴിയും.

3. നിർദ്ധനരായ കുട്ടികൾക്ക് വിദ്യാഭ്യാസ ചിലവ് സാമ്പത്തികമായി നേരിടുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നു.

ഇവർക്ക് പുസ്തകം, യൂണിഫോം, കുട മുതലായവ സൗജന്യമായി വിതരണം ചെയ്യുക.

നിർധനരായ കുട്ടികളുടെ വിദ്യാഭ്യാസസൗകര്യം മെച്ചപ്പെടുത്താൻ കഴിയും.

4. കിള്ളന്നൂർ I.H.D.P കോളനിയിൽ നേഴ്സറി സ്കൂൾ ഇല്ല.

കെട്ടിടവും സ്ഥലവും പഞ്ചായത്തു ചിലവിൽ ഏർപ്പെടുത്തുക. 50 പിഞ്ചു കുട്ടികൾക്ക് പ്രിപ്രൈമറി വിദ്യാഭ്യാസം കിട്ടും.

5. പൂളായ്ക്കൽ വടക്കേച്ചിറയിൽ നിന്നും 4 കിമീ. ദൂരം കാൽനടയായി അടുത്ത പഞ്ചായത്തിലെ താണിക്കുടം സ്കൂളിൽ പോയി പഠിക്കാൻ നാനൂറോളം കുടുംബങ്ങളിലെ കുട്ടികൾ ഉണ്ട്.

പൂളായ്ക്കൽ വടക്കെച്ചിറയിൽ ഗവ: എൽ. പി. സ്കൂൾ സ്ഥാപിക്കുക. സ്ഥലം സൗജന്യമായി നൽകും.

400 കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രയാസം കൂടാതെ പഠിക്കാൻ കഴിയും.

6. പഞ്ചായത്തിനുള്ളിലും അടുത്ത പ്രദേശങ്ങളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സൗകര്യമില്ല.

പഞ്ചായത്തിൻെറ ഏകദേശം മദ്ധ്യത്തിൽ (ആഫീസിനടുത്തായി) തൊഴിലധിഷ്ടിത വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കുക.

സ്വയം തൊഴിൽ പദ്ധതികൾ കണ്ടെത്താൻ കഴിയും.

7. S.S.L.C വരെ പഠിച്ചെത്തുകയും അവിടെ തോറ്റ് കൊഴിഞ്ഞുപോകുന്ന കുട്ടികൾ ബഹുഭൂരിപക്ഷം ഉണ്ട്.

4,7,10 ക്ലാസുകളിൽ പഠിച്ചു ജയിക്കുന്ന കുട്ടികൾക്ക് മാർക്കിൻെറ അടിസ്ഥാനത്തിൽ അവാർഡുകൾ നൽകുക.

പഠനത്തിൽ കൊഴിഞ്ഞു പോകാതിരിക്കാൻ പ്രോത്സാഹനം കിട്ടും.

8. കുട്ടികളുടെ അച്ചടക്കരാഹിത്യവും പഠനത്തിലുള്ള അലസതയും അനുഭവപ്പെടുന്നു.

സ്പോർട്ട്സിലും ഗെയിംസിലും പരിശീലനം കൊടുക്കുക. (ജില്ലാ സ്പോർട്ട്സ് കൗൺസിലിലേക്ക് അപേക്ഷിച്ചാൽ കോച്ചുകളെ അയച്ചു തരും.)

ഒരു നല്ല തലമുറയെ വളർത്തിയെടുക്കാനും അലസതയും അച്ചടക്കരാഹിത്യവും ഇല്ലായ്മ ചെയ്യുവാനും കഴിയും.

9. ഔപചാരിക വിദ്യാഭ്യാസത്തിൽ കുട്ടികൾക്ക് കാര്യക്ഷമത കുറയുന്നു. അതിനാൽ പഠന നിലവാരം താഴ്ന്നു പോകുന്നു.

അദ്ധ്യാപകർക്ക് ഇൻസർവീസ് ട്രെയ്നിങ്ങ് കൊടുക്കുക, ഹൈസ്കൂളിൻെറ കീഴിൽ സ്കൂൾ കോംപ്ലെക്സ് ഏർപ്പെടുത്തുക, പി.ടി.എ കാര്യക്ഷമമാക്കുക, മാതൃക സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക.

കുട്ടികളുടെ പഠന നിലവാരം ഉയരും.

10. കുട്ടികൾക്ക് വായനയും പഠിപ്പിൽ പ്രോത്സാഹനവും കുറയുന്നു. അതുമൂലം സാമാന്യ വിജ്ഞാനം കുറയുന്നു.

വാർഡുകൾതോറും വായനശാലകൾ സ്ഥാപിക്കുക. ഈ വായനശാലകളിലേക്ക് പഞ്ചായത്താഫീസിലുള്ള വായനശാലയിൽ പുസ്തകത്തിൻെറ എണ്ണം വർദ്ധിപ്പിച്ച് പുസ്തകങ്ങൾ വിതരണം ചെയ്യുക. വായനശാലകളിൽ കഥ കവിത എന്നിവയെ കുറിച്ച് ചർച്ചകൾ നടത്തുക. പ്രസംഗപരിശീലനം നൽകുക.

ശാസ്ത്രസാഹിത്യപരിഷത്ത് പ്രവർത്തനം സ്കൂളുകളിൽ വ്യാപിപ്പിക്കുക.

വായനശീലം വർദ്ധിക്കുന്നു, സാമാന്യജ്ഞാനത്തിൽ പ്രാവീണ്യം നേടുന്നു, കഥകളും കവിതകളും രചിക്കാനുള്ള വാസന ഉണ്ടാകുന്നു. തെറ്റു കൂടാതെ സംസാരിക്കുവാൻ പഠിക്കുന്നു.

പട്ടിക 3

## വിദ്യാലയ സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|
| 1. പൂമല ഹൈസ്കൂൾ, പൂമല | 3.10 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | 2 | ഇല്ല | ഉണ്ട് | 1 ഏക്കർ | ഉണ്ട് |
| 2. എൽ.എഫ്.യു.പി.സ്കൂൾ | 2.50 ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 5 | 3 | ഉണ്ട് | ഉണ്ട് | 1 ഏക്കർ | പൈപ്പ് |
| 3. സെൻറ് തോമസ് എൽ.പി. സ്കൂൾ, തിരൂർ | 60 സെൻറ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | പള്ളിവക |
| 4. കലാസമിതി എൽ.പി. സ്കൂൾ മുളംകുന്നത്തുകാവ് | 50 സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |

പട്ടിക 4

## വാർഡ് തിരിച്ചുള്ള അഭ്യസ്തവിദ്യരുടെയും നിരക്ഷരരുടെയും കണക്ക്

| വാർഡുകൾ | 1-4 | 5-10 | PDC | DC | PG | Technical | Illitrates |
|---|---|---|---|---|---|---|---|
| 1 | 644 | 1105 | 120 | 115 | 21 | 78 | 79 |
| 2 | 217 | 560 | 78 | 32 | 22 | 30 | 59 |
| 3 | 495 | 1216 | 130 | 71 | 11 | 37 | 155 |
| 4 | 2000 | 572 | 128 | 68 | 26 | 23 | 45 |
| 5 | 228 | 626 | 119 | 68 | 22 | 18 | 95 |
| 6 | 257 | 585 | 125 | 41 | 12 | 13 | 58 |
| 7 | 163 | 400 | 100 | 36 | 2 | 31 | 68 |
| 8 | 97 | 280 | 57 | 33 | 5 | 16 | 12 |
| 9 | 111 | 411 | 105 | 38 | 4 | 13 | 10 |

## നിർധനരായ സ്കൂൾകുട്ടികൾക്ക് പഞ്ചായത്തിൽ നിന്നും കൊടുത്തു വരുന്ന ക്യാഷ് അവാർഡും കുട വിതരണവും ഉച്ചകഞ്ഞിക്കുള്ള ഫ്യൂവൽ ചാർജ്ജും

| വർഷം | ഉച്ചക്കഞ്ഞി ഫ്യൂവൽ ചാർജ്ജ് | ക്യാഷ് അവാർഡ് കുട വിതരണവും |
|---|---|---|
| 91-92 | 8569-50 | 6549-50 |
| 92-93 | 9087-60 | 7453-40 |
| 93-94 | 6997-50 | 7714-00 |
| 94-95 | 6645-00 | 8345-00 |
| 95-96 | 7937-00 | 10673-00 |



# 5 ⑥ പൊതുജനാരോഗ്യവും കുടിവെള്ളവും

## പൊതുജനാരോഗ്യം

നമ്മുടെ രാജ്യത്തെ ജനകീയാരോഗ്യനയത്തിൻെറ ഭാഗമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന ആരോഗ്യ സംരക്ഷണ സംവിധാനത്തെ പ്രധാനമായും മൂന്നായി തരം തിരിക്കാം. അവ രോഗപ്രതിരോധരംഗവും,രോഗചികിത്സാരംഗവും, മെഡിക്കൽ വിദ്യഭ്യാസ രംഗവുമാണ്.

നമ്മുടെ പഞ്ചായത്തിൻെറ തൊട്ടടുത്തുള്ള അവണൂർ പഞ്ചായത്തിലെ 'മുളംകുന്നത്തുകാവ്' എന്ന പ്രദേശത്താണ് തൃശൂർ മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത്. കൂടാതെ രോഗ ചികിത്സാ രംഗത്തെ പ്രധാന സ്ഥാപനങ്ങളായ മെഡിക്കൽ കോളേജ് ആശുപത്രി, ജില്ലാ ആശുപത്രി എന്നിവ നമ്മുടെ പഞ്ചായത്തിൻെറ വളരെ അടുത്തുള്ള തൃശൂർ മുനിസിപ്പാലിറ്റിക്കുള്ളിലാണ് പ്രവർത്തിക്കുന്നത്. അതുപോലെ തന്നെ തലപ്പിള്ളി താലൂക്ക് ഹെഡ് ക്വർട്ടേഴ്സ് ആശുപത്രി നമ്മുക്ക് ഏറ്റവും അടുത്തുള്ള വടക്കാഞ്ചേരി പഞ്ചായത്തിൽ ഓട്ടുപാറയിലാണ് പ്രവർത്തിക്കുന്നത്. ഈ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തു നിവാസികൾക്ക് രോഗചികിത്സാരംഗത്ത് വലിയരനുഗ്രഹമാണ്. കൂടാതെ സർക്കാർ ഉടമയിലുള്ള ഒരു ഹോമിയോ ഡിസ്പൻസറിയും,ഒരു ആയൂർവേദ ഡിസ്പൻസറിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഏതാനും ചെറിയ സ്വകാര്യ ഡിസ്പൻസറികളും പ്രവർത്തനത്തിൽ ഉണ്ട്.

പ്രാഥമിക ചികിത്സാരീതിയുടെ പ്രഥമവും,പ്രധാനവുമായ മുദ്രാവാക്യം രോഗം വരാതിരിക്കുകയാണ് രോഗചികിത്സയേക്കാൾ പ്രധാനം എന്നാണ് ഈ ദിശയിലുണ്ടാകുന്ന നേട്ടങ്ങൾ, ചികിത്സക്കായി നാം ചെലവഴിക്കുന്ന ഭീമമായ ബഡ്ജറ്റ് വിഹിതം വെട്ടിക്കിറയ്ക്കാനും, ആതുക മറ്റു വികസന പ്രവർത്തനങ്ങൾക്കു വകയിരുത്താനും കഴിയും എന്നതാണ് രോഗ പ്രതിരോധ ചികിത്സയിൽ നാം മുൻതൂക്കം കൊടുക്കുന്നത്.രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിലേക്ക് നാം പോകുകയാണല്ലോ ഈ ലക്ഷ്യപ്രാപ്തിക്കായി ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻെറ ഭാഗത്ത് നിന്നും പലകാര്യങ്ങളും ഒമ്പതാം പദ്ധതിയിൽ കൊണ്ടുവരേണ്ടതുണ്ട്. അലോപതിക്ക് പുറമെ ആയുർവേദ, ഹോമിയോ ചികിത്സാവിധിയിലേക്ക് സമൂഹം തിരിച്ചു വരുന്ന ഒരു പുതിയ അനുഭവമാണ് കാണുന്നത്. നമ്മുടെ പഞ്ചായത്തിലെ തന്നെ ആയൂർവേദ ആശുപത്രിയിൽ ഉണ്ടാകുന്നതിരക്കും, ആയർവേദ ഔഷധ രംഗത്തെ മികവും ഇത് വ്യക്തമാക്കുന്നു.

### പൂമല പ്രഥമികാരോഗ്യകേന്ദ്രം

നമ്മുടെ പഞ്ചായത്തിൽ 8-ാം വാർഡിൽ പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രത്തിന് കീഴിൽ ചോറ്റുപാറ,വട്ടായി, തിരൂർ,കോഴികുന്ന് എന്നീ ഉപ കേന്ദ്രങ്ങൾ ഉണ്ട്. ഗർഭിണികൾ, കുട്ടികൾ,മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ ആരോഗ്യസംരക്ഷണത്തിനാവശ്യമായ സേവനങ്ങൾ നല്കിവരുന്നു.

### പ്രശ്നങ്ങൾ

ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ തത്സമയ ആരോഗ്യസേവന ശുശ്രൂഷകൾ നടത്തുന്നതിന് സഞ്ചാരസൗകര്യം എളുപ്പത്തിൽ ഇല്ല.

കോഴിക്കുന്ന് വട്ടായി ഉപകേന്ദ്രത്തിന് കെട്ടിടംഇല്ല.

- 1968ൽ പണികഴിച്ച PHC കെട്ടിടത്തിൽ സ്ഥലസൗകര്യമൊ പ്രാഥമികചികിത്സാനടത്തുന്നതിനുള്ള ചെറുഉപകരണ ആവശ്യത്തിന് മരുന്നോ ഇല്ല.

### സാധ്യതകൾ

- പഞ്ചായത്തിന് ഒരു വാഹനം വാങ്ങുകയാണെങ്കിൽ പൂമല ആരോഗ്യകേന്ദ്രത്തിനും മറ്റ് ആയുർവേദ,ഹോമിയോ ആശുപത്രികളുടെ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.
- കോഴിക്കുന്ന്, വട്ടായി ഉപകേന്ദ്രങ്ങൾക്ക് ജനസഹായത്തോടെ സ്ഥലവും പഞ്ചായത്ത് ചിലവിൽ കെട്ടിടവും പണിയുക.
- PHCയുടെ കീഴിൽ രൂപികരിക്കപ്പെട്ടിരിക്കുന്ന വികസന സമിതിയുടെ മേൽ കൈയിൽ , സംഭാവനയായി മരുന്നുകൾ ചെറുചികിത്സാഉപകരണങ്ങൾ, ഫർണിച്ചറുകൾ സംഘടിപ്പിക്കാവുന്നതാണ്. ഇതിലേക്കായി തല്പര്യമുള്ളവരിൽ നിന്നും സ്വമേധയാ സംഭാവനനല്കുവാൻ തക്ക

## പട്ടിക - 1

## പ്രതിരോധകുത്തിവെപ്പും,ജനനമരണവും

| ജനനമരണ വിവരങ്ങൾ | | |
|---|---|---|
| വർഷം | ജനനം | മരണം |
| 1993-94 | 298 | - |
| 1994-95 | 299 | - |
| 1995-96 | 317 | 1 |

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി | | | | പോളിയോ | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1വയസ്സിൻ താഴെ | 295 | 224 | 220 | 212 | | 224 | 220 | 212 | | 170 |
| 1-3 വയസ്സ് | 660 | 657 | 657 | 656 | 486 | 657 | 657 | 556 | 486 | 658 |
| 1-6 വയസ്സ് | 582 | 559 | 570 | 569 | 565 | 559 | 570 | 564 | 565 | 599 |

വണ്ണം പഞ്ചായത്ത് മേൽ നോട്ടത്തിൽ ഒരു കൗണ്ടർ PHCയിലുംഉപകേന്ദ്രങ്ങളിലും തുറക്കാവുന്നതും സന്ദേശം അറിയിക്കുന്നബോർഡും പ്രദർശിപ്പിക്കാവുന്നതാണ്.

- കെട്ടിടത്തിൻെറ വിപുലികരണം പഞ്ചായത്ത് ചിലവിൽ നിറവേറ്റപെടേണ്ടതാണ്.

### ആയുർവേദ ഡിസ്പൻസറി

തടപ്പറമ്പിൽ പുതിയ ആയൂർവേദ ഡിസ്പൻസറി കെട്ടിടം 1996 ൽ പണികഴിച്ചു പ്രവർത്തനമാരംഭിച്ചിരിക്കുന്നു. ഇതുവരെ ആശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത് ആയുർവേദ ചികിത്സാരീതികൾ ഈയടുത്തകാലം വരെ ശ്രദ്ധിക്കാതെപ്പെട്ട് കിടന്നിരുന്നതാണ് എന്നാൽ ഈ അടുത്തകാലത്തായി ആയൂർവേദ ചികിത്സരീതിയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കപ്പെടുന്നു.

### പ്രശ്നങ്ങൾ

- വർദ്ധിച്ചുവരുന്ന ചികിത്സിക്കെത്തുന്ന രോഗികൾക്ക് വിശ്രമം, ലാട്രിൻ, തുടങ്ങിയ സൗകര്യങ്ങൾ ഇല്ല.
- ആവശ്യത്തിന് മരുന്ന്, മരുന്ന് തയ്യാറാക്കാൻ വിറക് എന്നിവയില്ല.
- വാർദ്ധക്യം ബാധിച്ചവരാണ് രോഗികളായി കൂടുതൽ ആയുർവേദ ചികിത്സക്കായി എത്തുന്നുള്ളത്. എന്നതുകൊണ്ട് എന്നും നടന്ന് വന്ന് ചികിത്സ നേടാൻ ബുദ്ധിമുട്ടുന്നത് വ്യക്തമാണ്.

### സാധ്യതകൾ

ആശുപത്രികസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ പഞ്ചായത്ത് മുൻ കൈെടുക്കണം ഫർണിച്ചറുകൾ തുടങ്ങിയവ വികസനസമിതികൾ വഴി സംഘടിപ്പിക്കാൻ ശ്രമിക്കാവുന്നതാണ്.

- രോഗികളുടെ വർദ്ധനവിനനുസരിച്ച് മരുന്നുകൾ വിതരണം നടത്താൻ സർക്കാർ മുൻകൈയെടുക്കണം. ആയുർവേദ മരുന്നുകളുടെ ലഭ്യത കുറവ് പരിഹരിക്കാൻ ഔഷധസസ്സ്യങ്ങൾ വീട്ടുവളപ്പുകളിൽവെച്ച് പിടിപ്പിക്കാൻ ജനങ്ങളെ ബോധവന്മാരാക്കുകയും ആശുപത്രിയിൽ വരുന്ന രോഗികൾ വഴി സൗജന്യമായി ഔഷധ സസ്സ്യങ്ങൾവിതരണം നടത്തുകയും ചെയ്യേണ്ടതാണ്.
- കിടത്തി ചികിത്സിക്കാൻ ആവശ്യമായ കിടക്കകളോടുകൂടിയ ആശുപത്രിക്ക് സർക്കാർ അനുമതിനല്കുക. ജനപങ്കാളിത്തത്തോടെ കെട്ടിടവും അനുബന്ധസൗകര്യങ്ങളും ഏർപ്പെടുത്തുവാൻ ശ്രമിക്കാവുന്നതാണ്.

### ഹോമിയോ ആശുപത്രി

7-ാം വാർഡിൽ ഹോമിയോ ആശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് സ്വന്തമായ കെട്ടിടം പണിനടന്നുവരുന്നു മറ്റ് ചികിത്സാസമ്പ്രദായങ്ങൾ ഒന്നും തന്നെ ലഭ്യമല്ലാത്ത ഈ പ്രദേശത്ത് ഇതൊരു വലിയ ആശ്വാസമാണ്.

പട്ടിക 3
ജനനമരണം പഞ്ചായത്ത് രജിസ്റ്റർ

| വർഷം | ജനനം | മരണം | വന്ധ്യംകരണം |
|---|---|---|---|
| 1992-93 | 6 | 39 | 36 |
| 1993-94 | 2 | 54 | 47 |
| 1994-95 | 1 | 64 | 46 |
| 1995-96 | Nil | 65 | 48 |

### പൊതു പ്രശ്നങ്ങൾ

ആരോഗ്യകരമായ ഒരു ജനസമൂഹത്തെ വാർത്തെടുക്കുന്നതിന് ശാരീരകവുമായ ഗുണമേന്മ മാത്രം ഉണ്ടായാൽ പോരാ അതോടൊപ്പം മാനസികമായ ഉന്മേഷവും ഉണ്ടാവേണ്ടത് അത്യാവശ്യമാണ്.

- ശുചിത്വമില്ലായ്മയാണല്ലോ രോഗങ്ങളുടെ ഉറവിടം ഇതിനെകുറിച്ചും ഇതുമൂലമുണ്ടാകുന്ന സാംക്രമികരോഗങ്ങളെകുറിച്ചും ജനങ്ങളിൽ അവബോധം കുറവാണ്.
- ഹോട്ടലുകൾ,പൊതുസ്ഥലങ്ങൾ എന്നിവയിൽ പാലിക്കപെടേണ്ട ശുചിത്വം ഇല്ല.
- മദ്യപാനാസക്തി, പുകവലി,മയക്കുമരുന്നുകൾ ഈ പഞ്ചായത്തിലും കണ്ടുവരുന്നു.
- ഫാക്ടറികളിൽ നിന്നും ഹോട്ടലുകളിൽ നിന്നും മലിനജലം പുറത്ത്വിടുന്നു.
- കീടനാശിനികളുടേയും,കൃത്രിമ വളപ്രയോഗങ്ങളുടേയും ആധിക്യം ആരോഗ്യത്തെ ബാധിക്കുന്നു.
- പരിശോധനാവിധേയമല്ലാത്തതും നിയമവിരുദ്ധവുമായ മാംസവില്പന ധാരാളം ഉണ്ട്.
- പൊതുജനങ്ങൾ ചപ്പുചവറുകൾ പൊതുവഴിയിൽ നിക്ഷേപിക്കുന്നു.
- കക്കൂസുകൾ ഇല്ലാത്ത വീടുകൾ ധാരാളം ഉണ്ട്.
- കോളനികളിലും ലക്ഷം വീടുകളിലും ഭൂവിസ്തൃതികുറവും,ജനസാന്ദ്രത കൂടുതലുമായതിനാൽ കക്കൂസുകൾ കിണറുകൾ അടുത്ത് അടുത്ത് വരുന്നത് ആരോഗ്യപ്രശ്നം ഉയർത്തുന്നു.
- പേവിഷബാധ സാധാരണയായി പഞ്ചായത്തതിർത്തിയിൽ ഏൽക്കപ്പെടുന്നു.
- പൊതുകുളങ്ങൾ, കിണറുകൾ വേണ്ടത്ര സംരക്ഷിക്കപ്പെടുന്നില്ല. ജലജന്യരോഗങ്ങൾ ഉണ്ടാകുന്നു.
- മാരകമായ എയ്ഡ്സ് രോഗം ബാധിതരെ കണ്ടെത്താൻ പ്രയാസകരവും ഉണ്ടെങ്കിൽ ഇവരും സമൂഹത്തിൽ ജീവിക്കുന്നു.
- തക്കസമയത്ത് രക്തം,കണ്ണ്,കിഡ്നി തുടങ്ങിയ അവയവങ്ങൾ കിട്ടാതെ മരണപ്പെടുന്നവർ ഉണ്ട്.
- പോഷകാഹാരകുറവുമൂലവും,കൊതുക് തുടങ്ങിയ ഷഡ്പദങ്ങൾ വഴിയും രോഗങ്ങൾ ഉണ്ടാകുന്നു.
- വൻചിലവു വരാവുന്ന ശസ്ത്രക്രിയ, സ്കാനിങ്ങ്, തുടങ്ങിയ ചികിത്സാസൗകര്യങ്ങൾ സാധാരണക്കാർക്ക് ലഭിക്കുന്നില്ല.

### സാധ്യതകൾ

- രോഗപ്രതിരോധത്തെകുറിച്ച് ശുചിത്വത്തെകുറിച്ച് സെമിനാറുകൾ,ക്ലാസുകൾ ലഘുലേഖകൾ എന്നിവ പ്രചരിപ്പിക്കുക. സന്നദ്ധസംഘങ്ങളെ ഇതിന്റെ സംഘാടകരായി തിരഞ്ഞെടുക്കാവുന്നതാണ്.
- പൊതു സ്ഥലങ്ങളിലും, ഹോട്ടലുകളിലും പഞ്ചായത്തധികൃതർക്ക് കയറിപരിശോധിക്കാനും ആയതനുസരിച്ച് സ്ഥാപനം നിർത്തിവെപ്പിക്കുന്നതിനും ആവശ്യമായി നിയമം കർക്കശമാക്കുക ഇക്കാര്യത്തിന് സ്ഥിരമായി നിയമം കർമ്മസമിതികൾ പഞ്ചായത്ത് കേന്ദ്രീകരിച്ചു രൂപീകരിക്കപ്പെടണം.
- മദ്യപാനത്തിനെതിരായി ബോധവൽക്കരണം സംഘടിപ്പിക്കുക നിയമം മൂലം ഇത് നിരോധിക്കുവാൻ കഴിയുകയില്ലെന്ന് മുൻ കാല അനുഭവങ്ങൾ നാം കണ്ടതാണ്. ആയതിനാൽ ബോധവൽക്കരണത്തോടൊപ്പം വില്ക്കപ്പെടുന്ന മദ്യത്തിന് റേഷൻ സമ്പ്രദായം ഏർപ്പെടുത്തി ഉപയോഗം കുറക്കുക. പുകവലി,മയക്കുമരുന്നുകൾക്കെതിരേയും ബോധവൽക്കരണപരിപാടികൾസംഘടിപ്പിക്കുക.
- പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന കമ്പനികൾ ഹോട്ടലുകൾ എന്നിവയിൽ നിന്നും പുറത്ത് വിടുന്ന ജലവും പുകയും തടയണം മാത്രമല്ല ഇൻഡസ്ട്രീയൽ ഏരിയകൾ പ്രത്യേകം അയ്യാർ ചെയ്ത് ഇവിടെ ജനവാസം നിരോധിക്കു

## പട്ടിക - 2

# കിള്ളന്നൂർ ഗവ: ഹോമിയോ ഡിസ്പെൻസറി

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട് പേഷ്യൻറ് എണ്ണം | ത്വക്ക് രോഗം | വാതരോഗം (എല്ലാവിഭാഗവും) | പകർച്ച വ്യാധികൾ | വിഷചികിത്സ പാമ്പുകടി (etc) | മുറിവ്, ക്ഷതം മുതലായവ | ആമാശയ സംബന്ധമായരോഗങ്ങൾ | ശ്വാസകോശ സംബന്ധമായ രോഗങ്ങൾ | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|---|---|---|
| 1992-93 | - | - | - | - | - | - | - | - | - | - | - |
| 1993-94 | - | - | - | - | - | - | - | - | - | - | - |
| 1994-95 | - | 14528 | 724 (4.98%) | 1325 (9.12%) | 4681 (32.22%) | Nil | 718 (4.94%) | 2763 (19%) | 2307 (15.8%) | 2010 (13.83%) | 14528 |
| 1995-96 | - | 16124 | 806 (4.99%) | 1427 (8.85%) | 4864 (30.16%) | Nil | 827 (5.12%) | 3316 (20.56%) | 2772 (17.19%) | 2112 (13%) | 16124 |
| | - | 30652 | 1530 | 2752 | 9545 | | 1545 | 6079 | 5079 | 4122 | 30652 |

കയും ഫാക്ടറികൾക്ക് പ്രോത്സാഹനവും നല്കണം.

- കീടനീശിനി, കൃത്രിമ വളപ്രയോഗങ്ങൾ കുറക്കുകയും ഒപ്പം ജൈവവളപ്രയോഗത്തിലേക്ക് കൃഷിക്കാരെ ആകർഷിക്കുകനും, ജൈവവള നിർമ്മാണത്തിന് ആവശ്യമായ സംവിധാനങ്ങൾ കണ്ടെത്തുകയും ചെയ്യുക.
- മാംസ വിൽപ്പന കേന്ദ്രങ്ങൾ വാർഡ് തലത്തിൽ സ്ഥാപിക്കുകയും പരിശോധനാസമ്പ്രദായം വെറ്റിനറിഡോക്ടർമാരെയും ചുമതലപ്പെടുത്തുക.
- ചപ്പുചവറുകൾ നിക്ഷേപിക്കുന്നത് വീട്ടുവളപ്പിൽ തന്നെയാവണമെന്ന് ബോധവർക്കരണം സംഘടിപ്പിക്കുക.
- കോളനികളിലും ലക്ഷം വീടുകളിലും കോമൺ ലാട്രിൻ സൗകര്യമാണ് ഏർപ്പെടുത്തേണ്ടത്.
- അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ പിടിച്ചുനശിപ്പിക്കുന്നതിന് ഇന്ന് നിലനില്ക്കുന്ന കൂലിനിരക്ക് പുതുക്കി നിശ്ചയിക്കുക. നായപിടുത്തത്തിനുള്ള ലൈസൻസ് നൽകുന്നതിന് പഞ്ചായത്തിനെ ചുമതലപ്പെടുത്തുക. കുത്തിവെപ്പ് നടത്താതെ നായ്ക്കളെ വളർത്തുന്നവർക്കെതിരെ ക്രിമിനൽ നടപടിചട്ടങ്ങളിൽ ഉൾപ്പെടുത്തിയുള്ള നിയമനിർമ്മാണം നടത്തുക.
- പൊതുകുളങ്ങൾ,കിണറുകൾ വർഷത്തിലൊരിക്കൽ ആരോഗ്യവകുപ്പ്ന്റെ സഹകരണത്തോടൊ ക്ലോറിനേഷൻനടത്തുക. സാമ്പത്തികാടിസ്ഥാനത്തിൽ ഫീസ് ഈടാക്കാവുന്നതാണ്.
- എയ്ഡ്സ് രോഗത്തിനെതിരെ വ്യപാകമായ പ്രചരണവും സ്ലൈഡ് പ്രദർശനവും നടത്തുക വ്യാപകവും സർവ്വസാധാരണവുമായ രീതിയിൽ കാണ്ടം വിതരണം ചെയ്യുകയും ലൈകിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യാവുന്നതാണ്.
- കണ്ണ്, രക്തം തുടങ്ങിയവ ദാനം ചെയ്യുന്നതിലേക്ക് ബോധവൽക്കരണം നടത്തുക. പോഷകാഹാരവിതരണം നിർദ്ധനരായവർക്ക് വീടുകളിൽ എത്തിച്ചുനല്കാൻ പദ്ധതി തയ്യാറാക്കുകയും ഇത് സന്നദ്ധസംഘങ്ങളെ ഏൽപ്പിക്കുകയും ചെയ്യുക.
- വൻചിലവ് വരുന്ന ചികിത്സാസൗകര്യങ്ങൾ എല്ലാമെഡിക്കൽ കോളേജുകളിലെങ്കിലും ഏർപ്പെടുത്തുകയും. ചികിത്സക്ക് വിധേയരാവണ്ടവർക്ക് സാമ്പത്തിക സഹായം പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തുകയും ആയതിനാൽ ഒരു കരുതൽ നിധിയും ഏർപ്പെടുത്തണം.

## കുടിവെള്ളം

നമ്മുടെ പഞ്ചായത്തിൽ കുടിവെള്ളം വേനൽകാലങ്ങളിൽ വളരെക്ഷാമം അനുഭവപ്പെടുന്നുണ്ട് മാത്രമല്ല ശുദ്ധജലത്തിൻെറ അഭാവം പല സാക്രമികരോഗങ്ങൾക്കും ഇടവരുത്തുന്നു. അത്താണി ഇൻഡസ്ട്രീയൽ ഏരിയായീൽ ചിറക്കുന്ന് ഭാഗത്ത് ജലമലിനീകരണം ഉണ്ടാകുന്നുണ്ട് കിഴക്കെ അങ്ങാടി.കോഞ്ചേരി, അഞ്ചങ്ങാടി, അത്തേക്കാട്,കയ്യങ്ങാടി, ചോറ്റുപാറ, ഈഞ്ഞകോട് 2-ാം വാർഡ് കോഴിക്കുന്ന് പടിഞ്ഞാട്ടുമുറി, വെങ്ങിണിപറമ്പ് കൊങ്ങൻപാറ,വട്ടായ്, എന്നി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

### പ്രശ്നങ്ങൾ

- പഞ്ചായത്തിൻെറ ഏതാണ്ടെല്ലാ വാർഡുകളിലും പയ്പ്പ്ലൈനുകൾ ഉണ്ട് എന്നാൽ വെള്ളം കിട്ടാറില്ല. (വാട്ടർ അതോറിറ്റിലൈൻ)
- നിലവിലുള്ള പയ്പ്പ്ലൈനുകളിലും, നിലവിലുള്ള പദ്ധതികളും ശരിയാംവണ്ണം പ്രവർത്തിക്കുന്നില്ലാത്തതും പണിതുടങ്ങേണ്ടവ മുടങ്ങികിടക്കുകയും ചെയ്യുന്നു.
- വേനൽ കാലങ്ങളിൽ കിണറുകൾ വറ്റുന്നു.

### പ്രശ്നങ്ങൾ

- വാട്ടർ അതോറിട്ടിലൈനുകളിൽ വെള്ളം കിട്ടാത്തതാണ് പ്രധാന കാരണം ആയതിന് കുടിവെള്ളം വിതരണത്തെ പവ്വർകട്ടിൽ നിന്നും ഒഴിവാക്കുക. പീച്ചി ഇറിഗേഷൻ വെള്ളം കൂടുതൽ ലഭ്യമാക്കുക.
- വേനൽ കാലങ്ങളിൽ കുഴൽകിണർ സംവിധാനങ്ങളിൽ പമ്പിങ്ങ്സ്റ്റേഷനുകളിൽ ഷിഫ്റ്റ് ജീവനക്കാരെ നിയമിക്കുക.
- അറ്റകുറ്റപണികൾ നടത്താൻ പഞ്ചായത്തുകളെ ഏൽപ്പിക്കുക.
- വെങ്ങിണിപറമ്പിൽ ഉൽഘാടനം ചെയ്ത (1995-ൽ) ത്വരിതശുദ്ധജലവിതരണ പദ്ധതി പണി ഉടൻ ആരംഭിക്കുക.
- ഹൗസ് കണക്ഷനുകൾ വെള്ളത്തിൻെറ ലഭ്യത അനുസരിച്ച് മാത്രം കൊടുക്കുക. വെള്ളത്തിൻെറ ഉപഭോഗം സ്ളാബുകൾ തിരിച്ച് കർശനമായി നിയന്ത്രിക്കുകയും യഥാകാലം പണം പിരിക്കുകയും ചെയ്യുക കുടിവെള്ളദുരുപയോഗം ചെയ്യുന്നവരുടെ ഹൗസ് കണക്ഷൻ റദ്ദാക്കുക.
- പുതിയ കുഴൽ കിണറുകൾ കുഴിക്കുക വെള്ളം ലഭിക്കാവുന്ന കിണറുകൾ പാറപൊട്ടിച്ച് താഴ്ത്തി സംരക്ഷിക്കുക.
- പീച്ചി കനാൽവെള്ളം പഞ്ഞമാസങ്ങളിൽ കുടിവെള്ളത്തിനായിമാത്രം വിടുക.
- പയ്പ്പ്ലൈനുകൾ എത്താത്തിടത്ത് പുതിയവ സ്ഥാപിക്കുക. വൻ പദ്ധതികൾക്ക് പകരം ചെറിയ ചെറിയ പദ്ധതികൾ പ്ളാൻ ചെയ്യുക.

## പട്ടിക - 4

| വാർഡ് | പദ്ധതിയും വെള്ളവും | ടാപ്പ് | ഹൗസ് കണക്ഷൻ | പൊതു കിണർ | ടാങ്കുകൾ | കുഴൽ കിണർ |
|---|---|---|---|---|---|---|
| 1 | ഓഗമെൻറഷൻ സ്കീം ലൈൻ | 5 | - | 7 | - | - |
| 2 | ഓഗമെൻറഷൻ സ്കീം ലൈൻ | 7 | - | 3 | - | 2 |
| 3 | ഓഗമെൻറഷൻ & കിള്ളന്നൂർ കോളനി കുഴൽ കിണർ മോട്ടോർ പമ്പിങ്ങ് | 15 | - | 5 | 1 | 2 |
| 4 | ഓഗമെൻറഷൻ സ്കീം | 6 | - | 5 | - | - |
| 5 | ഓഗമെൻറഷൻ സ്കീം | 15 | - | 5 | - | - |
| 6 | ഓഗമെൻറഷൻ സ്കീം & പഞ്ചായത്ത് പമ്പിങ്ങ് സ്റ്റേഷൻ കുഴൽ കിണർ | 7 | - | 8 | - | 1 |
| 7 | വാട്ടർ അതോറിറ്റി കുഴൽ കിണർ പമ്പിങ്ങ് | 15 | - | 4 | 1 | - |
| 8 | വാട്ടർ അതോറിറ്റി പൂമലഡാം പദ്ധതി & കുഴൽ കിണർ പമ്പിങ്ങ് | 40 | - | 3 | 1 | - |
| 9 | വാട്ടർ അതോറിറ്റി | 5 | - | - | - | - |

# ഗ്രാമസഭാ നിർദ്ദേശങ്ങൾ

## ആരോഗ്യം, കുടിവെള്ളം, പരിസര ശുചീകരണം

| ക്രമ നമ്പർ | പ്രശ്നങ്ങൾ | സാധ്യതകൾ | പ്രയോജനം |
|---|---|---|---|
| 1 | വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം ഇല്ല | പൈപ്പ് ലൈൻ ഇല്ലാത്ത പ്രദേശങ്ങളിൽ പൈപ്പ് ഇട്ട് വെള്ളം വിതരണം ചെയ്യുക. | പഞ്ചായത്തിലെ കുടി വെള്ളക്ഷാമം പരിഹരിക്കാം |
| 2 | പരിസര മലിനീകരണം ഉണ്ട് | റോഡുകളുടെ കാനകൾ കോരി മാസത്തിൽ ഒരിക്കൽ മരുന്ന് അടിക്കുക. | മലിനീകരണം തടയുകയും, രോഗങ്ങളെ തടഞ്ഞു നിർത്തുകയും ചെയ്യാം |
| 3 | ചാക്കോസൺ കെമിക്കൽസിൽ നിന്ന് പുറത്തു വിടുന്ന മലിന ജലം പരിസര പ്രദേശങ്ങളെ നശിപ്പിക്കുന്നു. | ഫാക്ടറിയുടെ ഉള്ളിൽ തന്നെ വെള്ളം ശുദ്ധീകരിച്ച് പുറത്തു വിടുക. | പരിസരമലിനീകരണം തടയാം |
| 4 | മലബാർ കാൻറിനിൽ നിന്നും പുറത്തുവിടുന്ന വെള്ളം പരിസരത്ത് ദുർഗന്ധം പരത്തുന്നു. | മലിനജലം പുറത്തേക്ക് ഒഴുക്കികളയാതിരിക്കുക. | പരിസരമലിനീകരണം തടയാം |

68

# 5③വ്യവസായം

കാർഷികമേഖലയോടൊത്ത് വികസിക്കേണ്ട ഒരു സുപ്രധാന മേഖലയാണല്ലോ വ്യാവസായിക രംഗം. പരമ്പരാഗതവും, ആധുനികവുമായ വ്യവസായ ചരിത്രം ഒന്നും അവകാശപ്പെടാൻ ഈ പഞ്ചായത്തിനില്ല. പുൽപ്പായനെയ്ത്ത്, കുട്ട, മുറം, പനമ്പ് നെയ്ത്ത് (മുളയിൽ) നാടൻതറിയിൽ കൈത്തറി നെയ്ത്തുകാർ, ബീഡിതെറുപ്പുകാർ തുടങ്ങിയ കൈത്തൊഴിലുകാർ ഈ പഞ്ചായത്തിൽ ഉണ്ട്. 1948ൽ ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വ്യവസായശാല മഹാലക്ഷ്മി കോട്ടൺ മിൽസ് സ്ഥാപിതമായത്. തുടക്കത്തിൽ 200 തൊഴിലാളികൾ പണിയെടുത്തിരുന്നു. വളരെക്കാലം മുമ്പു തന്നെ 6,7,8,9 വാർഡുകളിൽ കരിങ്കൽ ക്വാറികൾ ആരംഭിച്ചിരുന്നു. ആശാരിമാർ, കരുവാൻമാർ, കല്ലാശാരിമാർ തുടങ്ങിയ പരമ്പരാഗത തൊഴിലുകാർ ധാരാളം ഉണ്ട്. പപ്പട നിർമ്മാണ തൊഴിലാളികളും ഉണ്ട്.

തുന്നൽ വേല അറിയുന്ന സ്ത്രീ തൊഴിലാളികൾ വളരെയുണ്ട്. സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ നല്ലൊരുവിഭാഗവും ഈ പഞ്ചായത്തിൽ ഉണ്ടെന്ന് പ്രാഥമികാന്വേഷണത്തിൽ നിന്നും മനസ്സിലാകുന്നു. വൈരക്കൽ വ്യവസായം ഈ പഞ്ചായത്തിലെ ഒരു പ്രധാന വ്യവസായമാണ്. ഈ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവരിൽ നല്ലൊരു ശതമാനം സ്ത്രീകളാണ്. വിദേശങ്ങളിൽ പണിയെടുക്കുന്നവരും മറ്റ് സംസ്ഥാനങ്ങളിൽ പണിയെടുക്കുന്നവരുമായി ധാരാളം പേർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ധാരാളം റബ്ബർ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്.



## പ്രശ്നങ്ങൾ

പരമ്പരാഗത കൈത്തൊഴിലുകാരുടെ ഉൽപന്നങ്ങൾക്ക് മാർക്കറ്റുണ്ടെങ്കിലും സംഘടിതമായ ഒരു വിപണന സമ്പ്രദായം ഇല്ലാത്തതും, അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിൽ തന്നെ ഉണ്ടെങ്കിലും സൗകര്യപ്രദമായ ലഭ്യതയും പ്രശ്നമാണ്. വൈരക്കൽ വ്യവസായത്തിൽ പ്രാഗൽഭ്യം ഉള്ളവർ ഉണ്ടെങ്കിലും പൊതുമേഖലയിൽ തുടങ്ങാൻ പ്രയാസമുള്ള ഒരു വ്യവസായമാണ്. കരിങ്കൽ വ്യവസായത്തിൽ മെറ്റൽ പോളീഷ് വ്യവസായങ്ങൾക്കുള്ള സാധ്യതകൾക്കനുസരിച്ച് സംരംഭകർ ഇല്ലാത്തതും പ്രശ്നമാണ്. സാമ്പത്തികമായ പരാധീനത മൂലം കെട്ടിട നിർമ്മാണ രംഗത്തെ സിമൻറ് അധിഷ്ഠിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാൻ കഴിയുന്നില്ല. കൂടാതെ വൈദ്യുതി പ്രതിസന്ധിയുമുണ്ട്.

**പട്ടിക 1**

**വിദേശത്തും മറ്റു സ്റ്റേറ്റുകളിലുമായി ജോലി ചെയ്യുന്നവരുടെ പട്ടിക**

| ഇനം | വാർഡുകൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | I | II | III | IV | V | VI | VII | VIII | IX |
| വിദേശം | 23 | 12 | 12 | 12 | 9 | 2 | 2 | 5 | 4 |
| മറ്റു സ്റ്റേറ്റുകൾ | 8 | 8 | 0 | 1 | 4 | 0 | 1 | 0 | 6 |

പട്ടിക 2

## പ്രധാന വ്യവസായങ്ങൾ

| നമ്പ്ര് | പേര് | സ്ത്രീ തൊഴിലാളി | പുരുഷ തൊഴിലാളി | തൊഴിൽ നികുതി |
|---|---|---|---|---|
| 1 | ആലപ്പാട്ട്ഫോർജിങ്ങ്സ് | | 18 | 1285 |
| 2 | കെൽട്രോൺ പവ്വർ ഡിവൈസസ് | 51 | 69 | 6945 |
| 3 | ചാക്കോസൺസ് കെമിക്കൽസ് | | 58 | 5420 |
| 4 | മലബാർ ബിൽഡിങ്ങ്സ് പ്രൊഡക്ട്സ് ലി. | | 157 | 13710 |
| 5 | കെൽട്രോൺ റെക്റ്റിഫൈയേഴ്സ് | 31 | 84 | 19800 |
| 6 | രാജ്ഗോപാൽ ടെക്സ്റ്റൈൽ മിൽസ് | 1 | 278 | |
| 7 | ചിത്ര റബ്ബേഴ്സ് | | 3 | 300 |



പട്ടിക 3

## പഞ്ചായത്തിലെ ചെറുകിട തൊഴിൽ മേഖലകൾ

| നമ്പ്ര് | മേഖല തിരിച്ച് | എണ്ണം |
|---|---|---|
| 1 | ഹോളോബ്രിക്സ് സിമൻറ് കട്ടിള, ജനൽ തുടങ്ങിയവ | 2 |
| 2 | മെറ്റൽ ക്രഷർ | 1 |
| 3 | ഫർണീച്ചർ | 4 |
| 4 | വെൽഡിങ്ങ് ലെയ്ത്ത് | 5 |
| 5 | പെയിൻറിംഗ് മെക്കാനിക്ക് | 6 |
| 6 | ഫൈബർ | 1 |
| 7 | പ്ലാസ്റ്റിക് | 4 |
| 8 | ഈർച്ചമിൽ | 4 |
| 9 | ഓയിൽ മിൽ | 3 |
| 10 | റൈസ് മിൽ | 8 |
| 11 | ആയുർവേദ മരുന്ന് നിർമാണം | 1 |
| 12 | എഞ്ചിനീയറിങ്ങ് | 1 |
| 13 | റബ്ബർ | 3 |

### സാധ്യതകൾ

1. പരമ്പരാഗത കൈതൊഴിലുകാരുടെ (ബീഡി, പുൽപ്പായ, പനമ്പ്, കൊട്ടനെയ്ത്ത്, ഫർണീച്ചർ) കോ- ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിച്ച് അസംസ്കൃത വസ്തുക്കൾ ഇവിടെ തന്നെ ലഭിക്കുന്നത് സംഭരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ചെറിയ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. IRDP ലോണുകൾ, DWCRA പദ്ധതികൾ എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്.

2. കെൽട്രോണും, സീമെറ്റ് തുടങ്ങിയ സ്ഥാപനങ്ങളുടെ അനുബന്ധമായി സ്ത്രീകളുടെ ചെറുകിട യൂണിറ്റുകൾ സംഘടിപ്പിച്ചുകൊണ്ട് ആ സ്ഥാപനങ്ങൾക്കാവശ്യമായ ഉല്പന്നങ്ങൾ നിർമ്മിച്ചുകൊടുക്കുക. വളരെ ഉയർന്ന മാർക്കറ്റുള്ള, സ്റ്റെബിലൈസർ, ഇലക്ട്രോണിക്ക് ചോക്ക്, എമർജൻസി ലാമ്പ്, ഇൻവർട്ടർ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സംഘടിപ്പിക്കുക. ഇതിനോടനുബന്ധിച്ച് കെൽട്രോൺ പോലുള്ള വൻകിട ഫാക്ടറികൾ നവീകരിക്കുകയും ചെയ്യുക.

### പട്ടിക 2

## പ്രധാന വ്യവസായങ്ങൾ

| നമ്പ്ര് | പേര് | സ്ത്രീ തൊഴിലാളി | പുരുഷ തൊഴിലാളി | തൊഴിൽ നികുതി |
|---|---|---|---|---|
| 1 | ആലപ്പാട്ട് ഫോർജിങ്ങ്സ് | | 18 | 1285 |
| 2 | കെൽട്രോൺ പവ്വർ ഡിവൈസസ് | 51 | 69 | 6945 |
| 3 | ചാക്കോസൺസ് കെമിക്കൽസ് | | 58 | 5420 |
| 4 | മലബാർ ബിൽഡിങ്ങ്സ് പ്രൊഡക്ട്സ് ലി. | | 157 | 13710 |
| 5 | കെൽട്രോൺ റെക്റ്റിഫൈയേഴ്സ് | 31 | 84 | 19800 |
| 6 | രാജ്ഗോപാൽ ടെക്സ്റ്റൈൽ മിൽസ് | 1 | 278 | |
| 7 | ചിത്ര റബ്ബേഴ്സ് | | 3 | 300 |

### പട്ടിക 3

## പഞ്ചായത്തിലെ ചെറുകിട തൊഴിൽ മേഖലകൾ

| നമ്പ്ര് | മേഖല തിരിച്ച് | എണ്ണം |
|---|---|---|
| 1 | ഹോളോബ്രിക്സ് സിമൻറ് കട്ടിള, ജനൽ തുടങ്ങിയവ | 2 |
| 2 | മെറ്റൽ ക്രഷർ | 1 |
| 3 | ഫർണീച്ചർ | 4 |
| 4 | വെൽഡിങ്ങ് ലെയ്ത്ത് | 5 |
| 5 | പെയിൻറിംഗ് മെക്കാനിക്ക് | 6 |
| 6 | ഫൈബർ | 1 |
| 7 | പ്ലാസ്റ്റിക് | 4 |
| 8 | ഈർച്ചമിൽ | 4 |
| 9 | ഓയിൽ മിൽ | 3 |
| 10 | റൈസ് മിൽ | 8 |
| 11 | ആയുർവേദ മരുന്ന് നിർമാണം | 1 |
| 12 | എഞ്ചിനീയറിങ്ങ് | 1 |
| 13 | റബ്ബർ | 3 |

### സാധ്യതകൾ

1. പരമ്പരാഗത കൈതൊഴിലുകാരുടെ (ബീഡി, പുൽപ്പായ, പനമ്പ്, കൊട്ടനെയ്ത്ത്, ഫർണീച്ചർ) കോ- ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിച്ച് അസംസ്കൃത വസ്തുക്കൾ ഇവിടെ തന്നെ ലഭിക്കുന്നത് സംഭരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ചെറിയ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. IRDP ലോണുകൾ, DWCRA പദ്ധതികൾ എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്.

2. കെൽട്രോണും, സീമെറ്റ് തുടങ്ങിയ സ്ഥാപനങ്ങളുടെ അനുബന്ധമായി സ്ത്രീകളുടെ ചെറുകിട യൂണിറ്റുകൾ സംഘടിപ്പിച്ചുകൊണ്ട് ആ സ്ഥാപനങ്ങൾക്കാവശ്യമായ ഉല്പന്നങ്ങൾ നിർമ്മിച്ചുകൊടുക്കുക. വളരെ ഉയർന്ന മാർക്കറ്റുള്ള, സ്റ്റെബിലൈസർ, ഇലക്ട്രോണിക്ക് ചോക്ക്, എമർജൻസി ലാമ്പ്, ഇൻവർട്ടർ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സംഘടിപ്പിക്കുക. ഇതിനോടനുബന്ധിച്ച് കെൽട്രോൺ പോലുള്ള വൻകിട ഫാക്ടറികൾ നവീകരിക്കുകയും ചെയ്യുക.

3. റബ്ബർ പാലും ചകിരിനാരും സുലഭമായവ ഉപയോഗപ്പെടുത്തി ഫോംബെഡ് വ്യവസായങ്ങൾക്ക് യൂണിറ്റുകൾ ആരംഭിക്കാൻ സാമ്പത്തിക സഹായം നല്കുക.

4. കെട്ടിട നിർമ്മാണത്തിനാവശ്യമായ ജനൽ, കട്ടിള എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.

5. കരിങ്കൽ പോളീഷിങ്ങ്, മെറ്റൽ ക്രഷർ എന്നിവക്ക് ധാരാളം കരിങ്കൽ ശേഖരം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ഇത് ഉപയോഗപ്പെടുത്തിക്കൊണ്ട് വിദഗ്ദ്ധ സാങ്കേതിക സഹായത്തോടെ ഫാക്ടറി തുടങ്ങാവുന്നതാണ്. PMRY പദ്ധതികൾ ഇതിന് വേണ്ടി പ്രയോജനപ്പെടുത്താം.

6. വൈരക്കൽ മേഖല സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരികയും വ്യവസായാടിത്തറക്ക് വേണ്ട നിയമപരിരക്ഷയും സഹായങ്ങളും നല്കേണ്ടതാണ്. സഹകരണാടിസ്ഥാനത്തിലോ അല്ലാതെയോ ഈ വ്യവസായം തുടങ്ങാവുന്നതാണ്. വളരെ ചെറിയ മുതൽ മുടക്കും കൂടുതൽ ലാഭവും, മാർക്കറ്റും വൈദഗ്ദ്ധ്യം നേടിയ തൊഴിലാളികളും നല്ല സാദ്ധ്യതയാണ്.

N.B.: സർക്കാരിനും, പഞ്ചായത്തിനും, യാതൊരു നിയന്ത്രണവും ഇല്ലാത്ത കോടിയുടെ വിറ്റ് വരവും നോക്കുക



പട്ടിക 4

## വൈരക്കൽ കമ്പനിയും തൊഴിലാളികളും

| നമ്പ്ര് | കമ്പനിയുടെ പേര് | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
|---|---|---|---|---|
| 1 | നേച്ചർ ഡൈമണ്ട് | 35 | 32 | 67 |
| 2 | ലെനിൻ ഡൈമണ്ട് | 11 | 10 | 21 |
| 3 | അത്താണി ഡൈമണ്ട് | 25 | 10 | 35 |
| 4 | പഞ്ചായത്തിന് പുറത്ത് പണിയെടുക്കുന്നവർ | 18 | 3 | 21 |

"അവലംബം പ്രാഥമിക സർവ്വെ"

പട്ടിക 5

## ട്രൈസം തൊഴിൽ പരിശീലനം നേടിയവർ

| നമ്പ്ര് | പരിശീലനം സിദ്ധിച്ച മേഖല | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിൽ ചെയ്യുന്നവർ |
|---|---|---|---|---|
| 1 | കുടനിർമ്മാണം | 19 | 4 | 15 |
| 2 | പ്രസ്സ് | 8 | 7 | |
| 3 | ബുക്ക് ബൈൻഡിങ്ങ് (1991-1992) | 1 | 1 | |
| 4 | എംബ്രോയഡറി (1995-1996) | 1 | | |

പട്ടിക 6

## കരിങ്കൽ ക്വാറികളും തൊഴിലാളികളും

| വാർഡ് | ക്വാറികളുടെ എണ്ണം | തൊഴിലാളികൾ | മെറ്റൽ സ്ത്രീ തൊഴിലാളികൾ | ഒരു വർഷം ബോൾഡർ ഉൽപ്പാദനം ആകെ ലോറി ലോഡ് | ഒരു വർഷം ആകെ ലോഡുകളുടെ വില (രൂപ) | ഒരു വർഷം 6 ഇഞ്ച് മെറ്റൽ ലോറി ലോഡുകൾ | ഒരു വർഷം 6 ഇഞ്ച് മെറ്റൽ ലോറി ലോഡ് വിൽപ്പന |
|---|---|---|---|---|---|---|---|
| 6 | 4 | 50 | 24 | 3840 | 1344000 | 192 | 86400 |
| 7 | 35 | 500 | 26 | 33600 | 11760000 | 1680 | 756000 |
| 8 | 9 | 63 | 30 | 8640 | 3024000 | 432 | 194400 |
| ആകെ | 48 | 613 | 80 | 46080 | 1612800 | 2304 | 1036800 |

ഒരു വർഷത്തിൽ ആകെ വിറ്റുവരവ്: 17164800 രൂപ
പ്രാഥമിക സർവ്വെ അവലംബം

### ഗ്രാമസഭ നിർദ്ദേശങ്ങളും സാധ്യതകളും

1. സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്ന പരമ്പരാഗത കൈതൊഴിലുകാർ 3ാം വാർഡിൽ ധാരാളം ഉണ്ട്.
2. തയ്യൽ തൊഴിലാളികൾ ധാരാളം ഉണ്ട്. പണിയില്ല.
3. റബ്ബർ സുലഭമായി ഉൽപ്പാദിപ്പിക്കപ്പെടുന്നു.
4. കരിങ്കൽ ക്വാറികൾ ധാരാളം ഉണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള കരിങ്കൽ നിക്ഷേപം യാതൊരു നിയന്ത്രണവുമില്ലാതെ ചൂഷണം ചെയ്യപ്പെടുന്നു.
5. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തൊഴിൽ രഹിതരായ സ്ത്രീകൾ ധാരാളം ഉണ്ട്.
6. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർ ഉണ്ട്.
7. 7,8,9 വാർഡുകളിൽ ധാരാളം റബ്ബറും നാളികേരവും കൃഷിചെയ്യുന്നുണ്ട്. തൊഴിൽ രഹിതരായ ചെറുപ്പക്കാർ ധാരാളമുണ്ട്. വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല.

i കുട്ട, പായ്, പനമ്പ്, കൈത്തറി, കൈതൊഴിലുകാരെ സംഘടിപ്പിച്ച് ഒരു യൂണിറ്റ് ഉണ്ടാക്കാം.

ii റെഡിമെയ്ഡ് മാർക്കറ്റ് ധാരാളം ഉണ്ട്. തയ്യൽ തൊഴിലാളികളെ സംഘടിപ്പിച്ച് റെഡിമെയ്ഡ് വസ്ത്ര വ്യാപാരം തുടങ്ങുക.

iii. റബ്ബറധിഷ്ഠിത വ്യാവസായം ആരംഭിക്കുക.

iv സർക്കാർ ഉടമസ്ഥതയിലുള്ള കരിങ്കൽ നിക്ഷേപം പഞ്ചായത്തുകൾക്ക് കൈമാറി ഇവയുടെ നിയന്ത്രണത്തിൽ കൊണ്ടുവരിക. കരിങ്കൽ ഉപയോഗിച്ചുകൊണ്ടുള്ള വ്യവസായങ്ങൾ ഗ്രാനൈറ്റ് വ്യവസായം ആരംഭിക്കുക. ധാരാളം ഭൂമികൾ കുറഞ്ഞ വിലയിൽ ലഭിക്കാനുണ്ട്.

v. കോഴിത്തീറ്റ, അച്ചാർ തുടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുക.

vi ഇലക്ട്രോണിക് വ്യവസായം, ബൂസ്റ്റർ സ്റ്റെബിലൈസർ, ഇൻവർട്ടർ, ചോക്ക്, സ്റ്റെപ്പപ്പ് തുടങ്ങിയ 2 ആഴ്ചയിലെ ട്രെയിനിങ്ങ് കൊണ്ട് ആർക്കും ഉണ്ടാക്കാം.

vii ധാരാളമായി ഉൽപാദിപ്പിക്കപ്പെടുന്ന റബ്ബർ പാലും ചകിരി നാരും ഉപയോഗിച്ച് ഫോം ബെഡ് വ്യവസായ യൂണിറ്റ് ആരംഭിക്കാം.

# 5 ④ ഗതാഗതം ഊർജ്ജം

## റോഡുകൾ

ഗ്രാമീണ ജനസമൂഹത്തെ ബന്ധിപ്പിക്കുന്നതിലും കാർഷിക വികസനത്തിലും വ്യാവസായിക പുരോഗതിയിലും റോഡ് ഗതാഗതത്തിന് ഗണ്യമായ പങ്കാണുള്ളത്. 1970 ൽ പഞ്ചായത്ത് നിലവിൽ വരുമ്പോൾ ഉണ്ടായിരുന്ന റോഡുകൾ ഇടുങ്ങിയതും അതിൽപലതും സഞ്ചാരയോഗ്യമല്ലാത്തതും ആയിരുന്നു. റോഡുകളുടെ പ്രാധാന്യം മനസ്സിലാക്കിയ ജനത ജനപങ്കാളിത്തത്തോടുകൂടി കോഴികുന്ന്, വടക്കേച്ചിറ, കല്ല്യേപ്പടി, അമ്മാംകുഴി, ഉദയനഗർ, ചെട്ട്യാർകുന്ന്, പൂമല മലവായ്, കോഞ്ചേരി തുടങ്ങി ഒട്ടേറെ റോഡുകൾ വീതി കൂട്ടിയിട്ടുള്ളതാണ്. അഞ്ചമ്പലം, തച്ചനോടി ലൈൻ എന്നിവ പുതുതായി വെട്ടിയതുമാണ്. നിർമ്മാണരംഗത്ത് ചെലവഴിക്കേണ്ടതായ സംഖ്യയുടെ ഭൂരിഭാഗവും ഈയടുത്ത കാലത്തായി ഉയർന്നുവന്ന റോഡ് സംസ്കാരം വിഴുങ്ങികളഞ്ഞു.

തൃശ്ശൂർ - ഷൊർണ്ണൂർ സ്റ്റേറ്റ് ഹൈവേ 4 കി.മി ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. റെയിൽവേ കടന്നുപോകുന്ന ചുരുക്കം പഞ്ചായത്തുകളിൽ ഒന്നാണ് മുളകുന്നത്തുകാവ്. റെയിൽവേ സ്റ്റേഷൻ, 3 മിനിറ്റിൽ ഒന്നെന്ന ക്രമത്തിൽ സ്റ്റേറ്റ് ഹൈവേയിലും പഞ്ചായത്തിന്റെ പ്രാന്ത പ്രദേശങ്ങളിലേക്ക് ഏതാനും ബസ് സർവ്വീസുംഒരു ഓട്ടോ സ്റ്റാൻറും ഉണ്ട്. ഗ്രാമീണ റോഡുകളുടെ പൊതു വിവരണം താഴെ പട്ടിക വ്യക്തമാക്കും.

പട്ടിക 1

## റോഡുകളും നീളവും

**ടാർ റോഡുകൾ**

1 പറമ്പായ് - ചോറ്റുപാറ 2 1/2 കിമീ
2 പൂമല ഡാംസെറ്റ് 1 കിമീ
3 മുളകുന്നത്തുകാവ് FCI റോഡ് 1/2 കിമീ

**മൺറോഡുകൾ**

1 കിഴക്കെ ആലുക്കൽ 1/2 കിമീ
2 കല്ല്യേപ്പടി അരിങ്ങാടി 1/2 കിമീ
3 പറമ്പായ് - കുണ്ടുകാട് 8 കിമീ
4 വെൽഫെയർ റോഡ് 200 മീ
5 കൊല്ലംപറമ്പിൽ 500 മീ
6 പാടാശ്ശേരി ലൈൻ 1 കിമീ
7 അമ്പലപറമ്പിൽ ലൈൻ 400 മീ
8 കെൽട്രോൺ - മുക്കിലക്കാട് 200 മീ.
9 വട്ടായി - വടക്കൻ വട്ടായി 3 കിമീ
10 വടക്കൻ വട്ടായി - പോത്തുണ്ട് 2 1/2 കിമീ
11 പറമ്പായ് - ചോരത്തടം 1 1/2 കിമീ
12 മൃഗാശുപത്രി - വട്ടായി 3 കിമീ
13 പറമ്പായ് - പാളായി 1/2 കിമീ
14 പറമ്പായ് - തളിയൻകുണ്ട് 1400 മീ
15 കല്ല്യേപ്പടി - എടത്തലായ് 1 1/2 കിമീ
16 ശങ്കരപുരം റെയിൽവേ ലൈൻ 1/2 കിമീ
17 ചൂലിശ്ശേരി - കോഴിക്കുന്ന് 1 കിമീ

18 കുരുടി പീച്ചി കനാൽ ബണ്ട് റോഡ് 1കിമീ

19 കുരുടി പുളായ്ക്കൽ 3 കിമീ

20 ചോറ്റുപാറ - ചേലാടി 2 കിമീ

21 പൂവ്വക്കഴ- ആശാരിക്കാട് 2 1/2 കിമീ

22 കല്ല്യേപ്പടി - തടപറമ്പ് 2 കിമീ

23 കുറ്റൂർ ബ്രാഞ്ച് കനാൽ 2 കിമീ

24 കൊടുവേലി ലൈൻ 250 മീ.

25 തൈക്കാട്ടിൽ ലൈൻ 100 മീ

26 കൊടുവേലികുളം 70 മീ

27 ചോറ്റുപാറ- മലവായ് 2 കിമീ

28 ശങ്കരൻചിറ - പീച്ചികനാൽ പാലം 1 കിമീ

29 അത്തിക്കോട് - തിരൂർ - കനാൽപാലം 1/2 കിമീ

30 ഗ്രാമല - ഈഞ്ഞക്കോട് 2 കിമീ

31 കോഴികുന്ന് കിഴക്കെ സബ് ലൈൻ 1/2 കിമീ

32 ശങ്കരൻ ചിറ - അത്തേക്കാട് 1250 മീ.

33 കുറ്റൂർ ബ്രാഞ്ച് കനാൽ ബണ്ട് 2 1/2 കിമീ

34 മുളകുന്നത്തുകാവ് കാഞ്ഞങ്ങാട്ട് 1/2 കിമീ

35 അരിങ്ങഴി ലക്ഷംവീട് 1 കിമീ

36 ചോറ്റുപാറ - തെയ്യത്താൻകുണ്ട് (വടക്കൻ വട്ടായി) 1 1/2 കിമീ

37 കല്ലാറ്റ് മഠം റോഡ് 1/2 കിമീ

38 കോഴികുന്ന് റോഡ് സബ്ബ്ലൈൻ 1/2 കിമീ

39 പറമ്പായ് തെയ്യത്താൻകുണ്ട് റോഡ് 1 കിമീ

40 കുറ്റൂർ ബ്രാഞ്ച് സബ് ലൈൻ 550 മീ.

41 വിളക്കത്തല ലൈൻ 300 മീ

42 ചെട്ട്യാർകുന്ന് റോഡ് 900 മീ

43 ഇഞ്ചകുണ്ട് റോഡ് 510 മീ

44 അത്തേക്കാട് കോളനി (എടപ്പൻപാറ റോഡ്) 500 മീ

45 അമ്മാംകുഴി - കുഴമ്പാടം റോഡ് 200 മീ

46 ഗ്രാമല - മിച്ചഭൂമി 1 കിമീ

കച്ചറോഡുകൾ

1 പെരുങ്കുഴി - അത്തിക്കോട് 2 കിമീ

2 പാളായി - ചെല്ലിറോഡ് 1 കിമീ

3 ശങ്കരൻചിറ - വെട്ടുകുണ്ട് 1 1/2 കിമീ

4 മുളകുന്നത്തുകാവ് കണ്ണംകുളം 1/2 കിമീ

5 കൊങ്ങൻപാറ - റെങ്കിണിപറമ്പ് 1 കിമീ

6 പാത്രക്കുഴി - കല്ല്യേപ്പടി 1100 മീ

7 തിരൂർ - കുണ്ടുകാട് റോഡ് 1 കിമീ

മെറ്റൽ റോഡുകൾ

1 കുറ്റൂർ ബ്രാഞ്ച് - കനാൽ ബണ്ട് 1300 മീ ( In backside of FCI

2 ആക്കോടി - ചിറകുന്ന് 3 1/2 കിമീ

3 ജനതാ റോഡ് 2 കിമീ

## പ്രശ്നങ്ങൾ

### A റോഡ്

കുന്നിൻചെരുവുകളും പാറകൂട്ടങ്ങളും സമതലങ്ങളും ഇടകലർന്ന ഭൂപ്രകൃതിയിൽ റോഡുകളുടെ അഭാവം പഞ്ചായത്ത് വികസനത്തെ സാരമായി ബാധിക്കുന്നു. 9-ാം വാർഡിലെ മലവായ് ദേശവാസികൾക്ക് ഈ വാർഡിലെ തന്നെ വടക്കേച്ചിറയിൽ എത്തിച്ചേരണമെങ്കിൽ കാൽനടയായി പോകാൻ നിർവ്വാഹമില്ല. ഏകമാർഗ്ഗം, തിരൂരിൽവന്ന് കോലഴി, വിൽവട്ടം, മാടക്കത്തറ പഞ്ചായത്തുകളിലൂടെ 12 കി.മീ ബസ് യാത്രചെയ്യുക എന്നതാണ്. 7-ാം വാർഡ് നിവാസികൾക്ക് പഞ്ചായത്തിൽ വരണമെങ്കിൽ 8 കി.മീ മേൽപറഞ്ഞ പഞ്ചായത്തുകളിലൂടെ ബസ്സിനെ ആശ്രയിക്കണം. 6-ാം വാർഡിൽ അത്തേക്കാട് കോളനിയിൽ 63 കുടുംബങ്ങൾ കോലഴി പഞ്ചായത്തിന്റെ 1-ാം വാർഡിന്റെ അവസാനമായി ഒരു തുരുത്ത് പോലെ കിടക്കുന്നു. നിലവിലുള്ള റോഡുകളിൽ പലതും ഉരുളൻ കല്ലുകളും ചെങ്കുത്തായ കയറ്റിറക്കങ്ങളും മൂലം ശോചനീയ അവസ്ഥയിലാണ്.

പീച്ചി കനാൽമൂലം 1-6 വരെ വാർഡുകൾ രണ്ട് കരയായി കിടക്കുന്നതിനാൽ പാലങ്ങൾ അത്യാവശ്യമാണ്. നിലവിലുള്ള ടാർറോഡുകൾ ഇളകിപൊളിഞ്ഞും മലംചെരിവുകളിലെ റോഡുകളുടെ പാർശ്വങ്ങൾ ഇടിഞ്ഞും കിടക്കുന്നു.

B ഗതാഗതം

പൂമല, പറമ്പായ് വഴി വട്ടായി ബസ്സ് സർവ്വീസ് ഇല്ല. ലാഭകരമല്ലാത്തതിനാൽ സർവ്വീസ് നടത്തുവാൻ കഴിയുന്നില്ലെന്ന് ബസ്സുടമകൾ പറയുന്നു. സ്റ്റേറ്റ് ഹൈവേയിൽ ലിമിറ്റഡ്സ്റ്റോപ്പ് സംവിധാനം നിലവിലുള്ളതിനാൽ യാത്രക്കാർക്ക് 1/2 മണിക്കൂറിലധികം ചിലപ്പോൾ ബസ്സ് കാത്തുനിൽക്കേണ്ടതായി വരുന്നുണ്ട്. വെളപ്പായ ജംഗ്ഷനിൽ മാത്രമാണ്ഒരു ലിമിറ്റഡ് സ്റ്റോപ്പുള്ളത്. തൃശ്ശൂർ മെഡിക്കൽ കോളേജ് റോഡിൽ വെളപ്പായ റോഡിലുള്ള റെയിൽവേ ഗേറ്റ് തുറക്കുന്നതും കാത്ത് കിടക്കേണ്ടി വരുന്നതിനിടയിൽ അത്യാസന്ന രോഗികൾ മരിക്കാനിടയായിട്ടുണ്ടെന്ന് അറിയുന്നു.

## സാധ്യതകൾ

1. മലവായ് നിന്നും വടക്കേ ചിറയിലേക്ക് പുതിയ റോഡ് നിർമ്മിക്കുക. (വഴിക്കാവശ്യമായ സ്ഥലം ജനങ്ങൾ നല്കും)

2. മലവായിൽനിന്നും പൂമലയിലേക്ക് പുതിയ റോഡ് (ഭൂമി ജനങ്ങൾ നല്കും)

3. കോഞ്ചേരിയിൽ നിന്നും കല്ലേപ്പടിയിലേക്ക് ശ്രീനാരായണപുരം വഴി റോഡ്

4. അമ്മാംകുഴിയിൽനിന്നും ശങ്കരപുരത്തേക്ക് പുതിയ റോഡ്

5. അത്തിക്കോട് നിന്നും ചീനിംകുന്നത്തേക്ക് പുതിയ റോഡ് നിർമ്മിക്കുക.

## ടാർ ചെയ്യേണ്ടത്

1. കുരുടി - പൊട്ടച്ചിറ
2. ശങ്കരൻചിറ - കൊങ്ങൻപാറ
3. ചിറക്കുന്ന്- അത്താണി
4. കല്ലേപ്പടി - നമ്പ്രം
5. വട്ടായ് - വടക്കൻ വട്ടായ്
6. ചോററുപാറ - പൂമല ഡാം
7. തടപ്പറമ്പ് - പൂമല

## പാലങ്ങൾ പണിയേണ്ടത്

1. മുണ്ടപ്പിള്ളി കനാൽപ്പാലം
2. പാലക്കുടി കനാൽപ്പാലം
3. പൂളായ്ക്കൽ - കുരുടി
4. ഈഞ്ഞക്കോട്
5. അരിങ്ങാഴി

## വീതി കൂട്ടേണ്ട റോഡുകൾ

1. കോക്കുളങ്ങര - കോഴിക്കുന്ന്
2. ശങ്കരപുരം റോഡ്
3. തിരൂർ- അഞ്ചങ്ങാടി
4. വെളപ്പായ - ചിറകുന്ന്
5. ചിറകുന്ന് - അത്താണി
6. ചെട്ട്യാർകുന്ന്
7. കൊല്ലംപറമ്പിൽ റോഡ്
8. കിലറോഡ്
9. എടത്തറ റോഡ്
10. ഗ്രൗണ്ട് റോഡ്
11. അത്തിക്കോട് -പെരുംകുഴി റോഡ്

## നിർമ്മാണത്തിലിരിക്കുന്നവ

1. വെളപ്പായ - കോക്കുളങ്ങര (ഫണ്ട് 1 1/2 ലക്ഷം)
2. പൂളായ്ക്കൽ വടക്കേച്ചിറ ജെ.ആർ.വൈ പഞ്ചായത്ത്)
3. കോഞ്ചേരി തടപ്പറമ്പ് (2 1/2 ലക്ഷം വി.ആർ.എം ഗ്രാൻറ് )
4. അമ്മാംകുഴി (50000 റി.ടി.സി ഗ്രാൻറ്)

## ഗതാഗതം

I ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകളുടെ ആധിക്യം മൂലം യാത്രക്കാർക്ക് വളരെയേറെ ദുരിതം അനുഭവിക്കേണ്ടിവരുന്നു. ലിമിറ്റഡ് സ്റ്റോപ്പുകളുടെ ദൂരം മിനിമം 10 കി.മീ ആയി വർദ്ധിപ്പിക്കുകയും ആകെ ബസ്സുകൾക്ക് ലിമിറ്റ് ചെയ്യുന്ന സ്റ്റോപ്പുകൾ എല്ലാ ബസ്സ്റ്റോപ്പുകളേയും ഉൾപ്പെടുത്തി ബസ്സുകൾക്ക് നമ്പർ നല്കുക. ഈ സംവിധാനംമൂലം ബസ്സുകളുടെ മത്സര ഓട്ടം ഒഴിവാക്കാം.

II നഷ്ടം വരുന്ന ബസ്റൂട്ടുകളിൽ ജീപ്പ് മിനി വാഹനങ്ങൾ എന്നിവയ്ക്ക് സർവ്വീസ് നടത്താൻ ഉദാരമായ ലൈസൻസ് സംവിധാനം ഏർപ്പെടുത്തുക.

III

(a) മെഡിക്കൽ കോളേജ് റോഡിൽ മേൽപ്പാലം പണിയുക. ടോൾ സമ്പ്രദായം ഏർപ്പെടുത്തി സഹകരണമേഖലക്ക് കൊടുക്കുക.

(b) ജില്ലാപഞ്ചായത്ത് നേതൃത്വം കൊടുത്ത് പഞ്ചായത്തുകളുടെ സഹകരണത്തോടെ പണിയുക. മുളകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് 80000 /- രൂപ 95-96 ബഡ്ജറ്റിൽ വക കണ്ടെത്തിയിട്ടുണ്ട്.

## iv റെയിൽ ഗതാഗതം

1892 ഓടെയാണ് റെയിൽവേ ലൈനും (നാരോ ഗേജ്) മുളകുന്നത്തുകാവ് റെയിൽവേ സ്റ്റേഷനും സ്ഥാപിതമായത്. അതിനുശേഷം നാരോഗേജ് ബ്രോഡ് ഗേജ് ആയും ഒരു ട്രാക്ക് 2 ട്രാക്ക് ആയും വികസിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജ്, കേരള സ്റ്റേറ്റ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) FCI ഗോഡൗൺ, കെൽട്രോൺ, സ്റ്റീൽ ഇൻഡസ്ട്രിയൽ സെൽക്ക്, അത്താണി, സി-മെറ്റ്, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അത്താണി, നെല്ല് സംഭരണ വിപണന കേന്ദ്രം (ജില്ലാ സഹകരണബാങ്ക്) തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലും തൊട്ടടുത്ത അവണൂർ, മുണ്ടത്തിക്കോട് പഞ്ചായത്തുകളിലുമായി സ്ഥിതിചെയ്യുന്നു എന്നതിനാൽ റെയിൽവേ ഗതാഗതത്തിന്റെ പ്രസക്തി വ്യക്തമാണല്ലോ.

## പ്രശ്നങ്ങൾ

റെയിൽവേ സ്റ്റേഷനിൽ വിശ്രമിക്കുന്നതിനോ , കുടിവെള്ളത്തിനോ സൗകര്യമില്ല. മൂത്രപ്പുരയും ഇല്ല. സ്റ്റേഷനിലേക്ക് വരുന്നതിന് നല്ല ഒരു റോഡ് പോലുമില്ല. പാസഞ്ചർ വണ്ടികൾ മാത്രമാണ് ഇവിടെ നിറുത്തുന്നത്. ഭക്ഷണശാലയുടെ അപര്യാപ്തതയും ഒരു പ്രശ്നമാണ്.

പട്ടിക 2

## വണ്ടി സമയങ്ങൾ

| നമ്പർ | വണ്ടിയുടെ പേര് | സമയം |
|---|---|---|
| 321 | ഷൊർണ്ണൂർ - കൊച്ചിൻ | 05.37 |
| 515 | തൃശ്ശൂർ - കോഴിക്കോട് | 06.14 |
| 322 | കൊച്ചിൻ - ഷൊർണ്ണൂർ | 09.32 |
| 323 | ഷൊർണ്ണൂർ - കൊച്ചിൻ | 17.16 |
| 324 | കൊച്ചിൻ- ഷൊർണ്ണൂർ | 20.19 |
| 513 | കോയമ്പത്തൂർ - തൃശ്ശൂർ | 20.16 |

## സാധ്യതകൾ

1. കൂടുതൽ വണ്ടികൾ സ്റ്റേഷനിൽ നിർത്തുക

2. കുടിവെള്ളം, വിശ്രമസൗകര്യം, റോഡ്, ഭക്ഷണശാല മൂത്രപ്പുര എന്നിവ നിർമ്മിക്കേണ്ടതാണ്.

## പട്ടിക 3 പാസഞ്ചർ വണ്ടികളുടെ വരുമാനം

| നമ്പർ | വർഷം | വരുമാനം |
|---|---|---|
| 1 | 1992 | 1,19,599 |
| 2 | 1993 | 1,22,046 |
| 3 | 1994 | 1,35,925 |
| 4 | 1995 | 1,51,780 |
| 5 | 1996 | 1,42,538 |

(ഒക്ടോബർ വരെ)

## ഗ്രാമസഭ നിർദ്ദേശങ്ങളും സാധ്യതകളും

1. കൃഷിക്കാർക്ക് കൃഷിയിടങ്ങളിൽ പ്രവേശിക്കാൻ ഗതാഗതസൗകര്യമില്ല.

2. മാരാർ റോഡ് മുതൽ ചൂലിശ്ശേരി വരെ റോഡ് ഗതാഗതസൗകര്യമില്ല.

3. കല്ല്യേപടി നമ്പ്രം റോഡ് ഗതാഗത സൗകര്യമില്ല. 6 കിമീ ഉണ്ട്.

4. പൊട്ടച്ചിറയിൽ നിന്നും ചോറ്റുപാറയിലേക്ക് ഗതാഗതസൗകര്യമില്ല.

5. പൂളായ്ക്കൽ നിന്നും വടക്കേച്ചിറ വഴി ചോറ്റുപാറയിലേക്ക് ഗതാഗത സൗകര്യമില്ല.

6. തളിയമ്പാറ കരുവാൻ കാട് റോഡ് സഞ്ചാരയോഗ്യമല്ല.

7. മാറ്റാംപുറത്ത് നിന്നും കൊങ്ങൻപാറ വഴി മുളകുന്നത്തുകാവ് മെഡിക്കൽ കോളേജ്റോഡ് സൗകര്യം ഇല്ല.

8. തിരൂർ സെമിനാരി വഴി ചോറ്റുപാറ റോഡ് ബസ്സ് ഗതാഗതം ഇല്ല.

9. പൂളാക്കലിൽ നിന്നും മലവായ് വരെ റോഡ് സൗകര്യം ഇല്ല.

10. കോഴികുന്ന് പ്രദേശത്തെ ജനങ്ങൾക്ക് ബസ്സ് സൗകര്യം ലഭിക്കുന്നതിന് വേണ്ടി ഏകദേശം2 കിമീറ്ററോളം തിരൂർ മുളകുന്നത്തുകാവ് എന്നിവിടങ്ങളിലേക്ക് നടക്കേണ്ടി വരുന്നു.

11. ഒന്നാം വാർഡിൽ അമ്മാംകുഴി പ്രദേശത്തെ ജനങ്ങൾക്ക് ശങ്കരപുരം പ്രദേശത്തേക്ക് പോകുന്നതിന് റോഡ് ഇല്ല.

12. പൊട്ടച്ചിറയിൽ നിന്ന് വെങ്ങിണിപറമ്പ് കൊങ്ങൻ പാറ വഴി ചോറ്റുപാറയിലേക്ക് ഗതാഗതസൗകര്യം ഇല്ല.

13. വൈദ്യുതി സൗകര്യമില്ലാത്തതിനാൽ കർഷകർക്ക് ജലസേചന സൗകര്യമില്ല.

1. കോഴിക്കുന്ന് പുത്തൻതോടിന് കിഴക്കുവശത്തായി പുറമ്പോക്ക് ഭൂമിയിൽകൂടി ട്രാക്ടർ റോഡ് നിർമ്മിക്കുക.

2. കോഴിക്കുന്ന് കോക്കുളങ്ങര വഴി ചൂലിശ്ശേരിയിലേക്ക് ബന്ധിപ്പിക്കുന്ന ഒരു പ്രധാനറോഡ് വീതികൂട്ടി ടാറിംഗ് ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

3. കോഞ്ചേരി റോഡ് അരങ്ങുഴിക്കുളം പാടശേഖരങ്ങളിൽ കൂടി കല്ല്യേ പടി പാടശേഖരങ്ങളിലേക്ക് റോഡ് നിർമ്മിക്കുക.

4. പൊട്ടച്ചിറയിൽ നിന്നും ചോറ്റു പാറയിലേക്ക് റോഡ് നിർമ്മിക്കുക.

5. പൂളാക്കൽ നിന്നും ചോറ്റുപാറയിലേക്ക് റോഡ് നിർമ്മിക്കുക.

6. കരുവാൻകാട് നിന്നും തളിയമ്പാറയിലേക്ക് റോഡ് ടാർ ചെയ്യുക. ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കാം.

7. മാറ്റംപുറത്തുനിന്നും കൊങ്ങൻപാറ വഴി മുളകുന്നത്തുകാവ് മെഡിക്കൽ കോളേജിലേക്ക് റോഡ് വീതി കൂട്ടി ടാർ ചെയ്യുക. ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുക.

8. പുതിയ ബസ്സ് റൂട്ട് അനുവദിക്കുക.

9. പുതിയ റോഡ് നിർമ്മിക്കുക.

10. തൃശ്ശൂരിൽ നിന്നും കോഴികുന്ന് വഴി മെഡിക്കൽകോളേജിലേക്ക് ബസ്സ് റൂട്ട് ഏർപ്പെടുത്തുക.

11. അമ്മാംകുഴിയിൽ നിന്നും ശങ്കരപുരത്തേക്ക് വഴിപ്പാടം വഴി പുതിയ റോഡ് നിർമ്മിക്കുക.

12. കുഴൽകിണറിന്റെ സമീപത്ത് നിന്നും തെയ്യത്താൻ കുണ്ട് വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

13. കിഴക്കേ അങ്ങാടി മുതൽ കുയ്യാലി പാലം വരെയുള്ള റോഡ് നന്നാക്കുക.

14. നിലവിലുള്ള റോഡ് വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക. ജനപങ്കാളിത്തത്തോടുകൂടി നിർമ്മിക്കാം.

15. കർഷകർക്ക് ആവശ്യമായ മണ്ണെണ്ണ വിതരണം ചെയ്യുക.

16. പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കുക.

17. അനർട്ട് വിതരണം നടത്തുന്ന ഇലക്ട്രോണിക് ചോക്ക് നമ്മുടെ പഞ്ചായത്തിൽ വ്യാപകമാക്കുക.

# ഊർജ്ജം

സുപ്രധാനവും കമ്മിയും നേരിടുന്ന മേഖലയാണല്ലോ വൈദ്യുതി. വൈദ്യുതിയുടെഅഭാവം കേരളത്തെ സംബന്ധിച്ചിടത്തോളം വ്യാവസായിക മുരടിപ്പിന് വഴിതെളിയിച്ചിരിക്കുന്നു എന്നത് യാഥാർത്ഥ്യമാണ്. ഗാർഹികാവശ്യങ്ങൾക്ക്പോലും പവർകട്ട് ഏർപ്പെടുത്തേണ്ടിവരുന്നു. അത്രയും ഗുരുതരമായ പ്രതിസന്ധിയാണ് ഈമേഖല നേരിടുന്നത്. വിദൂര കാഴ്ചപ്പാടില്ലാത്ത വനനശീകരണം നമ്മുടെ പരിസ്ഥിതിയെ മാത്രമല്ല അടുക്കളയെപ്പോലും ബാധിച്ചിരിക്കുന്നു. പാഴായിപോകുന്ന വൈദ്യുതി, വിറക്, പെട്രോൾ, ഡീസൽ, മണ്ണെണ്ണ എന്നീ ഇന്ധനങ്ങൾ നമ്മുടെ ഓരോ തുള്ളി രക്തം പോലെ കാണേണ്ടതുണ്ട്. നമ്മുടെ ആവശ്യത്തിന്റെ അടുത്തെങ്ങുപോലും എത്തുന്നില്ല നമ്മുടെ ഉല്പാദനമേഖല എന്നുള്ളത് ഗൗരവപൂർവ്വം കാണാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ല.വൈദ്യുതി മരങ്ങൾ, ഡീസൽ, മണ്ണെണ്ണ, പെട്രോൾ തുടങ്ങിയവ അമൂല്യങ്ങളായി കാണേണ്ടകാലം അതിക്രമിച്ചിരിക്കുകയാണ്.

പട്ടിക 4

## ഇന്ധനത്തിന്റെ ഉപഭോഗം

| ഇനം | വാർഡുകൾ | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| വിറക് | 346 | 231 | 483 | 250 | 234 | 261 | 231 | 214 | 231 |
| മണ്ണെണ്ണ | 72 | 202 | 44 | 75 | 35 | 13 | 50 | 5 | 5 |
| ഗ്യാസ് | 33 | 37 | 17 | 50 | 46 | 7 | 3 | 6 | 9 |



പട്ടിക 5

| നിലവിലുള്ള ഗുണഭോക്താക്കൾ | കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകർ | തൻവർഷത്തെ കണക്ഷൻ | സ്ട്രീറ്റ് ലൈറ്റുകൾ |
|---|---|---|---|
| 1 ഗാർഹികം - 2127 | 1 ഓർഡിനറി - 144 | 1 ഓർഡിനറി - 15 | 1 ബൾബ് (40W) 658 |
| 2 വ്യാപാരം - 252 | 2- OTP 8 | 2 - OTP - 8 | 2 ട്യൂബ് ( „ ) 106 |
| 3 വ്യവസായികം -71 | 3- OYEC 43 | 3- OYEC - 50 | |
| 4 കാർഷികം - 578 | | | |

അവസാനം നല്കിയ കണക്ക്ഷൻ അപേക്ഷ തിയ്യതി – 4-11-96

അവലംബം : KSEB മുളകുന്നത്തുകാവ് റെജിസ്റ്റർ

## പ്രശ്നങ്ങൾ

1. വളരെയേറെ കമ്മിസംസ്ഥാനമായ കേരളത്തിൽ ഇന്നും നാം കണ്ണുതുറന്നിട്ടില്ല. ഓരോ വീടുകളിലും വൈദ്യുതി പാഴാക്കി കളയുന്നു. നഗരസൗന്ദര്യത്തിനും ഉത്സവഭംഗിക്കും ചിലവഴിക്കപ്പെടുന്ന വൈദ്യുതി അമൂല്യമാണ്. ഗാർഹികാവശ്യങ്ങൾക്ക് വൈദ്യുതി ഇന്നത്തെ അവസ്ഥയിൽ ഒഴിച്ചുക്കൂടാനാവാത്തതാണെങ്കിലും വൈദ്യുതി ധൂർത്ത്ദേശീയ നഷ്ടമായി കാണേണ്ടതാണ്.

2. നമ്മുടെ പഞ്ചായത്തിൽ പ്രധാനമായി ഉപയോഗിക്കപ്പെടുന്ന ഇന്ധനം വിറക് തന്നെയാണ്. ഭാഗികമായും, ദുർലഭമായും മാത്രമാണ് ഗ്യാസ്, മണ്ണെണ്ണ തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിക്കപ്പെടുന്നത്. ഗ്യാസ് ഉള്ളിടത്തുതന്നെ അത്യാവശ്യം മാത്രം ഉപയോഗിക്കുകയുംബാക്കി വരുന്നത് വിറക് കൊണ്ടും നിറവേറ്റുന്നു.

3. ഹർണീച്ചറുകൾ, കെട്ടിടനിർമ്മാണം എന്നീ ആവശ്യങ്ങൾക്കായി വൻതോതിൽ മരങ്ങൾമുറിച്ച് നീക്കുന്നു. മാർക്കറ്റിൽ ഒരു കട്ടി വിറകിന് 30 രൂപവരെ വില നല്കേണ്ടതായി വരുന്നു.

മണ്ണെണ്ണ, പെട്രോൾ തുടങ്ങിയ ഇന്ധനങ്ങളുടെ വിലനിലവാരത്തെ കുറിച്ച് നമ്മുക്കറിയാവുന്നതാണല്ലോ.

# 5 ⑦ ഭവന നിർമ്മാണം

**ക്ഷേമ പ്രവർത്തനങ്ങൾ**

തൃശൂർ ടൗണിനോട് അടുത്ത് കിടക്കുന്ന പഞ്ചായത്താണെങ്കിലും കൂറ്റൻ കെട്ടിടങ്ങൾ പണി തുയർത്തുന്ന പ്രവണത ഈയടുത്ത കാലത്തായിട്ടാണ് കണ്ടുവരുന്നത്. 2 നിലയിൽ കൂടുതലുള്ള വീടുകൾ പഞ്ചായത്തിൽ ഇല്ല. ഭൂരിഭാഗം വീടുകളും ഓടിട്ടതാണ്. കുറച്ചു മാത്രം ടറസ്സുകളും. നാമമാത്ര കുടിലുകളും ഉണ്ട്. ഭവന രഹിതരായ വാടകക്കാരും. പുറമ്പോക്ക് നിവാസികളും ഈ പഞ്ചായത്തിൽ ഉണ്ട്. കെട്ടിട നിർമ്മാണരംഗം സജീവമായതിനെതുടർന്ന് ഏതാണ്ടെല്ലാ കർഷക തൊഴിലാളികളും നിർമ്മാണ തൊഴിൽ രംഗത്തേക്ക് മാറിയിരിക്കുകയാണ്. ഉയർന്ന കൂലി നിരക്കാണ് ഇതിന് കാരണം. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ (NRI സ്കീം) 50 വീടുകളോടുകൂടിയ ഒരു ഹൗസിങ്ങ് കോംപ്ലക്സ് 4-ാം വാർഡിൽ പണി നടന്നു വരുന്നു.

**പ്രശ്നങ്ങൾ**

1. പുറമ്പോക്കിലും, 4 സെന്റ് മിച്ചഭൂമികളിലും കുടിൽ കെട്ടി താമസിക്കുന്നവരും വലിയ വാടക നല്കി മറ്റു വീടുകളുടെ ചായ്പ്പുകളിൽ കഴിഞ്ഞുകൂടുന്നവരുമായ ഭവനരഹിതർ ധാരാളം ഉണ്ട്.
2. നിർമ്മാണച്ചിലവ് ഗണ്യമായി വർദ്ധിക്കുന്നതിനാൽ ഇടത്തരക്കാർക്കും വീട് പണി അസാദ്ധ്യമായി വരുന്നു.
3. സർക്കാർ ധനസഹായം (IAY, JRY, MWS) രാജീവ് ഗാന്ധി ദശലക്ഷം പാർപ്പിട പദ്ധതി തുടങ്ങിയ ഇന്നത്തെ പദ്ധതിയിലൂടെ അനുവദിക്കപ്പെടുന്ന തുക നിർമ്മാണ ചിലവുമായി ബന്ധപ്പെടുത്തുമ്പോൾ അപര്യാപ്തവും. ഗഡുക്കളായി അനുവദിക്കുന്ന സംഖ്യക്ക് കാലതാമസം നേരിടുന്നു. ഇക്കാരണത്താൽ തുടർച്ചയായി പണി നടത്താൻ കഴിയാതെ 4 ഘട്ടമായി പണി തീർക്കേണ്ടിവരുന്ന ഗുണഭോക്താവിന് നിർമ്മാണചിലവും അദ്ധ്വാനവും കൂടുന്നു. ഗുണഭോക്താവിന് തന്റെ സ്വന്തം തൊഴിൽ ദിനങ്ങൾ ഏറെ നഷ്ടപ്പെടുന്നു. തുടർച്ചയായി പണിയാൻ കഴിഞ്ഞാൽ ഒരാഴ്ച കൊണ്ട് തീർക്കേണ്ട പണിക്ക് 4 ഗഡുക്കളായി തീർക്കുമ്പോൾ 4 ആഴ്ചയായി മാറുന്നു.
4. ലക്ഷം വീടുകൾ ഒറ്റവീടാക്കുക : - ലക്ഷം വീടുകൾ പഴക്കം ചെന്നതും പുതുക്കി പണിയേണ്ടവിധം കേടുപാടുകൾ സംഭവിച്ചിട്ടുള്ളതും അപകടസാധ്യത പതിയിരിക്കുന്നതും ആണ്.
5. ടൗൺ കേന്ദ്രീകരിച്ച് നടക്കുന്ന കൂറ്റൻ കെട്ടിട പണികളിൽ നിർമ്മാണ തൊഴിലാളികൾ കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ ഗ്രാമീണ മേഖലയിൽ വേണ്ടത്ര തൊഴിലാളികളെ കിട്ടാൻ പ്രയാസം നേരിടുന്നു.
6. ഭവന നിർമ്മാണ സഹായ പദ്ധതികളിൽ ഇപ്പോൾ ലഭിക്കുന്ന ധനസഹായം ഭവന നിർമ്മാണചിലവുമായി താരതമ്യം ചെയ്യുമ്പോൾ അപര്യാപ്തമാണ്. 81

**പട്ടിക I**

**പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം**




**പഞ്ചായത്ത് റെജിസ്റ്റർ അവലംബം**

**സാദ്ധ്യതകൾ**

1. പുറമ്പോക്ക് നിവാസികൾക്ക് ഭൂമിയും വീടും നല്കുക. പുനരധിവാസ പദ്ധതി വ്യാപകമാക്കുക.
2. ഗുണഭോക്താക്കൾക്ക് കെട്ടിട നിർമ്മാണ ചിലവിന്റെ 80% സൗജന്യമായും ബാക്കി 20%

തവണ വ്യവസ്ഥയിൽ പലിശ കൂടാതെ പഞ്ചായത്ത് നേരിട്ട് പിരിച്ചെടുക്കണമെന്ന വ്യവസ്ഥയിൽ വസ്തു ഈടിന്മേൽ വായ്പകൊടുക്കുക.

3. ഗുണഭോക്താക്കളുടെ സാമ്പത്തിക പരിധി (വാർഷിക വരുമാനം 11.000/- രൂപ) ഉയർത്തുക.

4. കെട്ടിട നിർമ്മാണ വിദഗ്ദ്ധത്തൊഴിലാളികളുടെ ഒരു യൂണിറ്റ് (ഇന്നത്തെ സഹകരണ ആക്ടുകൾ ബാധകമാക്കരുത്) പഞ്ചായത്തിൽ രൂപവൽക്കരിച്ച് സർക്കാർ ധനസഹായം കൊണ്ട് പണി തീർക്കേണ്ടതായ ഭവന പദ്ധതികളും മറ്റ് നിർമ്മാണ ജോലികളും കൂലി വ്യവസ്ഥയിൽ ചെയ്യാൻ ചുമതലപ്പെടുത്തുക.

5. ലക്ഷം വീടുകൾ പൊളിച്ച് ഒറ്റവീടാക്കി പണിയാൻ ആഗ്രഹിക്കുന്ന ഗുണഭോക്താക്കളെ ഇന്നുള്ള ഒറ്റവീട്ടിലെ 2 വീട്ടുകാർക്ക് ഒരുമിച്ച് ഭവന നിർമ്മാണ പദ്ധതിയിൽ അർഹരായി കണക്കാക്കി ധനസഹായം അനുവദിക്കുക.

6. നിലവിലുള്ള റവന്യൂ ബിൽഡിങ്ങ് സെസ്സിസ് ബദലായി 3 ലക്ഷം രൂപ നിർമ്മാണച്ചിലവിന്റെ പരിധിയായി കണക്കാക്കി (കാലോചിതമായി പരിഷ്കരിക്കാം) പരിധിക്കു മുകളിൽ വരുന്ന നിർമ്മാണച്ചിലവിന്റെ ഒരു നിശ്ചിത ശതമാനം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കപ്പെടുന്ന വിദഗ്ധ കൈത്തൊഴിലുകാരുടെ യൂണിറ്റിൽ സഞ്ചിത നിധിയായി നിക്ഷേപിക്കുവാനും ഈ നിധി ഭവന നിർമ്മാണ സഹായധനമായി വിനിയോഗിക്കാനും നിയമ നിർമ്മാണം നടത്തുക.

7. കുറഞ്ഞ വിലക്ക് ലഭിക്കാവുന്ന സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഹൗസിങ്ങ് കോംപ്ലക്സുകൾ നിർമ്മിച്ച് ഇടത്തരക്കാർക്ക് തവണ വ്യവസ്ഥയിൽ ചെറിയ പലിശ ഈടാക്കി കൊണ്ട് വിതരണം ചെയ്യുക. പലിശ ഇനത്തിൽ വരുന്ന തുക മേൽപറഞ്ഞ ഭവന നിർമ്മാണ സഞ്ചിത നിധിയിൽ നിക്ഷേപിക്കുക.

**പട്ടിക 2**
**ഭവന വായ്പയുടെ ലഭ്യതാവിവരം**

| വർഷം | ബ്ലോക്ക് വഴി | | | പഞ്ചാത്തു വഴി |
|---|---|---|---|---|
| | IAY | JRY | MWS | JRY |
| 1989-1990 | 2 | | | |
| 1990-91 | 1 | 3 | 1 | |
| 1991-92 | 2 | | | 6 |
| 1992-93 | 1 | 6 | | 3 |
| 1993-94 | 1 | 4 | 6 | 5 |
| 1994-95 | 5 | | 9 | 3 |
| 1995-96 | 15 | | 7 | 4 |

ബ്ളോക്ക് പഞ്ചായത്ത് റെജിസ്റ്റർ അവലംബം

**പട്ടിക 3**
**വീടില്ലാത്തവരുടെ വിവരം**

| വാർഡ് | വാടകയ്ക്ക് താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം | പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം | കുടിലുകളുടെ എണ്ണം |
|---|---|---|---|
| I | 10 | 1 | 3 |
| II | 25 | - | 6 |
| III | 12 | 15 | 15 |
| IV | 8 | - | 5 |
| V | 10 | 5 | - |
| VI | 25 | 10 | 10 |
| VII | 19 | 15 | 10 |
| VIII | 21 | 20 | 10 |
| IX | 10 | 5 | 5 |

അവലംബം പ്രാഥമിക സർവ്വേ

പട്ടിക 4
IRDP സർവ്വേ

| ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം ഐ.ആർ.ഡി.പി. സർവ്വെ (1996) | | | | | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ | ആകെ കുടുംബങ്ങൾ (1996) | ഇതിൽ എസ്സ്.സി./ എസ്സ്.റ്റി (1996) | നാളിതുവരെ സഹായം ലഭിച്ചവർ | ഇതിൽ എസ്സ്.സി./ എസ്സ്.റ്റി | സഹായ ലഭ്യതയാൽ ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയവർ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ |
| 1 | 114 | 18 | 78 | 19 | 21 | 93 |
| 2 | 122 | 13 | 74 | 16 | 18 | 104 |
| 3 | 220 | 96 | 148 | 104 | 40 | 180 |
| 4 | 83 | 43 | 56 | 50 | 15 | 68 |
| 5 | 164 | 57 | 77 | 37 | 21 | 143 |
| 6 | 216 | 59 | 78 | 29 | 20 | 196 |
| 7 | 205 | 52 | 79 | 27 | 20 | 185 |
| 8 | 143 | 46 | 49 | 26 | 13 | 130 |
| 9 | 186 | 37 | 75 | 27 | 19 | 167 |
| | 1453 | 421 | 714 | 335 | 187 | 1260 |

**ക്ഷേമ പ്രവർത്തനങ്ങൾ**

സാമൂഹ്യക്ഷേമ രംഗത്ത് നിർധനരായവരെ ഉദ്ധരിക്കുന്നതിനായിട്ടുള്ള ധാരാളം പദ്ധതികൾ ഉണ്ട്. ഇതിൽ പ്രധാനമായത് സംസ്ഥാന കേന്ദ്ര സർക്കാർ വഴിയുള്ളതും സർക്കാർ തൊഴിലുടമ തൊഴിലാളി കൂട്ടായ്മയോടുകൂടിയുള്ള ക്ഷേമനിധികൾ വഴിയുള്ളതാണ്. ക്ഷേമരംഗത്ത് നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും മുഴുവൻ ദരിദ്രജനവിഭാഗങ്ങൾക്കും ഇനിയും അവ ലഭിച്ചിട്ടില്ല.

**പ്രശ്നങ്ങൾ**

**1. അംഗൻവാടി**

**1000** പേർക്ക് ഒരു അംഗൻവാടി ആണ് ICDSന്റെ ലക്ഷ്യമെങ്കിലും പഞ്ചായത്തിൽ അംഗൻവാടികൾ ഒന്നും തന്നെയില്ല.

**2. IRDP ലോണുകൾ**

ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് ലഭിക്കുന്നില്ല. സ്വയംതൊഴിൽ മേഖലയിൽ വേണ്ടത്ര പരിശീലനം കിട്ടുന്നില്ല. ബാങ്കുകൾ ലോൺ അനുവദിക്കുമ്പോൾ ക്വട്ടേഷൻ ആവശ്യപ്പെടുന്നതിനാൽ ഗ്രാമീണ മേഖലയിൽ നിന്നും കുറഞ്ഞ ചിലവിൽ ലഭിക്കാവുന്ന അസംസ്കൃത സാധനങ്ങൾ വാങ്ങാൻ കഴിയാതെ വരികയും, വൻകിടക്കാരെ ആശ്രയിക്കേണ്ടതായും വരുന്നു. IRDP ഉല്പന്നങ്ങൾക്ക് സ്വന്തമായ വിപണന കേന്ദ്രങ്ങളുടെ അപര്യാപ്തത മൂലം ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയമാകുന്നു. ഗുണാഭോക്താക്കളുടെ കുടുംബവരുമാനം പരിധി നിശ്ചയിക്കുമ്പോൾ കൂട്ടുകുടുംബങ്ങൾക്ക് ദോഷകരമായി ഭവിക്കുന്നുണ്ട്.

**I സാധ്യതകൾ**

1. ഗുണഭോക്താവിന് കാലതാമസം കൂടാതെയും സൗകര്യപ്രദമായും IRDP വായ്പ പദ്ധതിയിൽ സമൂലമാറ്റം വരുത്തി പഞ്ചായത്തിൻ കീഴിൽ കൊണ്ടുവരിക. ഗുണഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് പരിശീലനം ലഭിക്കുവാൻ ട്രൈസം (Trysm) പദ്ധതിയോടുകൂടി സംയോജിപ്പിക്കുക. ഗുണഭോക്താക്കൾ ബാങ്കിൽ ഹാജരാക്കേണ്ടതായ ക്വട്ടേഷനുകൾ പഞ്ചായത്തിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതും പ്രാദേശികമായി ലഭ്യമാക്കാവുന്ന യന്ത്രങ്ങളും അസംസ്കൃതവസ്തുക്കളുടെയും വിലയെക്കുറിച്ച് ശുപാർശ ചെയ്യുന്നത് പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്പെടുത്തുക.
2. പൊതുമേഖലയുടെയും സർക്കാരിന്റെയും പർച്ചേസിങ്ങ് സമ്പ്രദായത്തിൽ IRDP DWCRA സഹകരണ സംഘങ്ങൾ എന്നിവയുടെ ഉല്പന്നങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ടായിരിക്കണം.
3. കുടുംബ വരുമാനം കണക്കാക്കുമ്പോൾ കൂട്ടുകുടുംബങ്ങളെ കണക്കിലെടുക്കുക.
4. IRDP ഗുണഭോക്താക്കളുടെ ഒരു യൂണിറ്റ് രജിസ്റ്റർ ചെയ്തുകൊണ്ട് തിരഞ്ഞെടുക്കപ്പെടുന്ന അനുയോജ്യമായ വിപണന കേന്ദ്രങ്ങളിൽ IRDP ഉല്പന്നങ്ങൾക്ക് സ്ഥിരമായ വിപണന കേന്ദ്രങ്ങൾ ജില്ലാ പഞ്ചായത്തിന്റെ കീഴിൽ തുറക്കുക.

**പട്ടിക 5**

**പഞ്ചായത്ത് വഴിയുള്ള പുര കെട്ടി മേയൽ ധനസഹായ വിവരം**

| പുരകെട്ടി മേയൽ സഹായം പഞ്ചായത്ത് വഴി അനുവദിച്ചത് (പഞ്ചായത്ത് റെജിസ്റ്റർ അവലംബം) | |
|---|---|
| വർഷം | സംഖ്യ (300 രൂപ വെച്ച്) |
| 91–92 | 3400–00 |
| 92–93 | 2000–00 |
| 93–94 | 5500–00 |
| 94–95 | 9500–00 |
| 95–96 | 9750–00 |

പട്ടിക 6
പൊതുവിതരണകേന്ദ്രവും ഗുണഭോക്താവും

| പൊതുവിതരണ കേന്ദ്രങ്ങളും ഉപഭോക്താക്കളും | | | | | | | |
|---|---|---|---|---|---|---|---|
| വർഷം | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | മണ്ണെണ്ണ |
| | NE | E | ആകെ | മേജർ (12 വയസ്സിനു മേൽ) | മൈനർ (3–12 വയസ്സ്) | ആകെ | പെർമിറ്റുകളുടെ എണ്ണം |
| 1991–92 | 619 | 946 | 1565 | 5953 | 1421 | 7374 | 290 |
| 1992–93 | 667 | 978 | 1642 | 6111 | 1482 | 7593 | 331 |
| 1993–94 | 684 | 1382 | 2066 | 7482 | 1886 | 9368 | 372 |
| 1994–95 | 589 | 1248 | 1837 | 6583 | 1605 | 8188 | 354 |
| 1995–96 | 879 | 1511 | 2390 | 9421 | 2176 | 11597 | 404 |

**പെൻഷനുകൾ**

വിവിധയിനം പെൻഷനുകൾ ഉണ്ടെങ്കിലും അർഹതപ്പെട്ടവർക്കെല്ലാവർക്കും കൊടുക്കാൻ സാധിക്കുന്നില്ല. ആയതിനാൽ ഉൽപ്പാദനപരവും ജനകീയവുമായ പെൻഷൻ സ്കീമുകൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്.

വിധവാ പെൻഷൻ - 44
വാർദ്ധക്യകാല പെൻഷൻ - 52

മറ്റ് വിവരങ്ങൾ ലഭ്യമല്ല

**സാധ്യതകൾ**

പെൻഷൻ പദ്ധതികൾ ഉല്പാദനപരവും ജനപങ്കാളിത്തത്തോടുകൂടിയും നടപ്പാക്കാൻ താഴെ വിവരിക്കുന്ന സ്കീം പ്രകാരം ശ്രമിക്കാം.

1. ഗുണഭോക്താക്കൾക്ക് സ്പോൺസർമാരെ കണ്ടെത്തുക
2. സർക്കാർ, പഞ്ചായത്ത്, സ്വകാര്യം (ഒന്നിലധികമാക്കാം) എന്നീ തലങ്ങളിൽ നിന്നും സ്പോൺസർമാർ ആയിരിക്കേണ്ടതാണ്.
3. ഒരു ഗുണഭോക്താവിന് വേണ്ടി മേൽ സൂചിപ്പിച്ച പ്രകാരം മിനിമം 100/- രൂപ പെൻഷൻ കൊടുക്കാൻ തക്ക സംഖ്യ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുക. ആയതിന്റെ പ്രതിമാസ പലിശ പെൻഷൻ ആയി കൊടുക്കാവുന്നതാണ്.

ഈ സ്കീം തുടർച്ചയായി നടപ്പാക്കുന്നതു മൂലം ഈ പഞ്ചായത്തിലെ മുഴുവൻ അർഹതപ്പെട്ട ആളുകൾക്കും പെൻഷൻ കൊടുക്കാൻ സാധിക്കും. മാത്രമല്ല നിക്ഷേപസംഖ്യ പഞ്ചായത്തിലെ വിവിധ മേഖലയിൽ വായ്പ വഴി ചിലവഴിക്കപ്പെടാനും മത്സരാധിഷ്ഠിതമായ ബാങ്കിംഗ് മേഖലയിൽ സഹകരണസംഘങ്ങൾക്ക് വിജയകരമായി പ്രവർത്തിക്കുന്നതി

നുള്ള സ്ഥിരവിഭവസമാഹരണവും സാധിക്കുന്നു.

4. ക്ഷേമ പെൻഷൻ പ്രായം 60ൽ നിന്ന് 55 വയസ്സായി കുറക്കുക.

5. അന്ധ–ബധിര–മൂകരേയും, അഗതികളുടെയും ക്ഷേമത്തിന് സംരക്ഷണമന്ദിരങ്ങൾ പഞ്ചായത്തിൽ പണിയുക. ഇവർക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഏർപ്പെടുത്തുകയും നിത്യോപയോഗ ഉല്പന്നങ്ങൾ നിർമ്മിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുകയും വികലാംഗ സംരക്ഷണ ഭവനങ്ങൾക്ക് ഉള്ള സംസ്ഥാന ധനസഹായം, തൊഴിൽ പരിശീലനത്തിനുള്ള സംസ്ഥാന സ്റ്റൈപ്പെന്റ് എന്നി സാമൂഹ്യക്ഷേമവകുപ്പിന്റെ പദ്ധതികൾ ഉപയോഗപ്പെടുത്താം. സാമ്പത്തികമായി മുന്നോക്കക്കാരുടെ കുട്ടികൾക്ക് പ്രവേശനഫീസ് നിജപ്പെടുത്തി വാങ്ങി വിഭവ സമാഹരണം നടത്താവുന്നതാണ്.

86

**ഗ്രാമസഭ നിർദ്ദേശങ്ങളും സാധ്യതകളും**

1. ദുരബലരായ ജനവിഭാഗങ്ങൾക്ക് വീടില്ല
2. പുറമ്പോക്കിൽ താമസിക്കുന്ന ധാരാളം കുടുംബങ്ങൾ ഉണ്ട്.
3. ലക്ഷം വീട് താമസയോഗ്യമല്ല
4. ദുരബലരായ ജനങ്ങൾക്ക് കക്കൂസ് ഇല്ല
5. 1.5 വരെയുള്ള കുട്ടികളുടെ പരിചരണത്തിന് ബാലവാടി ഇല്ല
6. പഞ്ചായത്തിൽ വിധവ കർഷക തൊഴിലാളി, വികലാംഗ, അഗതി, മന്ദബുദ്ധി, അന്ധ–ബധിര–മൂക വിഭാഗങ്ങൾക്ക് അർഹതപ്പെട്ട മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നില്ല.
7. നമ്മുടെ പഞ്ചായത്തിൽ ചെറിയൊരു ശതമാനം ജനങ്ങൾ ഇന്നും എഴുത്തും വായനയും അറിയാത്തവരാണ്.

**സാധ്യതകൾ**

i. സാമ്പത്തിക സഹായം പഞ്ചായത്ത് വഴി അനുവദിക്കുക.

ii. പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിൽ പഞ്ചായത്ത് വഴി ഭൂമി വിതരണം ചെയ്യുക.

iii. ലക്ഷംവീട് പഞ്ചായത്ത് തലത്തിൽ maintanance ചെയ്ത് താമസയോഗ്യമാക്കുക.

iv. സാമ്പത്തിക സഹായം പഞ്ചായത്ത് വഴി അനുവദിക്കുക.

v. 2, 3–ാം വാർഡിൽ 2, 4, 7, 8, 9 വാർഡുകളിൽ ബാലവാടി തുടങ്ങുക.

vi. പഞ്ചായത്ത് തലത്തിൽ ഇവരുടെ അപേക്ഷ ക്ഷണിച്ച് അർഹരായവരെ തെരഞ്ഞെടുക്കുക. പെൻഷൻ വിതരണവും പഞ്ചായത്ത് തലത്തിൽ നടത്തുക.

vii. വിവിധ ക്ലബുകളുടെയും സന്നദ്ധപ്രവർത്തകരേയും ഉപയോഗപ്പെടുത്തി നിലച്ചുപോയ സാക്ഷരത പ്രവർത്തനങ്ങൾ തുടർന്നു നടത്തുക.



# 5 - ⑧ സംസ്കാരം



മുളകുന്നത്തുകാവ് ദേശക്കാരുടെ ഭരണി വേല, തിരൂർ പള്ളി മകരമാസപെരുന്നാറം എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന സാംസ്കാരികോത്സവങ്ങറം. കൂടാതെ കോക്കുളങ്ങര, ആക്കോടിക്കാവ് പൂരങ്ങറം, മുളകുന്നത്തുകാവ് ആറാട്ട് കാട്ടാമ്പുള്ളി, ശ്രീനാരായണപുരം കാവടികറം, പറമ്പായ്, മലവായ് പള്ളിപെരുന്നാളുകളും ഉത്സവങ്ങളാണ്. തനതുകലാരൂപങ്ങളായ തെയ്യം തിറ, പൂതംകളി, പൊറാട്ട്നാടകം, കുമ്മാട്ടി; നായാടിക്കളി, കാളക്കളി, ആണ്ടിക്കളി തുടങ്ങിയവയും മറ്റ് അനുഷ്ഠാന കലകളുടേയും സാംസ്കാരിക പൈതൃകം ഈ ഗ്രാമത്തിന് ഉണ്ടായിരുന്നു. ക്രിസ്ത്യൻ സമുദായത്തിൻെറ അധിനിവേശം ആരംഭിച്ചതോടെ ചവിട്ട് നാടകം എന്ന കലാരൂപവും പ്രചാരത്തിലായി. 1892 ൽ സ്ഥാപിതമായ മാർയോനാൻ കൽദായ സുറിയാനി പള്ളിയാണ് ഈ പഞ്ചായത്തിൽആദ്യത്തെ കൃസ്ത്യൻ ദേവാലയം. 1930 കളിൽ തന്നെ മുളകുന്നത്തുകാവ് അമ്പലനടയിൽകൊച്ചിൻ സർക്കാർ ഗ്രാമീണവായനശാല കിള്ളന്നൂർ എന്ന പേരിൽ പ്രഥമ ഗ്രന്ഥശാല പ്രവർത്തനമാരംഭിച്ചു. ഭാഷാപോഷിണി, മാതൃഭൂമി എന്നീ മികച്ച ആനുകാലികങ്ങറംപോലും ഈ ഗ്രന്ഥശാലയിൽ ഉണ്ടായിരുന്നു. ഭൂപരിഷ്കരണത്തെ തുടർന്ന് സാമൂഹ്യവ്യവസ്ഥയിൽ വന്ന സമൂലമാറ്റം സാംസ്കാരികരംഗത്തും പ്രതിഫലിച്ചു. മാധ്യമ പ്രസിദ്ധീകരണങ്ങളും വ്യാപകമായി.

ഇവ കൂടാതെ വിവിധ ക്രിസ്ത്യൻ സഭാവിഭാഗങ്ങളുടെ ദൈവസഭാ ഹാളുകറം മലയോരവാർഡുകളിൽ ഉണ്ട്.

പട്ടിക 1

## ആരാധനാലയങ്ങറം

| വാർഡ് | ദേവാലയങ്ങറം | പതിഷ്ഠ |
|---|---|---|
| 1 | കോക്കുളങ്ങര ക്ഷേത്രം | ഭദ്രകാളി |
| | ശങ്കരപുരം ക്ഷേത്രം | ശ്രീകൃഷ്ണൻ |
| 2 | ആക്കോടിക്കാവ് | ഭഗവതി |
| 3 | കാട്ടുപുള്ളി ക്ഷേത്രം | ശിവൻ |
| 4 | മുളകുന്നത്തുകാവ് ക്ഷേത്രം | അയ്യപ്പൻ |
| 5 | ശ്രീനാരായണപുരം ക്ഷേത്രം | വിഷ്ണു |
| 6 | മാർയോനാൻ ചർച്ച് കൽദായ സുറിയാനി | |
| 8 | ലിറ്റിൽ ഫ്ലവർ ചർച്ച് | കന്യകാമറിയം |
| 9 | മലവായ് ചർച്ച് | സെൻറ് ജോസഫ് |

## മാധ്യമവിശേഷങ്ങൾ

മുളകുന്നത്തുകാവ് തട്ടാൻ രാവുണ്ണിയാണ് ദേശത്തിലെ ആദ്യപത്ര ഏജൻറ്. (1939ൽ). ദീനബന്ധു, എക്സ്പ്രസ്സ് തുടങ്ങിയവയായിരുന്നു ആദ്യ കാലപത്രങ്ങൾ. മാതൃഭൂമി, മനോരമ, ദേശാഭിമാനി, എക്സ്പ്രസ്സ്, ദീപിക എന്നിവയാണ് ഇന്ന് പ്രചാരമുള്ള ദിന പത്രങ്ങൾ. ഹിന്ദു,ഇന്ത്യൻ എക്സ്പ്രസ്സ് എന്നീ ഇംഗ്ലീഷ് പത്രങ്ങളും പരിമിതമായതോതിൽ പ്രചാരത്തിലുണ്ട്. കലാകൗമുദി, ദേശാഭിമാനി, മാതൃഭൂമി, മംഗളം, മനോരമ, എക്സ്പ്രസ്സ്, കേരളശബ്ദം തുടങ്ങിയവയാണ് പ്രചാരത്തിലുള്ള വാരികകൾ.

വ്യാപകമായി TV യും ചെറിയതോതിൽ കേബിൾ TV യും പ്രചാരത്തിലുണ്ട്. കേബിൾTV യുടെ ദൂഷിതമായ മാധ്യമസംസ്കാരത്തിൻെറ സ്വാധീനവും വിപുലപ്പെട്ടു വരുന്നു.

കലാകായികരംഗത്ത് പഞ്ചായത്ത് തലത്തിൽ നടക്കുന്ന കേരളോത്സവമാണ് ഏറ്റവും പ്രധാനപ്പെട്ടത്. ദേശീയതലത്തിൽ അറിയപ്പെടുന്ന പ്രശസ്ത ഫുട്ബോൾ കളിക്കാരൻ ശ്രീ. ജോ-പോൾ അഞ്ചേരിയും, സംസ്ഥാന സ്കൂൾ മീറ്റിൽ 2-ം സ്ഥാനക്കാരനായ (അത്‌ലറ്റിക്) ശ്രീ. അനിൽകുമാർ (തടപറമ്പ്) ; കാലിക്കറ്റ് യൂണിവേഴ്സിറ്റി മീറ്റിൽ 2-ം സ്ഥാനക്കാരനായ ഓട്ടക്കാരൻ ശ്രീ. ഫ്രാൻസിസ് മാത്യുവും ഈ പഞ്ചായത്ത് നിവാസികളാണെന്നത് അഭിമാനകരമാണ്. സുപ്രസിദ്ധ എഴുത്തുകാരിശ്രീമതി സാറാ ജോസഫ് പഞ്ചായത്തിൻെറ അഭിമാനമാണ്. അമേച്വർ നാടകരചയിതാവും സംവിധായകനുമായ ശ്രീ. രംഗൻ തുടങ്ങി ചെറുതും വലുതുമായ കലാകായികതാരങ്ങൾക്ക് ജന്മം നൽകിയ പഞ്ചായത്താണ് ഇത്.

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ ക്ലബുകളും പറമ്പായിൽ ഒരു വായനശാലയും പഞ്ചായത്തിൻെറ ഒരു സാംസ്കാരികനിലയവുമുണ്ട്. ക്ലബുകൾ മിക്കതും ചെറുപ്പക്കാരുടെ നേരമ്പോക്ക് കേന്ദ്രങ്ങൾ മാത്രമായിട്ടാണ് കണ്ടു വരുന്നത്. പൊതുപ്രവർത്തനരംഗങ്ങളിൽ ഏർപ്പെടുന്നവ നാമമാത്രമാണ്. കായിക കലാ സംരംഭങ്ങൾ തനതായി സംഘടിപ്പിക്കുന്ന ക്ലബുകൾ ഇല്ലെന്ന് തന്നെ പറയാം. ഉത്സവവേളകളിൽ പ്രൊഫഷണൽ നാടകങ്ങൾ, നാടകമേളയോ, മറ്റ് പരിപാടികളോ സംഘടിപ്പിക്കുന്നതൊഴിച്ചാൽ മറ്റ് സംരംഭങ്ങൾ എടുത്തു പറയത്തക്കതായ യാതൊന്നും തന്നെ ഇല്ല. NBC (തിരൂർ) യുടെ ഓണക്കാല ഘോഷയാത്ര ജനശ്രദ്ധ പിടിച്ചു പറ്റാറുണ്ട്. പ്രശസ്ത വാദ്യങ്ങളായ പഞ്ചവാദ്യം, തായമ്പക എന്നിവയിൽ പ്രഗൽഭരായ കലാകാരന്മാർ ഉണ്ടെങ്കിലും വേണ്ടത്ര പരിഗണന കിട്ടാതെ പോകുന്നു.

## കായികരംഗം

സ്പോർട്ട്സ് രംഗത്ത് വിദ്യാലയങ്ങളിൽ ഉള്ള നാമമാത്ര പരിശീലനവും സ്കൂൾതലം വിട്ട് കേരളോത്സവവുമാണ് കായികരംഗത്തെ ഏക വേദി.

## സാധ്യതകൾ

1. സാംസ്കാരികോത്സവങ്ങൾ ജാതിമത ഭേദമന്യേ ബഹുജനപങ്കാളിത്തത്തോടെ നടത്തുവാൻ ശ്രമിക്കാവുന്നതാണ്.

2. പഞ്ചായത്തിലെ സാംസ്കാരികനിലയം ജനകീയ സമിതികളിലൂടെ പ്രവർത്തിപ്പിക്കണം. എല്ലാ ക്ലബ്ബുകളും വായനശാലയായി ഉയർത്തണം. ഇതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാവുന്നതാണ്. ഒരു വാർഡിൽ ഒരു ക്ലബ്ബ് എന്ന രീതിയിൽ പഞ്ചായത്ത് സാംസ്കാരികനിലയത്തിൽ രജിസ്റ്റർ ചെയ്യുകയും ഏകീകൃതനിയമാവലിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്യുക. ക്ലബ്ബുകളുടെ പ്രധാനഭാരവാഹികൾ ഉൾപ്പെടുന്നതായിരിക്കണം പഞ്ചായത്ത് തലത്തിലുള്ള സാംസ്കാരിക സമിതി. മഹിളാസമാജങ്ങളേയും ഉൾപ്പെടുത്താവുന്നതാണ്. പഞ്ചായത്ത് സാംസ്കാരിക നിലയത്തിലേക്ക് ആകാവുന്ന പുസ്തകങ്ങൾ സംഭാവന സ്വീകരിക്കുകയും നിശ്ചിതകാല പരിധിക്ക് തിരിച്ചെത്തിക്കാവും വിധം വിതരണം ചെയ്യുക. വരിക്കാർക്ക് നിശ്ചിതസംഖ്യ വരിസംഖ്യ ഏർപ്പെടുത്താവുന്നതാണ്. പ്രസിദ്ധീകരണങ്ങളുടെ കൂട്ടത്തിൽ മുഖ്യമായും പഞ്ചായത്ത് നിവാസികൾ എഴുതുന്ന കഥ, കവിത, കയ്യെഴുത്ത് പ്രതികളും ഉൾപ്പെടുത്തേണ്ടതാണ്. ഈ സംവിധാനം ഉപയോഗപ്പെടുത്തികൊണ്ടുതന്നെ കാലാകാലങ്ങളിൽ കായിക മത്സരങ്ങളും കളികളും നാടൻ കലകളും തുടങ്ങിയ എല്ലാ സാംസ്കാരിക പ്രവർത്തനങ്ങളും സംഘടിപ്പിക്കാവുന്നതാണ്. ഫുട്ബോൾ, ക്രിക്കറ്റ് ബാറ്റ് മിൻറൺ തുടങ്ങിയ ഗെയിംസ് ഇനങ്ങൾക്ക് പരിശീലനകളരികൾ പഞ്ചായത്ത് ചിലവിൽ സംഘടിപ്പിക്കണം.

പട്ടിക 2

## ക്ലബ്ബുകളും പ്രവർത്തനങ്ങളും

| വായനശാലകൾ | കെട്ടിടമുണ്ടോ | ജനകീയ ആസൂത്രണത്തിൽ ഇതുവരെ സംബന്ധപ്പെടാത്തത് |
|---|---|---|
| 1 കോഴികുന്ന് വായനശാല | ഉണ്ട് | ഉണ്ട് |
| 2 പാലാഴി ക്ലബ്ബ് | ഉണ്ട് | ഇല്ല |
| 3 S.A.S.C കോഴികുന്ന് | ഉണ്ട് | ഉണ്ട് |
| 4 ശ്രുതി ക്ലബ്ബ് കോഴിക്കുന്ന് | ഉണ്ട് | ഇല്ല |
| 5 യുവധ്വനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് ശങ്കരപുരം | ഇല്ല | ഉണ്ട് |
| 6 വിക്ടറി ക്ലബ്ബ് | ഇല്ല | ഉണ്ട് |
| 7 സംഗമം ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | ഉണ്ട് | ഇല്ല |
| 8 തരംഗിണി | ഉണ്ട് | ഇല്ല |
| 9 പുലരി | ഉണ്ട് | ഉണ്ട് |
| 10 ബ്രദേഴ്സ് | ഉണ്ട് | ഇല്ല |
| 11 യുവശക്തി | ഉണ്ട് | ഉണ്ട് |
| 12 ജവഹർമെമ്മോറിയൽ | ഉണ്ട് | ഇല്ല |
| 13 ഐൻസ്റ്റീൻ സയൻസ് ക്ലബ്ബ് | ഉണ്ട് | ഇല്ല |
| 14 B.S.S & റിക്രിയേഷൻ സെൻറർ | ഉണ്ട് | ഉണ്ട് |
| 15 ക്ലിഫോർഡ് | ഇല്ല | ഉണ്ട് |
| 16 കോസ്മോനഗർ | ഇല്ല | ഇല്ല |
| 17 കലാദീപം തടപറമ്പ് | ഉണ്ട് | - |
| 18 ദീപം അരങ്ങഴി | ഉണ്ട് | ഉണ്ട് |
| 19 Y.B.C തിരൂർ | ഇല്ല | - |
| 20 ശ്രുതി അത്തിക്കോട് | ഉണ്ട് | - |
| 21 നെഹ്റുയുവക്ലബ്ബ് | ഇല്ല | ഉണ്ട് |
| 22 B.Y.C പറമ്പായ് | ഉണ്ട് | ഉണ്ട് |
| 23 N.B.C തിരൂർ | ഇല്ല | ഇല്ല |
| 24 പൂളായ്ക്കൽ വായനശാല | ഇല്ല | ഇല്ല |

# 5⑨ വനിതാക്ഷേമം

### വനിത

സ്ത്രീകൾ അബലകളും, അസംഘടിതരും, അവഗണിക്കപ്പെട്ടവരും ആണെന്ന ബോധം നമ്മെ നയിച്ചിരുന്നു. എന്നാൽ, പുരോഗമനാശയങ്ങൾ ഉൾക്കൊള്ളാവുന്ന വിവിധ മഹിളാ സംഘടനകളുടേയും, സാംസ്ക്കാരിക സംഘടനകളുടേയും പ്രവർത്തനഫലമായും, സർക്കാരുകളുടെ നിയമനിർമ്മാണങ്ങൾ വഴിയും സാർവ്വദേശീയ തലത്തിൽതന്നെ വിദ്യാഭ്യാസ-സാംസ്ക്കാരിക രംഗങ്ങളിൽ വൻപിച്ച മുന്നേറ്റങ്ങൾ നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്ന വസ്തുത വിസ്മരിച്ചുകൂട. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 15637 വരും. അതിൽ സ്ത്രീകൾ 7642. അത് മൊത്തം ജനസംഖ്യയുടെ 48.88% ആണ്.

### പ്രശ്നങ്ങൾ

ഒരു ഭാഗത്ത് നിയമനിർമ്മാണത്തിലൂടെ സ്ത്രീകളെ അണിനിരത്തുമ്പോൾ മറുഭാഗത്ത് സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളും പീഢനങ്ങളും ഏറി വരുന്നതായി കാണാം. സ്ത്രീധന പീഢനങ്ങളും സർവ്വസാധാരണമാകുന്നു. പരസ്യകമ്പോളത്തിൽ സ്ത്രീ ഇന്നൊരു കമ്പോള വസ്തുവായി മാറിയിരിക്കുന്നു. തൊഴിൽപരമായി സ്ത്രീകൾക്ക് പലപ്പോഴും പുരുഷനേക്കാൾ കൂടുതലും ചിലപ്പോൾ തുല്ല്യമായും ജോലി ചെയ്യേണ്ടി വരുന്നുണ്ട്. എങ്കിലും കൂലി നിവാരണത്തിൽ ഈ തുല്ല്യത കാണുന്നില്ല. നിർമ്മാണ രംഗത്തും അതല്ലാതെയും സ്ത്രീതൊഴിലാളികളെ തൊഴിലുടമകൾ എടുക്കപ്പെടുന്നത് കൂലി നിലവാര 91

## പട്ടിക 2 മഹിളാ സമാജങ്ങൾക്ക് ഫ്യൂവൽ ചാർജ് & പാത്രങ്ങൾ വാങ്ങിയത്

| വർഷം | ഫ്യൂവൽ ചാർജ് | പാത്രങ്ങൾ വാങ്ങിയത് |
|---|---|---|
| 91--92 | 3094.00 | |
| 92-93 | 4760.00 | |
| 93-94 | 4476.00 | |
| 94-95 | 3756.00 | |
| 95-96 | 1691.00 | 2927.00 |

ത്തിലുള്ള കുറവ് ഒന്നുകൊണ്ട് മാത്രമല്ല. പുരുഷനേക്കാൾ കൂടുതൽ ജോലി ചെയ്യുന്നു എന്നതുകൊണ്ടും കൂടിയാണ്. തൊഴിൽ ഇല്ലാത്തവരിൽ ഭൂരിഭാഗവും സ്ത്രീകളാണ്. സ്ത്രീധന സമ്പ്രദായം ഇന്നും നിലനിൽക്കുന്നു. പഞ്ചായത്തിൽ ഒരു വനിതാ വ്യവസായ സഹകരണ സംഘം ഉണ്ടെങ്കിലും പ്രവർത്തിക്കുന്നില്ല.

### സാധ്യതകൾ

സ്ത്രീകളെ സമൂഹത്തിനൊപ്പം ഉയർത്തുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ തുടർച്ചയായിത്തന്നെ നടപ്പാക്കണം. ഇക്കാര്യത്തിൽ എഴുത്തുകാർക്കും, പത്രക്കാർക്കും ധാരാളം ചെയ്യാൻ കഴിയും. സ്ത്രീസൗന്ദര്യം സിനിമകൾ, പോസ്റ്റർ കവർ ചിത്രങ്ങൾ, പരസ്യങ്ങൾ എന്നിവയിലൂടെ വാണിജ്യവൽക്കരിക്കുന്നത് കർശനമായി നിരോധിക്കണം. സ്ത്രീകഥാപാത്രങ്ങളെ ഉപഭോഗവസ്തുക്കളായി ചിത്രീകരിക്കപ്പെടുന്ന വിദേശ ചിത്രങ്ങൾക്ക് ഇന്ത്യയിൽ പ്രവേശനം തടയണം. തുല്ല്യജോലിക്ക് തുല്ല്യ വേതനം എന്ന ആശയം സ്ത്രീകൾക്കും ബാധകമാകത്തക്ക രീതിയിൽ നിയമം കർക്കശമാക്കുക. പീഢനങ്ങൾ, മർദ്ദനങ്ങൾ തുടങ്ങി സ്ത്രീകൾ ഏറ്റു വാങ്ങേണ്ടി വരുന്ന കുടുംബ പ്രശ്നങ്ങൾ ഉൾപ്പെടെ തീർപ്പുണ്ടാക്കുന്നതിന് പഞ്ചായത്തു തലത്തിൽ നിയമസംരക്ഷണത്തോടുകൂടിയ പ്രത്യേക സെൽ രൂപീകരിക്കുക. കലാ കായിക സാംസ്ക്കാരിക രംഗത്ത് സ്ത്രീകൾക്ക് പ്രത്യേകം പ്രോത്സാഹനം ഉറപ്പാക്കുക.

### തൊഴിൽ

1. D.W.C.R.A യൂണിറ്റുകൾ ആവശ്യമുള്ളത്ര ആരംഭിക്കുകയും, ജില്ലാ തലത്തിൽ ഇത്തരം യൂണിറ്റുകൾക്ക് വിപണന കേന്ദ്രം സ്ഥാപിക്കുന്നതിന് പട്ടണങ്ങളും, വാണിജ്യ കേന്ദ്രങ്ങളും കേന്ദ്രീകരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തികൊടുക്കുവാൻ ജില്ലാ പഞ്ചായത്ത് ചുമതലയേൽപ്പിക്കുക.
2. അവശ്യ സാധനങ്ങൾ ശുദ്ധിചെയ്ത് പാക്കറ്റുകളിലാക്കി ഡോർ-ഡെലിവറി നടത്തുന്നതിനുള്ള ഒരു യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത ഉണ്ട്.
3. വീടുകളിൽവെച്ചുതന്നെ പണി ചെയ്യാവുന്ന തരത്തിൽ തീപ്പെട്ടി, ബീഡി, മെഴുകുതിരി തുടങ്ങിയ ചെറുകിട വ്യവസായ സംരംഭങ്ങൾ, മഹിളാ സമാജങ്ങളുടെ മേൽനോട്ടത്തിൽ നടത്താവുന്നതാണ്.
4. മഹിളാ സമാജങ്ങൾ വാർഡുകൾതോറും സംഘടിപ്പിക്കുകയും സ്ത്രീകളെ കൂടുതൽ പൊതുരംഗത്തേക്ക് കൊണ്ടുവരുവാനും കുട്ടികൾക്ക് പഠനസൗകര്യങ്ങൾ ഇതുവഴി ഏർപ്പെടുത്താനും ശ്രമിക്കാവുന്നതാണ്. ഇതിനാവശ്യമായ കെട്ടിടങ്ങൾ പൊതുജന പങ്കാളിത്തത്തോടു കൂടി പഞ്ചായത്ത് നിർമ്മിച്ചുനൽകണം.
5. പച്ചക്കറി അടുക്കളത്തോട്ടങ്ങൾ, കോഴി വളർത്തൽ, ക്ഷീരോൽപ്പാദനം, പൂന്തോട്ടകൃഷി എന്നിവയിൽ സ്ത്രീകൾക്ക് പരിശീലനം നൽകി സ്വന്തമായിത്തന്നെ വീട്ടുവളപ്പിൽ ആരംഭിക്കുവാൻ സ്ത്രീകളെ പ്രാപ്തരാക്കുക.
6. നിലവിലുള്ള വനിതാ വ്യവസായ യൂണിറ്റ് വിപുലീകരിച്ച് തൊഴിൽ സാദ്ധ്യത മെച്ചപ്പെടുത്താം.

### ഗ്രാമസഭാനിർദ്ദേശങ്ങളും സാദ്ധ്യതകളും

1. പൊതുരംഗത്ത് വനിതകളുടെ അഭാവം ഉണ്ടാകുന്നു.
2. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും കൈതൊഴിലുകളിൽ പ്രാവീണ്യമുള്ളവർ

ഉണ്ട് എന്നാൽ ഇവർക്കൊന്നും തൊഴി ലില്ല.

3. കലാകായിക രംഗത്ത് സ്ത്രീകൾക്ക് പ ങ്കാളിത്തം കുറവാണ്.

3. മഹിളാ സമാജങ്ങൾ വാർഡുകൾതോ റും സംഘടിപ്പിച്ച് ചർച്ചകളും സെമി നാറുകളും സംഘടിപ്പിക്കുക.

4. റെഡിമെയ്ഡ്, സോപ്പ്, മെഴുകുതിരി, കൈത്തറി, കുട്ടനെയ്ത്ത്, കോഴിവ ളർത്തൽ, കറിപൗഡർ നിർമ്മാണം, ചി പ്പ്സ്, പലഹാരങ്ങൾ, അച്ചാറുകൾ എന്നീ നിർമ്മാണ യൂണിറ്റുകൾക്ക് ധന സഹായം നൽകുക.

5. കലാസാംസ്ക്കാരിക നിലയങ്ങൾ സ്ത്രീകൾക്ക് മാത്രം പ്രത്യേകം പ്രോത്സാ ഹനം കൊടുത്തുകൊണ്ട് സംഘടിപ്പി ക്കുക.

# പട്ടിക 3

# മഹിളാ സമാജങ്ങളും പ്രവർത്തനങ്ങളും

| വാർഡ് | | നഴ്സറി | ഫീഡിങ്ങ് | ബാലവാടി | കെട്ടിടം ഉള്ളത് |
|---|---|---|---|---|---|
| 1. | കോഴിക്കുന്ന് മഹിളാ സമാജം | | x | x | x |
| 2. | ശങ്കരപുരം " | | x | x | x |
| 5. | B.S.S " | x | x | | x |
| 6. | തടപ്പറമ്പ് " | | x | | |
| " | കിഴക്കേ അങ്ങാടി " | | x | | |
| 8. | ചോറ്റുപാറ " | | x | x | x |
| . | | 1 | 6 | 3 | 4 |

| | പ്രശ്നങ്ങൾ | സാധ്യതൾ | പ്രയോജനങ്ങൾ |
|---|---|---|---|
| 1 | പൊതുരംഗത്ത് വനിതകളുടെ അഭാവം | മഹിളാസമാജങ്ങളിൽ സ്ത്രീകളെ സംഘടിപ്പിച്ചുകൊണ്ട് വിവിധ വിഷയത്തെക്കുറിച്ച് ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുക | സ്ത്രീകൾക്ക് സമൂഹത്തെക്കുറിച്ചും വിവിധ വിഷയങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി അവരെ സമൂഹത്തിന്റെ ഭാഗമായി മാറ്റാൻ കഴിയും |
| 2 | പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വിവിധ കൈതൊഴിലുകൾ അറിയാവുന്ന സ്ത്രീകൾ ഉണ്ട് ഇവർക്ക് തൊഴിലില്ല | സ്ത്രീകൾക്ക് റെഡിമെയ്ഡ്, സോപ്പ്, വസ്ത്രങ്ങൾ, കൈെതത്തറി, കൂട്ട നെയ്ത്ത്, കോഴിവളർത്തൽ, മെഴുകുതിരി, കറി പൗഡർ നിർമ്മാണം, ചിപ്സ്, പലഹാരങ്ങൾ, ചെറുകിട വ്യവസായങ്ങൾ, അച്ചാറുകൾ എന്നിവയുടെ സാധ്യതകൾക്കനുസരിച്ച് ധനസഹായം നൽകുക | തൊഴിൽരഹിതരായ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കാനും, കുടുംബങ്ങൾക്ക് വരുമാനം വർദ്ധിപ്പിക്കാനു് കഴിയും. |
| 3 | കലാകായിക രംഗത്ത് സ്ത്രീകളുടെ അഭാവം | സ്ത്രീകൾക്ക് വേണ്ടി മാത്രം ഒരു വനിതാ കലാസാംസ്ക്കാരിക നിലയം സ്ഥാപിക്കുക | കലാകായിക രംഗത്ത് സ്ത്രീകളുടെ അഭാവം പരിഹരിക്കാം |

# 5⑪ സഹകരണം

നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി സഹകരണ സംഘം ഗ്രാമല, വനിതാ വ്യവസായ സഹകരണ സംഘം ക്ഷീരോൽപാദക സഹകരണ സംഘം പറമ്പായ് എന്നീ സഹകരണ സംഘങ്ങളും, തിരൂർ ആസ്ഥാനവും മൂളകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ 1,2,3,4,5,6, 8,9 വാർഡുകൾ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്നതുമായ തിരൂർ സർവ്വീസ് സഹകരണ സംഘത്തിന്റെ ഒരു ബ്രാഞ്ചും ഉണ്ട്. 15.9.1957ൽ പ്രവർത്തനം ആരംഭിച്ച തിരൂർ സർവ്വീസ് സഹകരണ സംഘത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും 4478 പേർ അംഗങ്ങളായിട്ടുണ്ട്.

പട്ടികജാതി സഹകരണ സംഘം 1986ൽ ആണ് പ്രവർത്തനം ആരംഭിച്ചത്. 240 അംഗങ്ങളുള്ള ഈ സംഘത്തിൽ പ്രിന്റിംങ് പ്രസ്സ്, റൂളിംങ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. ട്രൈസം പദ്ധതി പ്രകാരം ഉദ്യോഗാർത്ഥികൾക്ക് ട്രെയനിങ് കൊടുക്കാറുണ്ട്.

വനിതാ വ്യവസായ സഹകരണ സംഘം 2പതിറ്റാണ്ടുകൾക്ക് മുമ്പാണ് രൂപം കൊണ്ടത്. 100 അംഗങ്ങളാണ് ഇതിലുള്ളത്. റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ച് വിപണനം നടത്തുകയായിരുന്നു പ്രധാന പ്രവർത്തനം എന്നാൽ ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുകയാണ്.

പറമ്പായിൽ പ്രവർത്തിക്കുന്ന ക്ഷിര വ്യവസായ സഹകരണസംഘം 1969ൽ സ്ഥാപിതമായി.

400 ക്ഷീരോൽപാദകർ ഈ സംഘത്തിലുണ്ട്. 615.900 ലിറ്റർ പാൽ ഒരു ദിവസം ഇവിടെ ശേഖരിക്കപ്പെടുന്നുണ്ട്. 94.100 ലിറ്റർ പഞ്ചായത്തിലും, 521.800 ലിറ്റർ പാൽ ഒരു ദിവസം പഞ്ചായത്തിനു പുറത്തും വിറ്റഴിക്കുന്നു.

### പ്രശ്നങ്ങൾ

ചെറുകിട സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾ പൊതു വിപണിയിൽ മത്സരം നേരിടുന്നു. ബാങ്കിങ്ങ് മേഖലയിൽ മത്സരാധിഷ്ഠിതമായി നിക്ഷേപങ്ങൾക്ക് പലിശ നിരക്കിൽ മാറ്റം വരുത്തുവാൻ സ്വകാര്യ വാണിജ്യ ബാങ്കുകൾക്ക് നിയമ സംരക്ഷണം ലഭിക്കുമ്പോൾ സഹകരണ സംഘങ്ങൾക്ക് ഈ നിയമം ബാധകമാകാതിരിക്കുന്നത് ഈ മേഖലയിൽ വലിയ ഭീഷണി നേരിടുന്നുണ്ട്. നിക്ഷേപങ്ങൾ കുറഞ്ഞുവരുന്നു എന്നുള്ളത് സഹകരണ ബാങ്കിങ്ങ് മേഖലയെ തളർത്തിയിരിക്കുന്നു. വായ്പാ സംഖ്യ പരിധി ഉയർത്തിയാലും തിരിച്ചടവ് കലാവധിയുടെ സമയകുറവ് ഗുണഭോക്താവിന് വലിയ സംഖ്യ ഗഡുക്കളായി അടക്കേണ്ടിവരുന്നതിനാൽ തിരിച്ചടവ് കുറയുകയും തൽഫലമായി കുടിശ്ശിക സംഖ്യ വർദ്ധിക്കുകയും ചെയ്യുന്നു.

### സാധ്യതകൾ

1. നിക്ഷേപങ്ങൾക്ക് പലിശനിരക്ക് നിശ്ചയിക്കുന്നതിന് ഭരണസമിതിക്ക് അധികാരം നൽകുക.
2. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളുടെ ഫണ്ടുകൾ (സംഘങ്ങളുടെ പരിധിയിലുള്ളത്) അതാത് സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുവാൻ നിയമം ഭേദഗതി ചെയ്യുക.
3. അംഗങ്ങൾക്ക് വായ്പാ സംഖ്യ ഉയർത്തുന്നതോടൊപ്പം തിരിച്ചടവ് കാലപരിധി ദീർഘകാലമാക്കുകയും, ഗുണഭോക്താവിന്റെ തിരിച്ചടക്കൽ കഴിവ് വർദ്ധിപ്പിക്കുകയും ചെയ്യുക.
4. സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഗവ:സബ്സിഡി (റിബേറ്റ്)

അനുവദിക്കുക.

ഗ്രാമസഭാ നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. നിത്യോപയോഗ സാധനങ്ങളിന്മേൽ വാങ്ങുമ്പോഴും വിൽക്കുമ്പോഴും ഇടത്തട്ടുകാരുടെ ചൂഷണം നിലനിൽക്കുന്നു.
2. കൺസ്യൂമർ സ്റ്റോറുകൾ ലാഭേച്ഛ കൂടാതെ സഹകരണ സംഘങ്ങൾ എല്ലാ വാർഡുകളിലും തുറക്കുക.



# പട്ടിക 1
# തിരൂർ സഹകരണ സംഘം വായ്പാ വിവരങ്ങൾ

| | |
|---|---|
| 1. ഓഹരി മൂലധനം 50,00,000 | |
| 2. സ്ഥിരനിക്ഷേപം (മുളകുന്നത്തുകാവ് Pt) | 20203034.00 |
| 3. ഹൃസ്വകാല " | 3667556.00 |
| 4. കാർഷിക വായ്പ " | 206000.00 |
| 5. D.R.D.A " | 140300.00 |
| 6. I.R.D.P " | 120764.00 |
| 7. വസ്തു പണയം " | 14631901.00 |
| 8. സാധാരണ വായ്പ " | 937784.00 |
| 9. P.R.L. " | 207500.00 |
| 10. സ്വർണ്ണ പണയം " | 4593081.00 |
| 11. വാഹന വായ്പ " | 502000.00 |
| 12. H.P.L. " | 120300.00 |
| 13. S.T. ലോൺ കാലാവധിക്ക് ശേഷവും തിരിച്ചടക്കാത്തത് | 42755.00 |
| 14. D.R.D.A " | 2300.00 |
| 15. M.L. " | 640188.00 |
| 16. O.L. " | 239861.00 |
| 17. മറ്റു വക " | 127256.00 |

അവലംബം : സംഘം രെജിസ്റ്റർ

# 5⑪ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ജനകീയ ആസൂത്രണ-പ്രസ്ഥാന ത്തിലൂടെ കേരളത്തിന്റേയും ജനതയുടേയും ജീവിത തുടിപ്പ് തിരിച്ചറിവിലുടെ രൂപപ്പെടുമ്പോൾ നമ്മുടെ പഞ്ചായത്തിലെ അടിസ്ഥാന വർഗ്ഗമെന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ പഴമയുടേയും പുതുമയുടേയും വേർതിരിവ് ബോദ്ധ്യപ്പെടുന്നതാണ്. 1930 കളുടെ തുടക്കത്തിൽ ഗ്രാമല, കല്ലേ്യപ്പടി, ആക്കോടി. കോഴികുന്ന്, കോഞ്ചേരി എന്നീ അഞ്ച് കരകളിലായി 18 കൂട്ടു കുടുംബങ്ങളായിരുന്നു ഉണ്ടായിരുന്നത്. സ്വതന്ത്ര ഇന്ത്യയിൽ കേരളപ്പിറവിക്ക് മുമ്പുള്ള നോമിനേറ്റഡ് പഞ്ചായത്ത് സമിതിയിലേക്ക് അന്നും ഇവിടെ നിന്നും ഒരാളെ നോമിനേറ്റ് ചെയ്തിരുന്നു. ഭരണതലത്തിൽ ഈ വിഭാഗത്തിന്റെ പങ്കാളിത്തത്തിന്റെ ആവശ്യകത ഒഴിച്ച്കൂടാനാവാത്തതാണ് എന്ന് തെളിയിക്കുന്നു. മേൽപ്പറഞ്ഞ കൂട്ടുകുടുംബങ്ങളുടെ കൂട്ടായ്മയിലൂടെയുള്ള കുടുംബ വിഭജനത്താലും പുരോഗമന പ്രസ്ഥാനങ്ങലുടെ ജനമുന്നേറ്റങ്ങളുടെ പരിണിതഫലമായി രൂപം കൊണ്ട കമ്മ്യൂണിസ്റ്റ് മന്ത്രിസഭകളുടെ ഭൂനിയമ പരിരക്ഷയിലൂടെയും പട്ടിണി പാവങ്ങൾ ആയ ഇവർക്കുംസ്വന്തമായി വീട് പണിയുവാനും കൃഷിയിറക്കുവാനും ചങ്കുറുപ്പുണ്ടാകുകയും തുടർന്ന് സമീപ പഞ്ചായത്തുകളിൽനിന്നും ജില്ലയുടെ വിവിധ പ്രദേശങ്ങളിൽനിന്നും അനുവദനീയ മിച്ചഭൂമികളിലേക്കും കോളനികളിലേക്കും ലക്ഷം വീടികളിലേക്കും താമസക്കാരായി എത്തി എന്നതാണ് വസ്തുത. സാമൂഹിക സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണ വിധേയരായ ഇക്കൂട്ടർക്ക് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കുവാൻ സാധിച്ചു എന്നുള്ളതാണ്. പഴമക്കാർക്ക് അനുഭവിക്കേണ്ടിവന്ന ഉച്ഛനീചത്വങ്ങളിൽ നിന്നും പൂർണ്ണമായി മോചനം നേടാൻ ഇവിടേയും സാധിച്ചിട്ടുണ്ട്.

ഈ വിഭാഗത്തിന്റെ ഉന്നതിക്കുവേണ്ടി സർക്കാർതലത്തിലും ഏജൻസികൾ മുഖേനയും നടപ്പിലാക്കുന്ന പല പദ്ധതികളെ സംമ്പന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികൾ കണക്കാക്കുമ്പോൾ വന്നുചേരുന്ന സാങ്കേതിക കാരണങ്ങൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിൽ കാര്യമായ കുറവുകൾ വന്നുചേരുന്നു. തൻമൂലം പദ്ധതികളുടെ ഉദ്ദേശശുദ്ധി പലപ്പോഴും ചോദ്യം ചെയ്യപ്പെടാറുണ്ട്. ഇങ്ങനെ യൊക്കെയാണെങ്കിലും സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് നേട്ടങ്ങൾ ഉണ്ടാക്കി കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ നേട്ടങ്ങളിൽ കൂടുതലും കോളനി, ലക്ഷം വീട് നിവാസികൾക്കാണ് ലഭിച്ചിട്ടുള്ളത് എന്നതിൽ തർക്കങ്ങൾക്കിടയില്ല. പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിലെ അർഹതപ്പെട്ട എല്ലാവർക്കും സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും പരിഹരിക്കപ്പെടേണ്ട നിരവധി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുവാനും കഴിയേണ്ടതുണ്ട്. ആദ്യവർഷങ്ങളിൽ പറയൻ, പുലയൻ, മണ്ണാൻ, പാണൻ എന്നീ സമുദായങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു എങ്കിൽ പഞ്ചായത്തിൽ പിൽക്കാലത്ത് സ്വന്തമായി ഒരു തുണ്ട് ഭൂമിപോലും കൈവശമില്ലാത്തവരും, സ്ഥിരതാമസ സ്വഭാവമില്ലാത്തവരുമായിരുന്ന കുറവ-കാക്കാല കുടുംബങ്ങളും പഞ്ചായത്തിലെ കോളനികളിലും, മിച്ചഭൂമികളിലും എത്തിച്ചേർന്ന് സ്വന്തമായി വീടിനും ഭൂമിക്കും അവകാശികളായി. ഇവരിൽ ഭൂരിഭാഗവും താമസിച്ചിരുന്നത് മൂന്നാം വാർഡിലാണ്.

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ % പട്ടികജാതി വിഭാഗമാണ്. ഈ അടുത്ത വർഷങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 16 പേർ താമസമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ മൊത്തം 248 പട്ടികജാതി കുടുംബങ്ങളും 5 പട്ടികവർഗ്ഗ കുടുംബങ്ങളും താമസിച്ചുവരുന്നു. മൂന്നാം വാർഡിലെ കിള്ളന്നൂർ I.H.D.P കോളനി, ചിറകുന്ന്-തറ I.H.D.P കോളനി, ഏഴാം വാർഡിൽ പൂളാക്ക്, ആറാം വാർഡിൽ അത്തേക്കാട് എന്നീ കോളനികളിലും രണ്ടാം വാർഡ് മാരാർ-ലക്ഷംവീട്, അഞ്ചാം വാർഡ്- അരിങ്ങഴി, ആറാം വാർഡ് തടപ്പറമ്പ് എന്നീ ലക്ഷം വീടുകളിൽ ഭൂരിപക്ഷം പേരും, ബാക്കിയുള്ളവർ മറ്റു വാർഡുകളിൽ ഇടകലർന്നുമാണ് താമസിച്ചുവരുന്നത്.

പട്ടിക 12

### പട്ടിക വർഗ്ഗ സ്ഥിതി വിവരകണക്ക്

| വാർഡ് | ജനസംഖ്യ | | വീട് എണ്ണം | വിദ്യാർത്ഥികൾ |
|---|---|---|---|---|
| | പുരു | സ്ത്രീ | | |
| 2 | 3 | 2 | 1 | 2 |
| 3 | 3 | 2 | 1 | - |
| 5 | - | 1 | 1 | - |
| 6 | - | 1 | 1 | - |
| 8 | 3 | 1 | 1 | 1 |
| ആകെ | 9 | 7 | 5 | 3 |

### പാർപ്പിടം

ദാരിദ്ര്യ നിർമ്മാർജനത്തിന്റെ ഭാഗമായി സർക്കാർ പദ്ധതികൾ മുഖേനെയും സ്വയം പര്യാപ്തതയിലൂടെയും പാർപ്പിട പ്രശ്നപരിഹാരത്തിന് ഒരു പരിധി വരെ അറുതിവരുത്തുവാൻ സാധിച്ചിട്ടുണ്ട്. പോയ വർഷങ്ങളിൽ J.R.Y പദ്ധതി പ്രകാരം താഴെ കാണുന്ന ക്രമത്തിൽ വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ മറ്റ് ഏജൻസികൾ മുഖേനയും ഭവനങ്ങൾ നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

### JRY പദ്ധതിമൂലം സഹായം ലഭിച്ചവീടുകളുടെ കണക്ക്

| ക്ര.നമ്പർ | സാമ്പത്തിക വർഷം | ക്ര.നമ്പർ | അനുവദിച്ച വീടിന്റെ എണ്ണം |
|---|---|---|---|
| A | 1989-90 | A | 14 |
| B | 1990-91 | B | 4 |
| C | 1991-92 | C | 6 |
| D | 1992-93 | D | 3 |
| E | 1993-94 | E | 5 |
| F | 1994-95 | F | 3 |
| G | 1995-96 | G | 4 |
| ആകെ എണ്ണം | | | 39 |

മേൽപ്പറഞ്ഞ ആനുകൂല്യങ്ങൾ നടപ്പിലാക്കിയ രീതി വരുത്തി വെക്കുന്ന സാങ്കേതിക തടസ്സങ്ങൾ പലപ്പോഴും അപൂർവ്വം ചില വീടുകളുടെ നിർമ്മാണ പ്രവർത്തനം നിന്നു പോകുന്നതിന് ഇടവരുന്നു. ആയതിനാൽ വായ്പാ വിതരണ സമ്പ്രദായത്തിൽ ഇന്നുള്ള ന്യൂനതകൾ മാറ്റിയും തുക വർദ്ധിപ്പിച്ചും യഥാർത്ഥ കുടുംബത്തിന് വീടു പണിയുവാനുള്ള അവസരം ഉണ്ടാക്കുവാൻ നിയമത്തിൽ മാറ്റം വരുത്തുകയും നിർമ്മാണ രംഗത്തുള്ള തൊഴിലാളികളുടെ രൂപീകരിക്കുന്ന സഹകരണ സംഘം വഴിയോ, നിലവിലുള്ള സംഘം വഴിയോ മൊത്തമായി അനുവദിക്കുന്ന വീട് പണിയാനുള്ള ശ്രമം നടത്താവുന്നതാണ്. കുടിലിൽ താമസിക്കുന്നവർക്ക് സമയബന്ധിത പരിപാടി അനുസരിച്ച് വീടുകൾ നൽകി സംരക്ഷിക്കേണ്ടതാണ്. പുറംമ്പോക്കിൽ താമസമാക്കിയിട്ടുള്ള കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകി പരിരക്ഷിക്കണം. കോളനി, ലക്ഷം വീട്, മിച്ചഭൂമി, സെറ്റിൽമെന്റ് കോളനി എന്നിങ്ങനെ തരംതിരിച്ച് കൂടുതൽ സഹായം നൽകുന്ന ഇന്നത്തെ അവസ്ഥക്ക് മാറ്റം വരുത്തി ഈ വിഭാഗത്തിൽ ഇടകലർന്ന് താമസിക്കുന്നവർക്കും

ആനുകൂല്യങ്ങൾ നിഷ്പ്രയാസം ലഭ്യമാക്കുന്ന അവസ്ഥക്ക് രൂപം നൽകണം. തന്നെയുമല്ല നാടിന്റെ മറ്റു വിഭാഗങ്ങളിൽനിന്നും ഒറ്റപ്പെടുത്തുന്ന കോളനി സംവിധാനം ഒഴിവാക്കുക വഴി മറ്റു ജനവിഭാഗത്തോടൊപ്പം മാനസികമായും സാംസ്കാരികമായും ഉയരുവാൻ സഹായിക്കുന്നതുമാണ്.

## പട്ടിക 3
### കോളനി, ലക്ഷം വീട് സ്ഥിതി വിവരകണക്ക്

| വാർഡ് നമ്പർ | കോളനിയുടെ പേര് | ലക്ഷം വീടിന്റെപേര് |
|---|---|---|
| വാർഡ് 2 | | മാരാർ ലക്ഷംവീട് |
| വാർഡ് 3 | I.H.D.P കോളനി | |
| വാർഡ് 4 | | ചുണ്ടക്കൽലക്ഷംവീട് |
| വാർഡ് 5 | | അരിങ്ങഴിലക്ഷംവീട് |
| വാർഡ് 6 | അത്തേക്കാട് കോളനി | തടപറമ്പ് ലക്ഷംവീട് |
| വാർഡ് 7 | പുളായ്ക്കൽ കോളനി | |

### പ്രശ്നങ്ങൾ

1. കില്ലന്നൂർ കോളനി, തറ-ച്ചിറ കുന്ന്, മിച്ചഭൂമി കോളനി, തടപ്പറമ്പ്, അരിങ്ങഴി എന്നീ ലക്ഷം വീടുകളിലും, വേനൽക്കാല ആരംഭത്തിൽ പോലും കുടിവെള്ളക്ഷാമത്തിന്റെ രൂക്ഷത അനുഭവപ്പെടുന്ന സ്ഥലങ്ങളാണ്.
2. തറ-ച്ചിറകുന്ന്, അത്തേക്കാട് കോളനികൾ, മാരാർ ലക്ഷംവീട്, ചുണ്ടക്കുന്ന്, അരിങ്ങഴി, തടപ്പറമ്പ് എന്നീ സ്ഥലങ്ങളിലെ കോളനി, ലക്ഷംവീട് അനുബന്ധറോഡുകൾ ടാറിങ്ങ് ഇല്ലാത്തതുമൂലം നാശമാകുന്നു.
3. 8-ാം വാർഡിലെ തെയ്യത്താം കുണ്ട്, 9-ാം വാർഡിലെ വടക്കേച്ചിറ എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം, വെളിച്ചം, റോഡ് എന്നിവ വേണ്ടത്ര ആയിട്ടില്ല.

### നിർദ്ദേശങ്ങൾ

1. തറ-ചിറക്കുന്ന്, മിച്ചഭൂമി, (3-ാം വാർഡ്) എന്നീ സ്ഥലങ്ങളിൽ കുഴൽകിണറുകൾ ഉപയോഗപ്പെടുത്താൻ ഇപ്പോൾ സാധിക്കുന്നില്ല. അതുപോലെ നിലവിലുള്ള ടാങ്ക് വേണ്ടത്ര ഫലപ്രദവുമല്ല. ആയതിനാൽ 3-ാം വാർഡിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ 3 കുഴൽകിണറുകളിൽനിന്നും പുതിയ ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത് പൈപ്പ്ലൈൻ വഴി വിതരണം ചെയ്താൽ ഒരു പരിധി വരെ പരിഹരിക്കാവുന്നതുമാണ്. അല്ലാത്തപക്ഷം നിലവിലുള്ള ടാങ്കുതന്നെ ഉപയോഗിച്ച്, അതാതു സ്ഥലത്ത് കുഴൽകിണർ ഉപയോഗിച്ച് പ്രശ്നപരിഹാരം കാണുക. കുഴൽകിണറിലെ വെള്ളത്തിന്റെ ലഭ്യത മുമ്പത്തെ പോലെ ഇല്ല എന്നതും പ്രശ്നമാണ്. അതുകൊണ്ട് പഴയ കിണറുകൾ ഉപയോഗശൂന്യമായോ എന്ന് ഉറപ്പുവരുത്തി ബദൽ സംവിധാനം കാണേണ്ടതുമാണ്.
2. അരിങ്ങഴി ലക്ഷം വീട്ടിലേക്ക് പൈപ്പ്ലൈൻ നീട്ടി കുടിവെള്ളം എത്തിക്കണം.
3. തടപറമ്പിൽ നിലവിലുള്ള കുഴൽകിണറിൽനിന്ന് വെള്ളം ലഭ്യമാകുന്നതിന് മോട്ടോർ വെച്ച്, ടാങ്ക് കെട്ടി പമ്പിങ്ങ് സിസ്റ്റം ഉണ്ടാക്കുക.
4. കോളണികളിലുള്ള റോഡുകളും ലക്ഷം വീടുകളിലുള്ള അനുബന്ധ റോഡുകളും നന്നാക്കി, ടാർ ചെയ്യുന്നതിന് ശ്രമിക്കുക.
5. മലയോര പ്രദേശങ്ങളിലെ ഈ വിഭാഗങ്ങൾ താമസിക്കുന്ന കോളനി റോഡ് അറ്റകുറ്റപ്പണി നടത്തുക.

## പട്ടികജാതി സർവ്വീസ് സഹകരണ സംഘം

പഞ്ചായത്തിലെ എല്ലാവരുടേയും വ്യക്തി-കുടുംബ പുരോഗതിയെ ലക്ഷ്യമാക്കി 1986ൽ 1969ലെ കേരള സഹകരണ സംഘം ആക്ട് പ്രകാരം R-758-ാം നമ്പർ ആയി "കിള്ളന്നൂർ പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം" പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ 240 പേർ അംഗങ്ങളാണ്. കൃഷി, കൈതൊഴിൽ, പരമ്പരാഗത ഉപജീവനമാർഗ്ഗം കണ്ടെത്തൽ, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക തുടങ്ങി എല്ലാ അർത്ഥത്തിലും ഈ വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യവും ജീവിതവും ക്രമപ്പെടുത്തി ഉന്നതിയിലേക്ക് നയിക്കുക എന്നതിലേക്കാണ് സംഘത്തിന്റെ പ്രവർത്തനം ലക്ഷ്യമാക്കുന്നത്.

### പ്രവർത്തനശേഷി

തൃശൂർ ഷൊർണൂർ റോട്ടിൽ ഗ്രാമലയിൽ നോട്ടുപുസ്തക നിർമ്മാണ സൗകര്യത്തോടെ റൂളിംഗ് അടക്കമുള്ള ഒരു പ്രിന്റിംഗ് പ്രസ്സും, തുന്നൽ പരിശീലനം കൊടുക്കത്തക്ക രീതിയിൽ തുടക്കം കുറിച്ച ഒരു ടൈലറിംഗ് യൂണിറ്റും ഇവിടെ പ്രവർത്തിച്ചു വരുന്നു. പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ഒരു "ടെറസ്സ്" ബിൽഡിംഗിന്റെ പണിയും ആരംഭിച്ചിട്ടുണ്ട്. സെക്രട്ടറി ഉൾപ്പെടെ 4 ജീവനക്കാരും ഇതിൽ മൂന്നും സ്ത്രീ ജീവനക്കാരാണ്. തിരഞ്ഞെടുത്ത 7 അംഗ ഭരണ സമിതിയാണ് ഭരണ ചുമതല നിർവ്വഹിച്ചു വരുന്നത്. സംഘത്തിന്റെ കെട്ടിട സൗകര്യങ്ങൾ, പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി ഗ്രാമ പഞ്ചായത്തിന്റെ നിർദ്ദേശ പ്രകാരം ഉപയോഗപ്പെടുത്താവുന്നതാണ്. സഹകരണസംഘം ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ ആക്ടിനുവിധേയമായി മാത്രമേ പ്രവർത്തിക്കാൻ കഴിയൂ. പ്രവർത്തിന മൂലധനത്തിന്റെ അപര്യാപ്തത ലക്ഷ്യപ്രാപ്തിക്ക് തടസ്സം നേരിടുന്നു. പാരമ്പര്യ തൊഴിൽ പുനരുജ്ജീവിപ്പിക്കാൻ കഴിയുന്നതോടൊപ്പം ഇവർക്കാവശ്യമായ വിപണന കേന്ദ്രവും തുറക്കാവുന്നതാണ്.

## അഗ്രോ സർവ്വീസ് സെന്റർ

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിന്റെ കാർഷിക അഭിവൃദ്ധി ലക്ഷ്യമാക്കി കൃഷിവകുപ്പിന്റെ കീഴിൽ പ്രത്യേക ഘടക പദ്ധതി വഴി 3-ാം വാർഡിൽ മിച്ചഭൂമിക്കു സമീപം 31-5-86ൽ ഉൽഘാടനം ചെയ്ത സ്ഥാപനത്തിന്റെ ഇന്നത്തെ അവസ്ഥ തീർത്തും ലജ്ജാകരമാണ്. സർക്കാരിന്റെ വക സ്ഥലത്ത് (5 സെന്റ്) നൂതനമായ രീതിയിൽ അതിവിശാലമായ ഹാളുകൾ, 3 മുറികളുള്ള സൗകര്യങ്ങളോടെയാണ് കെട്ടിടം പണിതിട്ടുള്ളത്. ടി. വി. സൗകര്യവുമുണ്ട്. സർക്കാരിൽനിന്നും അനുവദിച്ചുകിട്ടിയ ട്രില്ലർ, കാർഷിക തൊഴിലുപകരണങ്ങൾ, സ്പ്രെയർ പമ്പുകൾ എന്നിവ സ്വന്തമായി ഉണ്ടായിരുന്നു. സർക്കാരിന്റെ നോമിനേറ്റഡ് ബോഡിയാണ് അധികാരം ഏറ്റെടുത്തത്. എന്ത്

ലക്ഷ്യത്തിനുവേണ്ടിയാണോ സ്ഥാപനം ആരംഭിച്ചത് ഇതുനു ഘടക വിരുദ്ധമായി, പട്ടികജാതിക്കാരല്ലാത്ത ആൾക്കാരാണ് ഈ സ്ഥാപനവും, ഇതിന്റെ സാമഗ്രികളും ഇപ്പോൾ ഉപയോഗിച്ചുവരുന്നത്. ഇതിനു പരിഹാരം കണ്ടെത്തുവാൻ നാളിതുവരെ ബന്ധപ്പെട്ട സർക്കാരും, മറ്റേജൻസികളും തുനിയാത്തതുമൂലം ഈ സ്ഥാപനം പ്രവർത്തന രഹിതമായി നിലകൊള്ളുന്നു. അതുകൊണ്ട് ജനാധിപത്യരീതിയിൽ പുതിയ കമ്മറ്റിക്ക് ഭരണച്ചുമതല ഏൽപ്പിച്ചുകൊടുത്ത് സ്ഥാപനപ്രവർത്തനത്തിന് വീണ്ടും തുടക്കം കുറിക്കുക, പട്ടികജാതി വിഭാഗത്തിലെ കലാസാംസ്ക്കാരിക രംഗത്തെ വ്യക്തികൾക്ക് ഒത്തുചേരുവാൻ, ആശയവിനിമയം നടത്താൻ ഈ സ്ഥാപനത്തെ ഉപയോഗപ്പെടുത്താവുന്നതാണ്.

### വിദ്യാഭ്യാസം

ഈ രംഗത്ത് മറ്റുവിഭാഗത്തെപ്പോലെ പുരോഗതി കൈവരിക്കുന്നതിൽ, മത്സരബുദ്ധ്യാ പോകുന്നതിൽ സാമൂഹ്യജീവിത പ്രയാസങ്ങൾ തടസ്സം സൃഷ്ടിക്കുന്നു. ഇടക്കാലത്ത് വിദ്യാഭ്യാസം നിർത്തുന്ന കുട്ടികളെ പുനർപഠനത്തിന് രക്ഷിതാക്കൾ നിർബന്ധിക്കാറില്ല. S.S.L.C ക്ക് ശേഷമാണ് ഈ പ്രവണതക്ക് കൂടുതൽ സാദ്ധ്യത നിലനിൽക്കുന്നത്. പെൺകുട്ടികളാണ് ഇങ്ങനെ പഠിത്തം നിർത്തുന്നതിൽ ഏറിയവർ. സർക്കാർ നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചും പരിഹാരം കാണേണ്ടതാണ്. സർക്കാർ സ്കൂളുകളെ ശരണം പ്രാപിക്കുകയല്ലാതെ വൻ തുക മുടക്കി വിദ്യാഭ്യാസം നൽകുന്നതിൽ ബഹുഭൂരിപക്ഷത്തിനും സാധിക്കുന്നില്ല.

**പട്ടിക 4**

**S.C, S.T, വിദ്യാഭ്യാസ സ്ഥിതി വിവരകണക്ക്**

| വാർഡ് | സാക്ഷരർ | 5-10 | PDC | ബിരുദം | ബിരുദാനന്തരം | സാങ്കേതികം |
|---|---|---|---|---|---|---|
| വാർഡ്1 | 22 | 17 | 8 | 1 | 3 | 1 |
| വാർഡ്2 | 18 | 46 | 12 | 1 | 1 | 1 |
| വാർഡ്3 | 165 | 210 | 24 | 1 | 1 | 2 |
| വാർഡ്4 | | | | | | |
| വാർഡ്5 | 18 | 32 | 3 | ഇല്ല | ഇല്ല | ഇല്ല |
| വാർഡ്6 | 48 | 44 | 3 | ഇല്ല | ഇല്ല | ഇല്ല |
| വാർഡ്7 | 84 | 77 | 14 | ഇല്ല | ഇല്ല | ഇല്ല |
| വാർഡ്8 | 12 | 15 | 2 | ഇല്ല | ഇല്ല | ഇല്ല |
| വാർഡ്8 | 19 | 7 | 3 | ഇല്ല | 1 | ഇല്ല |

സർക്കാർ സ്കൂളുകളുടെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്. നൂതന പഠന സമ്പ്രദായ സൗകര്യങ്ങൾ പ്രയോഗിക്കുന്നതിൽ സർക്കാർ സ്കൂൾ പുറകിലാണ്. ആയതിനാൽ സർക്കാർ സ്കൂളുകളെ മറ്റുള്ളവയോട് മത്സരിക്കുവാൻ പ്രാപ്തിയുള്ളതാക്കിത്തീർക്കാൻ ആവശ്യമായ തയ്യാറെടുപ്പ് സർക്കാർ തലത്തിലും, ഗ്രാമപഞ്ചായത്ത് തലത്തിലും നടത്തേണ്ടതാണ്.

ജീവിത പ്രയാസം വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് ഇടവരുത്തുന്നു. ഇത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ ആവശ്യമായ സാമ്പത്തിക സഹായവും, കുടുംബത്തിലെ തൊഴിലില്ലായ്മക്ക് പരിഹാരവും ലഭ്യമാക്കുക. ചെറുപ്പത്തിൽതന്നെ നഴ്സറി സ്കൂളുകളുടെ സൗകര്യം ലഭിക്കാൻ അവശ്യകോളണികളിൽ നഴ്സറി സൗകര്യം ഉണ്ടാക്കുക. കുടുംബയോഗങ്ങൾ നടത്തി എല്ലാവരിലും ബോധവൽക്കരണം നടത്തുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ട പ്രാധാന്യം സ്കൂൾ തലത്തിൽ നൽകുക.

### തൊഴിൽ

പട്ടികജാതി കുടുംബങ്ങൾ കാർഷിക പണിയെടുത്താണ് മുൻകാലങ്ങളിൽ ജീവിതം നയിച്ചിരുന്നത്. കൃഷിക്കാർ കൃഷിയിൽ താൽപര്യം കാണിക്കാത്തതും, യന്ത്രങ്ങളുടെ പ്രവേശനവും, തൊഴിൽ സാദ്ധ്യത വർദ്ധിച്ച തോതിൽ കുറഞ്ഞതിന് വഴിവെച്ചു. ചെറിയൊരു ഭാഗം പരമ്പരാഗത തൊഴിലെടുത്ത് ജീവിക്കുന്നവരാണ്. ഉദാഹരണത്തിന് പുൽപായ നെയ്ത്ത്, മുള കൊണ്ടുള്ള പനമ്പ്, കൊട്ട നെയ്ത്ത്, റെഡിമെയ്ഡ് നിർമ്മാണം-വ്യാപാരം, കുട നിർമ്മാണം എന്നീ മേഖലയിൽ വ്യാപിച്ചു കിടക്കുന്നു. സർക്കാർ, അർദ്ധ സർക്കാർ, ഫാക്ടറി ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർ നാമമാത്രമാണ്.

പാരമ്പര്യതൊഴിലിലൂടെ ഉപജീവനം കഴിക്കുവാനുള്ള സ്വാഭാവിക ബുദ്ധിമുട്ട് ഇവിടെ നിലനിൽക്കുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവും, ഉൽപാദന ചിലവിന്റെ കൂടുതലും, വിപണന കേന്ദ്രത്തിന്റെ അഭാവവും ഈ രംഗത്തുനിന്നും തൊഴിലാളികൾ വിട്ടുനിൽക്കുന്നു. പുൽപായ നിർമ്മാണത്തിന് ആവശ്യമായ "കോര" പുല്ല് ഇവിടെ ലഭ്യമല്ല. അതുകൊണ്ട് ഈ രംഗം ഇപ്പോൾ നശിച്ചുകൊണ്ടിരിക്കയാണ്. ഈ കൈതൊഴിൽ മേഖലയെ വ്യവസായിക-സഹകരണ അടിസ്ഥാനത്തിൽ പരിപോഷിപ്പിക്കപ്പെടുകയാണെങ്കിൽ ഈ രംഗത്ത് തൊഴിൽ സാദ്ധ്യതക്ക് സാദ്ധ്യതയേറെയാണ്. "കോര" പുല്ല് വെച്ചുപിടിപ്പിക്കാവുന്നതാണ്. മേൽപ്പറഞ്ഞ പരമ്പരാഗത-കൈതൊഴിൽ വിദഗ്ധർ ഏറിയ പങ്കും പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന പട്ടിക ജാതി സംഘത്തിന്റെ വ്യാപക അതിർത്തിയിൽ താമസിക്കുന്നവരും, സംഘാഗങ്ങളുമാണ്. ഈ സംഘത്തിനെ ഉപയോഗപ്പെടുത്തിക്കൊണ്ടോ, മറ്റു തനതായ സംഘം മുഖേനയോ പരമ്പരാഗതവും അല്ലാത്തതുമായ തൊഴിൽ സാദ്ധ്യതകൾക്ക് വഴിയൊരുക്കുവാൻ ഗ്രാമപഞ്ചായത്തുവഴി ശ്രമിക്കാവുന്നതാണ്.

### പട്ടിക 4

പട്ടിക ജാതി തൊഴിലില്ലാത്തവരുടെ എണ്ണം

| ജനസംഖ്യ | തൊഴിലില്ലാത്തവരുടെ എണ്ണം | |
|---|---|---|
| | പുരുഷൻ | സ്ത്രീ |
| 617 | 84 | 73 |

മലയോര പ്രദേശത്തെ കാടുകളിൽ നിന്ന് പച്ച മരുന്നുകൾ ശേഖരിച്ച് സഹകരണ സംഘം വഴി വിപണന കേന്ദ്രങ്ങൾ കണ്ടുപിടിക്കാവുന്നതാണ്. അതുപോലെ ക്വാറി സാദ്ധ്യത ഉപയോഗപ്പെടുത്തിയും തൊഴിൽ നേടാൻ കഴിയും. ഇതിനുള്ള സൗകര്യങ്ങൾ പഞ്ചായത്ത് മുൻകൈയ്യെടുത്ത് ചെയ്തു കൊടുക്കുക.

ആരോഗ്യം

ആരോഗ്യരംഗത്ത് ബോധവൽക്കരണം നടത്തുമ്പോൾ കോളണി പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകണം. ശുചിത്വം, പരിപാലിക്കുന്നതിൽ ഉറപ്പാക്കും വിധം കോളനികളിലും, മിച്ചഭൂമിയിലും, ലക്ഷം വീടുകളിലും "സാനിട്ടറികക്കൂസ്" നിർമ്മിക്കേണ്ടതാണ്. ഏറ്റവും കൂടുതൽ പട്ടികജാതി വിഭാഗം താമസിക്കുന്ന മൂന്നാം വാർഡിൽ "സബ്സെന്റർ" സ്ഥാപിച്ചാൽ മൂന്നു വാർഡുകൾക്ക് പ്രയോജനപ്പെടുന്നതാണ്. ഇതിനാവശ്യമായ സ്ഥലം കിള്ളന്നൂർ കോളനിയിൽ സർക്കാർ ഉടമസ്ഥതയിൽ തന്നെ ഉണ്ട്. ഈ വിഭാഗം താമസിക്കുന്ന പ്രദേശത്തെ പഞ്ചായത്തു കിണറുകൾ, വാട്ടർ ടാങ്കുകൾ സമയാസമയത്ത് ശുചീകരിച്ച് സംരക്ഷിക്കേണ്ടതാണ്. കിണറില്ലാത്ത വീടുകൾക്ക് കുടിവെള്ളത്തിനായ് കിണറുകൾ കുഴിച്ചു കൊടുക്കേണ്ടതാണ്.

കലാ സാംസ്കാരിക രംഗം

പ്രാചീന, അനുഷ്ഠാന കലകളിൽ ഇവിടെ നിലനിന്നിരുന്നവയിൽ എടുത്തു പറയാവുന്നവ പുള്ളുവൻ പാട്ട്, നന്തുണി പാട്ട്, തുകിലുണർത്തൽ പാട്ട്, പൂതം കളി, മുടിയാട്ടം, പറയവേലക്കളി, കാളകളി തുടങ്ങിയ നിരവധി കലകൾ പഞ്ചായത്തിൽ മുൻകാലങ്ങളിൽ നിലനിന്നിരുന്നു. എന്നാൽ ഇവയിൽ ഭൂരിഭാഗവും അന്യംനിന്ന മട്ടാണ്. ഈ രംഗത്തു നിലനിന്നിരുന്നവർക്ക് പ്രോത്സാഹനം നൽകി, ഒരു കലാകാരന് നൽകുന്ന അംഗീകാരം നാളിതുവരെ നൽകിയിട്ടില്ല. മറ്റു കലാരംഗങ്ങളിൽ പ്രവർത്തിക്കുന്ന കലാകാരൻമാർക്ക് കൊടുക്കുന്ന തുല്ല്യപ്രാധാന്യം ഈ രംഗത്തും നൽകുകയും, അവശരായ കലാകാരൻമാർക്ക് ഒരു പെൻഷൻ പദ്ധതിക്ക് രൂപം നൽകുകയും ഈ വിഭാഗത്തിടയിലുള്ള അന്യം നിന്ന കലകൾ പുനരുജ്ജീവിപ്പിക്കുവാനായി, ഇവയിൽ പ്രാഗൽഭ്യം ഉള്ളവരെ കോർത്തിണക്കിയും അഭിരുചിയുള്ള പുതിയ തലമുറയിൽപ്പെട്ടവരെ പരിശീലിപ്പിക്കുന്ന രീതി അവലംബിച്ചും, ഇന്നത്തെ സമൂഹത്തിൽ വില കൽപ്പിക്കുന്ന മറ്റു കലാ-സംഗീത പരിശീലനവും ഉൾപ്പെടുത്തികൊണ്ടുമുള്ള പഞ്ചായത്തു തലത്തിൽ വേണ്ട ശ്രദ്ധചെലുത്തി ഒരു കലാകേന്ദ്രം പുതുതായി ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്. ഈ ലക്ഷ്യപ്രപ്തിക്കുവേണ്ടി മുൻ അദ്ധ്യായത്തിൽ പറഞ്ഞ പഞ്ചായത്തിലെ "അഗ്രോ സെന്ററിന്റെ" കെട്ടിട സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

# 5 ⑫ വിഭവസമാഹരണം

മുളകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് ലോവർ ഗ്രേഡ് പഞ്ചായത്താണ്. പ്രധാന വരുമാന മാർഗ്ഗം സർക്കാർ ഗ്രാൻറും രണ്ടാമതായി നേരിട്ട് പിരിച്ചെടുക്കുന്ന നികുതിയുമാണ്. നേരിട്ടുള്ള വരുമാനത്തിൽ 12.38% കെട്ടിട നികുതി ഇനത്തിലാണ് വരുന്നത്. 15.68% തൊഴിൽ നികുതിയായും കൂടാതെ ലേലം, പരസ്യം, വിനോദം, ലൈസൻസ് എന്നിവ വഴിക്കും വരുമാനമുണ്ട്. JRY, അൺടൈഡ്, VRM, VTC, MI തുടങ്ങിയ ഗ്രാൻറ് വരുമാനം പഞ്ചായത്തിന് ലഭ്യമാണ്. 95-96 വരെ 100% നികുതി പിരിച്ചെടുത്തിട്ടുണ്ട്. 96-97 ലെ പിരിവ് നടന്നുവരുന്നു. കെട്ടിട നികുതി വാർഷികവാടകയുടെ 6-10% പിരിക്കാമെങ്കിലും ഇവിടെ 6% മാത്രമാണ് പിരിക്കുന്നത്. ആകെ വരുമാനത്തിൻെറ 26% ഭരണച്ചിലവിന് മാത്രം ചിലവഴിക്കപ്പെടുന്നു. ബാക്കി തുക ചിലവഴിക്കപ്പെടുന്നത് പ്രധാനമായും പ്രത്യുൽപാദനപരമല്ലാത്തതും എന്നാൽ അടിസ്ഥാന പ്രാഥമിക സൗകര്യങ്ങൾക്കു വേണ്ടിയുമാണ്.

ഇന്നത്തെ സ്ഥിതിയിൽ പഞ്ചായത്ത് പുതിയ സാമ്പത്തിക വിഭവ സമാഹരണ മേഖലകൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് പ്രത്യുൽപ്പാദനപരമായ വികസന ആവശ്യങ്ങൾ നിറവേറ്റണ്ടതും സാമ്പത്തിക ഭദ്രത കൈവരിക്കേണ്ടതുമാണ്.

## പ്രശ്നങ്ങൾ

1. തൊഴിൽ നികുതിയാണ് പ്രധാന വരുമാന മാർഗ്ഗം എന്ന് പട്ടിക 1ൽ നിന്ന് വ്യക്തമായല്ലോ. പഴയ വീടുകൾക്ക് ചുമത്തി പോന്നിരുന്ന

പട്ടിക 1

വരവു ചെലവ് സംബന്ധിച്ച വിവരങ്ങളും ശതമാനവും

| വരവ് ഇനം | സംഖ്യ | % | ചിലവിനം | സംഖ്യ | % |
|---|---|---|---|---|---|
| കെട്ടിടനികുതി | 235755 | 12.38 | പ്രസിഡണ്ട് & മെമ്പർമാർ | 55519 | 2.91 |
| ലൈറ്റിനിങ്ങ് ടാക്സ് | 43976 | 2.31 | സെക്രട്ടറി & സ്റ്റാഫ് | 368242 | 19.35 |
| തൊഴിൽ നികുതി | 297546 | 15.63 | ഓഫീസ് കണ്ടിൻജൻസി | 62302 | 3.27 |
| ഷോടാക്സ് & സർചാർജ്ജ് | 2823 | 0.14 | പൊതുമരാമത്ത് | 141719 | 7.44 |
| ET, AET, PFA& RENT | 40416 | 2.12 | വിദ്യാഭ്യാസം | 23827 | 1.25 |
| പഞ്ചായത്തു സ്ഥലത്തു നിന്നും | 1587 | 0.08 | വാട്ടർസപ്ലൈ | 65676 | 3.45 |
| പഞ്ചായത്ത് ഫീസ് | 11559 | 0.60 | സ്ട്രീറ്റ് ലൈറ്റ് | 193898 | 10.18 |
| ഗവ: ഗ്രാൻറ്, സംഭാവന | 1196223 | 62.86 | സാമൂഹ്യക്ഷേമം | 21179 | 1.11 |
| പലവക | 10651 | 0.55 | പലവക (IVPO ഗ്രാൻറ് ഉൾപ്പെടെ) | 92245 | 4.84 |
| നീക്കിയിരിപ്പ് & ലൈബ്രറി സെസ്സ് | 62450 | 3.28 | അൺടൈഡ് വർക്ക്സ് | 201205 | 10.57 |
| | | | 25% ഡ്യൂട്ടി , മിനി സ്റ്റേഡിയം | 105698 | 5.55 |
| | | | കടമിനം | 22955 | 1.20 |
| | | | | | |

അന്നത്തെ നികുതിയിൽ നിന്നുമാണ് കാലോചിതമായ വർദ്ധനവ് വരുത്തുന്നത്. എന്നാൽ ഇതിനിടെ ഈ വീടുകൾ പുതുക്കി വലുതാക്കിക്കഴിഞ്ഞിട്ടുള്ളത് ശ്രദ്ധിക്കപ്പെടാതെ പോകുന്നു.

2. നികുതി ചുമത്തി 5 വർഷങ്ങൾക്കു ശേഷമാണ് പുതുക്കുന്നത്. എന്നുള്ളതുകൊണ്ടു പഴയവ പൊളിച്ചു നീക്കുകയും, പഴയ നമ്പറിൽ നിന്നുതന്നെ പുതിയ വീടുകൾ വലുതാക്കുകയും കുടിലുകൾ ( നികുതി ഒഴിവാക്കപ്പെട്ടവ) പൊളിച്ച് പുതിയവീടുകളായും, പുതിയ നിലകളും, പാർശ്വങ്ങളിൽ വരുത്തുന്നു. ഇത് വഴി നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്.

3. പഞ്ചായത്തുകളിൽ വ്യാപകമായി വസ്തു കൈമാറ്റം നടന്നുവരുന്നുണ്ടെങ്കിലും ഇന്നത്തെ മാർക്കറ്റ് വിലയും വസ്തുകൈമാറ്റത്തിൻെറ തോതും കണക്കിലെടുത്താൽ അതിനനുസൃതമായ വിഹിതം പഞ്ചായത്തുകൾക്ക് വസ്തു കൈമാറ്റ നികുതി ഇനത്തിൽ കിട്ടി കാണുന്നില്ല.

4. പഞ്ചായത്തിന് യാതൊരു വിധത്തിലുള്ള നിയന്ത്രണമോ, ധനാഗമ സംവിധാനങ്ങളോ ഇല്ലാത്ത കരിങ്കൽ വ്യവസായ മേഖലയിൽ ഭീമമായ കച്ചവടം നടന്നുവരുന്നു.

5. കേബിൾ ടി.വി.യുടെ കടന്നുകയറ്റം സിനിമാ വ്യവസായത്തെ ഗ്രാമീണ മേഖലയിൽ സാരമായി ബാധിച്ചിട്ടുണ്ട്. ആയതിനാൽ ഈ പഞ്ചായത്തിലെ ഏക സിനിമാതിയ്യറ്ററിൽ നിന്നുള്ള കാഴ്ച നികുതി ഇനത്തിലുള്ള വരുമാനം ഗണ്യമായി കുറഞ്ഞു.

6. വ്യാപകമായ തോതിൽ പഞ്ചായത്തിൽ ഉല്പാ

പട്ടിക 2

## വരുമാനവ്യതിയാനങ്ങൾ

| നമ്പ്ര് | ഇനം | 1991-1992 | 1995-96 | വ്യതിയാനം | ശതമാനം(%) |
|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 1,90,749/- | 2,35,755/- | 45,276/- | 23.76% |
| 2. | ലൈറ്റിങ്ങ് ടാക്സ് | 35437.50 | 43976 | 8538.50 | 24.09% |
| 3. | തൊഴിൽ നികുതി | 168835 | 297546 | 128711 | 76.23% |
| 4. | ഷോടാക്സ് & സർ_ചാർജ്ജ് | 1433 | 2823 | 1390 | 96.99% |
| 5. | ET, AET, PFA, Rent etc. | 26621/- | 40416/- | 13795/- | 51.81% |
| 6. | പഞ്ചായത്ത് ഫീസ് | 7961.50 | 11559 | 3597.50 | 45.18% |
| 7. | ഗവ: ഗ്രാൻറുകൾ & കോൺട്രിബ്യൂഷൻസ് | 416452 | 1196223 | 779771 | 187.24% |
| 8. | പലവകവരവുകൾ | 7481.90 | 12238.35 | 4756.45 | 63.57% |
| 9. | കടമിനം സംബന്ധിച്ച വരവ് | 16523 | 62450 | 45927 | 277.95% |
| | | 8,71,223/- | 1902986/35 | 1031762/40 | 118.42% |

ദിപ്പിക്കപ്പെടുന്ന കാർഷിക, കൈത്തൊഴിൽ ഉല്പന്നങ്ങൾ തനതായ വിപണി ഇല്ലാത്തതിനാൽ വിറ്റഴിക്കപ്പെടുന്നതിനും, ഗ്രാമീണ ജനതക്കാവശ്യമായ ഉപഭോഗവസ്തുക്കൾ വാങ്ങുന്നതിനും നഗരങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. തന്മൂലം ഗ്രാമസമ്പത്ത് നഗരങ്ങളിൽ കേന്ദ്രീകരിക്കുന്നു.

### തൊഴിൽ നികുതി.

7. നമ്മുടെ പഞ്ചായത്തിൽ ഫാക്ടറികൾ, സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങൾ ഭൂവുടമ കൃഷിക്കാരും, സ്കൂളുകൾ കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഈടാക്കുന്നത്.

ചെറുതും വലുതുമായ ചില സ്ഥാപനങ്ങളിൽ വൻതോതിൽ ടേൺ ഓവർ ഉണ്ടെങ്കിലും പീസ് വർക്ക് സിസ്റ്റം അനുസരിച്ച് തൊഴിലാളികൾ പണിയെടുക്കുന്നതിനാൽ ആനുപാതികമായ തൊഴിൽ നികുതി ഇനത്തിലുള്ള വരുമാനം കിട്ടാതെ പോകുന്നു. അസംഘടിത മേഖലയിൽ വരുമാനമുള്ള സാങ്കേതികവും അല്ലാത്തവരുമായ തൊഴിലാളികൾ ഈ നികുതിയിൽ നിന്നും ഒഴിഞ്ഞ് നിൽക്കുന്നു. എന്നാൽ തൊഴിലെടുക്കുന്നവർ എല്ലാവരും തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു.

### 8. ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളും

നമ്മുടെ പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങളിൽ വൻതോതിൽ നിക്ഷേപിക്കപ്പെടുന്ന സംഖ്യയിൽ നല്ലൊരു ശതമാനം ഗ്രാമീണരുടേയും ഇടത്തരക്കാരുടേയും, വിദേശ ജോലിക്കാരുടേയുമാണ്. എന്നാൽ ഈ നിക്ഷേപം ഇതേ തോതിൽ ഗ്രാമീണ വികസന ക്ഷേമ മേഖലയിൽ ചിലവഴിക്കപ്പെടുന്നില്ല.

### സാധ്യതകൾ

1. കെട്ടിടനികുതിയുടെ തോത് അസന്തുലിതമായി നിലനിൽക്കുന്നതിനാൽ ഒരു റീസർവ്വേ സംഘടിപ്പിച്ച് നികുതി ഏകീകരിക്കുന്നതിലൂടെ ന്യായമായി ലഭിക്കേണ്ടതും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതുമായ നികുതി വരുമാനം ഉണ്ടാക്കാവുന്നതാണ്.

2. നികുതി പുനർനിർണ്ണയം 5 വർഷം കൂടു

പട്ടിക 3

## ചിലവ് വ്യതിയാനം

| നമ്പ്ര് | ഇനം | 1991-92 | 1995-96 | വ്യതിയാനം | ശതമാനം |
|---|---|---|---|---|---|
| 1 | പ്രസിഡണ്ട്, മെമ്പർമാർ | 23974..20 | 55519.00 | 31544.80 | 131.57 |
| 2. | സെക്രട്ടറി, സ്റ്റാഫ് | 256475 | 368242.50 | 111767.50 | 43.57% |
| 3. | ഓഫീസ് ചെലവുകൾ | 47643.70 | 62302.20 | 14658.50 | 30.76% |
| 4. | പബ്ലിക്ക് വർക്ക്സ് | 151544.45 | 141719 | -9825.45 | |
| 5. | വിദ്യാഭ്യാസം | 28168.00 | 23827 | -4341 | |
| 6 | വാട്ടർ സപ്ലൈ | 28350 | 65676 | 37326 | 131.66% |
| 7. | പലവകചിലവുകൾ (I.V.P. ലാട്രിൻ അടക്കം) | 7181 | 92245 | 85064 | 1184.50 |
| 8. | ലൈറ്റിങ്ങ് | 151406 | 193898 | 42492 | 28.06 |
| 9. | സാമൂഹ്യക്ഷേമം | 7904 | 2179.60 | 13275.60 | 167.95 |
| 10. | അൺടൈഡ് 25% ഡ്യൂട്ടി അടക്കം | 49900 | 306903.50 | 257003.50 | |
| 11. | വിദ്യാഭ്യാസം (ബിൽഡിംഗ്സ് ഫർണിച്ചർ) | 22041 | - | -22041 | |
| 12. | കടമിനം സംബന്ധിച്ച ചിലവ് | 15221 | 22955 | 7734 | 50.81 |
| | | 7,89,808.35 | 13,54,466.80 | | |

മ്പോൾ എന്നുള്ളത് ഓരോ വർഷവും എന്നാക്കി നിയമനിർമ്മാണം നടത്തുക.

3. വസ്തു കൈമാറ്റം നടക്കുമ്പോൾ ശരിയായ മാർക്കറ്റ് വില കാണിക്കാതെ വ്യാജമായ വിലകളിൻമേൽ വസ്തു കൈമാറ്റംനടത്തി നികുതി നഷ്ടം ഉണ്ടാകുന്നു. ഇത് തടയാൻ കൈമാറ്റ മാർക്കറ്റ് വില നിശ്ചയിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് വിട്ടുതരികയും, ഇതു വഴി വരുന്ന വസ്തു കൈമാറ്റ നികുതി നിശ്ചിത ശതമാനം നേരിൽ പഞ്ചായത്തിൽ കിട്ടാൻ തക്ക വിധത്തിൽ നിയമനിർമ്മാണം നടത്തുക.

4. ഈ പഞ്ചായത്തിൽ റവന്യു, ഫോറസ്റ്റ്, ഭൂമികളിൽ നടക്കുന്ന വ്യാപകമായ കരിങ്കൽ വ്യവസായത്തിൽ നിന്നും പഞ്ചായത്തിന് നികുതി ഏർപ്പെടുത്താവുന്നതാണ്. ഒരു കോടി എഴുപത്തി ഒന്ന് ലക്ഷത്തി അറുപത്തി നാലായിരത്തി എണ്ണൂറ് രൂപ ടേൺ ഓവർ ഒരു വർഷത്തിലുള്ളതായി പ്രാഥമിക സർവ്വെയിൽ നിന്നും വ്യക്തമാകുന്നു.

5. കേബിൾ ടി.വി .കണക്ഷനുകളുടെ എണ്ണം കണക്കാക്കി പുതിയ നികുതി പിരിക്കാൻ വിധം കാഴ്ച നികുതിയുടെ പരിധിയിൽ കൊണ്ടുവരിക.

6. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക വ്യവസായ ഉൽപ്പന്നങ്ങൾക്ക് ഇവിടെ തന്നെ മാർക്കറ്റുകൾ കണ്ടെത്തുക. ആയതിനാവശ്യമായ വിപണനകേന്ദ്രങ്ങൾ ഒരുക്കുക.

7. ടാക്സി വാഹനങ്ങൾക്ക് പാർക്കിങ് സംവിധാനം ഏർപ്പെടുത്തി നികുതി പിരിക്കുക.

8. സാമൂഹ്യ വനവൽക്കരണ പരിപാടിയിൽ പാഴ് മരങ്ങൾക്ക് പകരം, പ്ലാവ്, മാവ്, പുളി എന്നിങ്ങനെയുള്ള ഫലവൃക്ഷങ്ങൾ ജനകീയ പങ്കാളിത്തത്തോടുകൂടി വെച്ച് പിടിപ്പിക്കുക. സന്നദ്ധ സംഘടനകളെ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇത് വഴി കാലക്രമത്തിൽ പഞ്ചായത്തിന് വരുമാനം ലഭിക്കും.

9. ചെറുകിട വ്യവസായ സംരംഭകർക്ക് സൗജന്യമായി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി കൊടുക്കുക.

10. പഞ്ചായത്ത് പ്രദേശത്തും സ്വകാര്യസ്ഥലത്തോ, പൊതുസ്ഥലത്തോ സ്ഥാപിക്കുന്ന വൻകിട കമ്പനികളുടെ പരസ്യബോർഡിന് നികുതി ഈടാക്കുക.

11. വികസന മേഖലയിൽ (അടിസ്ഥാനസൗകര്യങ്ങൾക്ക് മാത്രം) സംഭാവന സാമ്പത്തികമോ, കായികമോ ആയി സ്വീകരിക്കുകയും, ഇങ്ങിനെയുള്ള പദ്ധതികൾക്ക് മുൻഗണന നല്കുക.

12. പീസ്വർക്ക് ചെയ്യുന്ന സ്ഥാപനങ്ങളിൽ ടേൺ-ഓവർ കണക്കാക്കി തൊഴിലാളികളുടെ എണ്ണത്തിനനുസൃതമായി തൊഴിൽ നികുതി പിരിച്ചെടുക്കേണ്ടതാണ്. അസംഘടിതമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെകൂടി തൊഴിൽ നികുതി പരിധിയിലേക്ക് കൊണ്ടുവരണം. ഇതിനായി പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ട്.

**ബാങ്കുകൾ**

13. നമ്മുടെ പഞ്ചായത്തിൽ ഉള്ള ബാങ്കുകൾ, സഹകരണ സംഘങ്ങൾ എന്നിവയിൽ സ്വീകരിക്കപ്പെടുന്ന നിക്ഷേപങ്ങളുടെ 25% വികസനോൻമുഖവും, പ്രത്യുൽപ്പാദനപരവുമായ മേഖലകളിൽ ചിലവഴിക്കപ്പെടുന്നതിന് പഞ്ചായത്ത് നേതൃത്വത്തിൽ നടത്തുവാൻ സാധ്യതയുള്ള പദ്ധതികളിലേക്ക് പഞ്ചായത്തുകൾക്ക് ഉദാരമായ സഹായങ്ങൾ ലഭ്യമാക്കണം.

# 5 ⑬ ടൂറിസം



നമ്മുടെ പഞ്ചായത്തിൽ തന്നെയുള്ള പ്രകൃതി മനോഹരവും, ശാന്തസുന്ദരവുമായ പൂമലഡാം ജലാശയം, ഗവ: റിസർവ്വ് ഫോറസ്റ്റിനികത്തെ പാമ്പൂരാം പാറ (ഉദ്ദേശം 5 ഏക്ര വിസ്തീർണ്ണം, 40 അടി ഉയരം) തൊട്ടുചേർന്നുള്ള (തെക്കുംകര വില്ലേജ്) ചെപ്പാറ എന്നിവ ഇപ്പോൾ തന്നെ ധാരാളം വിനോദസഞ്ചാരികളെ ആർഷിയ്ക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. മലമടക്കുകളുടെ നടുവിൽ ഉദ്ദേശം 50 ഏക്ര വിസ്തീർണ്ണത്തിലും, 60 അടി ഉയരത്തിലും സ്ഥിതിചെയ്യുന്ന 'ചെപ്പാറ' എന്ന പാറക്കെട്ടിൽ മുനിയറകളും, ഗുഹകളുമുണ്ട്. പൗരാണികവും, ചരിത്രപ്രധാന്യവുമുള്ള ഈ കൂറ്റൻ ശിലാവിസ്മയം ചരിത്ര പഠനമർഹിക്കുന്നു.

ഹരിത മലനിരകളുടെ നടുവിൽ സ്ഥിതിചെയ്യുന്ന പൂമല ഡാം തടാകത്തിനോടു ചേർന്ന് ടൂറിസം ഡവലപ്പ്മെൻറ് ഫണ്ടുപയോഗിച്ച് സഞ്ചാരികൾക്കുവേണ്ടി വിശ്രമകുടകളും, ചാരുബഞ്ചുകളും, കുട്ടികൾക്കു വേണ്ടി കളി ഉപകരണങ്ങളും നിർമ്മിച്ചതു കൂടാതെ തേക്ക് , പൂമരം തുടങ്ങിയ വൃക്ഷങ്ങളും നല്ല തോതിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

### പ്രശ്നങ്ങളും, സാധ്യതകളും

അതിവിശാലമായ ഡാം തീരം പൂന്തോട്ടം വെച്ച് പിടിപ്പിച്ച് ഫാൻസി ലൈറ്റുകൾ, ജലധാര സംവിധാനങ്ങൾ, കാൻറീൻ, പെഡൽ ബോട്ട് സംവിധാനം ഏർപ്പെടുത്തുകയും, റോഡ് സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്താൽ ധാരാളം ടൂറിസ്റ്റുകളെ ആകർഷിക്കുവാനും അതുവഴി പഞ്ചായത്തിന് ഒരു നല്ല വിഭവസമാഹരണം നടത്താനും സാധിക്കും.

# ഉപസംഹാരക്കുറിപ്പ്

അസന്തുലിതവും അശാസ്ത്രീയവുമായ ഇന്നത്തെ വികസന പ്രക്രിയയുടെ പരിണതഫലങ്ങൾ നാം അനുഭവിച്ചറിഞ്ഞു. ഇത്തരുണത്തിൽ പ്രശ്ന ങ്ങൾക്ക് പോംവഴി ജനകീയാസൂത്രണത്തിലൂടെ എങ്ങിനെ കണ്ടെത്തണമെന്ന് നാം ഓരോരുത്തരും ശക്തമായി ചിന്തിക്കേണ്ട ഘട്ടം സംജാതമായിരി ക്കുന്നു. വിവിധ മേഖലകളിൽ നാം നേരിടുന്ന പ്രശ്നങ്ങളും പരിമിതികളും ഇതിനകം ഏറെ ക്കുറെ വ്യക്തമായിക്കാണുമല്ലോ. നമുക്ക് ലഭ്യമായ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ ഈ പ്രശ്നങ്ങളെ നേരിടാൻ എങ്ങനെ വിഭവങ്ങളെ പ്രയോജനപ്പെടുത്താമെന്ന് പ്രായോഗിക ബുദ്ധി യോടെ നാം ഏവരും ചിന്തിക്കണം. വസ്തു നിഷ്ഠമായി പ്രശ്നങ്ങളെ വിശകലനം ചെയ്ത് മുൻഗണനാക്രമത്തിൽ പദ്ധതികൾ നടപ്പിലാക്കേ ണ്ടതുണ്ട്. അതിനുവേണ്ട പ്രതിബദ്ധത ഭരണകർ ത്താക്കൾ, ഉദ്യോഗസ്ഥർ, ഗുണഭോക്താക്കൾ എന്നി ങ്ങനെ എല്ലാവർക്കും ഉണ്ടായിരിക്കണം. ഇതിനു വേണ്ടി ഫണ്ട് സമാഹരണം മുതൽ പദ്ധതി തയ്യാ റാക്കി നടപ്പിലാക്കുന്ന ഘട്ടം വരെ കക്ഷിരാഷ്ട്രീയ ത്തിനതീതമായി വികസനം ലക്ഷ്യമാക്കി നാം ഏവരും പ്രവർത്തിച്ചേ മതിയാകൂ. ഈ പ്രതീക്ഷ നിറവേറ്റാൻ നമ്മൾ ഓരോരുത്തർക്കും ഇനിയുള്ള പ്രവർത്തനങ്ങളിൽ സജീവപങ്കാളികളാകാം... നല്ലൊരു നാളേക്കുവേണ്ടി........

✻



മുളകുന്നത്തുകാവ് റോഡ്
തേറമ്പിൽ രാമകൃഷ്ണൻ MLA ഉൽഘാടനം ചെയ്യുന്നു.



മുളകുന്നത്തുകാവ് ആയുർവ്വേദ ആശുപത്രി (15-9-96)ന് ശ്രീ. K. രാധാകൃഷ്ണൻ (ഹരിജന,യുവജന ക്ഷേമ വകുപ്പ് മന്ത്രി)ഉൽഘാടനം ചെയ്യുന്നു.
അദ്ധ്യക്ഷൻ ശ്രീ: തേറമ്പിൽ രാമകൃഷ്ണൻ (MLA)
സ്വാഗതം : ശ്രീ. V.D സ്റ്റാൻലി (ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്)



**കേരളോത്സവം**
**ശ്രീ.M.M. വർഗ്ഗീസ് ട്രോഫി വിതരണം ചെയ്യുന്നു.**



**കാന്തചികിത്സയ്ക്കും മറ്റും ഉപയോഗിക്കുന്ന ലളിതവും വളരെ ചിലവുകുറഞ്ഞതുമായ മാഗ്നറ്റൈസർ രൂപപ്പെടുത്തിയതിന് വിദഗ്ദ്ധരുടെ അംഗീകാരം നേടിയ പീറ്റർ.ഡി.ആലപ്പാട്ട് (കോഞ്ചേരി) മുളകുന്നത്തുകാവ് പഞ്ചായത്തിലാണ് താമസിയ്ക്കുന്നത്.**

## വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

1. V.D. സ്റ്റാൻലി ( പ്രസിഡണ്ട്, ഗ്രാമ പഞ്ചായത്ത്)
2. A.R. ചന്ദ്രൻ ( വൈസ് പ്രസിഡണ്ട്, ഗ്രാമ പഞ്ചായത്ത്)
3. K.V. മഞ്ജുള ( സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ )
4. A.S. രാജൻ
5. R. രുഗ്മിണി ( കൃഷി ഓഫീസർ, കില്ലന്നൂർ )
6. Dr.P.P. ചന്ദ്രശേഖരൻ ( വെറ്ററിനറി ആശുപത്രി )
7. Dr.N.L.സെബാസ്റ്റ്യൻ ( ആയുർവ്വേദ ഡിസ്പൻസറി കില്ലന്നൂർ)
8. Dr. ജോസ് ( ഹോമിയോ ഡിസ്പൻസറി കില്ലന്നൂർ )
9. ശശീധരൻ ( ഹെൽത്ത് ഇൻസ്പെക്ടർ P.H.C പൂമല)
10. V.P. സുകുമാരൻ ( പഞ്ചായത്ത് സെക്രട്ടറി )
11. P.I. കുമാരൻ ( പ്രസിഡണ്ട് ഹരിജൻ സഹകരണ സംഘം )
12. P.A. തങ്കപ്പൻ മാസ്റ്റർ ( മെമ്പർ തിരൂർ സഹകരണ സംഘം)
13. K.V. നീലാംബരൻ ( മുൻ പഞ്ചായത്ത് മെമ്പർ)
14. M.K. കൊച്ചയ്യപ്പൻ മാസ്റ്റർ ( റിട്ട: അദ്ധ്യാപകൻ)
15. ജോയി കൊല്ലുപറമ്പിൽ ( വൈസ് പ്രസിഡണ്ട്, ഗ്രാമ പഞ്ചായത്ത്)
16. M.M. സോമൻ
17. P. സുരേഷ് ബാബു
18. T.P. ലോനപ്പൻ ( റി: എഞ്ചിനീയർ ഇറിഗേഷൻ)
19. V. രാജപ്പൻ ( റി: എഞ്ചിനീയർ ഇറിഗേഷൻ)

# അഭിമുഖത്തിന് സഹകരിച്ചവർ

1. നീലങ്കാവിൽ കൊച്ചാപ്പു. കല്ല്യേപടി ( മുൻ മെമ്പർ)
2. കെ.ഐ.ജോസഫ് ( മുൻ പഞ്ചായത്ത് പ്രസിഡൻറ്)
3. V.K. രാമൻ മാസ്റ്റർ ( മുൻ പഞ്ചായത്ത് പ്രസിഡൻറ് ആവന്നൂർ )
4. K.N. മേനോൻ ( സ്വാതന്ത്ര്യസമര സേനാനി I.N.A )
5. ഉള്ളാട്ടി ശങ്കരൻ കുട്ടി മേനോൻ ( റിട്ട: M.D. ഓയിൽ കോർപ്പറേഷൻ )
6. താരു തിരൂർ (മുൻ മെമ്പർ)
7. വറീത് ( സുറിയാനി പള്ളി കപ്യാർ )
8. കോഞ്ചേരി അച്ചുതമേനോൻ
9. A.M. കുര്യക്കോസ് ( മുൻ പഞ്ചായത്ത് പ്രസിഡൻറ് )
10. ദേവകി കുഴിപറമ്പിൽ
11. T.A. രാമനെഴുത്തച്ഛൻ (മുൻ പഞ്ചായത്ത് മെമ്പർ )
12. പതിയിൽ തോമസ് പൂമല
13. മുളകുന്നത്തുക്കാവ് തട്ടാൻ മാധവൻ

# വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ചവർ



1. P.R.ആനന്ദൻ ( പഞ്ചായത്ത് മെമ്പർ)
2. P.M.ജോസ് ( പഞ്ചായത്ത് മെമ്പർ )
3. ലക്ഷ്മി നാരായണൻ ( പഞ്ചായത്ത് മെമ്പർ )
4. P.C.തങ്കപ്പൻ ( പഞ്ചായത്ത് മെമ്പർ )
5. K.ചന്ദ്രശേഖരൻ( റിട്ട: അദ്ധ്യാപകൻ )
6. V.R.ഹരിദാസ്
7. A.R.K. പിഷാരടി( റി: അദ്ധ്യാപകൻ)
8. C.P.ആൻറണി ( റി: ഹെഡ്മാസ്റ്റർ BABT )
9. P.S.വേലായുധൻ( റിട്ട: അസിസ്റ്റൻറ് മാനേജർ FCI )
10. A.D.ജോസഫ്മാസ്റ്റർ( റിട്ട:ഫിസിക്കൽ അദ്ധ്യാപകൻ )
11. K.P.വേലായുധൻ ( റിട്ട: HMT )
12. അഡ്വ : K.N. അജയ്കുമാർ
13. A.ഗോവിന്ദൻ ( എക്സ്സർവ്വീസ്)
14. U.K.നാരായണൻ ( റിട്ട: P&T)
15. ജോയി കൊല്ലുപറമ്പിൽ ( വൈസ്പ്രസിഡണ്ട്, ഗ്രാമ പഞ്ചായത്ത്)
16. M.M.സോമൻ
17. P.സുരേഷ് ബാബു
18. T.P.ലോനപ്പൻ( റി: എഞ്ചിനീയർ ഇറിഗേഷൻ)
19. V.രാജപ്പൻ( റി: എഞ്ചിനീയർ ഇറിഗേഷൻ)


ഗ്രാമ പഞ്ചായത്ത് ഓഫീസ്

